# സുവിശേഷ ഗാനങ്ങൾ

(പ്രാർത്ഥനകൾ ചേർന്നതു്)

(16-ാം പതിപ്പ്)

242

പ്രസാധകർ:

സെൻറ് പോൾസ് ബുക്ക് ഡിപ്പോ

മാവേലിക്കര-3, കേരളം

# സെൻറ് പോൾസ് ബുക്കു ഡിപ്പോയുടെ മററ് പ്രസിദ്ധീകരണങ്ങൾ*

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി

എഴുതിയ പുസ്തകങ്ങൾ

1. മൂന്നു വിശ്വാസ സത്യങ്ങൾ
2. ദൈവം ഉണ്ടെന്നു തെളിയിക്കാമോ?
3. ഭൂവിലശേഷം
4. ക്രിസ്തീയ കാര്യവിചാരകത്വം
5. രക്ഷ ക്രിസ്തുവിൽ മാത്രമോ?
6. ഇതോ മനുഷ്യശേഷി വികസനം
7. 40 Questions Answered
8. വിശ്വാസി ആയിരിക്ക
   (50 സംശയങ്ങൾക്ക് മറുപടി)
9. ഒരു തൂക്കുകട്ട (പത്ത് പ്രസംഗങ്ങൾ)
10. നാലു ഭൂഖണ്ഡങ്ങളിൽ 40 യാത്രകൾ

* ഈ ഗ്രന്ഥങ്ങൾക്ക് സാധാരണ 25% കമ്മീഷൻ നൽകുന്നതാണ്.

അഭി. തിരുമനസ്സു കൊണ്ട് എഴുതിയിട്ടുള്ള മററു ഗ്രന്ഥങ്ങളും (മററു പ്രസാധകരുടേത്) ഇവിടെ നിന്നും ലഭ്യമാണ്.

നല്ല പുസ്തകങ്ങൾക്കു വേണ്ടി ചെലവാക്കുന്നത് നഷ്ടമല്ല. നല്ല പുസ്തകങ്ങൾ നല്ല സ്നേഹിതരാണ്.

# സുവിശേഷ ഗാനങ്ങൾ

[പ്രാർത്ഥനകൾ ചേർന്നത്]

(16-ാം പതിപ്പ്)



PG Library ... Center
8525

---

പ്രസാധകർ

സെൻറ് പോൾസ് ബുക്ക് ഡിപ്പോ

മാവേലിക്കര—3

[Copy Right]

242

# ആമുഖം

സുവിശേഷഗാനങ്ങളുടെ പതിനാറാം പതിപ്പ് മുൻ പതിപ്പിനേക്കാൾ കൂടുതൽ 35 ഗീതങ്ങളും കുറെ പുതിയ പ്രാർത്ഥനകളും ശയന നമസ്കാരവും ചേർത്ത് പ്രസിദ്ധീകരിക്കുന്നതു് കഴിഞ്ഞ 15 പതിപ്പുകൾക്ക് ലഭിച്ച സ്വീകരണം ഇതിനും ലഭിക്കുമെന്ന പ്രതീക്ഷയോടെയാണ്. ഈ രണ്ടു പതിപ്പുകൾക്കിടയിലാണ് "സ്നേഹസന്ദേശം" മൊബൈൽ മിഷൻ ആരംഭിച്ചതു്. ബലഹീനനായ ഞാൻ എഴുതിയ പതിനൊന്നു് ഗീതങ്ങൾ കാസെററായി ഇറക്കി. പ്രതീക്ഷയിൽ കവിഞ്ഞ ആവേശത്തോടുകൂടി യാണ് ഭക്തജനം സ്വാഗതം ചെയ്തതു്. ഇതിൽ ചേർത്തി രിക്കുന്ന 11 ഗാനങ്ങൾകൂടി (201—208, 222, 231, 232) ഈണം പകർന്നു് പുതിയ കാസെററ് ഇറക്കുവാൻ ഉദ്ദേശി ക്കുന്നു. ഇതു രണ്ടും കൂടാതെ സ്നേഹസന്ദേശം ക്വയറിൻെറ പാട്ടുകളും കാസെററായി ഇറക്കുവാൻ ആഗ്രഹിക്കുന്നു.

സംഗീതത്തിൻെറ ശക്തി സിനിമയിലും മററും ഉള്ളതി നേക്കാൾ കൂടുതലായി പ്രയോജനപ്പെട്ടിട്ടുള്ളതു് ക്രിസ്തീയ ഗാനങ്ങൾ വഴിയാണ്. നല്ല പാട്ടുപുസ്തകങ്ങൾക്കു ലഭി ക്കുന്ന പ്രചാരം, വി. വേദപുസ്തകത്തിനല്ലാതെ മറെറാരു ഗ്രന്ഥത്തിനും ലഭിക്കുന്നില്ല.

കടലാസ്സിൻെറ വിലയും മററും കൂടിയെങ്കിലും ഈ പതിപ്പിനു നിശ്ചയിച്ചിരിക്കുന്ന വില സാധാരണക്കാർക്കും വാങ്ങി ഉപയോഗിക്കുവാനുള്ള സൗകര്യം പരിഗണി ച്ചാണ്. സന്തോഷിക്കുന്നവർ മാത്രമല്ല, സന്താപത്തിൽ ഇരിക്കുന്നവർക്കും നല്ല ഗാനങ്ങൾ ദൈവകൃപാമാർഗ്ഗങ്ങൾ ആണ്. ഓരോ കുടുംബത്തിലും അവശ്യം ഉണ്ടായിരി ക്കേണ്ട ഈ പുസ്തകം പ്രാർത്ഥനാ യോഗങ്ങൾ, സുവിശേഷ സംഘങ്ങൾ, ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ തുടങ്ങിയ വയ്ക്കും പ്രയോജനമായ രീതിയിലാണ് ക്രമീകരിച്ചിരി ക്കുന്നതു്. ദൈവമഹത്വത്തിനും അനേകരുടെ ആശ്വാസ ത്തിനും ബോധവല്ക്കരണത്തിനും ഈ ഗാനങ്ങൾ ഉതകട്ടെ.

ഡോ. ഗീവറുഗീസ് മാർ
ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

1995 സെപ്റ്റംബർ 23
മാവേലിക്കര മിഷൻ കേന്ദ്രം

# വിഷയ വിവരം


| | | പേജ് |
|---|---|---|
| 1. | പാട്ടുകൾ | 1—176 |
| 2. | ലുത്തിനിയ | 177 |
| 3. | സന്ധ്യാപ്രാർത്ഥന | 181 |
| 4. | സൂത്താറാ നമസ്കാരം | 186 |
| 5. | പ്രഭാതപ്രാർത്ഥന | 193 |
| 6. | ഭവനസന്ദർശനത്തിനുള്ള പ്രാർത്ഥന | 201 |
| 7. | രോഗികൾക്ക വേണ്ടിയുള്ള പ്രാർത്ഥന | 202 |
| 8. | വിവാഹ നിശ്ചയം | 204 |
| 9. | വിവാഹത്തിനു ഒരുങ്ങി പുറപ്പെടുമ്പോൾ | 205 |
| 10. | വിവാഹം കഴിഞ്ഞു പോകുമ്പോൾ | 205 |
| 11. | വഴിയാത്രയ്ക്ക് | 206 |
| 12. | മരിച്ചവർക്ക വേണ്ടിയുള്ള പ്രാർത്ഥന | 207 |
| 13. | യോഗാരംഭ പ്രാർത്ഥന | 208 |
| 14. | യോഗാന്ത്യ പ്രാർത്ഥന | 209 |
| 17. | എ. ഡി. 2000 വരെ അനുദിനം പ്രാർത്ഥിക്കുക | 210 |
| 15. | ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള പ്രാത്ഥനകൾ | 211 |
| 16. | തെരഞ്ഞെടുത്ത വേദഭാഗങ്ങൾ | 212 |

# അകാരാദി


അ

| | |
|---|---|
| അക്കരെസ്സുയാത്ര ചെയ്യും | 163 |
| അതിരാവിലെ | 3 |
| അടവിതരുക്കളിൻ | 84 |
| അന്യോന്യം | 166 |
| അനുഗ്രഹത്തിൻ അധി | 181 |
| അൻപുള്ള രക്ഷകനെ | 98 |
| അൻപു നിഞ്ഞ | 113 |
| അൻപിൻരൂപി | 127 |
| അന്തർനേത്രം തുറക്കണം | 201 |
| അദ്ധ്വാനിക്കുന്നവരേ | 227 |

ആ

| | |
|---|---|
| ആകാശമേ കേൾക്ക | 198 |
| ആണികളേററ പാണി | 187 |
| ആരുസഹായിക്കും | 10 |
| ആനന്ദമുണ്ടെനിക്ക് | 12 |
| ആത്മസന്തോഷം | 43 |
| ആപത്തുവേളകളിൽ | 132 |
| ആശ്വാസമേയെനിക്ക് | 170 |
| ആശ്രിത വത്സല | 135 |
| ആരാധ്യനേ | 219 |
| ആശിഷമാരി | 223 |
| ആശ്വാസത്തിന്നുറവിട | 226 |
| ആഴങ്ങളാം തേടുന്ന | 233 |

ഇ

| | |
|---|---|
| ഇന്നുപകൽ | 1 |

ഉ

| | |
|---|---|
| ഉണർവ്വിൻ കാററേ | 79 |
| ഉല്പത്തി പുസ്തകം | 160 |
| ഉയർത്തിടും ഞാൻ | 171 |
| ഉണർന്നിരിക്കും | 148 |

എ

| | |
|---|---|
| എന്നുടയോനെ | 15 |
| എൻെറ ദേഹദേഹികളെ | 22 |
| എന്നോടുള്ള നിൻ | 27 |
| എന്നുള്ളിലെന്നും | 34 |
| എന്തതിശയമേ | 37 |
| എന്നും നല്ലവൻ | 39 |
| എനിക്കായൊരുത്തമ | 44 |
| എന്നുള്ളമേ സ്തുതിക്ക | 45 |
| എനിക്കായ് കരുതാ | 50 |
| എങ്ങും പുകഴ്ത്തുവിൻ | 57 |
| എല്ലാം അങ്ങേ | 74 |
| എൻെറ യേശു എനിക്ക് | 77 |
| എനിക്കല്ല ഞാൻ | 78 |
| എന്നേശുവിൻ സന്നിധി | 99 |
| എൻമനമേ നീ | 101 |
| എൻപ്രിയൻ | 103 |
| എൻെറ നാഥാ | 109 |
| എൻ യേശു എൻ | 112 |
| എൻെറ പ്രാണസഖി | 123 |
| എൻ രക്ഷകാ | 124 |
| എന്നും സ്നേഹിക്കും | 136 |
| എൻ പ്രാണനാഥൻ | 145 |
| എനിക്കായ് കരുതുന്ന | 149 |
| എന്നിടം വരുവിൻ | 155 |
| എല്ലാം നന്മയ്ക്കായി | 66 |
| എൻെറ ദൈവം | 120 |
| എഴുന്നേററു പ്രകാശിക്ക | 200 |
| എൻപ്രിയനെപ്പോൽ | 216 |
| എന്നേശു വന്നിടും | 218 |
| എന്നേശുവേ | 210 |
| എൻ യേശു അല്ലാതില്ല | 224 |
| എൻെറ പ്രാണപ്രിയൻ | 231 |

ഏ

ഏവരും സ്നേഹിച്ച 204
ഏകത്വത്തിന് 205

ഒ

ഒരു സംവാദം 153
ഒന്നുമില്ലായ്മയിൽ 234

ക

കരുണനിറഞ്ഞോ 2
കരുണക്കടലേ 13
കരുണരസരാശേ 176
കണ്ടാലും 55
കാണുക നീ 58
കരുണയിൻ സാഗരമാം 67
കരുണയിൻ സാഗരമേ 185
കർത്താവിലെന്നും 92
കർത്താവേ കറയില്ലാത്ത 111
കർത്താവേ നിൻെറ നല്ല 26
കഷ്ടതയിൻ ചൂളയിൽ 147
കാൽവറിയിൽ കാണും 191
കാൽവറി ക്രൂശിലെ 161
കുരിശിൻ നിഴലതിരുന്നു 188
കുരിശെടുത്തെൻ 106
കൊടുങ്കാറ്റടിച്ച് 192
കൃപയേറും കർത്താ 184
ക്രിസ്തീയ ജീവിതം 49
ക്രിസ്തീയ ദൗത്യം 177
ക്രിസ്തുവിൻ സാക്ഷി 142
ക്രൂശിന്മേൽ ക്രൂശിന്മേൽ 28

ജ

ജയം ജയം ഹല്ലേലൂയ്യാ 167
ജീവിത തരുവേ 24
ജീവിച്ചാലും മരിച്ചാലും 117
ജീവിതയാത്രക്കാരാ 72
ജീവൻെറ ഉറവിടം 76
ജീവനുള്ള ദേവനെ 82

ഞ

ഞാൻ നിന്നെ 56
ഞാനുമെൻെറ ഭവനവും 104
ഞാൻ ജീവിക്കുന്നു 141
ഞാനെനിക്കായ് 152

ത

തിരുക്കരത്താൽ വഹിച്ച 130
തുണയെനിക്കേശുവാം 75
ത്രിയേക ദൈവം 172
ത്രിത്വനാമം ഏകനാമം 179
തേയിലത്തോട്ടം 203

ദ

ദിനവും നിന്നോട് 140
ദേവേശാ യേശുപരാ 8
ദുഃഖത്തിൻെറ പാന 125
ദൈവവാക്യമേ എന്നെ 19
ദൈവത്തിനു സ്തോത്രം 38
ദൈവത്തിൻ പൈതലേ 119
ദൈവമേ നീ എൻെറ 128
ദൈവകൃപയിൽ ഞാൻ 131
ദൈവത്തിൻ നാമത്തിൽ 134
ദൈവത്തിൻ പൈതലേ 208
ദൈവമേ നിനക്ക് 215

ധ

ധനവാനെ ബലവാനെ 20

ന

നല്ലദേവനെ ഞങ്ങൾ 32
നല്ലപോരാട്ടം പോരാടി 87
നല്ലവൻ യേശു നല്ലവൻ 159
നിൻമാറിൽ ചാരുവാൻ 199

നിൻെറ ഹിതം പോലെ 35
നിനക്കുവേണ്ടി ഞാൻ 52
നിന്നെ പിരിഞ്ഞൊന്നും 69
നിത്യമാം സ്നേഹത്തിൻ 85
നിസ്തുലനാം നിർമ്മലനാം 105
നിന്നെപ്പോലെ നിൻ 107
നിർമ്മല കന്യയെ 138
നിൻ ദാനം ഞാൻ 156
നീയല്ലോ ഞങ്ങൾക്കുള്ള 29
നന്മയല്ലാതൊന്നും 230
നിൻെറ രാജ്യം 207

പ

പരനെ നിൻ തിരുമുമ്പിൽ 5
പരലോകവിഭോ 174
പരിശുദ്ധ പരാപരനേ 64
പരിശുദ്ധാത്മാവേ 175
പച്ചപ്പുൽ പുറങ്ങളിൽ 68
പകൽപോയി മറയുന്നു 96
പരമാനന്ദമനുഭവിപ്പാൻ 122
പാപക്കടം തീർക്കുവാൻ 126
പാടി പുകഴ്ത്തീടാം 180
പുതിയദിനം പുതിയകൃപ 4
പൊന്നേശു തമ്പുരാൻ 168
പ്രാർത്ഥന കേൾക്കണമെ 30
പ്രാർത്ഥനയ്ക്കുത്തരം 115
പ്രാർത്ഥന കേൾക്കും 178
പോർക്കളത്തിൽ 206
പരമപിതാവിനു 213
പരിശുദ്ധൻ മഹോന്നത 221
പ്രാർത്ഥന കേൾക്കും 235
പ്രകാശിതരായ് 214

ബ

ബലഹീനനാകുമെന്നെ 80

ഭ

ഭയപ്പെടാതെ നാം 90
ഭയമില്ലാവർക്കിനി 202
ഭൂവാസികളെ 217

മ

മശിഹാ രാജോത്ഥാന 93
മൺമയമാം ഈ ഉലകിൽ 169
മരുവിലെൻെറ മണവാള 23
മൽപ്രിയനെ 158
മാൻ നീർത്തോടിനായ് 97
മറിടാത്ത യേശുനാഥൻ 209

യ

യഹോവാ ദൈവമാം 42
യഹോവ എൻ ഇടയൻ 60
യാഹെന്ന ദൈവമെൻ 41
യാഹെന്നിടയൻ 95
യെരുശലേമെൻ 154
യേശുമഹോന്നതനെ 7
യേശുവേ നിൻെറ രൂപം 11
യേശുവിൻ തിരുപ്പാദ 18
യേശുവെന്നടിസ്ഥാനം 31
യേശുനാഥ നീതിസൂര്യാ 33
യേശുവേ എൻ പ്രാണ 51
യേശു എൻ അഭയകേന്ദ്രം 65
യേശു എൻെറ 183
യേശുവേ രക്ഷാദായകാ 73
യേശുവിൻ നാമം മധുരിമ 83
യേശുക്രിസ്തു ഉയിർത്തു 89
യേശുവിൻ നാമം 100
യേശു രാജാവെ എൻെറ 110
യേശുവോടു ചേർന്നി 118
യേശു നല്ലവൻ അവൻ 129

യേശുവിനെ ഞാൻ 143
യേശുവേപ്പോലെ 150
യേശു എന്നുള്ളത്തിൽ 157
യേശു വിളിക്കുന്നു 197
യൗവ്വനം മോഹനം 139
യൗവ്വനത്തിൽ നിൻെറ, 81
യേശുവിൻെറ നാമമെത്ര 225

ര
രാജ്യം ഒരുക്കിതാൻ 86
രക്ഷിതാവിനെ കാൺക 196
രോഗികരാക്കം 232

ല
ലോകത്തിലേകയാശ്രയം 46
ലോകമാം ഗംഭീര 195
ലോകെ ഞാനെൻ 91
ലോകത്തിൻ മോഹങ്ങ 102

വ
വന്നിടേണം യേശുനാഥാ 16
വന്ദനം യേശുപരാ 146
വന്നീടുവിൻ യേശുപാദം 17
വരുവിൻ ഈ നല്ല 173
വചനം വചനം 220
വാഴ്ത്തിടുന്നു വാഴ്ത്തി 36
വാഴ്ത്തിടുക സ്തുതി 190
വിശ്വപ്രകാശമാണു 164

ശ
ശ്രീയേശു നാമം 63
ശുദ്ധിക്കായ് നീ യേശു 121

സ
സർവ്വപാപക്കറകരം 6
സർവ്വസൃഷ്ടികളും 71
സർവ്വവും യേശുനാഥ 133
സമയമാം രഥത്തിൽ 9
സങ്കേതമേ നിൻെറയടിമ 116
സത്യത്തിൻെറ പാത 108
സമ്പന്നനാം ദൈവം 165
സന്താപം തീർന്നല്ലോ 114
സാധുയെന്നെ 189
സാമൂഹ്യനീതി 151
സീയോൻ സഞ്ചാരി 53
സീയോൻ യാത്രയതിൽ 162
സുവിശേഷവാഹി 21
സേനയിലധിപൻ 48
സ്വർഗ്ഗരാജ്യേസിംഹാസന 14
സ്വർഗ്ഗീയ പിതാവേ 59
സ്വർഗ്ഗസ്ഥതാതാ 61
സ്വർഗ്ഗത്തിൻെറ സ്നേഹ 137
സ്വർഗ്ഗനാട്ടിലെൻ 194
സ്വാതന്ത്ര്യമാകും 62
സ്ലീബായെ ധ്യാനിക്കു 25
സ്തുതിചെയ് മനമെ 40
സ്തുതി സ്തുതിയെൻ 70
സ്തുതിഗീതം പാടുക 88
സ്തുതിപ്പിൻ സ്തുതിപ്പിൻ അനുദിനം 182
സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും 186
സ്തുതിച്ചീടുന്നേ ഞങ്ങൾ 193
സ്നേഹമേ ക്രൂശിൻ 54
സ്നേഹത്തിൻ ഇടയനാം 94
സുവിശേഷം ദൈവ 211
സ്തോത്രയാഗമപ്പിക്കുന്നു 212
സ്നേഹസന്ദേശം ത്രിത്വ 222
സ്തോത്രം ദേവ 228
സ്നേഹം ദിവ്യസ്നേഹം 229

ഹ
ഹാ മനോഹരം 144

1

## സന്ധ്യാകീർത്തനം

ഇന്നു പകൽ മുഴവൻ
കരുണയോടെന്നെ സൂക്ഷിച്ചവനെ!
നന്ദിയോടെ തിരുനാമത്തിനു സദാ
വന്ദനം ചെയ്യിടുന്നേൻ

അന്നവസ്ത്രാദികളും
സുഖം ബലമെന്നിവകൾ സമസ്തം
തന്നടിയാനെ നിത്യം
പോററീടുന്ന ഉന്നതൻ നീ പരനേ!

തെററുകുററങ്ങളെന്നിൽ
വന്നതളവററ നിൻെറ കൃപയാൽ
മുററും ക്ഷമിക്കണമേ
അടിയാരെ ഉററു സ്നേഹിപ്പവനെ!

ശാന്തതയോടു കർത്താ
തിരുമുമ്പിൽ ചന്തമായിന്നുറങ്ങി!
സന്തോഷമോടുണരേണം
ഞാൻ തിരുകാന്തി കണ്ടുല്ലസിപ്പാൻ ...ഇന്നു

2

(വെളിവുനിറഞ്ഞോരീശോ എന്ന രീതി)

കരുണനിറഞ്ഞോരേശു മഹാ രാജാ പാലകനെ
കരുണയോടിന്നും കാത്തതിനാൽ നിന്നെ നമിക്കുന്നേൻ
കാരുണ്യാതിരേകത്തോ-ടീരാവും നീ സൂക്ഷിക്ക

നാളും മാസവുമാണ്ടും ഞാൻ പിന്നിൽ തള്ളുന്നു
ലോകം പോലും എൻ മുമ്പിൽ കയറി പായുന്നു
ലോകം നിന്നെ കണ്ടിടാൻ ഞാനോ ഒന്നും ചെയ്യില്ല

മോചനമേകുക ജീവിതയാനം ഞാൻ തീർക്കട്ടെ
മോചിതരാകാൻ ലോകർക്കായ് ക്രൂശും കാട്ടട്ടെ
നല്ലോരന്ത്യം പ്രാപിപ്പാൻ ദൈവാത്മാവേ ഭാഗ്യം താ

തെററും കുററവുമെന്യേ നാംതോറും ജീവിപ്പാൻ
മുററും നിന്നാത്മാവിൽതന്നെ ഞാൻ പാർത്തീടാൻ
കുററം കൂടാതീരാവും—എല്ലാ നാളും പാലിക്ക.

3 പ്രഭാതഗാനം

അതിരാവിലെ തിരുസന്നിധി അണയുന്നോരു സമയേ
അതിയായ് നിന്നെ സ്തുതിപ്പാൻ കൃപയരുൾക
യേശുപരനേ

1 രജനീയതിലടിയാനെ നീ സുഖമായ്
കാത്തകൃപയ്ക്കായ്
ഭജനീയമാം തിരുനാമത്തിനനന്തം സ്തുതി മഹത്വം

2 കിടക്കയിൽ വെച്ചരിയാം സാത്താനടുക്കാതിരി
പ്പതിനെൻ
അടുക്കൽ ദൂതഗണത്തെ കാവലണച്ച കൃപയനല്പം

3 ഉറക്കത്തിനു സുഖവുംതന്നെന്നരികെ നിന്നു കൃപയാൽ
ഉറങ്ങാതെന്നെ ബലമായ് കാത്ത തിരുമേനിക്കു
മഹത്വം

4 അരുണൻ ഉദിച്ചുയർന്നീക്ഷിതിദ്യുതിയാൽ
വിളങ്ങീടും പോൽ
പരനെയെൻെറയകമേ വെളിവരുൾക
തിരുകൃപയാൽ ....അതി

4

(പരമരാജാഗുരുവരനെ..... എന്ന രീതി)

1 പുതിയദിനം പുതിയ കൃപ അടിയാർക്കു നൽകണെ
പരമപിതാ
പുതുദിവസേ പുതുമയോടെ പുതുതായ പാതയിൽ
നടന്നിടുവാൻ

Chrms:

നീതിയിൻ സൂര്യനാം യേശുനാഥാ
രോഗോപശാന്തിയോടുദിക്കുകെന്നിൽ-നിൻെറ

2 കഴിഞ്ഞരാവിൽ കുഴിയിലെൻെറ കാലുകൾ
താഴാതെ കാത്തനാഥാ
അഴിഞ്ഞുപോകും വഴിവിട്ടു ഞാൻ നീതിയിൻ
പാതയിൽ നടന്നീടുവാൻ നീതി

3 ആദിത്യൻെറ കിരണങ്ങളാൽ രാത്രിയിൽ ശോഭിക്കും
ചന്ദ്രനെപ്പോൽ
ഈ ദിനത്തിന്നിരുളകററാൻ തിരുമുഖ
ശോഭയേകീടരുളണമെ ... നീതി

4 ആതുരരും അശരണരും അപ്പോസ്തോലന്മാരായ്
തോന്നീടുവാൻ
ഏതു നല്ല സേവനവും ആനന്ദമായിന്നു
ചെയ്തിടുവാൻ ....നീതി

5 പാപികളാം സ്നേഹിതരെ പാപപരിഹാര
ക്രൂശിലാക്കാൻ
പാപമെന്യേ പരിചൊടു ഞാൻ
പരിശുദ്ധമായിന്നു് ജീവിക്കവാൻ

6 തിരുവചനം പഠിക്കവാനും തിരുഹിതമറിയുവാൻ
പ്രാർത്ഥിപ്പാനും
തിരുസ്നേഹത്തിൻ ബഹിർസ്ഫുരണം
ലോകമിന്നടിയാരിൽ ദർശിപ്പാനും

7 ഹാനോക്കിൻെറ ആയുസ്സെല്ലാം അങ്ങോടുകൂടങ്ങു
നടന്നപോലെ
ഞാനോവെറും കൃമിയെങ്കിലും വാനിലെത്തുംവരെ
നടത്തീടണേ

8 ഇന്നുചെയ്യാം ജോലിയൊന്നും നാളേക്കു
മാററുവാനിടയാകാതെ
ഇന്നുതന്നെ നീ വന്നെന്നാൽ ആനന്ദമോടെ ഞാൻ
പറന്നുവരാൻ

## 5

1 പരനേ നിൻ തിരുമുമ്പിൽ വരുന്നോരീസമയേ
ശരിയായ് പ്രാർത്ഥന ചെയ്‌വാൻ
കൃപയെത്തന്നരുൾക
2 ഉരുകിയിന്നടിയാർ നിന്നോടു യോജിച്ചീടുവാൻ
തരിക നിൻ പരമാത്മ പുത്തുമാരി പോലെ
3 ഞരങ്ങി ഞങ്ങളിൻ പേർക്കായിരന്നീടുന്നവനെ
വരികിന്നീയടിയാരിൽ ചൊരിക നിൻ വരങ്ങൾ
4 അനുഗ്രഹ മുറിയിൻ പൂട്ടുകൾ താനേ തുറപ്പാൻ
മനസ്സിന്നേശുവീനോടു ലയിപ്പാനായരുൾക
5 ഉണർത്തിക്കും വരമെല്ലാം ക്ഷണം തന്നീടണമേ
തുണ നീയെന്നിയേ വേറില്ലറിഞ്ഞു നൽകണമേ
6 പരമാനന്ദമോദം വന്നകമേ തിങ്ങണമേ
പരനാം നിന്നോടാനന്ദിച്ചീടുവാൻ (കൃപ)
നൽകണമേ!

## 6 തിരുരക്തമഹിമ

1 സർവ്വ പാപക്കറകൾ നീക്കി നരരെ രക്ഷിച്ചീടുവാൻ
ഉർവ്വീനാഥൻ യേശുദേവൻ ചൊരിഞ്ഞ തിരുരക്തമേ
2 യേശുവോടീ ലോകർ ചെയ്തതോർക്കയീ പൂങ്കാവനേ
വേദനയോടേശുദേവൻ ചൊരിഞ്ഞ തിരുരക്തമേ
3 മുള്ളുകൊണ്ടുള്ളോർ മുടിയാൽ മന്നവൻ തിരുതല
യുള്ളിലും പുറത്തുമായി ഒഴുകിയ തിരുരക്തമേ
4 നീണ്ട ഇരുമ്പാണികൊണ്ടു ദുഷ്ടരാക്കൈക്കാൽകളെ
തോണ്ടിയനേരം ചൊരിഞ്ഞ രക്ഷിതാവിൻ രക്തമേ
5 നന്ദിഹീനർ പാപികുന്തം കുത്തിനാൽ
യേശുവിലായ്
വന്ന തറസ്സുയാൽ കർത്തൻ ചൊരിഞ്ഞ തിരുരക്തമേ

6 വഞ്ചകസാത്താനെ ബന്ധിച്ചന്ധകാരം നീക്കവാൻ
അഞ്ചുകായങ്ങൾ വഴിയായ് ഒഴുകിയ തിരുരക്തമേ

7 സ്തോത്രമങ്ങേക്കിന്നുമെന്നും സ്തോത്രവും പുകഴ്ചയും
മാത്രയും ഇടവിടാതെ എന്നും നിനക്ക സ്തുതി.

7 സ്തോത്രഗാനം

പല്ലവി

യേശുമഹോന്നതനെ നിനക്ക സ്തോത്രമുണ്ടാക
യെന്നേക്കുമാമേൻ

ചരണങ്ങൾ

1 നീചരാം ഞങ്ങളെ വീണ്ടിടുവാൻ വാനലോകം
വെടിഞ്ഞോടി വന്നു
താണുനരാകൃതി പൂണ്ടതിനെ കാണുവാൻ നീ
കൃപചെയ്യണമേ

2 വാനസേനാദികളിൻ സ്തുതിയും ആനന്ദമാം
സ്വർഗ്ഗഭാഗ്യമത്രും
ഹീനരായീടുമീ ഞങ്ങളുടെ ഊനമകററുവാനായ്
വെടിഞ്ഞോ

3 ഭൂതലംചുററി നീ സഞ്ചരിച്ചു പാപികളെ അരികെ
വിളിച്ചു
നീതിയിൻ മാർഗ്ഗമെല്ലാമുരച്ചു വേദനയേററവും നീ
സഹിച്ചു

4 പാപനിവാരണനായ നിന്മേൽ പാപമശേഷവു
മേററുകൊണ്ട്
പാപബലിക്ക നിൻചോര ചിന്തി പാരിൻ മദ്ധ്യേ
മരത്തിൽ മരിച്ചു

5 ഈയുപകാരമെൻെറ മനസ്സിൽ രാപ്പകലോർത്തു
നിന്നോടണഞ്ഞു
ലോകയിമ്പങ്ങളെ തള്ളിടുവാൻ നീ കൃപ ചെയ്കദിനം
പ്രതിയേ

## 8 കഷ്ടാനുഭവ ധ്യാനം

ദേവേശാ! യേശുപരാ! ജീവനെനിക്കായ് വെടിഞ്ഞോ
ജീവനററ പാപികൾക്ക നിത്യ ജീവൻ കൊടുപ്പാനായ്
നീ മരിച്ചോ
ഗത്സമനാ പൂവനത്തിൽ അധികഭാരം വഹിച്ചതിനാൽ
അതിവ്യഥയിൽ ആയിട്ടും പിതാവിനിഷ്ടം
നടപ്പതിന്നനുസരിച്ചു
അന്നാസിൻ അരമനയിൽ മന്നവാ നീ വിധിക്കപ്പെട്ടു
കന്നങ്ങളിൽ കരങ്ങൾകൊണ്ടു മന്നാ നിന്നെ അടിച്ചവർ
പരിഹസിച്ചു
പീലാത്തോസ് എന്നവനും വിലമതിച്ചു കരിശേല്പിച്ചു
തലയിൽ മുള്ളാൽ മുടിയുംവച്ചു പലർ പല പാടുകൾ
ചെയ്തു നിന്നെ
ബലഹീനനായ നിന്നെ വലിയ കൊലമരം ചുമത്തി
തലയോടിടം മലമുകളിൽ അലിവില്ലാതയ്യോ യൂദർ
നടത്തി നിന്നെ
തിരുക്കരങ്ങൾ ആണികൊണ്ടു മരത്തോടങ്ങു ചേർത്തടിച്ചു
ഇരുവശത്തും കരിശുകളിൽ ഇരുകള്ളർ നടുവിൽ നീ-
മരിച്ചോ പരാ
കഠിനദാഹം പിടിച്ചതിനാൽ കാടി വാങ്ങാനിടയായോ
ഉടുപ്പുംകൂടി ചിട്ടിയിട്ടു ഉടമ്പുംകുത്തിത്തുറന്നുരുധിരം ചിന്തി
നിന്മരണം കൊണ്ടെന്റെ വൻ നരകം നീയകററി
നിന്മഹത്വം തേടിയെനിക്കെൻ കാലം കഴിപ്പാൻ കൃപ
ചെയ്യേണമേ

## 9 സ്വർഗ്ഗയാത്ര

1 സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നു ബദ്ധപ്പെട്ടോടീടുന്നു

2 ആകെയല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്ക സ്തോത്രം വേഗം നിന്നെ കാണും
ഞാൻ

3 രാവിലെ ഞാനുണരുമ്പോൾ ഭാഗ്യമുള്ളോൻ നിശ്ചയം
എൻെറ യാത്രയുടെ അന്ത്യം ഇന്നലെക്കാൾ അടുപ്പം

4 രാത്രിയിൽ ഞാൻ ദൈവത്തിൻെറ കൈകളിലുറങ്ങുന്നു
അപ്പോഴുമെൻ രഥത്തിൻെറ ചക്രം മുന്നോട്ടോടുന്നു

5 തേടുവാൻ ജഡത്തിൻസുഖം ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവമുഖം കാൺകയത്രേ വാഞ്ഛിതം

6 ഭാരങ്ങൾ കൂട്ടുന്നതിനു ഒന്നും വേണ്ട യാത്രയിൽ
അല്പം അപ്പം വിശപ്പിന്നു സ്വല്പം വെള്ളം ദാഹിക്കിൽ

7 സ്ഥലം ഹാ മഹാവിശേഷം ഫലം എത്ര മധുരം
വേണ്ട വേണ്ട ഭൂപ്രദേശം അല്ല എൻെറ പാർപ്പിടം

8 നിത്യമായോർ വാസസ്ഥലം എനിക്കുണ്ട് സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിൻെറ ഫലം ദൈവ പറുദീസയിൽ

9 എന്നെ എതിരേല്പാനായി ദൈവദൂതൻ വരുന്നു
വേണ്ടുംപോലെ യാത്രയ്ക്കായി പുതുശക്തി തരുന്നു

10 ശുദ്ധന്മാർക്കു വെളിച്ചത്തിൽ ഉള്ള അവകാശത്തിൽ
പങ്കുതന്ന ദൈവത്തിനു സ്തോത്രം സ്തോത്രം പാടും ഞാൻ

## 10

1 ആരു സഹായിക്കും ലോകം തുണയ്ക്കുമോ
ജീവൻ പോയിടുമ്പോൾ ആശ്രയമാരുള്ളൂ

2 സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽ നിൽക്കും
ക്ലേശമോടെല്ലാവരും കണ്ണുനീർ തൂകിടും

3 ജീവൻെറ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലെയാരുള്ളൂ ?

4 ഭാര്യമക്കൾ ബന്ധുമിത്രരുമന്ത്യത്തിൽ
ഖേദം പെരുകിട്ട് മാർവിലടിക്കുന്നു

5 എവ്വണ്ണം താൻചെയ്ത കർമ്മങ്ങൾക്കൊത്തപോൽ
ശീഘ്രമായ് പ്രാപിക്കാൻ ലോകം വിട്ടീടുന്നു

6 കൺകളടയുമ്പോൾ കേൾവി കുറയുമ്പോൾ
എൻ മണവാളാ നിൻ ക്രൂശിനെ കാണിക്ക

7 ദൈവമേ നിൻ മുമ്പിൽ ഞാൻ വരുന്നേരത്തിൽ
നിന്മുഖവാത്സല്യം നീയെനിക്കേകേണമെ

8 യേശു മണവാളാ സകലവും മോചിച്ചു
നിന്നരികിൽ നിൽക്കാൻ യോഗ്യനാക്കേണമേ

9 പൊന്നുകർത്താവേ നിൻ തങ്കരുധിരത്താൽ
ജീവിത വസ്ത്രത്തിൻ വെണ്മയെ നൽകണേ

10 മരണത്തിൻ വേദന ദേഹത്തെ തള്ളുമ്പോൾ
ദൈവമെ നീയല്ലാതാരെനിക്കാശ്രയം

## 11 പ്രതിഷ്ഠ

1 യേശുവേ നിൻെറ രൂപമീയെൻെറ
കണ്ണുകൾക്കെത്ര സൗന്ദര്യം
ശിഷ്യനാകുന്ന എന്നെയും നിന്നെ-
പോലെയാക്കേണം മുഴുവൻ

2 സ്നേഹമാം നിന്നെ കണ്ടവൻ പിന്നെ
സ്നേഹിക്കാതെ ജീവിക്കുമോ
ദഹിപ്പിക്കണം എന്നെയശേഷം
സ്നേഹം നൽകണം എൻപ്രഭോ

3 ദീനക്കാരേയും ഹീനന്മാരെയും
ആശ്വസിപ്പിപ്പാൻ വന്നോനെ
ആനന്ദത്തോടെ ഞാൻ നിന്നെപ്പോലെ
കാരുണ്യം ചെയ്‌വാൻ നൽകുകേ

4 ദാസനെപ്പോലെ സേവനം ചെയ്ത
ദൈവത്തിൻ ഏകജാതനെ
വാസം ചെയ്യണം ഈ നിൻ വിനയം
എൻെറ ഉള്ളിലും നാഥനെ

5 പാപികളുടെ വിപരീതത്തെ
എല്ലാം സഹിച്ച കുഞ്ഞാടെ
കോപിപ്പാനല്ല ക്ഷമിപ്പാനുള്ള
ശക്തി എനിക്കും നൽകുകെ

6 തൻെറ പിതാവിൻ ഹിതമെപ്പോഴും
മോദമോടുടൻ ചെയ്തോനെ
എൻെറ ഇഷ്ടവും ദൈവ ഇഷ്ടത്തി-
ന്നനുരൂപമാക്കേണമെ

7 രാത്രി മുഴുവൻ പ്രാർത്ഥിച്ചുണർന്ന
ഭക്തിയുള്ളോരു യേശുവേ
പ്രാർത്ഥിച്ചുണർന്നു മേവിടുവാനായ്
ശക്തി തരേണമെന്നുമേ

## 12 കർത്താവു നമ്മുടെ ആശ്വാസം

ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനി
ക്കേശു മഹാരാജ സന്നിധിയിൽ

ചരണങ്ങൾ

1 ലോകം എനിക്കൊരു ശാശ്വതമല്ലന്നെൻ
സ്നേഹം നിറഞ്ഞേശു ചൊല്ലീട്ടുണ്ട്
സ്വർല്ലോക നാട്ടുകാർക്കിക്ഷിതിയിൽ പല
കഷ്ടതകൾ വന്നുചേർന്നിടുന്നു

2 കർത്താവേ നീ എൻെറ സങ്കേതമാകയാൽ
ഉള്ളിൽ മനഃക്ലേശം ലേശമില്ല
വിശ്വാസക്കപ്പലിൽ സ്വർപ്പുരം ചേരുവാൻ
ചുക്കാൻ പിടിക്കണെ പൊന്നുനാഥാ ....ആനന്ദ

3 എന്നാത്മാവേ നിന്നിൽ ചാഞ്ചല്യമെന്തിഹെ
ബാഖായിൽ താഴ്വരയത്രേയിള്ളു
സീയോൻ പുരിതന്നിൽ വേഗം നമുക്കെത്തീ-
ട്ടാനന്ദക്കണ്ണുനീർ വീഴ്ത്തീടാമേ ... ആനന്ദ

4 കൂടാരേ വാസികളാകും നമുക്കിങ്ങു
വീടെന്നോ നാടെന്നോ ചൊൽവാനെന്തു്
കൈകളാൽ തീർക്കാത്ത വീടൊന്നു താതൻതാൻ
മീതെ നമുക്കായി വച്ചിട്ടുണ്ടു് ... ആനന്ദ

5 ഭാരം പ്രയാസങ്ങളേറും വനദേശ-
ത്താകുലമാത്മാവിൽ വന്നീടുകിൽ
പാരം കരുണയുള്ളീശൻ നമുക്കായി-
ട്ടേററം കൃപ നൽകി പാലിച്ചീടും ....ആനന്ദ

6 കർത്താവേ നീ വേഗം വന്നീടണേ
ഞങ്ങൾക്കോർത്തലിക്ഷോണിയിലെല്ലാം ദുഃഖം
എന്നാലും നിൻ മുഖ ശോഭയതിൻ മൂലം
സന്തോഷകാന്തി പൂണ്ടാനന്ദിക്കാം ... ആനന്ദ

13

കരുണക്കടലേ ഞാൻ നോക്കും
ദേവാ! തനയാ! എൻപാപം പെരുകി
പിഴകൾ വർദ്ധിച്ചയ്യയ്യോ

കഴുകണമെന്നെ സോപ്പായാൽ
എകണമെൻ ബാഷ്പാൽ വെണ്മ
പിതൃസ്നേഹത്താൽ യാചിക്കുന്നേൻ ഞാൻ

ഹസിക്കരുതേ എന്നെ വൈരി
തേറും നരരിൽ ദൂതന്മാർ പ്രീതന്മാരായ്
തീർന്നിവ ചൊല്ലട്ടെ

അനുതാപികളിൽ തൻ വാതിൽ
രാപകലിങ്ങു തുറന്നീടും ഹാലേലൂയ്യാ
നാഥാ സ്തുത്യൻ നീ

2 നോക്കണമെൻ ദുരിതം നാഥാ
പലതരദോഷം ഞാൻ ചെയ്തു കോപിപ്പിച്ചു
ശരണമെനിക്കില്ല

വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം

നൽവൈദ്യാ നിന്നേയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു
നിങ്കൽ വരുന്നേൻ സുഖമേൽക്കും നൂനം

3 എൻ പാപത്തിൽ ഞാൻ ചാകാൻ
ഇടയാകരുതയ്യോ നാഥാ! എൻ ബാഷ്പങ്ങളും
ചൊരിഞ്ഞീടുന്നിപ്പോൾ

അജമോ മാടോ ചെങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളേയോ
കാഴ്ചയതായിട്ടർപ്പിക്കുന്നില്ല

ശെമഓൻ തൻ ഭവനേ വന്ന
പാപിസ്ത്രീപോലിരുതുള്ളി കണ്ണീർ
കൊണ്ടെൻമേൽ ദയ തോന്നേണമേ

തിരുജനകൻ സ്നേഹത്താലും
മാതാവിൻ പ്രാർത്ഥനയാലും ഹാലേലൂയ്യാ
പൊറുക്കണമെൻ പിഴകൾ

## 14 ഒരു സഭാ പൊതുഗീതം

കുറിപ്പുകൾ: —

1 പ്രാർത്ഥനായോഗങ്ങളിലും വീടുകളിൽ സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പും 1, 2, 3, 4 എന്നീ ശീലുകളും പള്ളിപ്പരിശുദ്ധന്മാരോടുള്ളതു് 18-ാം ശീലും ചൊല്ലിയാൽ മതി.

2 പള്ളിപ്പെരുന്നാളുകളിൽ രാത്രി റാസസ്സ് 4-ാം വരി 'മംഗളമായി തീരണമീപ്പെരുന്നാരം' എന്നു മാററിയും പകൽ റാസസ്സ് പാട്ടിൽ കാണുന്നപ്രകാരവും മുഴവൻ ചൊല്ലാം.

3 ഏതൊരാളുടെയും മരണം പ്രാപിക്കുമ്പോഴോ മരണാനന്തരം ശവം എടുക്കുന്നതിനു മുമ്പോ ടി വരി 'ഓർക്കണമേ ദാസനെ (ദാസിയെ)' എന്നു മാററിയും ചൊല്ലാവുന്നതാണ്.

(ഉടയോൻ നാഥാ ഗിരി സീനായ്....എന്ന രീതി)

സ്വർഗ്ഗരാജ്യ-സിംഹാസനഃമറി-സ്ഥിതിചെയ്യുന്നവനെ
സച്ചരാചര പാലകനെ സ്വസുതനെ ഭുവിലയച്ചവനെ
സുരവരസംഹിതനായകനെ സ്വജനത്തിനു വരദായകനെ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ഗോൽഗോത്തായിൽ കുരിശുമരത്തിന്മേൽ
ആണികരം മൂന്നേററു
പ്രാണൻ ഞങ്ങരംക്കായ് വിട്ടു-ത്ഥാനം ചെയ്തഥ വാനേറി
താതൻ തൻ വലമാർന്നവനെ, നാഥാ യേശുമഹേശ്വരനെ
ഓർക്കണമേ-ഞങ്ങളെയെന്നാളും

താതോത്ഭവനെ-ജീവദനാം നാഥാ-ജനകാത്മജ തുല്യാ,
പരമാരാദ്ധ്യാ സംസ്തുത്യാ നിബിയർശ്ലീഹന്മാർവഴിയായ്
ഭാഷിച്ചവനെ പാവനനേ, ജീവനെഴും വിമലാത്മാവേ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ബേതലഹേമിൽ കല്ലിൻ ഗുഹതന്നിൽ
ലോകത്തിൻ പതിയെ പെററവളെ
ഗുണവിളനിലമേ, ശാശ്വതകന്യേ ഭാഗ്യവതീ,
ഉടലോടംബരമാർന്നവളെ. എൻ മാതാവേ! മറിയാമേ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ഇസ്രായേല്യൻ-ദാവീദിൻപുത്രൻ-ശില്പകലാകാരൻ
കന്യകയുടെ കാവൽ പുരുഷൻ- വന്ദ്യവയോധിക
മൗലിമണി

കർത്താവിൻെറ വളർത്തുപിതാവുത്തമശീലൻ യൗസേപ്പേ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ലോകത്തിൻ പാപം പേറും ദൈവത്തിൻ
കുഞ്ഞാടെന്നേവം
മിശിഹായെ സാക്ഷിച്ചവനെ, സ്ത്രീസംജാതരിലഗ്രിമനെ
മൗലിയെ ബലിയർപ്പിച്ചവനെ സ്നാപക മാർ യൂഹാനോനെ
ഓർക്കണമെ-ഞങ്ങളെയെന്നാളും

യൗനാൻ തൻ തനയാ, ശ്ലീഹഗണപ്രമുഖാ
ഈശോ ദൈവസുതൻ
മിശിഹാ എന്നുരചെയ്തവനെ-അനുതാപി മാർ പത്രോസേ
രാജ്യം ചുററി വിജാതികളെ നേടിയ
മാർ പൗലോസ് ശ്ലീഹാ
ഓർക്കണമേ-ഞങ്ങളെയെന്നാളും

മൈലാപ്പൂരിൽ-മശിഹായെ പ്രതിതൻ ജീവൻ വച്ചവനെ
നിരണം മുതലായവയേഴ-ഭവനം സംസ്ഥാപിച്ചവനെ
ഇൻഡ്യയുടെ കാവൽക്കാരാ മാന്യപിതാവേ മാർത്തോമ്മാ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ശൈശവമതിലീശോ തൃക്കൈകളിലേന്തി-
പ്പരിലാളിച്ചവനെ,
അന്ത്യോഖ്യായുടെ അദ്ധ്യക്ഷാ, ലേഖനമേഴ ചമച്ചവനെ
കേസരികരംക്കിരയായവനെ, ഇഗ്നാത്തിയോസഗ്നിമയാ
ഓർക്കണമേ-ഞങ്ങളെയെന്നാളും

പണ്ഡിത വൈദികനെ, റൂഹായുടെ നാവെ,
സത്തമനാമിടയാ
സോദരനാം ഗ്രീഗോറിയോസ് സഹിതം
സഭയാം തോട്ടത്തിൽ
ദുർവചനക്കളകളെ നിത്യം-നീക്കിയ ബസ്സേലിയോസേ!
ഓർക്കണമേ-ഞങ്ങളെയെന്നാളും

ഉന്നതകുലജാത-ആത്മോന്നതി കരുതി-
യൈഹിക സമ്പാദ്യം.
സകലം വിട്ടതിഭീതികരം-മിസ്രേം കാനനമാർന്നവനെ,
ദയറാജീവിത വഴികാട്ടി-സിദ്ധൻ മാർ അന്തോനിയോസ്
ഓർക്കണമേ-ഞങ്ങളെയെന്നാളും

രാജരാജന്നായ്-ജീവനുപേക്ഷിച്ചും-പാഷാണ്ഡന്മാരോ-
ടതി ധീരതയോടടരാടിജ്ജയമകുടം പ്രാപിച്ചവനേ
സർപ്പത്തെ ഹിംസിച്ചവനേ-മാർ ഗീവറുഗീസാം സഹദാ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ശൂലിത്തി എന്ന മുന്തിരിത്തല പെററ-
വാഴ്‌വിൻ പൂങ്കുലയേ,
വാദത്തിൽ ക്രിസ്തേരനാം
മന്നവനെ വാഴ്ത്തിയ ശിശുവീരാ
ആദിയിലമ്മയ്ക്കുതി ധൈര്യം നല്കിയ മാർ കുറിയാക്കോസേ
ഓർക്കണമേ ഞങ്ങളെയെന്നാളും

പേർഷ്യാരാജൻ സെൻഹറിബിൻ സുതനെ
സോദരി സാറായും
നാല്പതു സഹദേന്മാരൊപ്പം-സ്വർഗ്ഗമഹാഭാഗ്യം നേടാൻ
വിഗ്രഹസേവ വെടിഞ്ഞോനെ മഹിതൻ
മർ ബഹനാം സഹദാ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ലേയോന്യർക്കിടയിൽ കർക്കശപീഡയതിൽ
സ്തുതി നേരായിട്ടും
വിശ്വാസം സംരക്ഷിപ്പാൻ നിരവധിയാതനയേററനിശം
മരുവും മലകാടും മേടും-ചുററിയ യാക്കോബു ബുർദോനാ
ഓർക്കണമേ-ഞങ്ങളെയെന്നാളും

ബാല്യത്തിൽതന്നെ-ദൈവത്തിനുവേണ്ടി
സ്വയമർപ്പിച്ചോനെ;
ആജീവനവുമനന്തരവും ദിവ്യാത്ഭുതകരനെ, ദിവ്യ
പരനുടെ പരിമള ഭാജനമേ-പരുമല മരുവും തിരുമേനി
ഓർക്കണമേ-ഞങ്ങളെയെന്നാളും

ഒമ്പതു വൃന്ദമതായ്-ദൈവസ്തുതി ചെയ്യും മാലാഖമാരെ
പരനായ് ജീവിതമർപ്പിച്ച-നിരുപമ പരിശുദ്ധന്മാരെ,
ശരണത്തോടെയിഹം വിട്ട ക്ഷേതരതാം വിശ്വാസികളെ
ഓർക്കണമേ-ഞങ്ങളെയെന്നാളും

## 15 അനുതാപത്തിൻെറ മെമ്റ

(ഞങ്ങരംക്കുള്ള കർത്താവെ ........ ...എന്ന രീതി)

1 എന്നുടയോനെ! നീയെന്നെ കണ്മണിപോൽ
കാത്തീടണമേ
നിൻചിറകാലെ മറച്ചു പരീക്ഷയിൽ നിന്നെന്നെ
കാക്കേണമേ

2 ഒളിവായ് നോക്കീടാതെൻെറ കണ്ണുകളെ
നീ കാക്കേണമേ
വഞ്ചന കേരംക്കാതടിയൻെറ കാതുകളേയും
കാക്കേണമേ

3 എന്നധരങ്ങരംക്കെന്നും നീ കാവലതായും നില്ക്കണമേ
എന്നുള്ളിൽ ദോഷം ചെയ്‌വാനുള്ള
വിചാരമുദിക്കരുതേ

4 കർത്താവേ നല്ല വിവേകം വർദ്ധിപ്പിക്കണമെന്നിൽ നീ
സൗരഭ്യത്താൽ നിന്നെയെനിക്കിമ്പപ്പെടുത്താനിട
വരണെ

5 ഐഹിക നേട്ടത്തിനു പകരം നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീലോകം നിരസിപ്പാനും
കൃപചെയ്ക

6 എന്നെത്തന്നെ സന്നിധിയിൽ കാഴ്ചയണപ്പാനും
നാഥാ
എന്നെ നിനക്കു സുഗന്ധമതാ-യപ്പിപ്പാനും
കൃപചെയ്ക

7 എൻനാഥാ നിൻ തിരുമുമ്പിൽ ആത്മശരീര മനസ്സുകളെ
ശോഭ കലന്ന വിളക്കുകളായ് ഞാൻ
കരുതിപ്പാറാകണമേ

8 ആത്മശരീര മനസ്സുകളാ-മെന്നുടെ തിരുമുല്ക്കാഴ്ചകളെ
താതസുതാശ്വാസപ്രദനെ അൻപൊടു
കൈക്കൊണ്ടീടണമെ

9 സ്വർഗ്ഗസ്ഥ പിതാവെ! എന്നിൽ മാനസശുദ്ധി
വരുത്തണമേ
ദൈവസുതാ! നീയെന്നാത്മാവിന്നു
വിശുദ്ധി വരുത്തണമേ

10 ആശ്വാസപ്രദനാകുന്ന പരിശുദ്ധാത്മാവേ! എന്റെ
ദേഹമശേഷം കൃപയാലെ പരിപാവനമാക്കീടണമെ

11 അന്ത്യദിനത്തിൽ നാഥാ! നീ
സന്തോഷിപ്പിക്കണമെന്നെ
ആത്മശരീര മനസ്സുകൾ നിൻ സ്തുതിപാടുന്നു-
കനിയണമെ

## 16 യോഗാരംഭ ഗീതം

1 വന്നിടേണം യേശുനാഥാ ഇന്നീയോഗമദ്ധ്യേ നീ
തന്നരുൾക നിൻവരങ്ങൾ നിൻസ്തുതി കൊണ്ടാടുവാൻ

2 മന്നിടത്തിൽ വന്ന നാഥാ പൊന്നുതിരുമേനിയേ
നന്ദിയോടിതാ നിൻ ദാസർ വന്നു നിന്നെ കുമ്പിടാൻ

3 ആണിയേററ പാടുകളെ കാണിച്ചിന്നീ ദാസരെ
നാണിക്കാത്ത സാക്ഷികളായ് തീർക്കണം
എന്നേശുവെ

4 താതനാം എൻ ദൈവമേ ശ്രീയേശുനാമം മൂലമേ
തന്നിടേണം ആത്മദാനം പ്രാർത്ഥന ചെയ്തിടുവാൻ

5 വൈരിയാം ജഡം പിശാചു ലോകമെന്നിവയിതാ
ഘോരസേനയോടു വന്നു പോരിനായ് മുതിർന്നഹോ

6 ഇത്രവലിയ സേനയോടെതിർപ്പതിനു ഞങ്ങളിൽ
ത്രാണിയേതുമില്ല കർത്താ പാദത്തിൽ വീണിടുന്നേൻ

7 വിക്കനാകും മോശയെ നീ വാക്കിലേററം ശൂരനായ്
ആക്കിയല്ലോ നിൻ കൃപാവരങ്ങളാലെൻ ദൈവമേ

8 ആടുകൾക്കിടയനെ നിൻ പൊന്നു നാദം കേട്ടിതാ
നാടുവിട്ടു കൂടുവിട്ടു കൂട്ടം വിട്ടിറങ്ങിയേ

9 ഇസ്രായേലിൻ ഗോത്രങ്ങൾക്കു മുൻ നടന്ന മേഘമേ
ഇന്നീദാസർ മുൻനടന്നു കാട്ടീടേണമേ വഴി

10 ഹലേലുയ്യാ യേശുവിനും താതനാത്മനെന്നുമേ
ഹലേലുയ്യാ നിത്യകാലം നിത്യഗാനം പാടുവാൻ

## 17 ക്ഷണം

### പല്ലവി

വന്നീടുവിൻ, യേശുപാദം ചേർന്നീടുവിൻ
പാപത്തെ വിട്ടോടിടുവിൻ

### അനുപല്ലവി

വരുന്നാരേയും ഒരുനാളും ഞാൻ തള്ളീടുകില്ലെന്നുരച്ച
യേശു

ചരണങ്ങൾ .. വന്നീടു

1 പാപത്തിൻ ശമ്പളം മരണമേ അതു നിന്നെ
നശിപ്പിക്കുമേ
ദൈവകൃപയോ ക്രിസ്തുവിൽ നിത്യജീവനാണെന്നു
വിശ്വസിച്ചിട്ട് ....വന്നീടു

2 ഇന്നു നീ മരിച്ചാലെങ്ങു പോം?
ദൈവകോപം നീങ്ങിയോ?
നിനക്കായ് യേശു കുരിശിൽ മരിച്ചുയർത്തെഴുന്നെള്ളി
മഹിമയിൽ ...വന്നീട്ടു

3 മരണമേ നിന്നയാനേരമേ അത്തു നിന്നെ സന്ധിക്കമേ
മരിച്ചോർ ദൈവപുത്രന്റെ ശബ്ദം കേട്ടു ജീവിക്കും
നേരമായല്ലോ ... വന്നീട്ടു

4 ഇതാ ഞാൻ വേഗം വരുന്നുയെന്ന്
യേശുരാജനരുളിയല്ലോ
യേശുവേ വേഗം മേഘത്തിൽ വന്നു
നിത്യരാജ്യത്തിൽ ചേർക്ക ഞങ്ങളെ വന്നീട്ടു

## 18 വചനശക്തി

1 യേശുവിൻ തിരുപ്പാദത്തിൽ ഇരുന്നു കേൾക്ക നാം
തന്റെ വിശുദ്ധ വാക്യത്തിൽ നമ്മുടെ ജീവനാം
യേശുവിൻ സുവിശേഷം ദിവ്യമാം ഉപദേശം
കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ

2 ദൈവവചനം ജീവനും ശക്തിയുമാകയാൽ
ആത്മരക്ഷയുണ്ടേവനും ഉള്ളത്തിൽ കൈക്കൊണ്ടാൽ
ആത്മമരണം മാറും നീതിയിൽ അവൻ വാഴും
കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ

3 അജ്ഞനെ ജ്ഞാനിയാക്കുവാൻ വചനം ജ്ഞാനമാം
സത്യത്തിൽ അത്തു കാക്കുവാൻ സ്വർഗ്ഗത്തിൻ ദാനമാം
ഒഴിയുവാൻ നിത്യനാശം കാലിനൊരു പ്രകാശം
കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ

4 സത്യദൈവത്തിൻ ഭക്തന്മാർ വചനം കാക്കയാൽ
സൽപ്രവൃത്തിക്കു ശക്തന്മാർ ആകുന്നു നാൾക്കുനാൾ
ദൈവമുഖപ്രസാദം-നിത്യം അവർക്കാറ്റാദം
കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ

5 ലോകങ്ങൾ അവസാനിക്കും-വാനവും ഇല്ലാതാം
ദൈവവാക്ക പ്രമാണിക്കും ക്ഷേതനോ നിത്യനാം
വാട്ടം മാലിന്യം നാശം-ഇല്ലാത്തൊരവകാശം
കേൾക്കകനാം കാക്കകനാം ജീവൻെറ വാക്യങ്ങൾ

## 19 ദൈവവാക്യധ്യാനം

1 ദൈവവാക്യമേ-എന്നെ നവ്യമാക്കണെ
ദൈവവാക്യം-കേട്ടുവിട്ടു ശിക്ഷയാവല്ലെ
2 ദൈവവാക്യമേ-എന്നെ സ്പർശിച്ചീടണെ
ദൈവാത്മാവെ-പാപബോധമേറെ നൽകണെ
3 ദൈവവാക്യമേ നിൻെറ ശക്തികാട്ടണെ
വാളുകൊണ്ടു വെട്ടുംപോലെൻ ചങ്കിൽ വെട്ടണെ
4 ദൈവവാക്യമേ-കണ്ണുനീരു നൽകണെ
സത്യകുമ്പസാര വാഞ്ചര ഇന്നു നൽകണെ
5 ദൈവവാക്യമേ-നിന്നെ കേട്ടശേഷം ഞാൻ
നിൻ ശരീരം ഭക്ഷിച്ചങ്ങു ധന്യനാകണെ
6 ദൈവവാക്യമേ-നിന്നെത്തേടിയോടുവാൻ
നവ്യമായ വേഗതയെൻ കാലിന്നേകണെ
7 ദൈവകാക്യമേ-നിന്നെ കേട്ടിടാത്തവർ
വന്നുകേൾപ്പാൻ എൻെറ നാവാൽ
ഞാൻ ക്ഷണിക്കണെ
8 ദൈവവാക്യമേ-നിന്നെ വായിച്ചീടുവാൻ
നവ്യമായ വാഞ്ചര ഞങ്ങൾക്കെന്നും നൽകണെ
9 ദൈവപുത്രനേ, നിൻെറ നാമം ഘോഷിപ്പാൻ
എൻെറ നാവുമെൻെറ കാലും നീയെടുക്കണെ
10 ദൈവപുത്രനേ-നിന്നെ ലോകം കാണുവാൻ
എന്തു വേണമീയടിയാനെന്നു കാട്ടുക
11 ദൈവപുത്രനേ നിൻെറ സ്ലീബായല്ലാതെ
യാതൊന്നുമെൻ ജീവിതത്തിൽ വാഞ്ചരയാവല്ലെ
ദൈവ

## 20 ഭൂതദയ

ധനവാനെ, ബലവാനെ, ധനവാനെ, ബലവാനെ
ലാസറിനെ മറക്കല്ലേ, ലാസറിനെ മറക്കല്ലേ

1 പട്ടുവസ്ത്രം ധരിപ്പോനെ
ധൂമ്രവസ്ത്രധാരിയെ നീ_ലാസറിനെ

2 സുഖഭോഗം ഭുജിപ്പോനെ
മെത്ത തൻമേൽ ശയിപ്പോനെ-ലാസറിനെ....

3 നീ മറക്കും ലാസറിനെ
യേശുരാജൻ മറക്കില്ല-ലാസറിനെ....

4 തിരിച്ചടി വരും മുമ്പേ_യാതന നീ ഏല്ക്കും_മുമ്പേ
ലാസറിനെ സ്മരിക്കണെ-ലാസറിനെ തുണയ്ക്കണെ

5 ലാസറെ നീ ക്ലേശിക്കേണ്ട
ലാസറെ നീ ദുഃഖിക്കേണ്ട
അബ്രഹാമിൻ മടി തന്നിൽ
നിത്യമായ് നീ വിശ്രമിക്കും ....ധനവാനെ

## 21 സുവിശേഷ വാഹി

(ദൈവത്തിനു സ്തോത്രം .. എന്ന രീതി

സുവിശേഷവാഹിയാക്കീടേണമെന്നെ
ജീവസുവിശേഷ വാഹിയാക്കണെ!

1 നാവിൽ മാത്രമല്ല ജീവിത പന്ഥാവിൽ
ജീവസുവിശേഷ വാഹിയാക്കണെ!

2 ഞായർ മാത്രമല്ല, ഏഴുദിവസവും ജീവ ...
3 നോമ്പിൽ മാത്രമല്ല, ആണ്ടു മുഴുവനും ജീവ....
4 വീട്ടിൽ മാത്രമല്ല, കാട്ടിൽ, നാട്ടിലെങ്ങും ജീവ ...
5 മുഖം നോക്കിയല്ല, ദൈവമുഖം നോക്കും ജീവ...
6 ലാഭം നോക്കിയല്ല, നഷ്ടങ്ങളും സഹിച്ചും ജീവ....
7 സുഖം നോക്കിയല്ല, കഷ്ടത വരിച്ചും ജീവ...

8 മാനം നോക്കിയല്ല, ത്യാഗങ്ങളാം വരിച്ചും ജീവ...
9 ലോക രക്ഷിതാവേ, അങ്ങയുടെ നല്ല- ജീവ ...
10 ക്രൂശുതോളിലേന്തി, പിമ്പേ വന്നീടുന്ന ജീവ ...
11 സത്യസഭയുടെ നിത്യ വിശ്വാസമാം ജീവ ..
12 ക്രിസ്തുവിൽ ലോകത്തെ ഏകമാക്കിടുന്ന ജീവ....
13 പാപികൾക്ക പശ്ചാത്താപമേകിടുന്ന ജീവ....
14 ജാതികളെ ക്രിസ്തുരാജൻ വകയാക്കും ജീവ....
15 സ്വർഗ്ഗരാജ്യം ഭൂവിൽ-ആഗതമാക്കുന്ന ജീവ ...
16 ഭിന്നതകൾ തീർത്തുശാന്തിയുളവാക്കും ജീവ....
17 പട്ടിണി വന്നാലും, ആനന്ദം നൽകുന്ന ജീവ....
18 യോർദ്ദാൻ തീരത്തെന്നെ പാട്ടുപാടിക്കുന്ന ജീവ....

## 22 ജീവിതസമർപ്പണം

(എൻെറ സമ്പത്തെന്നു ചൊല്ലുവാൻ ..എന്ന രീതി)

1 എൻെറ ദേഹദേഹികളെ ഞാൻ യേശുനാഥ
നിൻെറ പാദെ കാഴ്ചവയ്ക്കുന്നു
പാപിയാമെന്നെത്തേടി നീ
പാരിടത്തിൽ വന്നതോർത്തും
പിപഭാരം, രോഗഭാരം
കാൽവറിയിൽ തീർത്തതോർത്തും ...എൻെറദേഹ

2 നിന്നെ ദുഃഖിപ്പിച്ച പാപി ഞാൻ
ഖിന്നതയാൽ യാചിക്കുന്നു കേട്ടീടേണമെ
മന്നിലെൻെറ പാപവാഞ്ഛ
ഇന്നുമുതൽ നീക്കീടേണം
മന്നവമന്നനാ മീശോ
നിന്നിലെന്നെ ചേർത്തിടേണം ....എൻെറ ദേഹ

3 സാത്താൻ കൈ ഞാൻ ഭൂരെക്കാണുമ്പോൾ
നിൻെറ കയ്യിൽ, ആർത്തിയോടെ വന്നു വീണിടും

ലോക സാഗരത്തിലെൻെറ
ബോട്ടു മുങ്ങിത്താഴും മുമ്പെ
ശോകഹാരിയാകും നിന്നിൽ
ബോട്ടിനോട്ടം ഏല്പിക്കുന്നു എൻെറ ദേഹ

4 മാറയിൽ ഞാനെത്തിച്ചേർന്നാലും
റഫിദീമിൽ, പാറപൊട്ടൽ താമസിച്ചാലും
ചെങ്കടൽ വററിച്ച നിന്നെ
ചങ്കിനുള്ളിൽ വച്ചുകൊണ്ടു്
പാലും, തേനുമേറും നാട്ടിൽ
ആലസ്യപ്പെടാതെയെത്തും ...എൻെറ ദേഹ

## 23 മരുവിലും മതിയായ മിശിഹാ

(യെരുശലേമെൻ ഇമ്പവീടേ .. എന്ന രീതി)

1 മരുവിലെൻെറ മണവാളനാം മഹിമയുള്ളോരീശോ
മരുഭൂവിലെൻ തണലായിടും തിരുമാർവ്വിൽ
ഞാൻ ചാരും
2 കൂരിരുട്ടും ചുടുകാററും ദൂരെനിന്നടുക്കുമ്പോഠം
തിരുസഭയാം മണവറയിൽ ജപമുറിയേറും
3 നൂററിരുപതാണ്ടുവരെ മോശയുടെ കൂടെ
ഉററസഖിയെന്നപോലെ യാനം ചെയ്തോരീശോ
4 ഏലിയാവിൻ ദൈവമിന്നും മാലകററാൻ പ്രാപ്തൻ
മലയിൽ പെരിയ കാക്കകളും തിരുമൊഴികേഠക്കും
5 പരുന്തിൻകാലിൽ കുഞ്ഞുകോഴി നിലവിളിക്കും
പോലെ
വൈരിയുടെ കരങ്ങളിൽ ഞാനിരയാകല്ലീശോ
6 തിരുസാന്നിദ്ധ്യ ബോധമെന്യേ ഒരുനിമിഷംപോലും
മരുവീടുവാനരുമനാഥാ ഇടയായിടല്ലേ
7 സ്നേഹമേറും യൂഹാനോനെ മാർവ്വിലണച്ചീശോ
മോഹമററ സ്നേഹമെനിക്കേററവും നൽക
8 കാററും കോളുമേറീടുന്നു കൈവിടല്ലേ നാഥാ
ചുററിലും നീയെന്ന ബോധമാദ്യന്തമേക

9 പ്രിയനെ പാരി മരുവിലൂടെ ഏറിടുന്ന കാന്ത
പ്രിയൻെറ വരവിലൂർശലേമിലാനന്ദിച്ചീടും

## 24 ഫലം കായ്ക്കുക

(കാഹളനാദം കേൾക്കാറായ്... ...എന്ന രീതി)

ജീവിതതരുവേ ഫലമില്ലാതായ് നീ തീരരുതേ
ദൈവസുതൻ തൻതോട്ടം നീ-നിഷ്പ്രഭമാക്കരുതേ

1 മരുവിൽ മരുവുംസഭയിൽ നൽ-കായ്കൾ തിന്നീടാൻ
മരുവിൽ തരുവിൻ തണലിലിതാ-യാത്രക്കാർ കൂടി

2 ഇലകൾക്കിടയിൽ പോലുമൊരു
കായ്കനിയില്ലെങ്കിൽ
ഇലകൾ പോകും തരുവും പോം നാഥൻ വെട്ടീടും

3 വളമിട്ടൊരു കിളക്കാരൻ കോടാലിവച്ചും മുൻ
വളങ്ങൾ തിന്നൊരു തരുവെ നീ വേഗം കായ്ക്കു

4 ഏറുകളനവധി കിട്ടീടും കായ്കൾ കായിച്ചാൽ
കൂറില്ലാത്തവർ കല്ലുകളാൽ നിന്നെ നോവിക്കും

5 വരട്ടെ കല്ലും കൊഴിയും നിൻദേഹം നോവട്ടെ
വരനാമേശു വെട്ടില്ല വീണ്ടും കായിക്കാം

6 അധരമലിക്കും മധുരക്കായ്-കൂട്ടതലുണ്ടായാൽ
മധുരംതേടി കുഞ്ഞുങ്ങൾ വേഗം പാഞ്ഞെത്തും

7 അവരെക്കണ്ടാലേറിൻെറ-ദുഃഖം പോവില്ലെ
ജീവിതമാകെ ധന്യമതാ-ണേറെക്കായിച്ചാൽ

## 25 സ്ലീബാധ്യാനം

(അൻപുടയോനെ നിൻവാതിൽ...... .. എന്ന രീതി)

1 സ്ലീബായെ ധ്യാനിക്കുമ്പോൾ എന്നുള്ളം ദുഃഖിക്കുന്നു
എൻ ഹസ്തംതന്നെതല്ലി-എന്നിട്ടും സ്നേഹിച്ചെന്നെ

2 പാതകനാമെന്നേത്തേടി-പാരിന്മേൽ കഷ്ടപ്പാടും
ശാപത്തിൻ ക്രൂശുംപേറി പാപം ഹാ ക്രൂരംതന്നെ

3 ക്രൂശിന്മേൽ എൻപേക്ഷ്ലേശ്ശ-പാപത്തിൻ ശാപംമാററി
സ്വർഗ്ഗത്തിൻ കോപംതീർത്തു ദൈവത്തിൻ സ്നേഹംകാട്ടി

4 പാപത്തിന്നിമ്പം വേണ്ട-ലോകത്തിൻ മോഹം വേണ്ട
കർത്തൻ നൽകിടും സ്ലീബാ-രാപകലെൻ കൂട്ടാകണമെ

5 കർത്താവേ രക്ഷിക്കണെ-അന്ത്യത്തോളം സ്നേഹിപ്പാൻ
കർത്താ നിൻ പിമ്പിൽതന്നെ-പാർത്തിടാൻ
കാത്തീടെന്നെ

6 ശീമോനെ ദുഃഖിപ്പിച്ച-നോട്ടം നിൻ ക്രൂശിൽ നിന്നും
എപ്പോഴും നോക്കിക്കൊണ്ടാൻ-ശോഭിപ്പിക്കുക-
കണ്ണുകളെ

## 26 ക്രിസ്തീയ ഗൃഹവിചാരകത്വം

(രാവിൽ ഗതസമേന.........എന്ന രീതി)

1 കർത്താവെ നിൻെറ നല്ല കാര്യവിചാരകനായ്
കർത്തവ്യ ബോധമോടെ ജീവിപ്പാനേക കൃപ

2 ഏദനിലാദമിനെ കാര്യവിചാരകനായ്
മോദമായ് വേല കാവൽ ഏല്പിച്ച യേശുനാഥാ

3 ജീവനെ നൽകിയോരെൻ ജീവിതനായകനെ
ജീവനും ജീവിതവും വേലയും നിൻെറ ദാനം

4 സ്വന്തമെന്നോർത്തീടാതെ സന്തതം വേലചെയ്താൽ
സന്താപമേത്തുമെന്ന്യേ, എൻ താതൻ മുന്നിൽ നിൽക്കും

5 തോട്ടത്തിൻ മദ്ധ്യത്തിലായ് തൊട്ടിടാൻ പാടില്ലാതെ
നട്ടതാം വൃക്ഷഫലം തൊട്ടതാണെൻെറ പാപം

6 പത്തിലൊന്നെങ്കിലും ഞാൻ തൊട്ടുകളിച്ചിടാതെ
പത്തുമെനിക്കു തന്ന കർത്തനേ ജീവിച്ചിടാം

7 കാര്യവിചാരബോധം കാര്യമായേകീടണേ
കാര്യവിചാര ജോലീന്നെന്നെ നീ നീക്കീടല്ലേ

8 സത്യവും നീതിയുമെൻ കൃത്യങ്ങളെല്ലാററിലും
നിത്യവും കണ്ടീടണേ സത്യസ്വരൂപനീശോ

9 തോട്ടത്തിൻ മദ്ധ്യേ നൻെറ കാലൊച്ചകേട്ടീടുമ്പോൾ
തോട്ടം വിട്ടോടീടുന്ന ദുഷ്ടനായ് തീരല്ലേ ഞാൻ

10 പട്ടിണി വന്നെന്നാലും കർത്തനെ നിൻെറ കൂടെ
തൊട്ടടുത്തായിരുന്നാലെന്തെന്തു മോദമത്!

11 അന്യോന്യം ശുശ്രൂഷിച്ചും താലന്തു വർദ്ധിപ്പിച്ചും
അന്യൂനമെൻെറ കാലം ജീവിപ്പാനേക ശക്തി

12 സ്വർഗ്ഗീയ ന്യായാധിപാ റസ്ജ്ജൂഡിക്കേററാ എന്ന
ഉഗ്രസ്വരം കേൾക്കുംമുൻ നിൻ സേവചെയ്തീടാംഞാൻ

## 27 കൃതജ്ഞത

1 എന്നോടുള്ള നിൻ സർവ്വനന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ—ഇപ്പോൾ

2 നന്ദികൊണ്ടെൻെറയുള്ളം നന്നേ നിറയുന്നേ
സന്തോഹമോടെ സ്തുതി പാടീടുന്നേൻ—ദേവാ

3 പാപത്തിൽ നിന്നുമെന്നെ കോരിയെടുപ്പാനായ്
ശാപശിക്ഷകളേററ ദേവാത്മജാ—മഹാ

4 എന്നെ അൻപോടുദിനം തോറും നടത്തുന്ന
പൊന്നിടയനനന്തം വന്ദനമെ—എൻെറ

5 അന്ത്യംവരെയുമെന്നെ കാവൽ ചെയ്തീടുവാൻ
അന്തികെയുള്ള മഹത്ശക്തി നീയേ—നാഥാ

6 താതൻ സന്നിധിയിലെൻ പേർക്കു സദാ പക്ഷ
വാദം ചെയ്യുന്ന മമ ജീവനാഥ—പക്ഷ

7 കുററം കൂടാതെയെന്നെ തേജസ്സിൻ മുമ്പാകെ
മുററും നിറുത്താൻ കഴിവുള്ളവനെ—എന്നെ

## 28

1 ക്രൂശിന്മേൽ ക്രൂശിന്മേൽ കാണുന്നതാരിതാ
പ്രാണനാഥൻ പ്രാണനാഥൻ എൻ പേക്കായ് ചാകുന്നു

2 ആത്മാവേ പാപത്തിൻ കാഴ്ച, നീ കാണുക
ദൈവത്തിൻ പുത്രാ നീ ശാപത്തിലായല്ലോ

3 ഇത്രമാം സ്നേഹത്തെ എത്രനാരം തള്ളി ഞാൻ
ഈ മഹാപാപത്തെ ദൈവമേ ഓർക്കല്ലേ

4 പാപത്തെ സ്നേഹിപ്പാൻ ഞാനിനി പോകുമോ
ദൈവത്തിൻ പൈതലായ് ജീവിക്കും ഞാനിനി

5 കഷ്ടങ്ങരം വന്നാലും നഷ്ടങ്ങരം വന്നാലും
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

6 ശത്രുക്കരം നിന്ദയും ദൂഷ്യവും ചൊല്ലുമ്പോരം
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും, ഞാൻ

7 പാപത്തിൻ ശോധന ക്ഷേമമായ് വരുമ്പോരം
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

8 പാപത്തിൻ ഓളങ്ങരം സാധുവേ തള്ളുമ്പോരം
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

9 ശത്രുത്വം വർദ്ധിച്ചാൽ പീഡകരം കൂടിയാൽ
ക്രൂശിന്മേൽ കാണുന്ന സ്നേഹത്തെ ഓർക്കും ഞാൻ

10 ആത്മാവേ ഓർക്ക നീ ഈ മഹാസ്നേഹത്തെ
ദൈവത്തിൻ പുത്രാ നീ സാധുവേ സ്നേഹിച്ചു

29 നീയല്ലോ ഞങ്ങരംക്കുള്ള ദിവ്യസമ്പത്തേശുവേ
നീയല്ലാതില്ലാ ഭൂവിൽ ആഗ്രഹിപ്പാനാരുമേ

1 നീയല്ലോ ഞങ്ങരംക്കായി മന്നിടത്തിൽ വന്നതും
നീചരം ഞങ്ങളുടെ പാപമെല്ലാമേററതും .. നീയ

2 കാൽവറി മലമുകളേറി നീ ഞങ്ങരംക്കായ്
കാൽകരം ചേർന്നു തൂങ്ങി മരിച്ചുയിരേകിയ ....നീയ

3 അന്നന്നു ഞങ്ങരംക്കുള്ളതെല്ലാം തന്നു പോററുന്നോൻ
ഇന്നുമെന്നും കൂടെയുണ്ടെന്നുള്ളവാക്കുതന്നവൻ ... നീയ

4 ശത്രുവിന്നഗ്നിയസ്ത്രം ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയംതന്നുകാത്തുരക്ഷിച്ചീടുന്ന ....നീയ

5 ജനകനുടെ വലമമർന്നു നീ ഞങ്ങൾക്കായ്
ദിനംപ്രതിപക്ഷവാദം ചെയ്തു ജീവിച്ചീടുന്ന ....നീയ

6 ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദൂഷിച്ചീടിലും പൊന്നേശുവേ
....നീയ

7 നിത്യജീവമൊഴികൾ നിന്നിലുണ്ടു പരനേ
നിന്നെ വിട്ടിട്ടടിയങ്ങൾ എങ്ങുപോയി വസിക്കും
....നീയ

30

പ്രാർത്ഥന കേൾക്കണമേ! കർത്താവെയെൻ
യാചന നൽകേണമെ

ചരണങ്ങൾ

1 പുത്രൻെറ നാമത്തിൽ ചോദിക്കും കാര്യങ്ങൾ-
ക്കുത്തരം തന്നരുളാമെന്നുള്ളോരു .. പ്രാർത്ഥന

2 താതനും മാതാവും നീയെനിക്കല്ലാതെ
ഭൂതലം തന്നിലില്ലേ വേറാരുമെൻ
ആതങ്കം നീക്കിടുവാൻ ... പ്രാർത്ഥന

3 നിത്യതയിൽ നിന്നുള്ളത്യന്ത സ്നേഹത്താൽ
ശത്രുതയേയകററി എനിക്കു നീ
പുത്രത്വം തന്നതിനാൽ ... പ്രാർത്ഥന

4 സ്വന്തകുമാരനെയാദരയാതെന്മേൽ
സിന്ധുസമം കനിഞ്ഞ സംപ്രീതി-
യോർത്തന്തികെ ചേർന്നിരുന്നേൻ ... പ്രാർത്ഥന

31

1 യേശു എന്നടിസ്ഥാനം ആശയവനിലത്രേ
ആശ്വാസത്തിൻ പൂർണ്ണത യേശുവിൽ കണ്ടേ ഞാനും

2 എത്ര മധുരമവൻ നാമമെനിക്കു പാർത്താൽ
ഓർത്തുവരുന്തോറു-മെന്നാർത്തിമാഞ്ഞുപോകുന്നു

3 ദുഃഖം ദാരിദ്ര്യമെന്നി-വസ്തുണ്ടോ ശക്തിയെന്നേൽ
കൈയ്യുപിടിച്ചു നടത്തിക്കൊണ്ടു പോകുന്നവൻ

4 രോഗമെന്നെ പിടിച്ചെൻ- ദേഹം ക്ഷയിച്ചാലുമെ
വേഗംവരുമെൻ നാഥൻ ദേഹം പുതുതാക്കീടാൻ

6 പാപത്താലെന്നിൽവന്ന-ശാപക്കറകൾ മാററി
ശോഭിത നീതിവസ്ത്രം ആഭരണമായ് നൽകും

7 ലോകമെനിക്കുവൈരി-ലോകമെന്നെ ത്യജിച്ചാൽ
ശോകമെന്തെനിക്കതിൽ ഏതും ഭയപ്പെടാ ഞാൻ

## 32

1 നല്ലദേവനേ ഞങ്ങളെല്ലാവരേയും
നല്ലതാക്കി നിന്നിഷ്ടത്തെ ചൊല്ലീടേണമെ

2 പച്ചാമേച്ചിലിൽ ഞങ്ങൾ മേഞ്ഞീടുവാനായ്
മെച്ചമായാഹാരത്തെ നീ നൽകീടേണമെ

3 അന്ധകാരമാമീ ലോകയാത്രയിൽ
ബന്ധുവായിരുന്നു വഴി കാട്ടീടണമെ

4 ഇമ്പമേറിയ നിൻ അൻപുള്ള സ്വരം
മുമ്പേനടന്നു സദാ കേൾപ്പിക്കേണമേ

5 വേദവാക്യങ്ങൾ ഞങ്ങൾക്കാദായമാവാൻ
വേദനാഥനേ നിന്റെ ജ്ഞാനം നൽകുക

6 സന്തോഷം സദാ ഞങ്ങൾ ചിന്തയിൽ വാഴാൻ
സന്തോഷത്തെ ഞങ്ങൾക്കിന്നു ദാനം ചെയ്യുക

7 താതനാത്മനും പ്രിയ നിത്യപുത്രനും
സാദരം സ്തുതി സ്തോത്രം എന്നും ചൊല്ലുന്നേൻ

## 33 വചനനിറവിൻ ഗീതം

1 യേശു നാഥാ നീതി സൂര്യ ഏകണം നിന്നാത്മദാനം
ദാസരീലി സമയത്തിൽ നാഥനെ
സർവ്വ മാലൊഴിച്ച് ദിവ്യദാനം നൽകുക

2 ഇന്നു നിന്റെ സന്നിധിയിൽ വന്നിരിക്കും ഞങ്ങളെനീ
നിൻെറ ദിവ്യാശിഷം നൽകിപ്പാലിക്ക
സർവ്വമായ ചിന്ത ദൂരെ നീക്കി കാക്കുക

3 ഇത്രനാളും നിൻകൃപയെ വ്യർത്ഥമാക്കിത്തീർത്തുപോയേ
അത്തലെല്ലാം നീക്കി നിൻ കൈ താങ്ങുക
നിൻെറ സത്യബോധം ഞങ്ങളിൽ നീ നൽകുക

4 ആത്മദാതാവായ നിന്നെ സ്വന്തമാക്കിത്തീർത്തിടുവാൻ
ആത്മദാനം ഞങ്ങളിൽ നീ നൽകുക
സർവ്വ സ്വാർത്ഥചിത്തം ദൂരെ നീക്കി കാക്കുക

5 നിൻെറ സ്നേഹമറിഞ്ഞിട്ടു നിന്നെ സ്നേഹിപ്പതിനായി
സ്നേഹഹീനരായവരിൽ വേഗമെ
നിത്യസ്നേഹരൂപനായ നിന്നെ കാട്ടുക

6 നീ പൊഴിക്കും തേന്മൊഴികൾ
ഞങ്ങളുള്ളിലാക്കിടുവാൻ
പാരം കൊതി നൽകീടേണം ദൈവമേ
എല്ലാം ചെയ്തു നല്ല ദാസരായിത്തീരുവാൻ

7 നല്ല പങ്കായുള്ളതിനെ ഞങ്ങളെല്ലാമെടുത്തീടാൻ
നല്ലദാനമടിയാർക്കു നൽകണം
ആരും വ്യർത്ഥമായി പോയിടല്ലേ ദൈവമെ

## 34

1 എന്നുള്ളിലെന്നും വസിച്ചിടുവാൻ സ്വർഗ്ഗ
മണ്ഡപം വിട്ടിറങ്ങി-വന്ന
ഉന്നതനാം തങ്ക പ്രാവെ, നീ വന്നെന്നിൽ
എന്നുമധിവസിക്ക

2 തങ്കച്ചിറകടി എത്രനാളം കേട്ടിട്ടും
ശങ്കക്കൂടാതെ നിന്നെ-തള്ളി
സങ്കേതം ഞാൻ കൊടുത്തന്യർക്കേകെ നാത്തിതാ
സങ്കടപ്പെട്ടിടുന്നു

3 കർത്തനെ എത്ര അനുഗ്രഹങ്ങളയ്യോ
നഷ്ടമാക്കി ഈ വിധം-ഇന്നും
കഷ്ടത തന്നിൽ വലയുന്നു ഞാനിതാ
തട്ടിയുണർത്തണമേ

4 ശൂന്യവും പാഴുമായ് തള്ളിയതാമീ നിൻ
മന്ദിരം തന്നിലിന്നു ദേവാ
വന്നുപാർത്തു ശുദ്ധിചെയ്തു നിൻ വീടിന്റെ
നിന്ദയകറ്റേണമേ

5 ജീവിതമിന്നും ശരിയായിട്ടില്ലയ്യോ
ജീവിപ്പിക്കും കർത്തനേ വന്നു
ജീവനും ശക്തിയും സ്നേഹവും തന്നെന്നെ
ജീവിപ്പിച്ചീടണമെ

6 ഈ വിധത്തിൽ പരിപാലിക്കപ്പെട്ടിടാൻ
ദൈവാത്മാവേ വന്നെന്നിൽ എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ
ജീവൻ പ്രശോഭിപ്പിക്ക ....എന്നുള്ളി

## 35 ദൈവഹിതം

നിന്റെ ഹിതം പോലെ എന്നെ നിത്യം നടത്തീടണമേ
എന്റെ ഹിതം പോലെ അല്ലേ-
എൻ പിതാവേ, എൻ യഹോവേ ....നിന്റെ

ചരണങ്ങൾ

1 ഇമ്പമുള്ള ജീവിതവും-ഏറെ ധനമാനങ്ങളും
തുമ്പമററ സൗഖ്യങ്ങളും-ചോദിക്കുന്നില്ലേ അടിയാൻ
...നിന്റെ

2 നേരുനിരപ്പാം വഴിയോ-നീണ്ട നടയോകുറുതോ
പാരം കരഃഞ്ഞോട്ടുന്നതോ-പാരിതിലും ഭാഗ്യങ്ങളോ
..നിൻെറ
3 അന്ധകാരഭീതികളോ-അപ്പനെ, പ്രകാശങ്ങളോ
എന്തു നീ കല്പിച്ചീടുന്നോ-എല്ലാം എനിക്കാശീർവാദം
....നിൻെറ
4 ഏതു ഗുണമെന്നറിവാൻ ഇല്ല ജ്ഞാനമെന്നിൽ നാഥാ
നിൻ തിരുനാമം നിമിത്തം-നീതിമാർഗ്ഗത്തിൽ തിരിച്ച
.. നിൻെറ
5 അഗ്നി മേഘസ്തംഭങ്ങൾ-അടിയാനെ എന്നും നടത്തി
അനുദിനം കൂടെയിരുന്നു-അപ്പനെ കടക്ഷിക്കുക
... നിൻെറ

## 36 യഹോവയെ വാഴ്ത്തുക

1 വാഴ്ത്തിടുന്നു, വാഴ്ത്തിടുന്നു, വാഴ്ത്തിടുന്നു ഞാൻ
എൻ രക്ഷകനെ നന്ദിയോടെ വാഴ്ത്തിടുന്നു ഞാൻ

2 മാട്ടിൻ തൊഴുത്തിൽ പിറന്ന മാനുസുതനെ!
ഹീന വേഷമെടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ

3 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ടോനെ!
മനുഷ്യവേഷമെടുത്ത നിന്നെ വാഴ്ത്തിടുന്നു ഞാൻ

4 പാതകർക്കായ് നീതിവഴി ഓതിത്തന്നോനെ!
പാരിടത്തിൽ നിന്നെയോർത്തു വാഴ്ത്തിടുന്നു ഞാൻ

5 കുരിശെടുത്തുമലമുകളിൽ നടന്നുപോയോനെ!
തൃപ്പാദം രണ്ടും ചുംബിച്ചിപ്പോൾ വാഴ്ത്തിടുന്നു ഞാൻ

6 കുരിശിലേറി മരിച്ചുയർത്തു സ്വർഗ്ഗേ പോയോനെ!
നിത്യം ജീവിക്കുന്നവനെ വാഴ്ത്തിടുന്നു ഞാൻ

7 ദൂതരുമായി മേഘവാഹനേ വരുന്നോനെ
വേഗം നിന്നെ കാണ്മതിനായ് വാഴ്ത്തിടുന്നു ഞാൻ

8 നിൻവരവിൽ മുന്നണിയായ് നിന്നീടുമേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നീടുമേ നിൻവരവിൽ ഞാൻ

9 എന്നു നിന്നെ വന്നുകാണാം രക്ഷകനെ ഞാൻ
നോക്കി നോക്കി കാത്തിടുമേ നിൻവരവിൽ ഞാൻ

## 37 ദിവ്യസ്നേഹം

എന്തതിശയമേ ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ-അതു
ചിന്തയിലടങ്ങാ സിന്ധുസമാനമായ്
സന്തതം കാണുന്നു ഞാൻ

പല്ലവി

1 ദൈവമേ നിൻ മഹാസ്നേഹമതിൻവിധം
ആർക്കു ചിന്തിച്ചറിയാം എനി—
ക്കാവതില്ലേ അതിന്നാഴമളന്നീടാൻ
എത്ര ബഹുലമതു്

2 ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിനെളുതോ-പതി-
നായിരത്തിങ്കലൊരംശം ചൊല്ലീടുവാൻ
പാരിലസ്സാദ്ധ്യമഹോ

3 മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന-ഏക
ജാതനാമേശുവേ പാതകർക്കായ് തന്ന
സ്നേഹമതിശയമേ

4 പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ്-സ്നേഹ
വാപിയെ നീയെന്നെ സ്നേഹിച്ചതോർത്തിന്നിൽ
ആശ്ചര്യമേറിടുന്നു!

5 ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ എന്നെ
കേവലം സ്നേഹിച്ചു പാലിച്ചിടും തവ
സ്നേഹമതുല്യമഹോ ... എന്തതി

38

1 ദൈവത്തിനു സ്തോത്രം ദൈവത്തിനു സ്തോത്രം
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

2 കാൽവറി മലയിൽ ക്രൂശിൽ മരിച്ചോരു
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

3 പാപഭാരത്തിൽ നിന്നെന്നെ രക്ഷിച്ചോരു
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

4 ഓരോനാളും എൻെറ ഭാരം ചുമക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

5 ശത്രുക്കൾ മുമ്പാകെ മേശയൊരുക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

6 ദൃഷ്ടി എൻെറമേൽ വച്ചിഷ്ടമായ് നോക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

7 എല്ലാ രോഗങ്ങൾക്കും നല്ല വൈദ്യനായ
ദൈവത്തിന് സ്തോത്രം ഇന്നും എന്നേക്കും

8 കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

9 പെററതള്ളയേക്കാൾ ഉററു സ്നേഹിക്കുന്ന
ദൈവത്തിനു സ്തോത്രം ഇന്നും എന്നേക്കും

39

(എല്ലാമേശുവേ.........എന്ന രീതി)

എന്നും നല്ലവൻ യേശു എന്നും നല്ലവൻ
ഇന്നലെയുമിന്നുമെന്നുമനന്യനല്ലവൻ

1 ഭാരമുള്ളിൽ നേരിടും നേരമെല്ലാം താങ്ങിടും
സാരമില്ലെന്നോതിടും തൻ മാർവ്വിലെന്നെ ചേർത്തിടും

2 സംഭവങ്ങൾ കേൾക്കവേ കമ്പമുള്ളിൽ ചേർക്കവെ
തമ്പുരാൻ തിരുവചനമോർക്കവേ പോമാകവെ

3 ഉലകവെയിൽ കൊണ്ടു ഞാൻ വാടി വീഴാതോട്ടവാൻ
തണലെനിക്കു തന്നീടുവാൻ വലഭാഗത്തായുണ്ടു താൻ

4 വിശ്വസിക്കുവാനുമെന്നാശ വെച്ചിടുവാനുമീ
വിശ്വമതിലാശ്വസിക്കാനാശ്രയവുമേശുവാം

5 രാവിലും പകലിലും ചേലൊടു തൻ പാലനം
ഭൂവിലെനിക്കുള്ളതിനാൽ മാലിനില്ല കാരണം

## 40

1 സ്തുതി ചെയ്ക മനമെ നിത്യവും നിൻ
ജീവനാഥനേശുവേ
ഇതുപോൽ സ്വജീവൻ തന്നോരാത്മ സ്നേഹിതൻ
വേറാരിനി

2 മരണാധികാരിയായിരുന്ന ഘോരനാം പിശാചിനെ
മരണത്തിനാലെ നീക്കി മൃത്യുഭീതി തീർത്ത നാഥനെ

3 ബഹുമാന്യനാമാചാര്യനായി വാനിലവൻ
വാഴ്കയാൽ
ബലഹീനതയിൽ കൈവിടാതെ
ചേർത്തുകൊള്ളുമാകയാൽ

4 ദിനവും മനമേ തത്സമയം വൻകൃപകളെ പ്രാപിപ്പാൻ
അതിധൈര്യമായ് കൃപാസനത്തിനന്തികത്തിൽ
ചെന്നു നീ

5 ബഹുദൂതരുച്ച നാദമോടെ വാഴ്ത്തിടുന്ന നാഥനെ
ബലവും ധനവും ജ്ഞാനമെല്ലാം സ്വീകരിപ്പാൻ
യോഗ്യനെ

## 41

1 യാഹെന്ന ദൈവമെന്നിടയനഹോ
യാതൊരു കുറവുമില്ലെനിക്കിനിയും
പച്ചപ്പുൽപ്പുറത്തെന്നെ കിടത്തുന്നവൻ
നിശ്ചലജലമെന്നെ കുടിപ്പിക്കുന്നു

2 സന്തതമെന്നുള്ളം തണുപ്പിക്കുന്നു
നിൻ തിരുപാതയിൽ നടത്തുന്നെന്നെ
കൂരിരുൾ താഴ്‌വരയതിൽ നടന്നാൽ
സാരമില്ലെനിക്കൊരു ഭയവുമില്ല

3 ഉന്നതനെന്നോടു കൂടെയുണ്ട്
തന്നിടുന്നാശ്വാസം തൻ വടിയാൽ
എനിക്കൊരുവിരുന്നവൻ ഒരുക്കിടുന്നു
എന്നുടെ വൈരികളിൻ നടുവിൽ

4 ശിരസ്സിനെ അഖിലവും അനുദിനവും
പൂശുന്നു സൗരഭ്യതൈലമതാൽ
എന്നുടെ പാനപാത്രം ദിനവും
ഉന്നതൻ കരുണയാൽ കവിഞ്ഞിടുന്നു

5 നന്മയും കരുണയും എന്നായുസ്സിൽ
പിന്തുടർന്നീടുന്നു അനുദിനവും
സ്വർഗ്ഗലോകാലയം തന്നിലീ ഞാൻ
ദീർഘകാലം വസിക്കും ശുഭമായ്

## 42 വിശുദ്ധജാതി നാം

യഹോവാ ദൈവമാം വിശുദ്ധ ജാതിനാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ .. യഹോവ

ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവമൊരുവനത്രേ
ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല ....യഹോവ

അവനീതലത്തിൽ അപമാനം നമു-
ക്കവകാശമെന്നോർത്തിടേണം
അവനായ് കഷ്ടത ഏല്ക്കുകിൽ തേജസ്സി-
ലനന്തയുഗം വാണിടും നാം ....യഹോവ

നിരനിര നിരയായ് അണിനിരന്നീടുവിൻ
കുരിശിൻ പടയാളികളെ
ജയ ജയ കാഹളമൂതിടുവിൻ
ജയവീരനാം യേശുവിന് ....യഹോവ

## 43 ആത്മസന്തോഷം

1 ആത്മസന്തോഷം കൊണ്ടാനന്ദിപ്പാൻ-ഇന്നു
ആത്മമാരികൊണ്ടു നിറയ്ക്കണമേ

2 ദൈവത്തിൻെറ തേജസ്സിന്നിവിടെ
പ്രകാശിക്കവേണം വെളിച്ചമായി

3 പാപത്തിൻെറ എല്ലാ അന്ധകാരവും
എല്ലാ ഉള്ളത്തിൽനിന്നും നീങ്ങിപ്പോകട്ടെ

4 സ്വർഗ്ഗസന്തോഷം കൊണ്ടാനന്ദിപ്പാൻ
ആത്മശക്തിയാലിന്നു നടത്തണമേ

5 കല്ലുപോലുള്ള എല്ലാ ഉള്ളങ്ങളേയും
ഇന്നു മെഴുകുപോൽ ഉരുക്കണമേ

6 ആത്മനിലങ്ങളെ ഒരുക്കീടുവിൻ
സ്വർഗ്ഗസീയോനിലെ വിത്തു വിതപ്പാൻ

7 നല്ലവണ്ണമതു ഫലം കൊടുപ്പാൻ
ആത്മതുള്ളികൊണ്ടു നനയ്ക്കണമേ

8 വെളിച്ചങ്ങൾ വീശുന്നു അന്ധകാരം മാറുന്നു
ദൈവത്തിൻെറ ആത്മാവുള്ളിലാകുമ്പോൾ

9 മായയായ ലോകത്തിൽ ഞാൻ ചേർന്നു നില്ലാതെ
എൻ രക്ഷകനാം യേശുവിൽ ഞാൻ ആശ്രയിച്ചീടും

## 44

എനിക്കായൊരുത്തമ സമ്പത്ത്
സ്വർഗ്ഗരാജ്യത്തിലൊരുക്കുന്നതാൽ
ഇനി ലോകത്തെ സ്നേഹിച്ചീടുവാൻ
ഒരു കാലത്തും പോകയില്ല ഞാൻ

എൻെറ ആയുസ്സിൻ ദിനമൊക്കെയും
നിന്നെമാത്രം ഞാനിനി സേവിക്കും
എൻെറ പ്രാണനായകനേശുവേ
നിൻെറ സ്നേഹം നീ എനിക്കേകിടണേ

ഏഴയാകുന്ന എന്നെ സ്നേഹിച്ച
നിൻെറ സ്നേഹമെത്രയോ ആശ്ചര്യം
എൻെറ പാപശാപങ്ങൾ നീക്കി നിൻ
തിരുജീവനാൽ എന്നെ നിറച്ചല്ലോ

എൻെറ ദേഹവും തിരു ആലയമായ്
നിൻെറ ആത്മാവേ എനിക്കേകിയതാൽ
തിരുനാമത്തിൻ മഹത്വത്തിനായ്
ഇനി ജീവിപ്പാൻ കൃപ നൽകുക

പ്രീയൻ തേജസ്സിൽ വെളിപ്പെടും നാളിൽ
ഞാനും തേജസ്സിൻ മുമ്പിൽ നിൽക്കുവാൻ
എൻെറ ദേഹവും ദേഹി ആത്മാവും
സമ്പൂർണ്ണമായ് സമർപ്പിക്കുന്നേ

## 45

എന്നുള്ളമേ സ്തുതിക്ക നീ പരനേ
തൻ നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും
നന്ദിയോടെ പാടി പുകഴ്ത്താം

1 സുരലോകസുഖം വെടിഞ്ഞു
എന്നെത്തേടിവന്ന ഇടയൻ
തൻെറ ദേഹമെന്ന തിരശീല ചീന്തി
തവമോക്ഷമാർഗ്ഗം തുറന്ന ....എന്നുള്ള

2 പാപരോഗത്താൽ നീ വലഞ്ഞു
തെല്ലുമാശയില്ലാതലഞ്ഞു
പാരം ക്ഷീണിടുമ്പോൾ തിരുമേനിയതിൽ
നിൻെറ വ്യാധിയെല്ലാം വഹിച്ചു ... എന്നുള്ള

3 പലശോധനകൾ വരുമ്പോൾ
ഭാരങ്ങൾ പെരുകിടുമ്പോൾ
നിന്നെ കാത്തുസൂക്ഷിച്ചൊരു കാന്തനല്ലോ
നിൻെറ ഭാരമെല്ലാം ചുമക്കും ... എന്നുള്ള

4 ആത്മാവിനാലെ നിറച്ചു
ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചീടും
തവ സ്നേഹമതിശയമേ ....എന്നുള്ള

## 46

1 ലോകത്തിലേക ആശ്രയം-എന്നേശുമാത്രം
ശോകങ്ങളേറി വന്നാലും
വേണ്ടാ ഈ ലോകഇമ്പം പ്രിയനെ നീ മതി
എന്നും വാഴ്ത്തിപ്പാടും ഞാൻ ....ലോക

2 ഉററവരായിരുന്നവർ-ദ്വേഷിച്ചാലും
മാററമില്ലാത്ത സ്നേഹിതൻ
ക്ലേശം നിറഞ്ഞ ലോകയാത്രയിൽ താങ്ങിടും
വിൺശക്തിയാലെ നിത്യവും ....ലോക

3 മാറായുണ്ടീ മരുവതിൽ-സാരമില്ല
മാറായിൻ നാഥനാമേശു
മാറാത്ത വാക്കുതന്നോൻ മാറുമോ. ആയവൻ
മാറാ മധുരമാക്കിടും ....ലോക

4 തേടിയതല്ല ഞാൻ നിന്നെ-ക്രൂശിൻ സ്നേഹം
തേടിയേ പാപിയാമെന്നെ
ഓടുന്നു ലാക്കിലേക്കു പാടുകൾ ഏററു ഞാൻ
മാറുവാനാവതില്ലിനീം ....ലോക

5 വിശ്വാസക്കപ്പൽ താഴുമോ-ഈ ഉലകിൽ
ഈശാനമൂലനേറുന്നേ
ആശ്വാസമേകുവാൻ നീ വേഗമായ് വന്നാലും
വിശ്വാസനായകാ പ്രിയ ...ലോക

6 നിൻ ശക്തി കാഴ്ച ശബ്ദങ്ങളും-ഏറെവേണം
വിശ്വാസപ്പോരിൽ നിൽക്കുവാൻ
പത്മോസിലെത്രകാലം പാർക്കണം ഏകനായ്
വിശ്വാസത്യാഗമില്ലാതെ ....ലോക

## 47

1 സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാക്കണേ
നിൻ ഹിതം ചെയ്യോനാം നിൻ സുതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ നിൻഹിതം ചെയ്‌വാൻ

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നീടുന്നേ ഞാൻ ഇന്നു മോദമായ്
എന്റെ ഇഷ്ടം ഒന്നും വേണ്ട പ്രിയനെ
നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണേ

2 നന്മയും പൂർണ്ണപ്രസാദവുമുള്ള
നിൻ ഹിതമെന്തെന്നു ഞാനറിയുവാൻ
എൻ മനം പുതുക്കി മാറിടുന്നേ നിത്യം
നിന്ദ്യമാണെനിക്കീ ലോക ലാവണ്യം ...എൻദൈവ

3 ഞാനവനുള്ളം കയ്യിലിരിക്കയാൽ
ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം
തൻ ഹിതമാണെന്നു ഞാൻ അറിയുന്നു ....എൻദൈവ

4 യേശുക്രിസ്തുവിൻ ശരീരയാഗത്താൽ
ഉള്ള ഇഷ്ടത്താൽ ഞാൻ ശുദ്ധനായ് തീർന്നു
ദൈവയിഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണസഹിഷ്ണുത ഏകണേ പ്രിയ ....എൻദൈവ

5 ആരുമറിയാത്ത ശ്രേഷ്ഠ ഭോജനം
ഞാൻ ഭുജിച്ചു നിത്യം ജീവിച്ചീടുന്നു
എൻെറ രക്ഷകൻെറ ഇഷ്ടമെല്ലാം ചെയ്തു
വേല തികച്ചുന്നതെൻെറ ആഹാരം ... എൻ ദൈവ

6 എൻെറ കഷ്ടങ്ങൾ ദൈവം തരുന്നതാൽ
എൻെറ പ്രാണനെ താൻ യാഗമാക്കുന്നു
എന്നെത്തകർത്തീടാൻ താതനിഷ്ടമെങ്കിൽ
തൻഹിതമെന്നിൽ സമ്പൂർണ്ണമാകട്ടെ ... എൻ ദൈവ

## 48

സേനയിലധിപൻ ദേവനിലതിയായ്
ആശ്രയമേവനുണ്ടോ?—ആയവൻ
ഏവരിലുമതിധന്യൻ
യാഹിൻ വാസമെന്തതികാമ്യം—ആ—ആ
വാഞ്ഛരിച്ചു മോഹിക്കുന്നെന്നുള്ളം
ഘോഷിക്കുന്നെൻ ഹൃദയം ജഡവും ....സേന

1 ബലം നിന്നിലുള്ളോർ ഭാഗ്യം നിറഞ്ഞോർ
നിശ്ചയമാണെന്നും- താഴ്ച
ഭവിക്കുകയില്ലെന്നും
ഈ വിധമുള്ളോർ മനസ്സുകളിൽ—ആ—ആ
നിർണ്ണയമുണ്ട് നിരന്തരമായ്
സീയോൻ നഗരിയിൻ പെരുവഴികൾ ... സേന

2 കണ്ണുനീർ താഴ്‌വരയതുവഴിയായവർ
യാനം ചെയ്യുമ്പോൾ- ആയതു
മാറും ജലാശയമായ്
മുന്മഴയനുഗ്രഹ പൂർണ്ണമതായ്—ആ—ആ
പ്രാപിക്കും ബലമവർ ബലത്തിനുമേൽ
ചെന്നെത്തുമേവരും സീയോനിൽ ....സേന

49

ക്രിസ്തീയ ജീവിതം സൗഭാഗ്യ ജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശുനായകൻ കൂട്ടാളിയല്ലോ

1 ലോകത്തിൻ താങ്ങുകൾ നീങ്ങിപ്പോയിടുമ്പോൾ
ലോകക്കാരെല്ലാരും കൈവെടിഞ്ഞീടുമ്പോൾ
സ്വന്തസഹോദരർ തള്ളിക്കളയുമ്പോൾ
യൗസേപ്പിൻ ദൈവമെൻ കൂട്ടാളിയല്ലോ .. ക്രിസ്തീയ

3 അന്ധകാരം ഭുവിൽ വ്യാപരിച്ചീടുമ്പോൾ
രാജാക്കൾ നേതാക്കൾ ശത്രുക്കളാകുമ്പോൾ
അഗ്നികുണ്ഡത്തിലും സിംഹക്കുഴിയിലും
ദാനിയേലിൻ ദൈവമെൻകൂട്ടാളിയല്ലോ .. ക്രിസ്തീയ

3 എത്രനല്ലിടയൻ ഉത്തമസ്നേഹിതൻ
നിത്യനാം രാജാവെൻ കൂട്ടാളിയല്ലോ
എന്തിനീ ഭാരങ്ങൾ എന്തിനീ വ്യാകുലം
കർത്താവിൻ കുഞ്ഞുങ്ങൾ പാട്ടുപാടും ....ക്രിസ്തീയ

4 കാഹള ശബ്ദങ്ങൾ കേട്ടിടാൻ നേരമായ്
കഷ്ടങ്ങൾ ഏറ്ററയെൻ പ്രീയനെ കാണാറായ്
എന്നു നീ വന്നിടും എപ്പോൾ നീ വന്നിടും
എത്രനാൾ നോക്കി ഞാൻ പാർക്കണം പ്രീയനെ
... ക്രിസ്തീയ

50

1 എനിക്കായ് കരുതാമെന്നുരച്ചവനെ
എനിക്കൊട്ടും ഭയമില്ല നിനച്ചിടുമ്പോൾ
എനിക്കായി കരുതുവാൻ ഇഹത്തിലില്ലേയൊന്നും
ചുമത്തുന്നെൻ ഭാരമെല്ലാം നിൻെറ ചുമലിൽ

2 ഭക്ഷണമില്ലാതെ വാടിക്കഴഞ്ഞീടുമ്പോഠം
ഭക്ഷണമായ് കാകനെനൻെറ അരികിൽ വരും
അപ്പവും ഇറച്ചിയിവകരത്തിൽത്തരും–ജീവ
ഉറവയിൻതോടെനിക്കു ദാഹം തീർത്തിടും ...എനി

3 കാക്കകളെ വിചാരിപ്പിൻ വിതയ്ക്കുന്നില്ലാ-
കൊയ്യ കളപ്പുരയതിൽ നിറയ്ക്കുന്നില്ല
വയലിലെ താമരകഠം വളരുന്നല്ലോ-നന്നായ്
വാനിലെ പറവകഠം പുലരുന്നല്ലോ ... എനി

4 ക്ഷാമമേററ് സരേഫാത്തിൽ സഹിച്ചീടിലും
മരിക്കവാനൊരുക്കമായ് ഇരുന്നീടിലും
കലത്തിലെ മാവു ലേശം കുറയുകില്ലാ–നിൻെറ
കലശത്തിൽ എണ്ണ കവിഞ്ഞൊഴുകീടുമേ .. എനി

5 ശത്രുഭീതികേട്ടതെല്ലും നടുങ്ങീടിലും
ചൂരച്ചെടി തണലതിൽ ഉറങ്ങീടിലും
വന്നുണർത്തിത്തരും ദൂതർ കനലടകഠം-തിന്നു
തൃപ്തരാക്കി നടത്തീടും ദിനംദിനമായ് ..എനി

6 നെഞ്ചമേ നിൻ ചഞ്ചലങ്ങഠം ഒന്നും വേണ്ടാ
പഞ്ചമുറിവേററ നാഥൻ തഞ്ചമേകിടും
പിഞ്ചുപോകില്ലൊരുനാളും തൻ കരുണകഠം
ഓർത്തു പുഞ്ചിരിതൂകീടുക നീ എന്നും മനമേ ....എനി

## 51

യേശുവെ എൻ പ്രാണനായകാ
ജീവനെനിക്കേകിയോനേ
എൻ സങ്കടങ്ങഠം അറിഞ്ഞെൻെറ വൻ കടങ്ങഠം
തീർത്തെൻെറ
കണ്ണുനീർ തുടച്ചല്ലോ നീ

1 പാപിയായ് ഞാൻ ജീവിച്ചപ്പോഠം നിൻ
പാതതെററി ഓടിയപ്പോഠം
പാലകൻ നീ തേടിയീപ്പാതകനടിയാനേ
പാവനമാർഗ്ഗേ ചേർത്തല്ലോ ....യേശുവേ

2 എന്നെ നിന്നിൽ ധന്യനാക്കുവാൻ
വന്നിതോ എന്നുള്ളിൽ രാജനായ്
തന്നിതോ നിൻ നീതിയും ദിവ്യമാം സന്തോഷവും
നിത്യമാം സമാധാനവും ... യേശുവേ

3 ഭാരമെന്യേ ജീവിക്കുവാൻ എൻ
ഭാരമെല്ലാം ചുമന്നവനെ
ആശ്രയം നീ മാത്രമെന്നാശയിൻ പ്രകാശമേ
ആശീഷം നിൻ കാരുണ്യമേ ... യേശുവേ

4 വന്നിടും ഞാനതി വേഗത്തിൽ
എന്നുരച്ചു പോയവനെ
വന്നു നിൻ മഹിമയിൻ രാജ്യമതിൽ ചേരുവാൻ
ആശയായ് ഞാൻ കാത്തീടുന്നേ ... യേശുവേ

## 52

1 നിനക്കുവേണ്ടി ഞാൻ ധരയിലെന്തു വേണമമോ
എനിക്കു വേറില്ലാശയൊന്നെന്നേശു മാത്രമേ

2 എവിടെപ്പോയി ഞാൻ അവനായ് ജീവൻവയ്ക്കണം
അവിടെത്തന്നെ പോകാനെനിക്കു മനസ്സു നല്കണേ

3 ദുരിത ക്ലേശമോ വിവിധ പീഡപേടിയോ
വരികയില്ലെന്നരികിലേശു കരുണാസമുദ്രമേ

4 തരുന്ന ദുഃഖങ്ങൾ ആർക്കും ധൈര്യമോതിടാം
വരുന്നതെന്തും വരട്ടെന്നല്ലാതെനിക്കു പാടില്ല

5 ലോകരാജ്യങ്ങൾ ആകെ ഇളകി മാറിടും
ലോകമെങ്ങും യേശുവെന്ന നാമമായിടും

6 യേശു വരുന്നിഹേ തൻെറ രാജ്യം സ്ഥാപിപ്പാൻ
നാശമില്ലാ രാജ്യമതിലെ രാജനും തന്നെ

7 കുരിശിൽ തൂങ്ങിയോൻ വരുന്നു രാജരാജനായ്
ധരയിലവനു ചിയർ വിളിപ്പാനുള്ളം കൊതിക്കുന്നു

8 ജാതിഭേദമോ അവിടില്ലാരിലും തന്നെ
ജാതിഭേദമെക്കെ യേശു നീക്കും സ്നേഹത്താൽ

9 ദേശംദേശമായ് യേശു ഭരണം ചെയ്യുമ്പോൾ
മോശക്കാരെന്നിവിടെ കണ്ടോർക്കുടെ വാണിടും
... നിനക്ക

## 53

സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിൻെറ പാതയിൽ

1 മോക്ഷയാത്രയാണിതു ഞാൻ നടപ്പതു്
കാഴ്ചയാലെയല്ലാ വിശ്വാസത്താലെയാം
വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും ....സീയോൻ

2 ലോകമേതും യോഗ്യം അല്ലെനിക്കതാൽ
ശോകമില്ല ഭാഗ്യമുണ്ടു ക്രിസ്തുവിൽ
നാഥനു മുൾമുടി നൽകിയ ലോകമേ
നീ തരും പേരെനിക്കെന്തിനായ് ... സീയോൻ

3 സാക്ഷികൾ സമൂഹം എൻെറ ചുററിലും
നിൽക്കുന്നായിരങ്ങൾ ആകയാലെ ഞാൻ
ഭാരവും പാപവും വിട്ടു ഞാനോടുമാ
നേരവും യേശുവേ നോക്കിടും ...സീയോൻ

4 എന്നെ നേടുന്ന സന്തോഷമോർത്തതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ
ക്ഷീണമെന്തെന്നറികില്ല ഞാൻ ...സീയോൻ

5 ബാലശിക്ഷ നൽകുമെന്നപ്പനെങ്കിലും
ചേലെഴും തൻ സ്നേഹം കുറഞ്ഞുപോയിടാ
നന്മയെ തൻകരം നൽകുമെന്നീശനിൽ
എന്മനം വിശ്രമം നേടിടും ....സീയോൻ

## 54 ക്രൂശിൻസ്നേഹം

[സ്നേഹമാം നിന്നെ കണ്ടവൻ.. എന്ന രീതി]

1 സ്നേഹമേ, ക്രൂശിൻ സ്നേഹമേ നിൻെറ ആഴം
ഞാനൊന്നു കാണട്ടെ
സ്നേഹഹീനർക്കും, ബോധഹീനർക്കും
നീചനീചർക്കും സ്നേഹം തേ

2 സ്നേഹമേ, ക്രൂശിൻ സ്നേഹമേ നിൻെറ നീളം
ഞാനൊന്നു കാണട്ടെ
കള്ളന്മാരെയും കൊള്ളക്കാരെയും സ്നേഹവായ്പാൽ
നീ തേടുന്നു

3 സ്നേഹമേ ക്രൂശിൻ സ്നേഹമേ നിൻെറ വീതി
ഞാനൊന്നു കാണട്ടെ
ബി. സി. എ. ഡി. യിൽ എല്ലാ ജാതിക്കും
സ്വർഗ്ഗസ്നേഹം നീ കാട്ടുന്നു

4 സ്നേഹമേ, ക്രൂശിൻ സ്നേഹമേ
ത്രിത്വ സ്നേഹത്തിൻ പൊക്കത്തിൽ നീ
സ്നേഹ ശുശ്രൂഷ ഭൂമിയിൽ നിൻെറ
പാവന സഭ കാട്ടട്ടെ

5 സ്നേഹമേ ക്രൂശിൻ സ്നേഹമേ, നിന്നെ
ദ്വേഷിപ്പാൻ ഞാൻ തുനിയുമ്പോൾ
സ്നേഹഹീനത എന്നിൽ കാണുന്ന പാപി
ഞാൻ എന്നിൽ സ്നേഹം താ

6 ലോകമേ മുഴുലോകമേ, ക്രൂശിൻ സ്നേഹത്തെ
ഒന്നു നോക്കുക
തത്തുല്യ സ്നേഹം വേറെയുണ്ടെങ്കിൽ എങ്കെ
എന്നൊന്നു ചൊല്ലുക

## 55

കണ്ടാലും കാൽവറിയിൽ
കുരിശിൽ ശിരസ്സതും ചാഞ്ഞു പരൻ
കണ്ടീടുക പ്രിയനെ നിനക്കായ്
തൂങ്ങിടുന്നു മൂന്നാണികളിൽ കണ്ടാലും

1 ശിരസ്സിൽ മുൾമുടി അണിഞ്ഞവനായ്
ഹൃദയം നിന്ദയാൽ തകർന്നവനായ്
വേദനയാലേററം വലഞ്ഞവനായ്
തൻ ജീവനെ വെടിയുന്നു സ്വയം നിനക്കായ്
കണ്ടാലും

2 ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട
കളങ്കമില്ല ദൈവകുഞ്ഞാടിതാ
ലോകത്തിൻ പാപങ്ങൾ ചുമന്നുകൊണ്ട്
വാനിനും ഭൂവിനും മദ്ധ്യേ തൂങ്ങിടുന്നു ....കണ്ടാലും

3 സമൃദ്ധിയായ് ജീവജലം തരുവാൻ
പാനീയ യാഗമായ് തീർന്നവനെ
കയ്പുനീർ ദാഹത്തിന്നേകിടവേ
നിനക്കായ് അവനായതും പാനം ചെയ്തു ... കണ്ടാലും

4 പാതകർക്കായ് ക്ഷമ യാചിച്ചവൻ
പാതകലോകം വെടിഞ്ഞിടുമ്പോൾ
നിവൃത്തിയായ് സകലമെന്നോതിയഹോ
സ്വന്തപ്രാണൻ പിതാവിനെ ഏല്പിക്കുന്നു ..കണ്ടാലും

5 തൻ തിരുമേനി തകർന്നവനായ്
തങ്കനിണം ചിന്തിയായതിനാൽ
തൻവിലയല്ലോ നൽകിയവൻ
നിന്നെ സ്വർഗ്ഗീയ സമ്പൂർണ്ണനാക്കിടുന്നു ... കണ്ടാലും

56 ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ-നാഥാ
നിൻ കൃപ ഓർത്തിടുമ്പോൾ
എൻ മാനസം പൊങ്ങീടുന്നേ
ദേഹി ഉല്ലസിച്ചാർത്തിടുന്നേ

1 ചേററിൽ കിടന്നോനാമെന്നെ നീ വീണ്ട്
പാറയാം നിന്മേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
നിൻ സ്തുതി തന്നതിനാൽ ... ഞാൻ

2 കഷ്ടത പട്ടിണി നിന്ദ പരിഹാസം
എന്നിവ വന്നാലുമേ
നിൻ ദിവ്യസ്നേഹത്തിൽ നിന്നെന്നെ മാററുവാൻ
ഒന്നിനും സാദ്ധ്യമല്ല (2) ... ഞാൻ

3 ആത്മാവിനാലെന്ന നിറച്ചതിനാൽ
ആത്മസന്തോഷമുണ്ടേ
തേജസ്സിലാനന്ദരൂപനാമേശുദേവ
കാണുമേ ഞാൻ നിജമായ് (2) ... ഞാൻ

4 കൂടാരമായ ഭവനമഴിഞ്ഞാലും
നിത്യഭവനമുണ്ട്
ഞാൻ കുറയട്ടെ നീ വളരട്ടെ
നിന്നിൽ ഞാൻ വസിക്കട്ടെ (2) ... ഞാൻ

## 57 സുവിശേഷവേല

എങ്ങും പുകഴ്ത്തുവിൻ സുവിശേഷം
ഹാ മംഗള ജയ ജയ സന്ദേശം

1 നരഭോജികളെ നരസ്നേഹികളാം
ഉത്തമ സോദരരാക്കും
വിമല മനോഹര സുവിശേഷം ... ഹാ-മംഗള

2 അജ്ഞാനാന്ധതയാകെയകററും
വിജ്ഞാനക്കതിർ വീശും
വേദാന്തപ്പൊരുളാം സുവിശേഷം ... ഹാ-മംഗള

3 ഭീകര സമര സമാകുലമാകും
ഭൂമിയിൽ ഭീതിയെ നീക്കും
ശാന്തി സന്ദായക സുവിശേഷം ... ഹാ-മംഗള

4 നശിക്കും ലൗകിക ജനത്തിനു ഹീനം
നമുക്കോ ദൈവീക ജ്ഞാനം
കുരിശിൻ വചനം സുവിശേഷം ... ഹാ-മംഗള

## 58

1 കാണുക നീയി കാരുണ്യവാനെ
കുരിശതിൽ കാൽവറിയിൽ
കേണു കണ്ണുനീർ തൂകുന്നു നോക്കൂ
കാൽവറിമേടുകളിൽ

എന്തൊരു സ്നേഹം — എന്തൊരു സ്നേഹം
പാപികളാം നരരിൽ
നൊന്തു നൊന്തു ചങ്കുടഞ്ഞു
പ്രാണൻ വെടിയുകയായ്

2 പാപത്താൽ ഘോരമൃത്യു കവർന്ന
ലോകത്തെ വീണ്ടിടുവാൻ
ആണിമൂന്നിൽ പ്രാണനാഥൻ
കാണുക ദൈവസ്നേഹം ... എന്തൊരു

3 എന്തിനു നീയി പാപത്തിൻ ഭാര
വൻചുമടേന്തിടുന്നു?
ചിന്തിരക്തം സർവ്വപാപ
ബന്ധനം പോക്കിടുവാൻ ... എന്തൊരു

4 ജയിച്ചവനായി വിൺപുരിതന്നിൽ
ജീവിക്കുന്നേശുപരൻ
ജയിച്ചീടും നാം പോരതിങ്കൽ
അന്ത്യത്തോളം ധരയിൽ ... എന്തൊരു

## 59

(അദ്ധ്വാനിക്കുന്നവർക്കും....... എന്ന രീതി)

1 സ്വർഗ്ഗസ്ഥനാം പിതാവേ-ഞങ്ങളും സഹോദരങ്ങളും
മാമോദീസായിൻ മക്കളും- ഏക മാതാവിൻ മക്കളും

2 സ്വർഗ്ഗസ്ഥനാം പിതാവേ-ഞങ്ങളർത്ഥിച്ചീടുന്നു
നിൻ തിരുനാമം ഭൂവിൽ-പാവനമാക്കീടണം

3 സ്വർഗ്ഗസ്ഥനാം പിതാവേ–നിൻ രാജ്യം വന്നീടേണം
നിൻഹിതം സ്വർഗ്ഗേപോലെ ഭൂവിലുമായിടേണം

4 സ്വർഗ്ഗസ്ഥനാം പിതാവേ പാപികൾ ഞങ്ങളെല്ലാം
ബാബേലിൻ മക്കൾപോലെ–അന്യോന്യം
വേർപിരിഞ്ഞു

5 സ്വർഗ്ഗസ്ഥനാം പിതാവേ–നിൻ പുത്രൻ തേടിവന്നു
നീചരാം ഞങ്ങൾ വീണ്ടും–പാവനഗേഹം പൂകി

6 സ്വർഗ്ഗസ്ഥനാം പിതാവേ–ഏകത്വം ധന്യമാക്കാൻ
സ്വർഗ്ഗത്തെ ഭൂവിലാക്ക–ഭൂവിനെ സ്വർഗ്ഗമാക്ക

7 സ്വർഗ്ഗസ്ഥനാം പിതാവേ–പെന്തക്കോസ്തിൻ
നാളുപോൽ
മുട്ടില്ലാത്തോർ പാർക്കുന്ന–സീയോനെ നൽക വീണ്ടും

8 സ്വർഗ്ഗസ്ഥനാം പിതാവേ–നിൻ മക്കളാകും ഞങ്ങൾ
ശത്രുക്കൾ മിത്രങ്ങളായ്–തീരട്ടെ നിൻ സ്നേഹത്താൽ

9 സ്വർഗ്ഗസ്ഥനാം പിതാവേ–ഏവർക്കും അപ്പം നൽകു
അന്നന്നു ജീവിക്കുമ്പോൾ–നാളേക്കപ്പം മതി

10 സ്വർഗ്ഗസ്ഥനാം പിതാവേ–കുററക്കാരാം ഞങ്ങൾ തൻ
കുററങ്ങൾ മായിക്കേണം–ശോധന നീക്കിടേണം

11 സ്വർഗ്ഗസ്ഥനാം പിതാവേ–ശിഷ്യരാക്ക ഞങ്ങളെ
ദുഷ്ടൻ തൻ ക്രൂരവാഴ്ച–വേഗത്തിൽ ദൂരെപ്പാച്ചു

12 സ്വർഗ്ഗസ്ഥനാം പിതാവേ–രാജ്യം, ശക്തി, മഹത്വം
അങ്ങേയ്ക്കും നിൻ പുത്രനും–ശുദ്ധ റൂഹായ്ക്കുമെന്നും

60

(കരിശുചുമന്നവനെ.........എന്ന രീതി)

യഹോവ എന്നിടയൻ എനിക്കു മുട്ടില്ല
യാതൊന്നിനും
പച്ചയാം പുൽപ്പുറത്തു താനെന്നെ ഭദ്രമായ്
നടത്തുന്നു

1 സ്വസ്ഥമാം വെള്ളത്തിന്മീതെ കൂടെന്നെ
കൈതന്നു നടത്തുന്നോൻ
എന്നുടെ പ്രാണന്, ആശ്വാസമേകി

കുളിർമ നൽകുന്നോൻ
നീതിപാതകളിൽ തിരുനാമം മൂലം
എന്നെ, താങ്ങി നടത്തുന്നോൻ ....യഹോവ

2 മരണത്തിൻ താഴ്‌വര ഏറി നടന്നാലും
ഭയമില്ലെനിക്കൊന്നും
എന്തെന്നാലെന്നേശു എന്നോടുകൂടെ എന്നുമിരിക്കുന്നു
തൻെറ വടിയും കോലുമെന്നെ
ആശ്വസിപ്പിച്ചീടുന്നു ....യഹോവ

3 എന്നുടെ ശത്രുക്കൾ മുമ്പാകെ താൻതന്നെ
മേശയൊരുക്കുന്നു
എന്നുടെ തലയെ തൈലം കൊണ്ടെന്നും
അഭിഷേകം ചെയ്യുന്നു
നന്മയും കരുണയും എല്ലാ ദിനവും
പിൻതുടരുന്നെന്നെയും ....യഹോവ

61

(ഞങ്ങൾക്കുള്ള കർത്താവേ എന്ന രീതി)

സ്വർഗ്ഗസ്ഥാ താതാ നാഥാ, സർവ്വചരാചരപാലകനെ
ഭൂസ്വർഗ്ഗങ്ങൾക്കുടയവനെ, ബലവാനെ ബഹു പരിശുദ്ധാ
ഉക്ഷിതിരക്ഷിപ്പാൻ വന്നു് സത്യത്തിൻ വഴി കാണിച്ച്
ജീവപ്രദമപ്പം തന്നു് സ്വർഗ്ഗം പൂകിയ ദൈവസുതാ

താതനിൽ നിന്നാത്മജനാലെ പ്രേഷിതനാശ്വാസപ്രദനേ
സകലർക്കും ജീവൻ നൽകും റൂഹാ പരിശുദ്ധാത്മാവേ
ത്രിത്വേ ഏകത്വവുമതുപോൽ ഏകത്വേ ത്രിത്വവുമാകും
നാഥാ കർത്താവേ ഞങ്ങൾ നിന്നെ വന്ദിച്ചീടുന്നു

കരുണയോടിത്തരുണം നാഥാ നിന്നരുമക്കുഞ്ഞുങ്ങളെ നീ
തൃക്കൺപാർത്തീ പ്രാർത്ഥനയെ കർത്താവേകൈക്കൊള്ളണമേ
തിരുസഭ തന്നുടെ അദ്ധ്യക്ഷൻ മോറാൻ
മാർ ബസ്സേലിയോസ്
താതനു ദിവ്യനടത്തിപ്പും ദീർഘായുസ്സും നൽകണമേ

മേല്പട്ടക്കാർ പട്ടക്കാർ ജനനീ ജനക ഗുരുക്കന്മാർ
സ്നേഹിതരെന്നിവരെയും നീ സന്തുഷ്ട്യാ പാലിക്കണമേ
ഞങ്ങളെ വാഴ്ത്തി കണ്ണിൻെറ കൃഷ്ണമണിക്കൊപ്പം കാത്തു്
യേശുമ്ശിഹാ, ജീവൻെറ വഴിയിൽക്കൂടി നടത്തണമേ

തങ്കത്തേക്കാളും രമ്യം തേനിൻ കട്ടയിലും കാമ്യം
നിൻ കൽപ്പനകളറിഞ്ഞെന്നും പാലിച്ചീടേണം ഞങ്ങൾ
ഈ ലോകത്തിൽ വച്ചങ്ങെ അറിവാനും സ്നേഹിപ്പാനും
പരലോകെ തവ മോക്ഷത്തെ നേടാനും വരമേകണമേ

വാങ്ങിപ്പോയവരോടൊന്നിച്ചന്ത്യം ഞങ്ങൾ തിരുമുമ്പിൽ
പരിശുദ്ധ ഗണത്തോടുകൂടെ ആനന്ദിപ്പാറാകണമേ
കന്യകമറിയാം യൗസേപ്പു മാർത്തോമ്മാ പരിശുദ്ധന്മാർ
ഇവരുടെ യാചനയാലും നിൻ സ്ലീബാ
കൃപയിവയാലും താൻ

62

സ്വാതന്ത്ര്യമാകും യോജിപ്പുമേകും യേശുരാജൻ
ഭരിച്ചിടുമ്പോൾ
സ്വാർത്ഥത മാറും സ്നേഹവുമേറും കാരുണ്യ
മൂർത്തിവരും . സ്വാത

1 മാനവർ തമ്മിൽ ചൂഷണമില്ല യേശുരാജൻ
ഭരിച്ചിടുമ്പോൾ
മാനവരാകെ ഏക കുടുംബം ഏക പിതാവിൻ സുതർ
....സ്വാത

2 രാജ്യങ്ങൾ തമ്മിൽ യുദ്ധങ്ങളില്ല
യേശുരാജൻ ഭരിച്ചിടുമ്പോൾ
രാജാക്കളെല്ലാം സേവകരാകും യേശുവിന്നിഷ്ടം
ചെയ്യാൻ....സ്വാത

3 പാപികളെല്ലാം പാവനരാകും യേശുരാജൻ
ഭരിച്ചിടുമ്പോൾ
പാപത്തിൻ പിള്ളയാം മരണത്തിൻ ഭീതിയാകവേ
മാറിപ്പോകും ...സ്വാത
4 മാനവരാശി ഹീനത മാററും യേശുരാജൻ
ഭരിച്ചിടുമ്പോൾ
മാനവരെല്ലാം വാനവർപോലെ യേശുവിന്നിഷ്ടം
ചെയ്യും ...സ്വാത
5 നീതി വസിക്കും രാജ്യമിതാകും യേശുരാജൻ
ഭരിച്ചിടുമ്പോൾ
ഭീതിവരുത്തും നിത്യരാഹിത്യം യേശുതാൻ
നീക്കിത്തരും ...സ്വാത
6 ശാന്തി വസിക്കും നൂതനഭൂമി യേശുരാജൻ
ഭരിച്ചിടുമ്പോൾ
ശാന്തിയിൻ രാജൻ ശാന്തിപരത്തും ശാന്തത
എവിടെയുമാം ....സ്വാത
7 വാളുകളെല്ലാം കൊഴുക്കളായ് മാറും യേശുരാജൻ
ഭരിച്ചിടുമ്പോൾ
നാളുകളെല്ലാം സേവനവേദി സോദരർ
സോദരർക്കായ് ...സ്വാത
8 യേശുതൻ കരങ്ങൾ ബാഷ്പങ്ങൾ തുടയ്ക്കും യേശുരാജൻ
ഭരിച്ചിടുമ്പോൾ
നാശമൊ മരണമോ ശോകമുഖങ്ങളൊ
ഭൂമിയിലെങ്ങുമില്ല ...സ്വാത
9 കുഞ്ഞാട്ടമേയും പുള്ളിപുലിയുമായ് യേശുരാജൻ
ഭരിച്ചിടുമ്പോൾ
കുഞ്ഞുങ്ങൾ ഭക്ഷണമേതുമില്ലാതെ മരിക്കുന്ന
കാലം മാറും .. സ്വാത
10 യേശുവിൻ രാജ്യം ഭൂതലമീതെ യേശുരാജൻ
ഭരിച്ചിടുമ്പോൾ
ആശുവരേണം യേശുവിൻ രാജ്യം
യേശുവെ ഘോഷിക്ക നാം ... സ്വാത

11 യേശുവിൻ ഗാത്രം യേശുവിൻ രാജ്യം യേശുരാജൻ
ഭരിച്ചിടുമ്പോൾ
ആശയോടെന്നും പ്രാർത്ഥിച്ചിടേണം
യേശുവിൻരാജ്യം വരാൻ ...സ്വാത

12 താതസുതാ പരിപാവന റൂഹാ ഏകത്വ നിത്യദേവ
പാതകരാമെങ്ങൾ കേണപേക്ഷിക്കുന്നു നിൻ രാജ്യം
വന്നീടേണം ...,സ്വാത

## 63 സ്തോത്രം

ശ്രീയേശുനാമം അതിശയനാമം
ഏഴയെനിക്കമ്പ നാമം

1 എല്ലാ നാമത്തിലും മേലായ നാമം
ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങും തൻ തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം ....ശ്രീയേശു

2 എണ്ണമില്ലാ പാപം എന്നിൽ നിന്നു നീക്കാൻ
എന്മേൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മാച്ചുതന്ന
ഉന്നതന്റെ വന്ദ്യനാമം ... ശ്രീയേശു

3 ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലു നൽകും നാമം ....ശ്രീയേശു

4 പാപപരിഹാരം പാതകർക്കു നൽകാൻ
പാരിടത്തിൽ വന്ന നാമം
പാപമററ ജീവിതത്തിൻ മാതൃകയെ കാട്ടിത്തന്ന
പാവനമാം പുണ്യനാമം ... ശ്രീയേശു

## 64

പരിശുദ്ധ പരാപരനെ–പരനെ
സ്തുതി ചെയ്ക നിത്യം മനമേ

1 പാപിയെ നേടാൻ ശാപമായ് തീർന്ന
വാനവർക്കധിപതിയെ
പാപത്തെ വെറുക്കും പാപിയിൽ കനിയും
പരമ രക്ഷാകരനെ ... പരിശുദ്ധ

2 വേദന സഹിക്കും നിൻ വേദനയകററാൻ
ക്രൂശു വഹിച്ചവനെ
ദുരിതങ്ങളഖിലം ചുമന്നൊഴിച്ചവനെ
തിരുകൃപ പകർന്നവനെ ....പരിശുദ്ധ

3 കടലിന്മേൽ നടന്നു പടകതിൽ കയറി
ശാന്തത വരുത്തിയോനെ
ഭയമെല്ലാമകററി കൂടിരിപ്പവനെ
അക്കരെ നയിപ്പവനെ ...പരിശുദ്ധ...

4 കല്ലറ തുറന്നു മൃത്യുവെ ജയിച്ചു
ഉയിർത്തെഴുന്നേററവനെ
ആശ്വാസപ്രദനാം ആത്മാവെ അയച്ചു
തിരുശക്തി പകർന്നവനെ .. പരിശുദ്ധ

## 65

യേശു എൻ അഭയകേന്ദ്രം
മാററമില്ലാ സ്നേഹിതൻ
സ്തോത്രം സ്തുതിക്കു യോഗ്യൻ
വാഴ്ത്തും നിന്നെ എന്നും ഞാൻ

1 വ്യാകുലങ്ങൾ നേരിട്ടാലും
ഭാരമുള്ളിൽ വന്നാലും
രോഗിയായ് തീർന്നെന്നാലും
യേശുവിൽ ഞാൻ ചാരിടും ...യേശു

2 എന്നെ ശുദ്ധീകരിച്ചീടാൻ
ബാല ശിക്ഷ നൽകിയാൽ
താതനു നന്ദി കരേററും
ഹല്ലേലൂയ്യാ പാടും ഞാൻ ....യേശു

3 യേശു രാജനെന്നെ ചേർപ്പാൻ
മേഘാരൂഢനായ് വരും
ആകുലങ്ങളില്ലാ നാട്ടിൽ
ചേരും സ്വർഗ്ഗവീട്ടിൽ ഞാൻ ....യേശു

## 66

എല്ലാം നന്മക്കായി
സ്വർഗ്ഗതാതൻ ചെയ്തിടുന്നു
നിർണ്ണയമാം വിളി കേട്ടവർക്കും
ദൈവത്തിൻ സ്നേഹം അറിഞ്ഞവർക്കും

1 ഭാരങ്ങളും പ്രയാസങ്ങളും
രോഗങ്ങളും എല്ലാ ദുഃഖങ്ങളും
എന്റെ താതൻ തന്നീടുമ്പോഴും
എന്നെ അവൻ സ്നേഹിക്കുന്നു ...എല്ലാം

2 പ്രതികൂലങ്ങൾ ഏറെയെന്നാൽ
അനുകൂലമായ് യേശുവുണ്ട്
പതറുകില്ല, തളരുകില്ലാ
സ്വർഗ്ഗസീയോനിൽ എത്തിടും ഞാൻ .. എല്ലാം

3 കഷ്ടതയോ, സങ്കടമോ
പട്ടിണിയോ പരിഹാസങ്ങളോ
യേശുവിൻ സ്നേഹത്തിൽ നിന്നകററാൻ
ഇവയിലൊന്നിനും സാദ്ധ്യമല്ല ...എല്ലാം

## 67

കരുണയിൻസാഗരമാം യേശുവേ
നിൻ കൃപകളെ ഓർത്തിടുമ്പോൾ
എന്നുള്ളത്തിൽ നിൻ സ്നേഹത്തിൻ അലകൾ
പൊങ്ങി ഉയർന്നിടുന്നേ

ഞാൻ പാടുമേ ഗീതം പാടിടുമേ
നന്ദിയാൽ പാടീടുമേ
എൻെറ പ്രാണനാഥാ നിന്നെ ഞാൻ
എന്നും വാഴ്ത്തി പുകഴ്ത്തീടുമേ

1 ഉന്നതനേ സർവ്വ വല്ലഭനേ
നീ ചുമന്നല്ലോ വൻ ചിറകിൽ
ഭാരങ്ങളഖിലവും നീങ്ങി നിൻ മാർവ്വിൽ
ഞാൻ ചാരിടുവാൻ ദിനവും ....ഞാൻ

2 നൽകിയല്ലോ വരം കഷ്ടം സഹിപ്പാൻ
ഈ മരുഭൂമി യാത്രയിൽ ഞാൻ
തേജസ്സിൻ നിത്യം കൂട്ടാളിയാവാൻ
സന്തോഷം സഹിച്ചീടുന്നേൻ ....ഞാൻ

68

പച്ച പുൽപ്പുറങ്ങളിൽ വഴി നടത്തും
പാവന സ്നേഹിതനെ
നീയെൻ ഇടയൻ നല്ല ഇടയൻ (2) ....പച്ച

പാപിയാം എന്നെ പാവനനാക്കിടുവാൻ
പാരിൽ വന്നവനെ
നീയെൻ ഇടയൻ നല്ല ഇടയൻ

ഉണങ്ങി വരണ്ട ഈ ഭൂവതിൽ എന്നും
ഉല്ലാസമായ് നടത്തുന്നവനെ (2)
ഉത്ഘോഷിക്കും ഞാൻ തിരുനാമമെന്നും
ഉലകിതിൽ നീ തരും നാഠകളെല്ലാം ....പച്ച

കാഹളനാദം കേട്ടീടാറായ്
മേഘമതിൽ താൻ വന്നീടാറായി (2)
എൻ പ്രാണനാഥനെ എതിരേല്പതിന്നായ്
കാത്തുകാത്തേകനായ് കാത്തിടുന്നേ ....പച്ച

69

നിന്നെപ്പിരിഞ്ഞൊന്നും ചെയ്യാൻ കഴിയില്ല
നിസ്തുലനാമേശുവേ
നിന്നെ മറന്നൊന്നും ചെയ്യാൻ കഴിയില്ല
നിർമ്മലനാം ദൈവമേ

1 ഓരോ ദിവസവും നിൻ കൃപയിൽ
ഓരോ നിമിഷവും നിൻ നിറവിൽ
സ്നേഹം പകരുവാൻ ഗാനങ്ങൾ പാടുവാൻ
നിൻ വേല തികച്ചിടുവാൻ

കൃപയിൻ ഉറവേ ചൊരിയൂ
അറിവിൻ വരങ്ങൾ ചൊരിയൂ  നിന്നെ

2 നിൻ സാന്നിദ്ധ്യം സദാ നേരത്തിലും
സാത്താനെ സമ്പൂർണ്ണമായ് ജയിക്കാൻ
പാപം വെറുക്കുവാൻ മോഹം വെടിയുവാൻ
ത്യാഗം സഹിച്ചിടുവാൻ ...കൃപയിൻ

3 എല്ലാ നേരവും നിൻ ശക്തിയിൽ
നന്മ പ്രവൃത്തികൾ ചെയ്തിടുവാൻ
നിൻ ദാസനാകുവാൻ ക്രൂശു ചുമക്കുവാൻ
നിൻ സാക്ഷ്യം വഹിച്ചീടുവാൻ ....കൃപയിൻ

70

സ്തുതി സ്തുതി എൻമനമേ സ്തുതികളിലുന്നതനെ
നാഥൻ നാൾതോറും ചെയ്യുന്ന നന്മകളോർത്തു
പാടുക നീ എന്നും മനമേ (2)

1 അമ്മയെപ്പോലെ താതൻ താലോലിച്ചണച്ചിടുന്നു
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവ്വിൽ ദിനംദിനമായ് (2) ... ഓ സ്തുതി

2 പാപത്താൽ വലഞ്ഞീടിലും
തീരാരോഗത്താൽ അലഞ്ഞീടിലും
പിളർന്നീടുന്നൊരടിപ്പിണരാൽ
തന്നിടുന്നു രോഗസൗഖ്യം (2) ....ഓ സ്തുതി

3 കഷ്ടങ്ങൾ ഏറിടുമ്പോൾ എനിക്കേററമടുത്തതുണയായി
ഘോരവൈരിയിൻ നടുവിലവൻ
മേശ നമുക്കൊരുക്കിയല്ലോ (2) ...ഓ സ്തുതി

4 സഹായ ശൈലമവൻ സങ്കേതവും കോട്ടയും താൻ
തൻ കരുണ ബഹുലമഹോ
തൻ കരുണ ബഹുലമഹോ (2) ....ഓ സ്തുതി

## 71

1 സർവ്വ സൃഷ്ടികളുമൊന്നായ് പുകഴ്ത്തിടുന്ന
സ്രഷ്ടാവിനെ സ്തുതിക്കും ഞാൻ
ഈ ക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചിടും പൊന്നുനാഥനെ

യേശു മാറാത്തവൻ യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ! എത്ര നല്ലവൻ
ഇന്നുമെന്നും കൂടെയുള്ളവൻ

2 തൻെറ കരുണയെത്രയോ അതിവിശിഷ്ടം
തൻ സ്നേഹം ആശ്ചര്യമേ
എൻ ലംഘനങ്ങളും എൻ അകൃത്യങ്ങളുമെല്ലാം
അകററിയ തൻെറ സ്നേഹത്താൽ ....യേശു മാറാ

3 രോഗശയ്യയിലെനിക്കു സഹായകനും
രാക്കാല ഗീതവുമെൻ
നല്ല വൈദ്യനും ദിവ്യ ഔഷധവുമെൻ
ആത്മസഖിയുമവൻ തന്നെ ....യേശു മാറാ

4 സീയോനിൽ വാണിടുവാനായ് വിളിച്ചു തൻെറ
ശ്രേഷ്ഠോപദേശവും തന്നു
ഹാ! എന്തൊരത്ഭുതം ഈ വൻകൃപയെ ഓർക്കുമ്പോൾ
നന്ദികൊണ്ടെന്നുള്ളം തിങ്ങുന്നേ ... യേശു മാറാ

5 തേജസ്സിൽ വാസംചെയ്യുന്ന വിശുദ്ധരൊത്തു
അവകാശം ഞാനും പ്രാപിപ്പാൻ
ദിവ്യ ആത്മാവിൽ ശുദ്ധീകരിച്ചെന്നെയും
തൻ സന്നിധിയിൽ നിർത്തിടുമേ ... യേശു മാറാ

72

ജീവിതയാത്രക്കാരാ-കാലടികൾ എങ്ങോട്ട്
നാശത്തിൻ പാതയോ-ജീവന്റെ മാർഗ്ഗമോ
ലക്ഷ്യം നിൻ മുമ്പിലെന്ത്?

1 അൻപിൻരൂപീ യേശുനാഥൻ നിന്നെ വിളിക്കുന്നില്ലേ
പോകല്ലേ നീ അന്ധനായി ലോക സൗഭാഗ്യം തേടി
പൊന്നിൻ ചിറകു നിനക്കുമീതെ
കർത്തൻ വിരിച്ചതു കാണുന്നില്ലേ
സൂര്യനിൻ താപമോ ഘോരമാം മാരിയോ
നിന്നെ അലട്ടാ എൻ പൊൻമകനെ ... ജീവിത

2 വൈഷമ്യമാം മേട്ടകളിൽ-എങ്ങനെ നീ കടക്കും?
എങ്ങനെ നീ യോർദ്ദാനിന്റെ അക്കരെ ചെന്നുചേരും?
നിൻ തോണിയിൻ കർത്തനേശുവുണ്ടോ?
നിൻ നാവിൻ പ്രാർത്ഥനാ ഗാനമുണ്ടോ?
പുത്തൻഗാനാലാപം പാടി സ്തുതിക്കുവാൻ
ഹൃത്തിടെ സ്വർഗ്ഗീയ ശാന്തിയുണ്ടോ? ... ജീവിത

73 പ്രതിഷ്ഠ

യേശുവേ രക്ഷാദായക-നിന്റെ സന്നിധേ വരുന്നു
എന്റെ പാപഭാരവുമായ്-വല്ലഭാ ഏകു രക്ഷയെ

1 ഉന്നതി വെടിഞ്ഞവനെ-മന്നിൽ താണുവന്നവനെ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ജീവനെ തന്നത്
....യേശുവേ

2 പാപം ചെയ്തിടാത്തവനെ-പരിക്ഷീണനായവനെ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ദാഹിച്ചു കേണത്
....യേശുവേ

3 ശാപരോഗമേററവനെ-പാപമായിത്തീർന്നവനെ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ പാടുകളേററത്
....യേശുവേ

4 എന്റെ രോഗം നീ വഹിച്ചു—എന്റെ ശാപം
നീക്കി മുററും
നിനക്കായിട്ടെന്നെന്നും ഞാനിനി ജീവിക്കും–
നിശ്ചയം ....യേശുവേ

5 സ്വീകരിക്ക എന്നെ ഇന്ന്—ആത്മദേഹി ദേഹത്തേയും
തരുന്നു നിൻ കൈകളിൽ തീർക്ക എന്നെ നിന്റെ
ഹിതംപോൽ ....യേശുവേ

74

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ചയ്ക്കുമായ്
തീർന്നീടേണമേ പ്രിയനെ
തിരുനാമമുയർന്നിടട്ടെ (2)

1 സ്നേഹത്തിലൂടെയെല്ലാം കാണുവാൻ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
എന്നിൽ നിൻ സ്വഭാവം പകരണമെ–ദിവ്യ
തേജസ്സാലെന്നെ നിറയ്ക്കണമെ ... എല്ലാം

2 ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ–ആത്മ
നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മനായകാ നിരന്തരമായെന്നി–
ലാത്മദാനങ്ങൾ പകരണമേ ...എല്ലാം

3 നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചുചെയ്യും ക്രിയകൾ
ഭുവിൽ ഞങ്ങൾക്കല്ല വാനവനെ
അങ്ങേ വാഴ്‌വിനായ് മാത്രം തീരണമേ ....എല്ലാം

4 വക്രത നിറഞ്ഞ പാപലോകത്തിൽ
നീ വിളിച്ചു വേർതിരിച്ച നിൻജനം
നിന്റെ പൊന്നുനാമ മഹത്വത്തിനായ്
ദിനം ശോഭിപ്പാൻ കൃപ നൽകണമേ .. എല്ലാം

## 75

തുണയെനിക്കേശുവാം കുറവിനിയില്ലതാൽ
അനുദിനം തൻനിഴലിൻ മറവിൽവസിച്ചിടും ഞാൻ

1 അവനെൻെറ സങ്കേതവും അവലംബവും കോട്ടയും
അവനിയിലാകുലത്തിൽ അവൻ മതിയാശ്രയിപ്പാൻ

2 പകയെൻെറ കണികളിലും പകരുന്ന വ്യാധിയിലും
പകലിലും രാവിലും താൻ പകർന്നിടും കൃപമഴപോൽ

3 ശരണമവൻ തരും തൻ ചിറകുകളിൻ കീഴിൽ
പരിചയും പലകയുമാം പരമനിപ്പാരിടത്തിൽ

4 വലമിടമായിരങ്ങൾ വലിയവർ വീണാലും
വലയമായ് നിന്നെന്നെ വല്ലഭൻ കാത്തിടുമേ

5 ആകുലവേളകളിൽ ആപത്തുനാളുകളിൽ
ആഗതനാമരികിൽ ആശ്വസിപ്പിച്ചീടുവാൻ

## 76

ജീവൻെറ ഉറവിടം ക്രിസ്തുവത്രെ
നാവിനാലവനെ നാം ഘോഷിക്കാം
അവനത്രെ എൻ പാപഹരൻ
തൻ ജീവനാലെന്നെയും വീണ്ടെടുത്തു

താഴ്ചയിലെനിക്കവൻ തണലേകി
താങ്ങി എന്നെ വീഴ്ചയിൽ വഴി നടത്തി
തുടച്ചെൻെറ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗസന്തോഷത്താൽ ...ജീവ

കരകാണാതാഴിയിൽ വലയുവോരെ
കരുണയെ കാംക്ഷിക്കും മൃതപ്രായരെ
വരികവൻ ചാരത്തു ബന്ധിതരെ
തരുമവൻ കൃപമനഃശാന്തിയതും ... ജീവ

നമുക്കു മുൻചൊന്ന വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ ....ജീവ

## 77

എൻെറ യേശു എനിക്കു നല്ലവൻ
അവൻ എന്നെന്നും മതിയായവൻ
ആപത്തിൽ രോഗത്തിൽ വൻപ്രയാസങ്ങളിൽ
മനമേ അവൻ മതിയായവൻ

1 കാൽവറി മലമേൽ കയറി
മുൾമുടി ശിരസ്സിൽ വഹിച്ചു
എൻെറ വേദന സർവ്വവും നീക്കിയെന്നിൽ
പുതുജീവൻ പകർന്നവനാം ....എൻെറ

2 അവനാദ്യന്ത മന്ത്യനമേ
ദിവ്യസ്നേഹത്തിന്നുറവിടമേ
പതിനായിരത്തിലതി ശ്രേഷ്ഠനവൻ
സ്തുത്യനാം വന്ദ്യനാം നായകൻ ....എൻെറ

3 മരുഭൂയാത്ര അതികഠിനം
പ്രതികൂലങ്ങളനു നിമിഷം
പകൽ മേഘസ്തംഭം രാത്രി അഗ്നിയുണ്ടായ്
എന്നെ അനുദിനം വഴിനടത്തും ....എൻെറ

4 എൻെറ ക്ലേശമെല്ലാം നീങ്ങിപ്പോം
കണ്ണുനീരെല്ലാം തുടച്ചീടുമേ
അവൻ രാജാവായ് വാനിൽ വെളിപ്പെടുമ്പോൾ
ഞാൻ അവനിടം പറന്നുയരും ....എൻെറ

## 78 സമർപ്പണം

1 എനിക്കല്ല ഞാൻ ക്രിസ്തുവിന്നത്രെ
അവനായിതാ സമർപ്പിക്കുന്നേ
അവൻ നടത്തിപ്പും കാവൽ കൊണ്ടോരോ നിമിഷവും
നടത്തുന്നെന്നെ വഴിയെ ....എനിക്കല്ല

2 എല്ലാ പാപങ്ങളുമകററി
നീചപാപിയെന്നെ രക്ഷിച്ചു
തിരുരക്തത്തിൻ ശക്തിയാൽ ചേർത്തിടും വെണ്മയായ്
സ്വർഗ്ഗഭാഗ്യം ചേരുവോളം ....എനിക്കല്ല

3 ഈയെൻ കൈകളെ സമർപ്പിക്കുന്നേ
സേവക്കായ് ഈ എൻ ജീവനെയും
കാൽകൾ ഓടട്ടെ നിൻപാദെ ചേരട്ടെൻ ചിന്ത
തിരുരാജ്യ വ്യാപ്തിക്കായി ....എനിക്കല്ലേ

## 79

ഉണർവ്വിൻ കാറേറ ഉണർവ്വിൻ കാറേറ വീശുക
ഈ സഭമേൽ
ലോകത്തിൻ ജീവൻ പ്രാപ്യമതാകാൻ വീണ്ടും
നീ വീശണമെ
നിൻ ജനം നിന്നിൽ ആനന്ദിച്ചീടാൻ
വീണ്ടും നിൻ ജീവനെ നൽകണമേ ... ഉണവ്വിൻ

1 മാളികയിൽ തവ ദാസരിലഗ്നി നാവുപിളന്നതുപോൽ
ആത്മവരത്താൽ വൻക്രിയ ചെയ്‌വാൻ പ്രാപ്തരായ്
തീർന്നതുപോൽ
നിൻവചനത്താൽ ആയിരങ്ങൾ വൻ
ശക്തിയോടിന്നുണർന്നിടേണമേ ... ഉണവ്വിൻ

2 താഴ്‌വര തന്നിൻ അസ്ഥിഗണങ്ങൾ പാഴായ്
കിടന്നതുപോൽ
ആത്മവരംച്ചയേററിഹ മേവം ജീവനില്ലേ പരനെ
അസ്ഥികൾ ആർക്കാൻ പുഷ്ടി ലഭിക്കാൻ
സ്വർഗ്ഗീയ കാറേറ നീ വീശണമെ ....ഉണവ്വിൻ

3 പൂർവ്വപിതാക്കൾ ജീവനദിയിൽ
നീന്തിക്കളിച്ചതുപോൽ
മന്ദതമാററി നല്ലുണർവേകി വൻക്രിയ ചെയ്തിടട്ടെ
ഈ ജലമെങ്ങും ചെല്ലുമിടത്തിൽ
പ്രാണികൾ ചലിക്കുമാറാകണമെ .. ഉണവ്വിൻ

80

ബലഹീനനാകുമെന്നെ താങ്ങും നല്ല നാഥനെ
പലകോടി സ്തോത്രം പാടി നിന്നെ
വാഴ്ത്തിടുന്നു ഞാൻ

1 എന്നെത്തേടി നീ മന്നിൽ വന്നെന്നോ
എന്നെ സ്നേഹിച്ചാകയാൽ തൻ ജീവൻ തന്നെന്നോ

2 സേനയാലല്ലാ-സ്നേഹത്താലല്ലോ
ജയകിരീടമണിഞ്ഞു വാഴും രാജൻ നീയല്ലോ

3 തോൽവിയേയുള്ളൂ എന്നിലോർക്കുകിൽ
കാൽവറിയിലെ വിജയി നീ എൻ കൈ പിടിക്കണെ

4 അറിവുകേടുകൾ അധികമുണ്ടെന്നിൽ
അറിഞ്ഞു നീ നിന്നരികിലെന്നെ ചേർത്തണയ്ക്കണെ

5 ഒരിക്കൽ നിന്നെ ഞാൻ നേരിൽ കണ്ടീടും
ശരിക്കു തീരും അന്നുമാത്രം എൻ വിഷാദങ്ങൾ

81

യൗവ്വനത്തിൽ നിൻെറ നാഥനെ
തേടി ഓടിവാ .......
പാപി നിന്നെ വിളിക്കുന്നു
യേശു രാജനായ്

1 പാപം നിന്നെ തുടർന്നീടും ശാപമായിടും
നിൻ ഇമ്പലാഭം എല്ലാമെ ശാപമാകെ മാറിടും
....യൗവ്വന

2 നിന്നകൃത്യം ആകെയവൻ തൻ ശിരസ്സിലായ്
വൻക്രൂശതിൽ തൻ കാൽകരം ആണികളേററു
...യൗവ്വന

3 നിൻ ഹൃദയം പാപമതാൽ നീറിടും നേരം
തൻനിണത്താൽ എന്നുമവൻ ആശ്വാസമേകും... യൗവ്വന

4 ലോകം നിന്നെ ആകർഷിക്കും ശോകം നൽകിടും
നിത്യജീവൻ നല്കുന്നവൻ യേശുമാത്രമേ .. യൗവ്വന

82

1 ജീവനുള്ള ദേവനേ വരൂ
ജീവവാക്യം ഓതുവാൻ വരൂ
പാപത്തെ വെറുത്തു ജീവിപ്പാൻ
പാപബോധം ഞങ്ങളിൽ തരൂ

പാടുമേ എൻ നാവെന്നും
വാഴ്ത്തുമേ എൻ നാളെന്നും
നിത്യജീവൻ തന്ന യേശുവേ
സത്യമാർഗ്ഗേ നീ നയിക്കുകേ

2 മാനസം കനിഞ്ഞീടുവാനായ്
ഗാനമാല്യം ഏകീടുവാനായ്
ആവസിക്ക എൻെറ ദേഹിയിൽ
നീ വസിക്ക എൻെറ ജീവനിൽ .. പാടുമേ

3 ഒന്നുമില്ലായ്മയിൽ നിന്നു നീ
എന്നെ വീണ്ടെടുത്ത നാഥനെ
നീയെൻെറ പിതാവ് തന്നെയും
നീയെൻ സ്വന്തമായതെൻ ഭാഗ്യം ....പാടുമേ

83

യേശുവിൻ നാമം മധുരിമ നാമം
ഇണയില്ല നാമം ഇമ്പനാമം

1 പാപത്തിൻ ഭാരവും ശാപവും നീക്കും
പരമസന്തോഷം ഏകിടും നാമം (2) ....യേശു
2 പരിമളതൈലം പോൽ യേശുവിൻ നാമം
പാരെങ്ങും വാസന വീശിടും നാമം (2) ... യേശു
3 വാനിലും ഭൂവിലും മേലായ നാമം
വാനവർ വാഴ്ത്തിടും യേശുവിൻ നാമം (2) ....യേശു
4 വാഗ്ദത്തമഖിലവും നൽകിടും നാമം
ആശ്രിതാർക്കാലംബദായക നാമം (2) ... യേശു
5 മുഴങ്കാലുകളെല്ലാം മടങ്ങീടും നാമം
ഏവരും ഒരുപോൽ വണങ്ങീടും നാമം (2) ... യേശു
6 എത്ര മഹാത്ഭുതം യേശുവിൻ നാമം
പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധനാമം (2) ... യേശു

## 84

1 അടവിതരുക്കളിൻ ഇടയിൽ
ഒരു നാരകം എന്നവണ്ണം
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതിശ്രേഷ്ഠനാം യേശുവിനെ

വാഴ്ത്തുമേ എൻെറ പ്രിയനെ ജീവകാലമെല്ലാം
ഈ മരുയാത്രയിൽ നന്ദിയോടെ ഞാൻ പാടിടുമേ

2 പനിനീർ പുഷ്പം ശാരോനിലവൻ
താമരയുമേ താഴ്‌വരയിൽ
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ സൗന്ദര്യ സമ്പൂർണ്ണനേ ....വാഴ്ത്തുമേ

3 പകർന്ന തൈലംപോൽ നിൻനാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി ദുഷി നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാററിടണേ ... വാഴ്ത്തുമേ

4 മനഃക്ലേശതരംഗങ്ങളാൽ
ദുഃഖസാഗരത്തിൽ മുങ്ങുമ്പോഴും
തിരുക്കരം നീട്ടിയെടുത്തണച്ചു
ഭയപ്പെടേണ്ട എന്നുരച്ചവനെ ... വാഴ്ത്തുമേ

5 തിരുഹിതമിഹെ തികച്ചീടുവാൻ
ഇതാ ഞാനിപ്പോഴും വന്നീടുന്നേ
എൻ വേലയെ തികച്ചും കൊണ്ടു്
നിൻെറ മുമ്പിൽ ഞാൻ നിന്നിടുമേ ....വാഴ്ത്തുമേ

## 85

നിത്യമാം സ്നേഹത്തിൻ ആഴമുയരവും
നീളവും വീതിയുമാരാഞ്ഞിടാം
ഇഷ്ടരിൽ നിന്നെല്ലാം തെരഞ്ഞെടുത്തോ എന്നെ
ശുദ്ധരോടൊത്തു വസിപ്പതിനായ്

1 സ്വർഗ്ഗാദിസ്വർഗ്ഗങ്ങൾ കടക്കുവാൻ കഴിയാത്ത
നിത്യനാം ദൈവത്തിനിഷ്ടപുത്രൻ
ദൂതരിൻ സ്തുതികളും താതനിൽ കൂടേയും
മോദമായിരുന്നിടാതിറങ്ങിയോ മർത്ത്യനായ് ... നിത്യ

2 കർത്താധികർത്താവായ് രാജാധിരാജാവായ്
ഇഹലോകരാജ്യങ്ങൾ നേടിടാതെ
കാൽവറി മേടതിൽ പാപിയെ നേടുവാൻ
യാഗമായ് തീർന്നിതോ രക്തവും ചിന്തിയേ നിത്യ

3 കൂട്ടുകാർ പിരിഞ്ഞിടും സോദരർ കൈവിടും
മാതാപിതാക്കളും മറന്നുപോകും
മരണത്തിൻ കൂരിരുൾ താഴ്‌വര കഴിവോളം
പിരിയാതെൻ കൂടവേ പാർത്തിടും താൻ ....നിത്യ

4 പിരിയാത്ത സ്നേഹിതാ തീരാത്ത പ്രേമമേ
നീയെന്റെ നിത്യാവകാശമല്ലോ
ഈ ഭൂവിൽ മാത്രമോ നിത്യയുഗങ്ങളിലും
എൻ പ്രേമകാന്തനായ് നീ വന്നീടുമേ ...നിത്യ

## 86

രാജ്യം ഒരുക്കി താൻ വേഗം വരുന്നല്ലോ
പ്രിയൻ തൻ മണിനാദം
അങ്ങു ദൂരെ കേൾക്കുന്നല്ലോ—അങ്ങു

1 പുതുമകൾ നിറയും പുലരിയിൽ നല്ലൊരു
ജയ ജയ ഗീതം പാടിടാം
ആ നല്ല ഗാനം പാടും വിശുദ്ധർ
ഒന്നായ് ചേർന്നുവരുന്നല്ലൊ–ആ—ഓ ... രാജ്യം

2 ഉണരുക ഉണരുക ദൈവജനമെ
ഇഹത്തിലെ ദുരിതങ്ങൾ തീരാറായ്
കാന്തൻ വന്നിടും കണ്ണുനീർ തുടയ്ക്കും
ദുഃഖങ്ങളെല്ലാം തീരാറായ്–ആ—ഓ ... രാജ്യം

3 ആയിരമായിരം ദൂതഗണങ്ങൾ
ചുററും നിന്ന് സ്തുതിചെയ്തിടുമ്പോൾ
ആ നല്ല സുദിനം കാത്തുനിൽക്കുന്നേ ഞാൻ
വേഗം വന്നിടണേ എൻ കാന്താ–ആ—ഓ ....രാജ്യം

87

നല്ല പോരാട്ടം പോരാടി ഓട്ടം ഓടിടാം
വല്ലഭന്റെ നല്ല പാത പിന്തുടർന്നിടാം

ഭാരം പാപം തള്ളി ലക്ഷ്യം നോക്കി
നേരെ മുന്നോട്ടോടി ഓട്ടം തികച്ചിടാം

ഓട്ടക്കളത്തിലോടുന്നോരനേകരെങ്കിലോ
വിരുതു പ്രാപിക്കുന്നോനേകൻ മാത്രമല്ലയോ ....ഭാരം

പിന്നിലുള്ളതൊക്കെയും മറന്നു പോയിടാം
മുന്നിലുള്ള ലാക്കിലേക്കു നേരെ ഓടിടാം ....ഭാരം

ആശ ഇച്ഛയൊക്കവേ അടക്കി ഓട്ടകിൽ
ആശവെച്ച പന്തയപ്പൊരുൾ ലഭിച്ചിടും ....ഭാരം

ഏതുനേരത്തും പിശാചിടർച്ച ചെയ്തിടും
ഭീതിവേണ്ട ദൂതരുണ്ട് കാത്തുകൊള്ളുവാൻ ... ഭാരം

കാടുമേടുകണ്ടു സംശയിച്ചു നിൽക്കാതെ
ചാടി ഓടിപ്പോകുവാൻ ബലം ധരിച്ചിടാം ....ഭാരം

ഓട്ടമോടുവാനനേകർ മുൻവന്നെങ്കിലും
ലോത്തിൻ ഭാര്യപോലെ പിന്നിൽ നോക്കിനിന്നുപോയ്
... ഭാരം

അങ്ങുമിങ്ങും നോക്കിയാൽ നീ മുന്നിൽ പോയിടാ
ഭംഗമില്ലാതോടിയാൽ കിരീടം പ്രാപിക്കാം ....ഭാരം

ഓട്ടംതീരും നാൾ സമീപമായി കാഹളം
കേട്ടിടാൻ സമയമായി വേഗം ഓടിടാം ....ഭാരം

ആദിഭക്തരോട്ടം ഓടി വിശ്രമിച്ചിടും
നാട്ടിൽ ചേർന്നു പാട്ടുപാടി ആനന്ദിച്ചിടാം ... ഭാരം

88 സ്തുതിഗീതം പാടുക നാം
ഉയർത്തുക ജയനാമം

1 സ്തുതിക്കു യോഗ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
നമ്മെ സ്നേഹിച്ചു നമ്മെ വീണ്ടെടുത്തു
സ്വന്തജനമായ് തീർത്തതിനാൽ (2) ... സ്തുതി

2 രോഗിക്കു വൈദ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
സൗഖ്യം നൽകി താൻ ശക്തി ഏകിടും
എന്നും ആശ്വാസം പകരുമവൻ (2) ... സ്തുതി

3 സേനകളിൻ നായകൻ
സർവ്വശക്തൻ യഹോവ അവൻ
അവൻ മുമ്പിലും അവൻ പിമ്പിലും
നമ്മെ ജയത്തോടു നടത്തിടുമെ (2) ... സ്തുതി

4 രാജാധി രാജനവൻ
സർവ്വശക്തൻ യഹോവ അവൻ
സ്തുതി സ്തോത്രവും എല്ലാ പുകഴ്ചയും
അവനെന്നെന്നും ആമേൻ (2) ....സ്തുതി

## 89

യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ താനിനി വേഗം വരും
രാജരാജനായ് വാണിടുവാൻ

ഹാ-ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ
യേശു കർത്താവു ജീവിക്കുന്നു (2)
യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു

1 കൊല്ലുന്ന മരണത്തിൻ ഘോരതര വിഷ-
പ്പല്ലുതകർന്നതാകയാൽ, ഇനി
തെല്ലും ഭയമെന്യ മൃത്യുവിനെ നമ്മൾ
വെല്ലുവിളിക്കുകയാം ....ഹാ-ഹല്ലേലുയ്യ

2 എന്നേശു ജീവിക്കുന്നായതിനാൽ ഞാനു-
മെന്നേക്കും ജീവിക്കയാം ഇനി
തന്നേപ്പിരിഞ്ഞൊരു ജീവിതമില്ലെനി-
ക്കെല്ലാമെന്നേശുവത്രേ ....ഹാ-ഹല്ലേലുയ്യ

3 മന്നിലല്ലെൻ നിത്യവാസമെന്നേശുവിൻ
മുന്നിൽ മഹത്വത്തിലാം—ഇനി
വിണ്ണിലാവീട്ടിൽ ചെന്നെത്തുന്ന നാളക-
ളെണ്ണി ഞാൻ പാർത്തിടുന്നു ... ഹാ—ഹല്ലേലുയ്യാ

## 90

ഭയപ്പെടാതെ നാം പോയിടാം
യിസ്രായേലിൻ ദൈവം കൂടെയുണ്ട്
അന്ധകാരമാം ഈ ലോകയാത്രയിൽ
അനുദിനമവൻ നമ്മെ നടത്തിടുന്നു

1 മരുഭൂമിയിലെ യാത്രയിലും നീ
മാറാത്ത ദൈവമല്ലോ
കാടപക്ഷിയും മന്നായും കൊണ്ടവൻ
തൃപ്തരായ് നടത്തീടുന്നു ....ഭയ

2 തിരമാലകൾ വൻ ഭാരങ്ങളിലും നീ
മാറാത്ത ദൈവമല്ലോ
കാററെ ശാസിച്ച കാൽവറി നാഥൻ
കാത്തുസൂക്ഷിച്ചിടുന്നു ....ഭയ

3 പല വ്യാധികളാൽ വലഞ്ഞിടും നേരം
മാറാത്ത ദൈവമല്ലോ
ആത്മവൈദ്യനാം ശ്രീയേശുനായകൻ
സൗഖ്യം പ്രദാനം ചെയ്യും ....ഭയ

4 മരണത്തിൻ കൂരിരുൾ താഴ്‌വരയിലും നീ
മാറാത്ത ദൈവമല്ലോ
ഈ ലോകത്തിലെ യാത്ര തീർന്നിടുമ്പോൾ
ചേർന്നിടും ഭാഗ്യനാട്ടിൽ ....ഭയ

## 91

ലോകെ ഞാനെൻ ഓട്ടം തികച്ച
സർഗ്ഗഗേഹേ വിരുതിനായി
പറന്നീടും ഞാൻ മറുരൂപമായ്
പരനേശു രാജൻ സന്നിധൗ

ദൂതസംഘമാകവെ എന്നെ എതിരേൽക്കുവാൻ
സദാ സന്നദ്ധരായ് നിന്നിടുന്നേ
ശുഭ്രവസ്ത്രധാരിയായ് എന്റെ പ്രിയന്റെമുമ്പിൽ
ഹല്ലേലുയ്യാ പാടിടും ഞാൻ - ശുഭ്ര

1 ഏറെനാളായ് കാണ്മാൻ ആശയായ്
കാത്തിരുന്ന എന്റെ പ്രിയനെ
തേജസ്സോടെ ഞാൻ കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞിടുമേ ....ദൂതസംഘം

2 നീതിമാന്മാരായ സിദ്ധന്മാർ
ജീവനും വെറുത്ത വീരന്മാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടീടുമേ .. ദൂതസംഘം

3 താതൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങിടും കിരീടങ്ങളായ് ... ദൂതസംഘം

4 കൈകളാൽ തീർക്കപ്പെടാത്തതാം
പുതു ശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായ്
പരനോടുകൂടെ വാഴുമേ ദൂതസംഘം

## 92

1 കർത്താവിലെന്നും എന്റെ ആശ്രയം
കർത്തൃസേവയൊന്നേ എന്റെ ആഗ്രഹം
കഷ്ടമോ, നഷ്ടമോ എന്തു വന്നീടിലും
കർത്താവിൻ പാദം ചേർന്നു ചെല്ലും ഞാൻ

ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്യെന്നും വാഴ്ത്തുമേശുവേ
ഇത്ര നൽരക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലൂയ്യാ പാടും ഞാൻ

2 തൻസ്വന്തജീവൻ തന്ന രക്ഷകൻ
തള്ളുകില്ലയേതു ദുഃഖനാളിലും
തൻതിരുകൈകളാൽ താങ്ങി നടത്തിടും
തൻസ്നേഹം ചൊൽവാൻ പോരാവാക്കുകൾ ... ആർത്തു

3 വിശ്വാസത്താൽ ഞാൻ യാത്ര ചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻതിരപോലഘോരാ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും ... ആർത്തു

4 എൻ സ്വന്ത ബന്ധുമിത്രരേവരും
എന്നെ കൈവിട്ടാലും ഖേദമെന്തിനായ്
കൈവിടില്ലെന്ന തൻ വാഗ്ദത്തമുണ്ടതിൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ ... ആർത്തു

## 93

മശിഹാരാജോത്ഥാനത്താൽ
നേടീടേണം പുണ്യം നാം
സ്ലീബായാൽ രക്ഷിച്ചോനാം
ദൈവസുതാ നീ പരിശുദ്ധൻ
എന്നേവം വിശ്വാസത്തോ-
ടോതീടാം ഹാലേലൂയ്യാ

മാതാ കാദീശന്മാർക്കും
വിശ്വാസം പാലിച്ചോരായ്
ഭൂവാസം കൈവിട്ടോർക്കും
ഓർമ്മയ്ക്കൗന്നത്യം ചേർത്തോൻ
പരിശുദ്ധൻ നീ പരിശുദ്ധൻ
പരിശുദ്ധൻ ഹാലേലൂയ്യാ

നമ്മോടൊപ്പം ബസ്കുദീശിൽ
നിൽക്കും സ്വർഗ്ഗീയ സൈന്യം
ദേവേശൻ തൻ തനയൻെറ
ഗാത്രത്തെ ആഘോഷിപ്പ

വരുവിൻ പുണ്യം പ്രാപിപ്പാൻ
ഹാലേലൂയ് ഹാലേലൂയ്യാ
ഭ്രാതാക്കന്മാർ താതന്മാർ
നേതാക്കന്മാർ മാതാക്കാം

നിൻ യാഗത്തിൻ പീഠത്തിൽ
ഓർക്കപ്പെട്ടീടുന്നീശാ
നിർത്തണമവരെ നിൻ വരവിൽ
നിൻവലമായ് ഹാലേലൂയ്യാ

## 94

1 സ്നേഹത്തിൻ ഇടയനാം യേശുവേ!
വഴിയും സത്യവും നീ മാത്രമെ
നിത്യമാം ജീവനും ദൈവപുത്രാ നീയല്ലാതാരുമില്ല

യേശുനാഥാ ഞങ്ങൾക്കു നീയല്ലാതാരുമില്ല
യേശുനാഥാ നീയല്ലാതാരുമില്ല

2 പാപികൾക്കായ് വലഞ്ഞലഞ്ഞതും
ആടുകൾക്കായ് ജീവൻ വെടിഞ്ഞതും
പാടുകൾപെട്ടതും ആർ നായകാ, നീയല്ലാതാരുമില്ല
....യേശുനാഥാ

3 നീക്കിടുവാൻ എല്ലാ പാപത്തെയും
പോക്കിടുവാൻ സർവ്വ ശാപത്തെയും
കോപാഗ്നിയും കെടുത്തീടാൻ കർത്താ
നീയല്ലാതാരുമില്ല ....യേശുനാഥാ

4 അറിവാൻ സ്വർഗ്ഗപിതാവിനെയും
പ്രാപിപ്പാൻ വിശുദ്ധാത്മാവിനെയും
വേറൊരു വഴിയുമില്ലാ നാഥാ നീയല്ലാതാരുമില്ല
....യേശുനാഥാ

5 സഹിപ്പാൻ എൻ ബുദ്ധിഹീനതയും
വഹിപ്പാൻ എൻ മഹാക്ഷീണതയും
ലാളിപ്പാൻ പാലിപ്പാൻ ദൈവപുത്രാ
നീയല്ലാതാരുമില്ല ... യേശുനാഥാ

6 സത്യവിശ്വാസത്തെ കാത്തിടുവാൻ
നിത്യം നിൻകീർത്തിയെ പാടീടുവാൻ
ഭക്തന്മാരിൻ കൃപ തന്നീടുവാൻ
നീയല്ലാതാരുമില്ല .. യേശുനാഥാ

7 ദൈവമഹത്വത്തിൽ താൻ വരുമ്പോൾ
ജീവകിരീടത്തെ താൻ തരുമ്പോൾ
അപ്പോഴും ഞങ്ങൾ പാടിടും നാഥാ
നീയല്ലാതാരുമില്ല ....യേശുനാഥാ

## 95

(അഗ്നിമയന്മാരാരേ നോക്കിൽ....എന്ന രീതി)

യാഹെന്നിടയൻ യാതൊരു കുറവുമെനിക്കുളവാക
പുഷ്ടിയെഴും നൽ പുൽമേടുകളിൽ മേയിച്ചീടും
ശാന്തജലത്തെ കാട്ടി, പ്രാണനു കുളിരേകീടും
തിരുനാമത്താൽ, നീതിപഥങ്ങളിലെന്നെ നയിക്കും

കൂരിരുൾ പാഴ്, താഴ്‌വര വഴിയായ് പോയെന്നാലും
ഭീതിയെനിക്കില്ലെന്നോടു കൂടുണ്ടെപ്പോഴും നീ
ആശ്വാസമെനിക്കേകും നിന്നുടെ വടിയും കോലും
മേശയൊരുക്കീടുമെൻ പേക്കായ് നീ വൈരികൾ
കാൺകെ

എൻ തലയെ നീ എണ്ണയൊഴിച്ചഭിഷേകം ചെയ്യും
മാമകപാത്രം, പൂർണ്ണത പൂണ്ടു നിറഞ്ഞൊഴുകീടും
നന്മയുമൻപും പിന്തുടരും മൃതിനാൾ വരെയെന്നെ
നീണാൾ യാഹിൻ നിലയത്തിൽ ഞാൻ നിവസിച്ചീടും

[23-ാം സങ്കീർത്തനം]

96 (കരുണക്കടലേ.........എന്ന രീതി)

1 പകൽ പോയ് മറയുന്നു നാഥാ
ശ്രമകരദേഹദ്ധ്യാനങ്ങൾ ചെയ്തിട്ടടിയാർ
വിശ്രമമണയുന്നു

2 ലൗകിക ചിന്താഭാരങ്ങൾ
കൂടാതടിയാർ തിരുസവിധേ, മാനസ ശാന്ത്യാ
വരുവാൻ വരമരുൾക

3 നിഖിലേശ രക്ഷാനാഥാ
ഈ സന്ധ്യാസമയത്തടിയാർ, നിൻ തിരുകൃപയെ
സാമോദം വാഴ്ത്തും

4 നിത്യസ്തുതി കർത്താവിന്നും
താത വിശുദ്ധാത്മന്നും, ഹാലേലൂയ്യാ
ഉ-ഹാലേലൂയ്യാ

97

മാൻ നീർത്തോടിനായ് ദാഹിച്ചു
കാംക്ഷിക്കും പോലവെ
എന്നാത്മാവിൻ ദാഹവും
നിനക്കായെൻ ദൈവമേ

ആശ്രയം നീ, ശൈലവും നീ
കോട്ടയും നീ എന്നും കാക്കും

1 ജീവിക്കും ദൈവത്തിനായ്
ദാഹിക്കും എൻ മനമേ
ദേവാ നിൻ സന്നിധിയിൽ നിന്നീടാൻ
ആത്മാവു വാഞ്ചരിക്കുന്നു ....ആശ്രയം നീ

2 ആത്മാവേ ഉള്ളമതിൽ
ഖേദത്താൽ, ഞരങ്ങുന്നുവോ
അവൻ നിൻ രക്ഷയുമേ നിന്നുടെ
മുഖപ്രകാശവുമേ ....ആശ്രയം നീ

3 യോർദ്ദാൻ തലങ്ങളിലും
ഹെർമ്മോൻ മലകളിലും
എല്ലാ ഇടങ്ങളിലും നിന്നെ
നിരന്തരം ഓർത്തിടുമേ ....ആശ്രയം

## 98

അൻപുള്ള രക്ഷകനെ
നിൻപാദമാശ്രയമേ
അഴലാകെ നീക്കുവാൻ തളരാതെ നിൽക്കുവാൻ
നിൻ പാദമാശ്രയമേ

1 എന്മനം പാടും നിൻ കീർത്തനങ്ങൾ
എന്മനം സ്തോത്രങ്ങൾ പാടിടുമേ
ജാതികൾ മദ്ധ്യേ ഞാൻ കീർത്തനം പാടിടും
നീതിയിൻ ദൈവമെന്നാശ്രയമേ ....അൻപുള്ള

2 നീയെൻ പ്രത്യാശയിൻ ദൈവമല്ലോ
നീയെന്റെ പാപങ്ങൾ ക്ഷമിക്കണമെ
ഞാൻ നിൻ പ്രമാണങ്ങൾ ധ്യാനിക്കും ദിനവും
ഞാൻ നിന്റെ വഴികളെ സൂക്ഷിക്കുന്നു ....അൻപുള്ള

3 നീതിയും ന്യായവും ഞാൻ പ്രവർത്തിക്കുന്നു
പാതകർക്കെന്നെ നീ ഏകിടുമോ
ഭീതികൂടാതെ നിൻ സാക്ഷിയായായിടുവാൻ
നീതിയിൻ ദൈവമേ നീ ആശ്രയം ....അൻപുള്ള

## 99

എന്നേശുവിൻ സന്നിധിയിൽ
എന്നും ഗീതങ്ങൾ പാടിടും ഞാൻ
തന്റെ മാധുര്യമേറിടും നാമമതേ
സ്തുതി ഗീതങ്ങൾ പാടിടും ഞാൻ

1 കണ്ണുനീരവൻ തുടച്ചിടുമേ
കരുണയിൻ കരം നീട്ടിടുമേ
എന്റെ കാൽവറി നായകനേശുമതി
നിന്റെ പാപങ്ങളകററിടുവാൻ ....എന്നേശു

2 പരനെൻ വിളി കേട്ടിടുമ്പോൾ
പരമാനന്ദം ലഭിച്ചീടുമെ
എൻെറ അകൃത്യങ്ങളൊക്കയും അവൻ കൃപയാൽ
അതിവേഗം അകററിടുമേ ...എന്നേശു

100

യേശുവിൻ നാമം മനോഹരം
ഹാ എത്ര മാധുര്യം
വിണ്ണിനു താഴെ മണ്ണിനു മീതെ
വേറൊരു നാമമില്ല (2)

1 പാവന ജീവനേകി, പാപിയെ രക്ഷിപ്പാനായ്
ദാസവേഷം പൂണ്ടു് പാരിൽ വന്ന നാഥാ (2)

നിൻനാമം വാഴ്ത്തുന്നു ഞങ്ങൾ
നിൻനാമം ഘോഷിക്കും ഞങ്ങൾ
വന്നീടുകിന്നീ ഞങ്ങൾ തൻ മദ്ധ്യേ
ആശിഷം ഏകിടാനായ് —യേശുവിൻ

2 കാൽവറി മാമലയിൽ കാരിരുമ്പാണികളാൽ
കർത്തനെ നിൻമേനി ക്രൂശിൽ തറച്ചുവോ
. ..നിൻനാമം

3 നശ്വരമാമീഭൂവിൽ സ്ഥാനമാനങ്ങൾ വേണ്ടാ
ശാശ്വത ഇമ്പനാട്ടിൽ ഞങ്ങളെ ചേർത്തീടണേ (2)
....നിൻനാമം

101 സ്തോത്രം

എൻ മനമേ നീ പാടീടുക
സർവ്വാന്തരംഗവുമേ വാഴ്ത്തീടുക
യഹോവയേകും വൻ കൃപകൾ
പാടൂ പാടൂ! വാഴ്ത്തിപ്പാടൂ

1 യഹോവയെന്നുടെ രോഗം മാററും
അകൃത്യമൊക്കയും മോചിക്കും താൻ
നാശത്തിൻ ഗർത്തത്തിൽ ഞാൻ വീണപ്പോഠം
കോരിയെടുത്തെന്നെ മാർവ്വണച്ച ....എൻമനമേ

2 എന്നുടെ ആയുസ്സ് പുഷ്പം പോലെ
പൂവിട്ടു നാളെ ഞാൻ വാടിടുന്നു
ശോഭിച്ചു നിൽക്കുമീ സൂനങ്ങഠം നാം
ഞെട്ടററു വീഴുന്നു ഈ ധരയിൽ ....എൻമനമേ

## 102

ലോകത്തിൻ മോഹങ്ങളാൽ
വിരഞ്ഞോടിടുമെൻ പ്രിയരെ
നാശത്തിൻ കൂപമതിൽ വീഴാതേശുവിളിക്കുന്നിതാ

1 അദ്ധ്വാനിക്കുന്നവരേ ഇന്നു ഭാരം ചുമക്കുന്നോരേ
ആശ്വാസമേകുമവൻ നിന്നെ ആശീർവദിക്കുമവൻ
സ്നേഹമായ് നിന്നെ വിളിക്കുന്നിതാ–
യേശു വിളിക്കുന്നിതാ

2 ആശയററവരുമേ നിരാശ്രയരായവരേ
ആശ്രയമേകുവൻ നിൻെറ ആനന്ദദായകൻ താൻ
സ്നേഹമായ് നിന്നെ വിളിക്കുന്നിതാ–
യേശു വിളിക്കുന്നിതാ

3 തല്ക്കാലമോദത്തിനായ് സുഖഭോഗങ്ങഠം തേടുവോരേ
നിത്യസന്തോഷത്തിനായ്–രക്ഷാദായകൻ
ചാരേ വരു
സ്നേഹമായ് നിന്നെ വിളിക്കുന്നിതാ
യേശുവിളിക്കുന്നിതാ

4 രോഗത്തിൻ കാഠിന്യത്താൽ ഏററം ഭാരപ്പെടുന്നവരേ
രോഗിക്കു വൈദ്യനവൻ പിന്നെ പാപിക്കു
രക്ഷയും താൻ
സ്നേഹമായ് നിന്നെ വിളിക്കുന്നിതാ
യേശു വിളിക്കുന്നിതാ

## 103

1 എൻ പ്രിയൻ വലങ്കരത്തിൽ പിടിച്ചെന്നെ
നടത്തിടുന്നു ദിനം തോറും
സന്തോഷവേളയിൽ, സന്താപവേളയിൽ
എന്നെ കൈവിടാതെ അനന്യനായ്

പതറുകയില്ല ഞാൻ, പതറുകയില്ല ഞാൻ
പ്രതികൂലം അനവധി വന്നീടിലും
വീഴുകയില്ല ഞാൻ, വീഴുകയില്ല ഞാൻ
പ്രലോഭനം അനവധി വന്നീടിലും
എൻകാന്തൻ കാത്തിടും എൻപ്രിയൻ പോററിടും
എൻ നാഥൻ നടത്തിടും അന്ത്യംവരെ (2)

2 മുമ്പിൽ ചെങ്കടൽ ആർത്തിരച്ചാൽ എതിരായ്
പിമ്പിൽ വൻവൈരി പിൻഗമിച്ചാൽ
ചെങ്കടലിൽക്കൂടി 'ചെങ്കടൽ പാത'യൊരുക്കി
അക്കരെ എത്തിക്കും ജയാളിയായ് ...പതറുകയില്ല

3 എരിയും തീച്ചൂള, എതിരായ് എരിഞ്ഞാൽ
ശദ്രക്കിനെപ്പോൽ വീഴ്ത്തപ്പെട്ടാൽ
എന്നോടുകൂടിയും അഗ്നിയിലിറങ്ങി
വെന്തിടാതെ പ്രിയൻ വിടുവിക്കും ....പതറുകയില്ല

4 ഗർജ്ജിക്കും സിംഹങ്ങൾ വസിക്കും ഗുഹയിൽ
ദാനിയേലേപ്പോൽ വീഴ്ത്തപ്പെട്ടാൽ
സിംഹത്തെ സൃഷ്ടിച്ച എൻ സ്നേഹനായകൻ
കൺമണിപോലെന്നെ കാത്തുകൊള്ളും
....പതറുകയില്ല

5 കെരീത്തുതോട്ടിലെ വെള്ളം വററിയാലും
കാക്കയിൻ വരവു നിന്നീടിലും
സറെഫാത്തൊരുക്കി ഏലിയാവേ പോററിയ
എൻപ്രിയൻ എന്നെയും പോററിക്കൊള്ളും
...പതറുകയില്ല

6 മണ്ണോടു മണ്ണായ് ഞാൻ അമർന്നുപോയാലും
എൻ കാന്തനേശു കൈവിടില്ല
എന്നെ ഉയർപ്പിക്കും വിൺശരീരത്തോടെ
കൈക്കൊള്ളും ഏഴയെ മഹത്വത്തിൽ ...പതറുകയില്ല

104
ഞാനുമെൻെറ ഭവനവും
ഞങ്ങാം യഹോവയെ സേവിക്കും (2)
നന്മ ചെയ്തു ജീവിക്കും
തൻ നന്മകാം ഘോഷിക്കും (2) .. ഞാനു

1 ഭാരങ്ങാം നേരിടും നേരത്തിൽ
ഒന്നായ് നേരിടും നേരത്തിൽ
ഭാരങ്ങളെല്ലാമകുന്നു
പാലിക്കും അന്ത്യത്തോളം ... ഞാനു

2 കർമേഘക്കാറുകളേറിലും
കാണാതെൻ ചാരത്തെത്തുന്നു
എൻ ഭവനത്തിലെന്നേശു
പാർത്തിടും നല്ല നാഥനായ് .. ഞാനു

3 എൻെറ വീട്ടിലെന്നേശുവുണ്ട്
ജയത്തിൻ ഉല്ലാസഘോഷമുണ്ട്
ഹല്ലേലുയ്യാ ഗീതം പാടി
വാഴ്ത്തീടും എന്നന്നേക്കുമായ് ... ഞാനു

4 വിശ്വാസവീരരായ് ത്തീരുന്ന
വീരസാക്ഷികളേറിടുവാൻ
എൻ ഭവനത്തിലെൻ സാക്ഷ്യം
പാലിക്കും നന്നായ് എന്നുമേ ... ഞാനു

105 നിസ്തുലനാം നിർമ്മലനാം ക്രിസ്തുവിനെ
സ്തുതിച്ചീടുവിൻ

1 അദൃശ്യനാം ദൈവത്തിൻ പ്രതിമയവൻ
ദൈവിക തേജസ്സിൻ മഹിമയവൻ
ആദിയവൻ അന്തമവൻ
അഖിലജഗത്തിനും ഹേതുവവൻ .. നിസ്തു

2 വചനമായിരുന്നവൻ ജഡമെടുത്തീ
പാർത്തലത്തിൽ വന്നു പാർത്തതിനാൽ
നമുക്കു തൻെറ നിറവിൽ നിന്നും
കൃപമേൽ കൃപ ലഭിപ്പാനിടയായ് ... നിസ്തു

3 ദൈവവിരോധികരം ആയതിനാൽ
ന്യായവിധിക്ക വിധേയർ നമ്മെ
ദൈവമക്കരം ആക്കിയല്ലോ
ജീവനും തന്നവൻ സ്നേഹിച്ചതാം ....നിസ്തു

4 തൻകൃപയിൻ മഹിമാധനത്തെ
നിത്യയുഗങ്ങളിൽ കാട്ടീടുവാൻ
മർത്ത്യർ നമ്മെ അവനുയർത്തി
സ്വർഗ്ഗസ്ഥലങ്ങളിലങ്ങിരുത്തി ...നിസ്തു

5 വിണ്ണിലും മണ്ണിലും ഉള്ളതെല്ലാം
പിന്നെയും ക്രിസ്തുവിലൊന്നാകും
പൂർണ്ണതയിൽ ദൈവികമാം
നിർണ്ണയങ്ങരം നിറവേറിടുമേ ....നിസ്തു

## 106

പല്ലവി

കരിശെടുത്തെൻ യേശുവിനെ
അനുഗമിക്കും ഞാനന്ത്യം വരെ

ചരണങ്ങരം

1 ഭാരങ്ങരം നേരിടുമ്പോരം
കരങ്ങളാൽ താങ്ങിടുന്നു
മരണത്തിൻ താഴ്‌വരയതിലുമെന്നെ
പിരിയാത്ത മാധുര്യ നല്ല സഖി താൻ ... കരി

2 അവനെന്നെ അറിഞ്ഞിടുന്നു
അവനിയിൽ കരുതിടുന്നു
ആവശ്യഭാരങ്ങളണഞ്ഞിടുമ്പോരം
അവലംബമായെനിക്കവൻ മാത്രമാം ....കരി

3 മാറിടും മനുജരെല്ലാം
മറന്നിടും സ്നേഹിതരും
മാററമില്ലാത്തവനെൻമനുവേൽ
മഹിമയിൽ വാഴുന്നയിന്നുമെനിക്കായ് .. കരി

4 തീരണം പാരിലെൻ നാരം
തിരുപാദസേവയതാൽ
ചേരും ഞാൻ ഒടുവിലെൻ പ്രീയന്നരികിൽ
അരുമയോടവനെന്നെ മാറോടണച്ചും ....കരി

## 107

'നിന്നെപ്പോലെ നിൻ അയൽക്കാരനെയും
സ്നേഹിക്ക' എന്നരുളിയവൻ
തന്നെപ്പോലെയീ മനുജരെയെല്ലാം
സ്നേഹിപ്പാനായ് ഭൂവിൽ വന്നു

ദിവ്യമനോഹരം ദൈവത്തിൻ സ്നേഹം
അനശ്വരം! അഗോചരം!
അവർണ്ണനീയം തൻ സ്നേഹം!_നിന്നെ

1 ശത്രുത നീക്കിടുവാൻ മിത്രമായ് വന്നു പരൻ
നിത്യത നൽകിടുവാൻ നിത്യനായോൻ വന്നിഹത്തിൽ
ഹാലേലൂയ്യാ പാടുക നാം സ്നേഹനാഥൻ യേശുവിന്
... ദിവ്യ

2 പാപത്തിൻ അന്ധതയിൽ അലയുമീപാരിടത്തിൽ
ദിവ്യമാം സ്നേഹമതിൻ ദീപമായ് വന്നുപരൻ
സൗഖ്യമേകി രോഗികൾക്ക ശാന്തിയേകി പീഢിതക്ക്
....ദിവ്യ

3 ഏററുതാൻ പീഢനങ്ങൾ മനുജരെ വീണ്ടെടുപ്പാൻ
അർപ്പണം ചെയ്തു പരൻ സ്വന്തജീവൻ കാൽവറിയിൽ
അത്ഭുതം തൻ സ്നേഹമത്! വാഴ്ത്തിടുവിൻ രക്ഷകനെ
... ദിവ്യ

## 108 സുവിശേഷവേല

സത്യത്തിൻെറ പാതയിൽ സ്നേഹത്തിൻ
കൊടിയുമായ്
സാക്ഷികളാം സമൂഹമേ-മുന്നേറിടാം

1 ഏകനാഥനേശുവിൻ ജേതാക്കളെ
ഏകാത്മാവിൻ ബലം ധരിക്കുവിൻ
ശുദ്ധരാകുവിൻ-ശക്തരാകുവിൻ
ഘോരനായ ശത്രുവോടു പോരാടുവാൻ

2 ആത്മാവിൻ സർവ്വായുധങ്ങളാം നാം ധരിക്കണം
വിശ്വാസമാം പരിചയേന്തണം
അരയ്ക്കു സത്യവും നീതി കവചവും
രക്ഷയിൻ ശിരസ്ത്രവുമണിഞ്ഞൊരുങ്ങണം

3 തിന്മകളാം നമുക്കു നേരിടേണ്ടതുണ്ടു നാം
നന്മകളാൽ ജയം വരിക്കണം
പാപത്തോടു നാം പോരാടണം
പ്രാണത്യാഗത്തോളമെതിർത്തു നിൽക്കണം

4 ശത്രുവോടെതിർക്കുവാൻ ജയം നേടുവാൻ
ആത്മാവിൻ ശക്തി സംഭരിക്കുവാൻ
ഉപവസിക്കണം പ്രാർത്ഥിക്കണം
ഇടവിടാതെ സ്തോത്രത്തിൽ ജാഗരിക്കണം

## 109 യേശുക്രിസ്തു ഏക രക്ഷകൻ

(എൻെറ ദൈവം മഹത്വത്തിൽ .....എന്ന രീതി)

എൻെറനാഥാ, യേശുനാഥാ, ലോകനാഥാ,
ഏകനാഥാ
നിൻെറ പിന്നിൽ ഏവരും വന്നീടണേ
നിൻെറ പാത, നിൻെറ ഗാത്രം കാട്ടണെ

ക്രൂശുപേറി രക്ഷതന്നെ യേശുവേ മൽനായകാ നിൻ
ക്രൂശു കൂടാതെങ്ങനെ ഞാൻ ജീവിക്കും
ആശു ക്രൂശു പേറാൻ യോഗ്യം നൽകണേ

നിൻെറ രാജ്യം വന്നീടുവാൻ എൻെറ രാജ്യം
പോയിടേണം
സ്വാർത്ഥചിന്ത വിട്ടു നിന്നെത്തേടണം
നിൻെറ രാജ്യം എൻെറ രാജ്യമാകണം

താണിറങ്ങും സ്നേഹമല്ലോ കാൽവറിയിൽ കാണ്മതിന്നു
മാണിക്യത്തെ വെന്നിടുന്ന സ്നേഹമേ
നിൻെറ ശോഭകാട്ടാൻ ശക്തി നൽകുക

നീതിസൂര്യാ നീയില്ലെങ്കിൽ ലോകമെത്ര അന്ധകാരം
നീതിഹീന ചൂഷണത്തിൻ ലോകം താൻ
ഭീതിയേറും അന്ധകാരതാണ്ഡവം

ലോകമെല്ലാം നേടിയാലും ശോകം മാറാനേകമാർഗ്ഗം
ലോകത്തെക്കാൾ യേശുവിനെ സ്നേഹിക്ക
ലോകരക്ഷയേശുവിനെ കാട്ടുക

കർത്തനെ എൻ പ്രാണനാഥാ നിൻമുഖം ഞാൻ
കണ്ടീടട്ടെ
കർത്തൃവേലയ്ക്കെൻെറ ജീവൻ നൽകട്ടെ
കർത്തനല്ലാതൊന്നുമില്ലെന്നോർക്കട്ടെ

ജീവദാതാ, പാപഹാര, സ്നേഹദാതാ, യേശുനാഥാ
ജീവനേകി ലോകരക്ഷ നേടട്ടെ
ജീവിപ്പിക്കും ക്രൂശു പേറിപ്പോകട്ടെ

താതസുത പാവനാത്മ നിത്യസ്നേഹസാഗരമേ
ഭ്രാതാക്കളായ് ലോകരെ ഞാൻ കാണട്ടെ
താതനുള്ളതേവർക്കുമായ് നൽകട്ടെ

G.M.O.

## 110 ദൈവരാജ്യം

(നിനക്കുവേണ്ടി ഞാൻ....... എന്ന രീതി)

യേശുരാജാവേ എൻെറ പ്രാണപ്രിയനെ
നിൻെറ രാജ്യം വന്നിടേണം ഭൂവിലാകെയും
നിത്യമാം രാജ്യം നിൻെറ രാജ്യമാകയാൽ
നാശമക്കളൊകെ നിൻെറ രാജ്യം പൂകണേ

ലോകരാജ്യങ്ങൾ യുദ്ധക്കോപ്പുകൂട്ടുമ്പോൾ
യേശുരാജ്യം സേവനത്തിൻ മാർഗ്ഗം തേടുന്നു
മൂകജന്തുക്കൾ പോലും ഭീതി വിട്ടിടും
ദൈവരാജ്യം ലോകമാകെ കീഴടക്കുമ്പോൾ

ദൈവരാജ്യത്തിൻ മോഡൽ സ്വർഗ്ഗമാകയാൽ
ദൈവമക്കൾ ദൈവയിഷ്ടം മാത്രം നോക്കിടും
ലോകരാജ്യമോ സ്വാർത്ഥലാഭം നോക്കുന്നു
ഭീകരമാം ചൂഷണത്തിൻ രംഗമസ്ഥാനം

ഏവൻ ഗേലിയോൻ കേട്ട ദൈവത്തിൻ ജനം
ദേവാലയം പോലെതന്നെ ലോകത്തെ കാണും
കാടുമേടുകൾ താണ്ടി സേവനം ചെയ്യും
കാട്ടാളരും നാട്ടുകാരും സോദരർ തന്നെ

ദൈവരാജ്യത്തിൻ മക്കൾ ചൂഷിതർ കൂടെ
ദൈവപുത്രൻ കാട്ടിത്തന്ന മാതൃകപോലെ
സ്നേഹരൂപിയാം ത്രിത്വ ദൈവത്തെപ്പോലെ
എന്നുമെല്ലാം പങ്കിടുന്ന ഏകകുടുംബം

കൂട്ടുകാരന്റെ ദുഃഖം പങ്കിടാത്തവർ
ഒട്ടുപോലും ദൈവരാജ്യ ശക്തി കണ്ടില്ല
മുട്ടു തീർന്നവർ ദൈവമക്കളായെന്നാൽ
മുട്ടു തീർക്കാൻ സ്വന്ത ശക്തി ദാനം ചെയ്തിടും

രക്തരൂഷിതയുദ്ധം ദുഷ്ടർ ചെയ്യുമ്പോൾ
രക്തം നൽകി ലോകരക്ഷ ഭക്തർ നേടിടും
കർത്തനെ, നിന്റെ രാജ്യം വന്നീടണമെ
സാത്താൻ മക്കൾ നിന്റെ മക്കളായിത്തീരണെ

G.M.O.

## 111 മാർ അപ്രേമിന്റെ മെമ്റ

കർത്താവെ! കറയില്ലാത്ത ഹൃദയമെനിക്കരുളീടണമേ
പിഴയധികാരം ചെയ്തതിനാൽ മുഃന്നക്കാളതു വഷളായി
കർത്താവെയെൻ പ്രാർത്ഥനയാൽ സുസ്ഥിരവും ശുദ്ധിയുമുള്ള
നിന്നാത്മാവിനെയെന്നുള്ളിൽ നന്നായൊന്നു പുതുക്കണമേ

ആ നിന്നാത്മാവെന്നുള്ളിൽ ദിവസംപ്രതി പാർത്തീടണമെ
മൗനം ദീക്ഷിക്കാതെ സമാധാനത്തോടത്തു വാഴണമെ

എൻ പാപത്തിൻ ബഹുലതയാൽ റൂഹാവഴി ഞാൻ
പ്രാപിച്ച
മുൻ വാശത്തമകററിയതാൽ നൽവരമില്ലാത്തവനായ്
ഞാൻ
കൃപയുള്ളോനെ! റൂഹായെ വീണ്ടും പുതുതാക്കണമെന്നിൽ
അതു നിൻ ഹിതമെന്നെക്കാണിച്ചമലമനസ്സിൽ
പാർക്കണമേ

കർത്താവേ! ദുശ്ചിന്തകളും പാപവികാരങ്ങളുമററ
കളവില്ലാത്തോരു നിർമ്മലമാം ചിത്തമെനിക്കേകീടണമേ

കാമവികാരമശുദ്ധതയും സുഖഭോഗവുമീവകയൊന്നും
നിരൂപിക്കാതെയിരിക്കുന്ന നിർമ്മല ചിത്തം നല്കണമെ

അതിഭക്ഷണവും ലഹരിയെഴും സാധനമെന്നിവ-
യൊന്നിലുമേ
പ്രിയമില്ലാതെയിരിക്കുന്ന നിർമ്മലചിത്തം നല്കണമേ

കർത്താവെ! ഉന്നതഭാവം തന്നത്താനെ നടിക്കാതെ
നിഗളമശേഷമകററുന്ന നിർമ്മലചിത്തം നല്കണമേ

എൻകാലുകൾ ദുർമ്മാർഗ്ഗത്തിൽ ചെല്ലുന്നതിനിടയാകരുതേ
സന്മാർഗ്ഗത്തിൽക്കൂടി സദാ ഞാനടിയൂന്നി നടക്കണമെ

നേരും നല്പതുമാ, ചൊല്ലിൽ താല്പര്യം കലരുന്നതുമായ്
വീൺചിന്തയകന്നതുമായ നിർമ്മലചിത്തം നൽകണമേ

നിന്റെ വിശുദ്ധാത്മാവിനെ നീയെന്റെ മനസ്സി-
ലിരുത്തണമേ
അതിൽനിന്നു ദുരാത്മാക്കളെ നീ നീരററോടത്താക്കണമേ

മാമൂദീസായുടെ വെള്ളം എന്നിൽ സ്ഥിതിചെയ്യുന്നല്ലോ
കർത്താവെ! ദുഷ്ടാത്മാക്കൾ-ക്കെന്നിലിരിപ്പിടമേകരുതേ

എന്നുടെ ജീവൻ കാത്തിട്ടമെൻ നാഥാ നിനക്കെന്നും
സ്തോത്രം
നിൻകൃപ ഇരുലോകത്തിലുമീയെന്നിലുമുണ്ടായിടട്ടേ

112

എൻ യേശു എൻ സംഗീതം എൻബലമാകുന്നു
താൻ ജീവൻെറ കിരീടം എനിക്കു തരുന്നു
തൻ മുഖത്തിൽ പ്രകാശം ഹാ മധുരം
ഹാ നല്ലോരവകാശം എൻേറതു നിശ്ചയം

1 എൻ യേശു എൻ സംഗീതം എൻ ബലമാകുന്നു
എനിക്കു വിപരീതമായ കയ്യെഴുത്ത്
തൻ ക്രൂശിൽ തിരുരക്തം മായിച്ചുകളഞ്ഞു
ശത്രുത തീർത്തു എനിക്കു സ്വർഗ്ഗം തുറന്നു

2 എൻ യേശു എൻ സംഗീതം എൻ ബലമാകുന്നു
എൻ ഹൃദയത്തിൻ ഖേദമൊക്കെ താൻ തീർക്കുന്നു
എൻ വഴിയിൽ പ്രയാസം ഞെരുക്കം സങ്കടം
വരുമ്പോഴും നല്ലാശ്വാസം യേശുവിൻ മാർവ്വിടം

3 എൻ യേശു എൻ സംഗീതം എൻ ബലമാകുന്നു
താൻ നിത്യസ്നേഹംകൊണ്ട് എന്നെ സ്നേഹിക്കുന്നു
താൻ തുടങ്ങിയ വേല എന്നിൽ നിവർത്തിക്കും
താൻ കൃഷ്ണമണിപോലെ എന്നെ കാത്തുകൊള്ളും

4 എൻ യേശു എൻ സംഗീതം എൻ ബലമാകുന്നു
തൻ വരവ് സമീപം നേരം പുലരുന്നു
ദിവ്യമഹത്വത്തോടു താൻ വെളിപ്പെട്ടിടും
ഈഞാനുമവനോടുകൂടെ പ്രകാശിക്കും.

113

അൻപു നിറഞ്ഞ പൊന്നേശുവേ
നിൻ പാദസേവയെന്നാശയെ

ഉന്നതത്തിൽ നിന്നിറങ്ങി
മന്നിതിൽ വന്ന നാഥാ ഞാൻ
നിന്നടിമ, നിൻ മഹിമാ
ഒന്നുമാത്രമെനിക്കാശയാം . അൻപു (2)

ജീവനററ പാപിയെന്നിൽ
ജീവൻ പകർന്ന യേശുവേ
നിന്നിൽ ഏറെ മന്നിൽ വേറെ
സ്നേഹിക്കുന്നില്ല ഞാനാരേയും ....അൻപു (2)

ഇന്നു പാരിൽ കണ്ണുനീരിൽ
നിൻവചനം വിതയ്ക്കും ഞാൻ
അന്നു നേരിൽ നിന്നരികിൽ
വന്നു കതിരുകൾ കാണും ഞാൻ ....അൻപു (2)

എൻ മനസ്സിൽ വന്നു വാഴും
നിൻ മഹത്വപ്രത്യാശയേ
നീ വളർന്നും ഞാൻകുറഞ്ഞും
നിന്നിൽ മറഞ്ഞു ഞാൻ മായണം....അൻപു (2)

114

സന്താപം തീർന്നല്ലോ സന്തോഷം വന്നല്ലോ
സന്തോഷമെന്നിൽ വന്നല്ലോ-ഹല്ലേലുയ്യാ
യേശു പാപം മോചിച്ചു എന്നെ മുററും രക്ഷിച്ചു
സന്തോഷമെന്നിൽ തന്നല്ലോ

1 പാപത്തിൽ ഞാൻ പിറന്നു ശാപത്തിൽ ഞാൻ വളർന്നു
പരമരക്ഷകൻ തൻ തിരുനിണം ചൊരിഞ്ഞു
പാപിയാം എന്നെയും വീണ്ടെടുത്തു ... സന്താപം

2 വഴിവിട്ടു ഞാൻ വലഞ്ഞു ഗതിമുട്ടി ഞാനലഞ്ഞു
വഴി സത്യം ജീവനാമേശുയെന്നിടയൻ
വന്നു കണ്ടെടുത്തെന്നെ മാറിലണച്ചു ....സന്താപം

3 ശോധന നേരിടുമ്പോൾ സ്നേഹിതർ മാറിടുമ്പോൾ
ഭയമെന്തിന്നരികിൽ ഞാനുണ്ടെന്നരുളി–
തിരുക്കരത്താലവൻ താങ്ങി നടത്തും ....സന്താപം

4 ആരും തരാത്തവിധം ആനന്ദം തൻസവിധം
അനുദിനമധികമനുഭവിക്കുന്നു ഞാൻ
അപഹരിക്കാവതല്ലീയനുഗ്രഹങ്ങൾ ... സന്താപം

5 പാപത്തിൻ ശാപത്തിനാൽ പാടുപെടുന്നവരെ
സൗജന്യമാണീ സൗഭാഗ്യമാകയാൽ
സൗകര്യമാണിപ്പോൾ മനന്തിരിവിൻ ....സന്താപം

## 115

1 പ്രാർത്ഥനയ്ക്കുത്തരം നൽകുന്നോനെ
നിൻെറ സന്നിധിയിൽ ഞാൻ വരുന്നേ
സ്വർഗ്ഗീയനുഗ്രഹ ഭണ്ഡാരത്തിൻ
വാതിൽ തുറക്കണമെ

കേൾക്കണേ എൻ പ്രാർത്ഥന
നൽകണേ എൻ യാചന

2 പുത്രൻെറ നാമത്തിൽ ചോദിക്കുമ്പോൾ
ഉത്തരം തരുമെന്നരുളിയോനെ
നീക്കം വരാത്ത നിൻ വാഗ്ദത്തമെൻ
പേർക്കു നീ തന്നുവല്ലോ ...കേൾക്ക

3 വചനമെന്നാത്മാവാൽ ദാഹം തീർപ്പാൻ
അരുളുക ദാസരിൽ വരമധികം
പകരുക ആത്മാവിൻ തിരു ശക്തിയാൽ
നിറയുവാൻ നിൻ ജനങ്ങൾ ...കേൾക്ക

4 പാപവും രോഗവും അകററിടുമാ-
രുധിരത്തിൻ അത്ഭുതശക്തിയിന്ന്
അറിയുവാനിവിടെ വിശ്വാസത്തിൻെറ
ഹൃദയങ്ങൾ തുറക്കണമെ ...കേൾക്ക

## 116

സങ്കേതമേ നിൻെറ അടിമ ഞാനെ
ഘോഷിക്കുമേ മനസന്തോഷത്താൽ
കർത്താവേ നീ ചെയ്ത നന്മകളെ
നിത്യം നിത്യം ഞാൻ ധ്യാനിക്കുമേ

1 അളവില്ലാ സ്നേഹത്താൽ ചേർപ്പവനെ
എണ്ണമില്ലാ നന്മകൾ നൽകുന്നവനെ
ശോഭിത മണാളാ മഹിമ പ്രതാപാ
സ്നേഹത്താൽ നിൻപാദം ചേർന്നിടുമേ -ആ സങ്കേ

2 എന്നെ ഉപദേശിച്ചു നടത്തുന്നോനെ
ദൃഷ്ടി വച്ചു ആലോചന നൽകുന്നവനെ
പോകേണ്ട വഴിയെന്നെ കാണിക്കുന്നവനെ
ആശ്രയിക്കുന്നോനെ കൃപ ചുററിക്കൊള്ളുമേ-ആ
....സങ്കേ

3 കരം പിടിച്ചു നടത്തും കർത്തൻ നീയല്ലോ
യാചിച്ചു എന്നെ സൗഖ്യമാക്കിയല്ലോ
കുഴിയിൽ വീഴാതെന്നെ സൂക്ഷിച്ചവനെ
കണ്ണുനീരെ സന്തോഷമായ് മാററിയല്ലോ–ആ
....സങ്കേ

4 പാപങ്ങളെ ഓർക്കാതെ ചേർത്തുവല്ലോ
ശാപങ്ങളെ നീക്കി ശുദ്ധമാക്കിയല്ലോ
രക്ഷയുടെ സന്തോഷം തിരികെ തന്നല്ലോ
ഉണർവ്വിന്നാവിയാലെന്നെ താങ്ങിയല്ലോ ആ
....സങ്കേ

## 117 ജീവനാമേശുമതി

ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതിയെനിക്ക്
ജീവനും മരണവും ഒരുപോലെ കാൽവറി തന്നൊരു
വൻ ധൈര്യം

1 ജീവൻ നൽകി ജീവൻ തന്ന, ജീവാരംഭമായവനേ
ജീവൻ, മരണം, ജീവനെന്ന പാവനവൃത്തം
ഞാൻ തേടും

2 നീയല്ലാതെ ആരെനിക്കു–മായ മാററും ജീവനാകും
തായും താതനും സോദരനും-പായും പടകും നീ തന്നെ

3 കാററും കോളുമേറിവന്നാൽ-മരണം മാററും ജീവൻ നീ
തോററാലും നീ ജയിച്ചീടും കാററും കടലും താണ്ടീടും

4 ക്രൂശിൻ നാശം ഭാരമല്ല-ക്രൂശിൻ പൈതലായവന്
നാശംനീക്കും ഞായർദിനെ-യേശു വീണ്ടും ജീവൻതരും

5 ലോകമാകെ നേടിയാലും ചാകും ജീവൻ
പോവെനിക്കു്
ശോകംനീക്കും നിത്യജീവൻ–ലോകർക്കെല്ലാ–
മേകിടേണം
6 കണ്ണീരിന്റെ താഴ്‌വരയിൽ– എണ്ണമററസോദരങ്ങൾ
വിണ്ണിൻ നായകനേശുവിനെ–മണ്ണിൽ കാണ്മാൻ
കാംക്ഷിക്കും
7 കാലമിനി ഏറെയില്ല–കാലാതീതൻ വേഗം വരും
കാലാതീത നിത്യജീവൻ–കാലം തീരും മുമ്പേ നല്ലാം
8 ധീരതയോടെ പോരാട്ടം–വീരനാമെന്റെ
യേശുവിനായ്
9 നല്ലവനാമെന്നേശുനാഥാ–കല്ലറ വിട്ടു വന്നവനെ
തെല്ലും ഖേദം വേണ്ടെനിക്കു്–വെല്ലും രാജാവെൻകൂടെ
10 താതാ, പുത്രാ, ആത്മാവേ, ത്രിത്വം, നിത്യനായവനെ
നീ താനെന്റെ ജീവാത്മ–നീ താനെന്റെ പരമാത്മാ

G.M.O.

118

1 യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിനായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശതന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേ
....യേശു
2 പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻകൂടെ വാഴാൻ എന്നു സാദ്ധ്യമോ
....യേശു
3 ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കീടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യപാർപ്പിടം തന്നിൽ
വാണിടുന്ന നാളിന്നായ് ഞാൻ നോക്കിപ്പാർക്കുന്നേ
....യേശു

4 എന്നു തീരുമെൻെറ കഷ്ടം ഇന്നീ മന്നിലെ
അന്നുമാറുമെൻെറ ദുഃഖം നിശ്ചയം തന്നെ
അന്നു തൻെറ ശുദ്ധരൊത്തു പാടി ആർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽസമ്മേളനം ... യേശു

5 നല്ലവനെ വല്ലഭനെ പൊന്നുകാന്തനെ!
അല്ലൽ തീർക്കാനെന്നു വന്നു ചേർത്തിടുമെന്നെ
തുല്യമില്ലാ മോദത്തോടെ വീണകളേന്തി
ഹല്ലേലൂയ്യാ ഗാനംപാടി വാണിടുവാനായ് ....യേശു

## 119

1 ദൈവത്തിൻ പൈതലെ! നിൻെറ
ജീവിതകാലം അതിൽ
ഓരോരോ ഭാരങ്ങളാലെ പാരം വലഞ്ഞീടുമ്പോഴും
ചിന്താകുലങ്ങൾ ചിന്താകുലങ്ങളെല്ലാം
ഇട്ടുകൊൾ യേശുമേൽ നിൻ പേക്കായ്
കരുതുന്നുണ്ടവൻ

2 ലോകത്തിൻ ചിന്തകളാലും രോഗപീഡകളാലും
മററുപ്രയാസങ്ങളാലും മുററും തളർന്നിടുമ്പോൾ ചിന്താ

3 കർത്താവിന്നിഷ്ടമാം വണ്ണം നിത്യം ജീവിച്ചീടുവാൻ
നിൻ പ്രയത്നങ്ങൾ എപ്പോഴും നിഷ്ഫലമായ്
വരുമ്പോൾ ... ചിന്താ

4 ദൈവം നിന്നെ നടത്തുന്ന നിൻവഴിയിൽ മുഴുവൻ
അന്ധകാരം വരുമ്പോഴും അന്തരംഗത്തിലെ നിൻ
... ചിന്താ

5 നിന്നുടെ പേർക്കിഹലോകെ വന്നു മരിച്ചവനാം
യേശുവിൻ വാക്കുകളെ നീ വിശ്വസിച്ചു സതതം
... ചിന്താ

120

(മന്നവനേ മഹോന്നതനെ ...എന്ന രീതി)

1 എൻെറ ദൈവം മഹത്വത്തിൽ ആർദ്രവാനായ്
ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണിതന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെൻെറ ഉള്ളം ചൊല്ലുന്നു

2 വൈഷമ്യമുള്ളതുകുന്നും കരകേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്ക വേഗമായ്
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോലോടീടും

3 ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായി–
മാനസത്തിലാധിപൂണ്ടു ഖേദിപ്പാൻ [തീർന്നുവെന്നോ
സാധു അന്ധനായിത്തീർന്നിടല്ലെ ദൈവമേ!

4 എൻെറ നിത്യസ്നേഹിതന്മാർ ദൈവദൂതസംഘമത്രെ
ഇപ്പോളവർ ദൈവമുമ്പിൽ സേവയാം
എന്നെ കാവൽചെയ്തു ശുശ്രൂഷിപ്പാൻ വന്നീടും

5 ദുഃഖിതനായോടിപ്പോയ് ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെയോർത്തു ദൈവദൂതർ വന്നിടും
ഏററം സ്നേഹച്ചൂടോടപ്പവുമായ് വന്നിടും

6 നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം ഭാരമില്ല
ഓരോ നാളും ദൈവമെന്നെ പോററുന്നു
തൻെറ കൈകളിൽ ഞാൻ ദിനന്തോറും ചാരുന്നു

7 കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായി വേണ്ടതേകുന്നു
ലില്ലിപുഷ്പങ്ങൾക്കമവൻ ശോഭ നൽകുന്നു

8 പത്മോസ് ദ്വീപിൽ ഏകനായ് ഞാൻ
വസിച്ചാലും ഭയമില്ല
സ്വർഗ്ഗം തുറന്നെൻെറ പ്രിയൻ വന്നീടും
മഹാദർശനത്താൽ വിവശനായ്ത്തീരും ഞാൻ

9 ഹാ മഹേശാ! കരുണേശാ! പൊന്നുതാതാ!
നീയെനിക്കായ്
വേണ്ടതെല്ലാം ദയതോന്നി നൽകുമ്പോൾ
എൻെറ ദേഹി വൃഥാ കലങ്ങുന്നതെന്തിനായ്!

121

1 ശുദ്ധിക്കായ് നീ, യേശു സമീപേ പോയോ?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?
പൂർണ്ണാശ്രയം ഈ നിമിഷം തൻ കൃപ-
തന്നിൽ വച്ചോ ശുദ്ധിയായോ നീ?

കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?
ഹിമം പോൽ നിഷ്കളങ്കമോ നിൻ അങ്കി?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?

2 അനുദിനം രക്ഷകൻ പക്ഷത്തോ നീ-
ശുദ്ധിയായ് നടന്നീടുന്നതു്?
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ?
വിശ്രമം നാഴിക തോറുമേ? ... കുളിച്ചോ

3 കർത്തൻ വരവിൽ നിൻ അങ്കി ശുദ്ധമോ?
ഏററവും വെൺമയായ് കാണുമോ?
സ്വർപ്പുരത്തിൽ വാസം ചെയ്തിടാൻ യോഗ്യ-
പാത്രമായ് തീരുമോ അന്നാളിൽ ... കുളിച്ചോ

4 പാപക്കറ ഏററ അങ്കി നീ നീക്കി
കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക
ജീവനീർ ഒഴുകുന്നു അശുദ്ധർക്കായ്
കുളിച്ചു ശുദ്ധരായിടുക ... കുളിച്ചോ

122

1 പരമാനന്ദമനുഭവിപ്പാൻ
വരുവിൻ നരരെ വിരഞ്ഞോടി നിങ്ങൾ

2 പരമോന്നതനേശു ഇതാ!
അരികിൽ വരുവാനുര ചെയ്തിടുന്നു

3 പരിപാവനമീ വചനം
ഒരു കാലത്തിലും വരികില്ല ഭേദം

4 പരമോന്നത വാക്യമിതാ
ശരിയായി നിന്നോടി-ന്നുര ചെയ്തീടുന്നു

5 വരിക തിരുസന്നിധിയിൽ
പരമാർത്ഥമെല്ലാം പറഞ്ഞൊഴിഞ്ഞിടുക നീ

6 ഒരു മാത്രയും പാർത്തിടാതെ
വെറുത്തേററു പറഞ്ഞൊഴിഞ്ഞീടു പാപം

7 തിരുച്ചോരയിനാലെ നിൻെറ
പെരിയൊരു പാപം കഴുകീടുമവൻ

8 പിറകോട്ടെറിഞ്ഞിടാമെന്നു
പറയുന്നതിനെ അറിഞ്ഞീടുക നീ

123

1 എൻെറ പ്രാണസഖി യേശുവേ!
എൻെറ ഉള്ളത്തിൻ ആനന്ദമേ!
എന്നെ നിൻ മാർവ്വിങ്കൽ ചേർപ്പാനായ്
വന്നിതാ ഇപ്പോഴം നിൻ പാദത്തിൽ

അരുളുക-അരുളുക-ഞാൻ പ്രാർത്ഥിക്കുമ്പോൾ
കർത്താവേ! ഈ നീചപ്രാണിക്കു
ദിവ്യഹിതത്തെ നീ കാട്ടീടുക

2 നിന്നെ സ്നേഹിക്കുന്ന മക്കൾക്കു്
ഉള്ളതാം എല്ലാ പദവികളും
അടിയാനും തിരിച്ചറിവാൻ
അപ്പനേ ബുദ്ധിയെ തെളിക്ക ... അരുളുക

3 ഏലിയാ ഏലിശാ പ്രവരർ
ബലമായ് ചെയ്ത ക്രിയകൾ കാണ്മാൻ
ഏലോഹിം എന്നെയും ഓർക്കുക
വേല നിന്നുടെ ഞാൻ ചെയ്യുവാൻ ...അരുളുക

4 പാപികൾക്കു നിൻെറ സ്നേഹത്തെ
എൻെറ ശീലത്താൽ ഞാൻ കാട്ടുവാൻ
കാൽവറിമലമേൽ കാണിച്ച
അൻപിൻ ശീലം പകർന്നീടുക് ... അരുളുക

5 എൻെറ ആയുസ്സിൻെറ നാളെല്ലാം
നീ പോയ വഴിയേ പോകുവാൻ
ആശയോടേശുവേ! എന്നെ ഞാൻ
ജീവബലിയായി നൽകുന്നേ ... അരുമ

## 124

1 എൻ രക്ഷകാ! എൻ ദൈവമേ! നിന്നിലായ
നാം ഭാഗ്യമേ
എന്നുള്ളത്തിൻ സന്തോഷത്തെ എന്നും ഞാൻ
കീർത്തിച്ചിടട്ടെ
ഭാഗ്യനാൾ! ഭാഗ്യനാൾ! യേശു എൻ പാപം
തീർത്തനാൾ
കാത്തു പ്രാർത്ഥിക്കാറാക്കി താൻ–
ആർത്തുഘോഷിക്കാറാക്കി താൻ
ഭാഗ്യനാൾ! ഭാഗ്യനാൾ! യേശു എൻ പാപം
തീർത്തനാൾ

2 വൻക്രിയ എന്നിൽ നടന്നു–കർത്തനെൻേറ
ഞാനവൻെറ
താൻ വിളിച്ചു, ഞാൻ പിൻചെന്നു സ്വീകരിച്ചു
തൻ ശബ്ദത്തെ ഭാഗ്യ

3 സ്വസ്ഥം ഇല്ലാത്ത മനമേ! –കർത്തനിൽ
നീ ആശ്വസിക്ക
ഉപേക്ഷിക്കാതെ അവനെ–തൻ നന്മകൾ
സ്വീകരിക്ക ഭാഗ്യ

4 സ്വർപ്പുരം ഈ കരാറിനു–സാക്ഷി
നിൽക്കുന്നെൻ മനമേ!
എന്നും എന്നിൽ പുതുക്കുന്നു–നൽമുദ്ര നീ
ശുദ്ധാത്മാവെ .. ഭാഗ്യ

5 സൗഭാഗ്യം നൽകും ബാന്ധവം–വാഴ്ത്തും
ജീവകാലമെല്ലാം
ക്രിസ്തേശുവിൽ എൻ ആനന്ദം–പാടും ഞാൻ
അന്ത്യകാലത്തും ... ഭാഗ്യ

125

(എൻേറശുവേ! പൊന്നേശുവേ....എന്ന രീതി)

1 ദുഃഖത്തിൻെറ പാനപാത്രം കർത്താവെൻെറ കയ്യിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി ഹല്ലേലൂയ്യാ! പാടീടും ഞാൻ

2 ദോഷമായിട്ടൊന്നും എന്നോടെൻെറ താതൻ ചെയ്കയില്ല
എന്നെ അവനടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു

3 കഷ്ടനഷ്ടമേറിവന്നാൽ ഭാഗ്യവാനായ്ത്തീരുന്നു ഞാൻ
കഷ്ടമേററ കർത്താവോടു കൂട്ടാളിയായ്ത്തീരുന്നു ഞാൻ

4 ലോകസൗഖ്യമെന്തുതരും ആത്മക്ലേശമതിൻ ഫലം
സൗഭാഗ്യമുള്ളാത്മജീവൻ കഷ്ടതയിൽ വർദ്ധിക്കുന്നു

5 ജീവനത്തിൻ വമ്പുവേണ്ട കാഴ്ചയുടെ ശോഭവേണ്ടാ
കൂടാരത്തിൻ മൂടിപോലെ ക്രൂശിൻനിറം മാത്രം മതി

6 ഉള്ളിലെനിക്കെന്തു സുഖം തേജസ്സേറും കെരൂബുകൾ
കൂടാരത്തിനകത്തുണ്ടു് ഷെക്കയ്നായും ഉണ്ടവിടെ

7 ഭക്തന്മാരാം സഹോദരർ വിളക്കുപോൽ കൂടെയുണ്ടു്
പ്രാർത്ഥനയിൻ ധൂപമുണ്ടു് മേശമേലെൻെറപ്പമുണ്ടു്

8 പ്രാകാരത്തിൻെറ മുമ്പിൽ യേശുവിനെ കാണുന്നു ഞാൻ
യാഗപീഠമവനത്രെ എന്നുമെൻെറ രക്ഷയവൻ

9 ദിനന്തോറും പുതുക്കുന്ന ശക്തിയെന്നിൽ പകരുവാൻ
സ്വച്ഛജലം വച്ചിട്ടുള്ള പിച്ചളത്തൊട്ടിയുമുണ്ടു്

10 ലോകത്തെ ഞാനോക്കുന്നില്ല കഷ്ടനഷ്ടമോക്കുന്നില്ല
എപ്പോളെൻെറ കർത്താവിനെ ഒന്നു കാണാമെന്നേയുള്ളു

126

1 പാപക്കടം തീർക്കുവാൻ യേശുവിൻ രക്തംമാത്രം
പാപബന്ധം അഴിപ്പാൻ യേശുവിൻ രക്തം മാത്രം
ഹാ! യേശുക്രിസ്തുവേ! ദൈവത്തിൻെറ കുഞ്ഞാടെ!
രക്ഷിക്കുന്നു പാപിയെ-നിൻ തിരുരക്തം മാത്രം

2 വീണ്ടെടുപ്പിൻ വിലയായ്-യേശുവിൻ രക്തം മാത്രം
പുണ്യമില്ലാ പാപിക്കായ്-യേശുവിൻ രക്തംമാത്രം
...ഹാ!

3 ദൈവത്തോടു നിരപ്പും യേശുവിൻ രക്തംമാത്രം
വേറെയില്ലാ യോജിപ്പും യേശുവിൻ രക്തംമാത്രം
ഹാ!

4 സാത്താനെ ജയിക്കുവാൻ യേശുവിൻ രക്തംമാത്രം
തീയ്യമ്പിനെ കെടുത്താൻ യേശുവിൻ രക്തംമാത്രം
.. ഹാ!

5 ശാപത്തെ നീക്കിയതും-യേശുവിൻ രക്തംമാത്രം
നരകത്തെ തകർത്തതും-യേശുവിൻ രക്തംമാത്രം
....ഹാ!

6 പുത്രത്വത്തിനാധാരം-യേശുവിൻ രക്തംമാത്രം
ശുദ്ധാത്മാവിൻപ്രകാശം-യേശുവിൻ രക്തംമാത്രം
....ഹാ!

7 ആത്മജീവപാനീയം-യേശുവിൻരക്തംമാത്രം
സ്വർഗ്ഗഭാഗ്യനിശ്ചയം-യേശുവിൻ രക്തംമാത്രം ....ഹാ!

8 എന്തു ഞാൻ പ്രശംസിക്കും-യേശുവിൻ രക്തംമാത്രം
... ഹാ!

എൻെറ പ്രിയ യേശുവെ! രക്തമണവാളനെ!
രക്ഷിച്ചതും ഈ എന്നെ-നിൻ തിരുരക്തംമാത്രം!

127

## അനുതാപവും പ്രതിഷ്ഠയും

അൻപിൻരൂപി യേശുനാഥാ! നിന്നിഷ്ടം എന്നിഷ്ടമാക
കുരിശിൽ തൂങ്ങി മരിച്ചവനെ-എന്നെ തേടി വന്നവനേ
.. അൻ

2 എന്തു ഞാൻ നിനക്കു നൽകും -എന്നെ വീണ്ടെടുത്ത
ദൈവമേ!
ഏഴയായ് ഞാൻ കിടന്നു-എന്നെ തേടി വന്നവനെ
....അൻ

3 നിന്മുഖത്തു ഞാൻ നോക്കിടുന്നേ
വേറെയാരുമില്ലെനിക്കു
ദേവാ! നിൻ നിഴലിൻകീഴിൽ നിത്യം ചേർന്നു
വസിച്ചീടും ഞാൻ ....അൻ

4 എല്ലാം വെള്ളക്കുമിളപോലെ-മാറി മാറി മറഞ്ഞിടുന്നു
ഈലോകത്തിൻ പ്രാഭവങ്ങൾ-എല്ലാം മായ മായതന്നെ
....അൻ

5 എൻ ഹൃദയത്തെ നീയെടുത്തു നിത്യം എന്നിൽ
വസിച്ചീടണം
എൻ സ്വന്തം യേശുവേ! നീ താൻ-നിൻ സ്വന്തം
ഞാനിന്നുമെന്നും ....അൻ

6 ജീവനോ മരണമതോ-ഏതായാലും സമ്മതം താൻ
കുശവൻ കയ്യിൽ കളിമൺപോൽ ഗുരുവെ!
എന്നെ നൽകീടുന്നേ ... അൻ

7 രോഗം നാശം നിന്ദ ദൂഷി-വേറെ എന്തു വന്നാലും
വീഴും യേശു പാദത്തിൽ ഞാൻ-മുത്തംചെയ്യും
അവൻെറ പാദം ...അൻ

## 128

ദൈവമേ നീ എൻെറ ദൈവം
ദിനവും ഞാൻ നിന്നെ വാഴ്ത്തും
ഉദയത്തിലും അസ്തമയത്തിലും
ഉണർവ്വോടെ നിന്നെ സ്തുതിക്കും

എൻെറ ഉള്ളം നിനക്കായ് ദാഹിക്കുന്നു
എൻെറ ദേഹം നിനക്കായ് കാംക്ഷിക്കുന്നു

1 നിൻെറ ബലവും മഹത്വവും കണ്ടീടുവാൻ
ഞാൻ വിശുദ്ധമന്ദിരത്തിൽ ആശ്രയിക്കും
സന്തോഷത്താൽ നിത്യസന്തോഷത്താൽ
ജീവകാലമെല്ലാം സ്തുതിക്കും ....എൻെറ

2 എൻെറ ഉള്ളം നിന്നോടു ചേർന്നിരിക്കും
നിൻെറ വലങ്കൈ എന്നെ എന്നും താങ്ങിടും
ആനന്ദത്താൽ നിത്യാനന്ദത്തിൽ
ജീവകാലമെല്ലാം സ്തുതിക്കും ....എൻെറ

129

1 യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽപോലെ
സ്തുതിച്ചിടുവിൻ അവൻെറ നാമം

ഹാല്ലേലുയ്യാ-ഹാല്ലേലുയ്യാ
ഹാലേലുയ്യാ-ഹാലേലുയ്യാ
മഹത്വവും മാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവും എൻ യേശുവിന്

2 ഞാൻ യഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവൻ എങ്കലേക്കു ചാഞ്ഞുവന്നല്ലോ
നാശകരമായ കുഴിയിൽനിന്നും
കുഴഞ്ഞ ചേററിൽനിന്നും എന്നെ കയററി ....ഹാല്ലേ

3 എൻെറ കാൽകളെ പാറമേൽ നിർത്തി
എൻഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ട് എനിക്കു തന്നു
എൻ ദൈവത്തിനു സ്തുതിതന്നെ ....ഹാല്ലേ

4 എൻെറ കർത്താവേ എൻെറ യഹോവേ
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവർ എനിക്കു ശ്രേഷ്ഠന്മാർ തന്നെ ....ഹാല്ലേ

130

തിരുക്കരത്താൽ വഹിച്ചയെന്നെ
തിരുഹിതംപോൽ നടത്തണമേ
കുശവൻ കയ്യിൽ കളിമണ്ണു ഞാൻ
അനുദിനം നീ പണിയണമെ

1 നിൻവചനം ധ്യാനിക്കുമ്പോൾ
എൻ ഹൃദയം ആശ്വസിക്കും
കൂരിരുളിൻ താഴ്‌വരയിൽ
ദീപമതായ് നിൻ മൊഴികൾ ... തിരു

2 ആഴിയതിൽ ഓളങ്ങളാൽ
വലഞ്ഞീടുമ്പോൾ എൻ പടകിൽ
എൻെറ പ്രിയൻ യേശുവുണ്ടേ
ചേർന്നിടുമേ ഭവനമതിൽ

3 അവൻ നമുക്കായ് ജീവൻ നൽകി
ഒരുക്കിയല്ലോ വലിയ രക്ഷ
ദൃഷ്ടികളാൽ കാണുന്നു ഞാൻ
സ്വർഗ്ഗകനാൻ ദേശമതെ ....തിരു

131

ദൈവകൃപയിൽ ഞാനാശ്രയിച്ചു
അവൻ വഴികളെ ഞാനറിഞ്ഞു
അനുഗമിച്ചിടും അവനുടെ ചുവടുകളെ

1 ഇഹലോകമോ തരികില്ലൊരു
സുഖവും മനഃശാന്തിയതും
എൻെറ യേശുവിൻെറ തിരുസന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക് ... ദൈവ

2 മനോവേദന പല ശോധന
മമജീവിത പാതയതിൽ
മാറാതേറിടുമ്പോളാത്മ നാഥനവൻ
മാറിൽ ചാരിഞാനാശ്വസിക്കും ....ദൈവ

3 എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എൻെറ ആവശ്യങ്ങളെല്ലാമറിഞ്ഞീടുന്ന
ഏററം അടുത്ത സഹായകൻ താൻ ... ദൈവ

4 എൻെറ ആയുസ്സിൻ ദിനമാകെയും
തൻെറ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ ... ദൈവ

## 132

ആപത്തു വേളകളിൽ ആനന്ദവേളകളിൽ
അകലാത്ത എൻ യേശുവേ
അങ്ങയുടെ പാദം കുമ്പിടുന്നു ഞാൻ (2)

1 കുശവൻെറ കയ്യിൽ കളിമണ്ണുപോൽ
തന്നിടുന്നു എന്നെ തൃക്കരങ്ങളിൽ
മെനഞ്ഞിടണമേ വാർത്തെടുക്കണേ
ദിവ്യഹിതം പോലെ ഏഴയാം എന്നെ ... ആപത്തു

2 എനിക്കായ് മുറിവേററ തൃക്കരങ്ങൾ
എൻ ശിരസ്സിൽ വച്ചാശീർവ്വദിക്കണേ
അങ്ങയുടെ ആത്മാവിനാൽ ഏഴയെ
അഭിഷേകം ചെയ്യനുഗ്രഹിക്കണേ ... ആപത്തു

3 കഷ്ടതയുടെ കയ്പുനീരിൻ പാത്രവും
അങ്ങ് എൻ കരങ്ങളിൻ കുടിപ്പാൻ തന്നാൽ
ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ
തിരുകൃപ എന്നിൽ പകരണമേ ... ആപത്തു

4 എൻെറ ഹിതം പോലെ നടത്തരുതേ
തിരുഹിതം പോലെ നയിക്കണമേ
ജീവിത പാതയിൽ പതറീടാതെ
സ്വർഗ്ഗഭവനത്തിലെത്തുവോളവും ... ആപത്തു

## 133

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

1 എൻെറ ബുദ്ധിയും എൻെറ ശക്തിയും
നീയെനിക്ക തന്നതൊക്കെയും ....സർവ്വ

2 എൻെറ രോഗവും എൻെറ സൗഖ്യവും
നീയെനിക്ക തന്നതൊക്കെയും ... സർവ്വ

3 എൻെറ കീർത്തിയും എൻെറ പുകഴ്ചയും
നീയെനിക്ക തന്നതൊക്കെയും ... സർവ്വ

4 എൻെറ ശബ്ദവും എൻ ധ്വനികളും
നീയെനിക്ക തന്നതൊക്കെയും ....സർവ്വ

5 എൻെറ സമ്പത്തും എൻെറ വിദ്യയും
നീയെനിക്ക തന്നതൊക്കെയും ....സർവ്വ

6 എൻെറ ആയുസ്സും എൻെറ ഭാവിയും
നീയെനിക്ക തരുന്നതൊക്കെയും .. സർവ്വ

## 134

ദൈവത്തിൻ നാമത്തിൽ നാം
ചേർന്നിടും സമയങ്ങളിൽ
മോദമായ് ധ്യാനിച്ചിടാം-തൻെറ
വൻകൃപകരം ദിനവും

1 കുന്നുകളകന്നീടിലും-മഹാ
പർവ്വതം മാറിടിലും
തൻെറ ദയയെന്നും ശാശ്വതമേ-തൻ
മക്കൾക്കാശ്രയമേ ... ദൈവ

2 സീയോനിലവൻ നമുക്കായ്-അതി
ശ്രേഷ്ഠമാം മൂലക്കല്ലായ്
തന്നോടു ചേർന്ന നാമും തൻെറ
ജീവ കല്ലുകളായിടാം ....ദൈവ

3 കർത്തൻ തൻ വരവിൽ നാളിൽ-തൻെറ
കാന്തയാം നമ്മെ ചേർത്തിടും
എൻെറ കണ്ണുനീരെല്ലാം തുടച്ചും-തൻ
മാർവ്വോടു ചേർത്തിടുമേ ... ദൈവ

135 ആശ്രിതവത്സല കർത്താവേ
അനുഗ്രഹം ചൊരിയണമേ

1 താവകസന്നിധേ ഞങ്ങൾ വരുന്നു
കാരുണ്യ സാഗരമേ
ആത്മീയ നൽവരം-ഞങ്ങളിൽ നാഥാ
അളവെന്യേ ചൊരിയണമേ ....ആശ്രിത

2 നിദ്രയിലാണെന്നാരു ഞങ്ങൾ തന്നുള്ളം
നീയുണർത്തീടണമേ
നല്ല ഫലങ്ങളീ-ഞങ്ങളിൽ കായ്പാൻ
അനുഗ്രഹം അരുളണമേ ... ആശ്രിത

3 ആദിയോടന്തം നീ കൂടിരിക്കേണം
ആനന്ദദായകനെ
ആശിർവദിക്കണം ഞങ്ങളെ ആകെ നീ
ആത്മാവിനാൽ നിറയ്ക്കണമേ ... ആശ്രിത

136

എന്നും സ്നേഹിക്കും എന്നേശുവേ
എന്നും പാലിക്കും എൻ നാഥനെ
ഈ മരുഭൂവിൽ കൈവിടല്ലേ തിരു
ചിറകെന്നെ പൊതിയണമേ

1 എന്നിൽ വന്നുപോയ് തെററധികം
എല്ലാം ക്ഷമിക്കണെ കർത്താവേ
എന്നെ വെണ്മയാക്കണമേ
വന്നീടുന്നേഴ നിൻ സവിധേ ....എന്നും

2 ഉള്ളം ആകെ തകർന്നിടുമ്പോൾ
ഉററവർ വിട്ടു പിരിഞ്ഞിടുമ്പോൾ
എന്നെ വിട്ടങ്ങു പോകരുതേ
നീയല്ലാതില്ലെനിക്കഭയം ... എന്നും

3 എങ്ങും ആപത്തൊളിച്ചിരിക്കും
വേളയിൽ നിൻ ദാസനാമെന്നെ
ഉള്ളംകയ്യിൽ വഹിച്ചീടന്നെ
കണ്മണിപോലെ കാത്തിടണേ ....എന്നും

137

സ്വർഗ്ഗത്തിൻെറ സ്നേഹമണിനാദത്തിൻ
മാറെറാലികൾ മുഴങ്ങുന്നില്ലേ
കാൽവറിയിലെ സ്നേഹക്കൊയ്ത്തതിൽ ചേർത്ത
കററയിൽ
നീയും കാണുമോ ആ കള്ളനെപ്പോലെ
മൂന്നു കാരിരുമ്പാണിമേൽ തൂങ്ങുന്ന
രക്ഷിതാവേ ഇക്ഷണം നോക്കൂ
സീയോൻപുത്രി നിൻെറ നഗ്നത മറച്ചിടുവാൻ
നാഥൻ അങ്കികൾ ഓ ചീട്ടിട്ടെടുത്തു ....സ്വർഗ്ഗ

സ്നേഹരാജൻ പാദങ്ങൾ കഴുകുവാൻ നിൻ
കണ്ണുനീരാം തൈലമില്ലയോ?
മഗ്ദലനമറിയയെപ്പോൽ നിൻ ജീവിതവും
തൈലക്കുപ്പി നീ ഇന്നുടച്ചീടുമോ? ... സ്വർഗ്ഗ

സീയോൻപുത്രി നിൻ മുറിവിൽ പകരുവാൻ
ഗിലയാദിൻ തൈലം ഇന്നിതാ
നാഥൻ ക്രൂശിൽ ഒഴുക്കിയതാം രക്തത്തുള്ളികൾ
നിൻ മുറിവതിൽ പകർന്നീടുന്നു ....സ്വർഗ്ഗ

ഗോഗ്ഗുൽത്തായിൻ പാതയിൽ നിരന്നുനിന്നു
കേണിടുന്ന സീയോൻ മകളെ
ശാലേം പുത്രി എനിക്കായ് നീ കരകവേണ്ട
കരയുമോ നീ നിനക്കായ്ത്തന്നെ ....സ്വർഗ്ഗ

ചങ്കുപൊട്ടി കരയുകെൻ മനമേ
ലോകസ്നേഹം വെടിഞ്ഞിടുക
വേണ്ടാ ലോകയിമ്പമെനിക്ക് ഈ പാരിൽ
സൗഖ്യങ്ങൾ ഓ മതി എനിക്കെൻ നാഥൻ
സഖിത്വം ... സ്വർഗ്ഗ

138

നിർമ്മല കന്യയെ സ്വീകരിപ്പാൻ
യേശു വരും വേഗം (2)
വിശുദ്ധിയോടെ വിശുദ്ധരായി
കാത്തിരുന്നീടാം (2)

1 ജഡത്തെ ജയിച്ച് ജീവപര്യന്തം
വിശ്വസ്തരായിരിപ്പിൻ
ജീവകിരീടം ചൂടി
സ്വർഗ്ഗത്തിലാനന്ദമായ് വസിക്കാം ... നിർമ്മ

2 മാതൃകാ ജീവിതം നയിച്ചിടേണം
ഉണർന്നിരിക്കണം
നീതിയിൻ കിരീടം ചൂടി
സ്വർഗ്ഗത്തിലാനന്ദമായ് വസിക്കാം ... നിർമ്മ

3 നേടണം അനേക ആത്മാക്കളെ നാം
ഉന്മേഷമുള്ളവരായ്
പ്രശംസാ കിരീടം ചൂടി
സ്വർഗ്ഗത്തിലാനന്ദമായ് വസിക്കാം ....നിർമ്മ

139

യൗവ്വനം മോഹനം സുന്ദരം മാധുര്യം
യുവതി യുവാക്കളെ
യൗവ്വനം വേഗം തീരും ആരോഗ്യം കുറഞ്ഞിടും
യൗവ്വനത്തിൽ നിൻ സൃഷ്ടി കർത്താവിൻ
പാദം ചേർന്നീടുക

1 യൗവ്വനകാലം മോഹനമല്ലോ
ആരോഗ്യം ദൈവത്തിൻ ദാനമല്ലോ
ഈ നല്ലകാലം നീ വ്യർത്ഥമാക്കല്ലേ!
ദൈവത്തിൻ പൈതലായ് ജീവിച്ചീടുക ... യൗവ്വനം

2 യൗവ്വനത്തിൽ നീ നിന്നിഷ്ടംപോലെ
നിന്നുടെ നാളുകൾ തീർക്കുകയോ
ദൈവത്തിൻ മുമ്പിൽ ഒരുനാൾ നിൽക്കേണം
ദൈവത്തിൻ പൈതലായ് ജീവിച്ചീടുക ....യൗവ്വനം

3 ഇന്നു നീ കാണും സർവ്വവും മായ
വെന്തുപോം ചൂളപോലീയുലകം
ലോകസൗഭാഗ്യത്തിനന്ത്യം സന്താപം
ദൈവത്തിൻ പൈതങ്ങൾക്കെന്നുമാനന്ദം ... യൗവ്വനം

## 140

ദിനവും നിന്നോടു പററിച്ചേരാൻ
ആത്മമാരിയാൽ നിറസ്സു
ആദ്യസ്നേഹം എന്നിൽ പകർന്നു
അത്ഭുത സൃഷ്ടിയായ് അലങ്കരിക്ക

1 നല്ല മുന്തിരിവള്ളിയായ്
നിന്നിൽ ചേർന്നു ജീവിക്കാൻ
അധികം ഞാൻ ഫലം തരുവാൻ
ശക്തി എന്നിൽ പകരേണമേ ....ദിനവും

2 ബലഹീനനെൻ സവിധേ
വരും നീ ബലം തന്നിടാൻ
ഫലങ്ങടം ഞാൻ തന്നീടുവാൻ
പുതുജീവൻ പകരണമേ .. ദിനവും

## 141

ഞാൻ ജീവിക്കുന്നു എന്നാൽ ഞാനല്ല
എന്റെ യേശു ജീവിക്കുന്നു
അവൻ ജീവിക്കുന്നു അവൻ ജീവിക്കുന്നു
എന്റെ യേശു ജീവിക്കുന്നു (2)

1 യേശുനാഥനോടൊത്തു ഞാൻ ക്രൂശിതനായ്
ഇനി വേറില്ല ജീവിതം ഈ മഹിയിൽ
എന്നെ സ്നേഹിച്ചവൻ തന്നെ ഘോഷിച്ചവൻ
തന്നിൽ മാത്രമാണെന്നുടെ ജീവിതം ....ഞാൻ

2 എനിക്കിനിമേൽ ജീവിതം ക്രിസ്തുവത്രെ
ഇനി മരണം എനിക്കൊരു നേട്ടമത്രെ
ഞാൻ ജീവിക്കിലും ഞാൻ മരിക്കിലും
എന്റെ യേശുവിൻ ശാശ്വത ഭാഗ്യമത്രേ ....ഞാൻ

142

(സീയോൻ സഞ്ചാരി ഞാൻ...... എന്ന രീതി)

ക്രിസ്തുവിൻ സാക്ഷി ഞാൻ രക്ഷകൻ ശക്തിയാൽ
പോയിടും ലോകത്തെ നേടുവാൻ

1 ലോകമെങ്ങും പോയി നീ ദൂതു നൽകുക
ധീരപടയാളിയായ് പോരാടുക
യാതന, കഷ്ടത എന്തു വന്നീടിലും
പിന്നിലേക്കായി നീ നോക്കിടാ ...ക്രിസ്തു

2 കർത്തനേശു തൻെറ വേല ചെയ്യുവാൻ
കാലമില്ലയേറെ താമസിച്ചിടാൻ
ഏല്ലുക ദീപത്തെ കൈകളിലേന്തുക
ഇക്ഷിതി ക്രിസ്തുവെ കാണുവാൻ ക്രിസ്തു

3 സ്നേഹത്തിൻ കൊടി നീ മുന്നിൽ കാട്ടുക
താഴ്മയിൻ പരിച കയ്യിലേന്തുക
ശുദ്ധിയും ക്രിസ്തുവിൻ ശക്തിയുമായുധം
പോയിടാം ലോകത്തെ നേടുവാൻ ...ക്രിസ്തു

4 ലോകബഹുമാനം പിന്നിൽ തള്ളുക
ലോകപരിഹാസം സ്വീകരിക്കുക
സത്യവും നീതിയും പിന്തുടർന്നീടുക
മാതൃക ലോകത്തിൽ കാട്ടുക ...ക്രിസ്തു

5 ലോകബന്ധു സോദരർ എതിർത്തീടിലും
ലോകസ്നേഹമെന്നെ വിളിച്ചീടിലും
പോകില്ല, പോകും ഞാൻ ക്രിസ്തുവിൻ പിമ്പിലായ്
സർവ്വവും നഷ്ടമായീടിലും ...ക്രിസ്തു

143

യേശുവിനെ ഞാൻ സ്തുതിച്ചീടട്ടെ
നന്ദിയോടെന്നും വാഴ്ത്തീടട്ടെ
എന്നുടെ പാപം ക്രൂശതിൽ തീർത്ത
പൊന്നുകർത്താവേ നിനക്കു സ്തോത്രം

1 പൂർണ്ണഹൃദയത്തോടെ–ഞാൻ നിന്നെ സ്തുതിക്കും
അത്ഭുതങ്ങളെയെല്ലാം ഞാനെന്നും വർണ്ണിക്കും
നാവിന്മേൽ പുകഴ്ത്തും–എന്നുമുല്ലസിക്കും
യേശുവിൻ നാമം എന്നെന്നും കീർത്തിക്കും ....യേശു

2 ഏതു പ്രശ്നം വന്നാലും-യേശുമാത്രം ആശ്രയം
എന്നുമെന്നെ നടത്തും-ജയത്തിലേക്കെത്തിക്കും
ദുഷ്ടങ്കൽനിന്നു നീ രക്ഷിച്ചു കാത്തിടും
കഷ്ടകാലത്തു നീ-അഭയസ്ഥാനം തന്നെ ....യേശു

3 സാധുവായ എന്നെയും-യേശു മറക്കയില്ല
പ്രത്യാശയ്ക്കൊരിക്കലും ഭംഗം വരികില്ല
ഞാനെന്റെ സർവ്വവും-ക്രിസ്തുവിലർപ്പിക്കും
മഹത്വം കരേററും-സ്തോത്രഗീതം പാടും ....യേശു

144

ഹാ മനോഹരം യാഹെ നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ എന്നുള്ളം നിറയുന്നേ
ഹാലേലുയ്യാ പാടും ഞാൻ

ദൈവം നല്ലവൻ എല്ലാവർക്കും നല്ലവൻ
തൻമക്കൾക്കെന്നും പരിചയായ്
നന്മയൊന്നും മുടക്കുകയില്ല
നേരായ് നടപ്പവർക്ക്

ഒരു സങ്കേതം നിന്റെ യാഗപീഠങ്ങൾ
മീവൽ പക്ഷിക്കും ചെറുകുരുകിലിനും
രാവിലെ നിൻ നന്മകളെ ഓർത്ത്
പാടി സ്തുതിച്ചിടും ഞാൻ (2) ... ദൈവം

ഞങ്ങൾ പാർത്തിടും നിത്യം നിന്റെ ആലയെ
ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
കണ്ണുനീരും കഴമരമെല്ലാം
മാറും അനുഗ്രഹമായ് (2) ....ദൈവം

145 എൻ പ്രാണനാഥൻ എന്നു വരും
എന്നു തീരും എൻ വേദനകൾ

1 ആകുലത്തിൽ ആശ്വസിപ്പാൻ
ആവശ്യങ്ങളിൽ ആശ്രയിപ്പാൻ
അങ്ങല്ലാതാരും ഇല്ലെനിക്ക്
ആത്മനാഥാ ഇപ്പാരിടത്തിൽ ....എൻ

2 ഇന്നിഹത്തിൽ നിന്നിലല്ലാ–
തില്ല സന്തോഷം ജീവിതത്തിൽ
തിങ്ങി വിങ്ങുന്ന സങ്കടവും
എങ്ങും പഴിയും നിന്ദകളും ....എൻ

3 പ്രിയരെല്ലാം കൈവിടുമ്പോഴും
പ്രതികൂലമായി മാറിടുമ്പോഴും
പ്രാണപ്രിയാ ഈ ഏഴയാകും
പ്രാണിയെ നീയും കൈവിടുമോ? ....എൻ

4 നല്ലതല്ലാതൊന്നുമില്ല
നീ നൽകുമെല്ലാം നന്മയല്ലോ
നിത്യത തന്നിലെത്തുവോളം
നീ നടത്തെന്നെ നിൻ ഹിതം പോൽ ... എൻ

## 146

വന്ദനം യേശുപരാ! നിനക്കെന്നും വന്ദനമേശുപരാ!
വന്ദനം ചെയ്യുന്നു നിന്നടിയാർ തിരുനാമത്തി–
നാദരവായ്

1 ഇന്നു നിൻ സന്നിധിയിൽ അടിയാർകള
വന്നുചേരുവതിനായ്
തന്ന നിന്നുന്നതമാം കൃപക്കളിവന്ദനം ചെയ്തിടുന്നേ
... വന്ദനം

2 നിൻരുധിരമതിനാൽ പ്രതിഷ്ഠിച്ച ജീവപുതുവഴിയായ്
നിന്നടിയക്കു പിതാവിൻ സന്നിധൗ വന്നിടാമേ
സതതം ... വന്ദനം

3 ഇത്രമഹത്വമുള്ള പദവിയെ ഇപ്പുഴുക്കൾക്കരുളാൻ
പാത്രത യേതുമില്ല നിൻെറ കൃപയെത്ര വിചിത്രമഹോ
....വന്ദനം

4 വാനദൂതഗണങ്ങൾ മനോഹര ഗാനങ്ങളാൽ സതതം
ഊനമെന്യേ പുകഴ്ത്തി സ്തുതിക്കുന്ന വാനവനെ
നിനക്കു ... വന്ദന

5 മന്നരിൽ മന്നവൻ നീ മനുകുലത്തിനു രക്ഷാകരൻ നീ
മിന്നും പ്രഭാവമുള്ളോൻ പിതാവിനു സന്നിഭൻ
നീയല്ലയോ? ....വന്ദനം
6 നീയൊഴികെ ഞങ്ങൾക്കു സുരലോകെയാരുള്ള
ജീവനാഥാ!
നീയൊഴികെ ഇഹത്തിൽ മററാരുമില്ലാ
ഗ്രഹിപ്പാൻ പരനേ . ..വന്ദനം

147

കഷ്ടതയിൻ ചൂളയിൽ ശോധന ചെയ്യുന്നവൻ
പ്രതികൂലങ്ങളനവധിയിൽ നടത്തിടും തൻകരത്താൽ (2)
ആകാശമേ ഘോഷിക്കാ
ഭൂമിയേ നടുങ്ങിടുക (2)

ഭയപ്പെടേണ്ട ഒന്നും നീ നടുങ്ങിടേണ്ടാ എങ്ങും നീ
കൂടെയുണ്ടെന്നരുളിയല്ലോ യേശുനാഥനെന്നുമെന്നും (2)
... ആകാശമേ
ഹൃദയങ്ങൾ അറിയുന്നവൻ ദുഃഖസ്വരം കേൾക്കുന്നവൻ
വേദനകളിൻ മദ്ധ്യത്തിൽ ശുഭകാലം നൽകുന്നവൻ (2)
.. ആകാശമേ

148

ഉണർന്നിരിക്കും ഞാനുണർന്നിരിക്കും
യേശുവിനായ് കാത്തിരിക്കും
നാഥനാഗതനാകുന്ന നാൾവരെയും
അവനായ് ഞാൻ കാത്തിരിക്കും

കന്യകമാരുടെ കൈകളിലെ
കത്തുന്ന ദീപങ്ങൾ പോൽ
വിശ്വാസമാം കൈത്തിരിയുമായ്
യഹോവയ്ക്കായ് കാത്തിരിക്കും ... ഉണർന്നി

അടിത്തട്ടിലേകനായ് മയങ്ങീടുന്ന
മടിയനാം യോനായെപ്പോൽ
അലസനായ് നീ മയങ്ങിടാതെ
മണവാളനായ് കാത്തിരിക്ക ... ഉണർന്നി

149

എനിക്കായ് കരുതുന്ന നാഥനേ
നിനക്കായ് സ്തോത്രഗീതം പാടുമേ
എൻ ജീവനുള്ള നാളെല്ലാം

ക്രൂരിരുൾ പാതയിൽ ഞാൻ നടന്നപ്പോൾ
മെഴുകുതിരിയായ് നീ വെളിച്ചമേകി
ജീവിതത്തിൻ ഊടുപാതകളിൽ
നിൻ വചനങ്ങളെനിക്കാലംബമായ് ...എനി

കഷ്ടതകൾ സങ്കടങ്ങൾ പെരുകിയപ്പോൾ
നീതിമാനാം യോബെനിക്കു സാക്ഷിയായ്
വിശ്വാസ ജീവിതത്തിൻ ഓളങ്ങളിൽ
അബ്രഹാം പിതാവെനിക്കു വഴികാട്ടിയായ് .. എനി

ലോകത്തിൻ മോഹമെന്നെ പിടിച്ചപ്പോൾ
ഇമ്പമുള്ള കർത്തൃനാദം കാതിൽ വന്നല്ലോ
ലോകം മുഴുവൻ നേടിയാലും
ആത്മാവു നഷ്ടമായാൽ എന്തു പിന്നെ? ... എനി

150

യേശുവെപ്പോലെയാകുവാൻ യേശുവിൻ വാക്കു-
കാക്കുവാൻ
യേശുവെ നോക്കിജീവിപ്പാൻ ഇവയെകാംക്ഷിക്കുന്നുഞാൻ

ഉറപ്പിക്കെന്നെയെൻ നാഥാ നിറയ്ക്കുയെന്നെശുദ്ധാത്മാ
ക്രിസ്തൻ മഹത്വത്താലെ ഞാൻ മുററും നിറഞ്ഞു
ശോഭിപ്പാൻ

ശൈശവപ്രായ വീഴ്ചകൾ മോശയാലുള്ള താഴ്ചകൾ
നീക്കുക എല്ലാം നായകാ ഏകുക നിൻ സമ്പൂർണ്ണത
... ഉറപ്പി

പ്രാർത്ഥനയാൽ എപ്പോഴും ഞാൻ ജാഗരിച്ചു
പോരാടുവാൻ
നിൻെറ സഹായം നൽകുക എൻെറ മഹാപുരോഹിതാ
... ഉറപ്പി

വാഗ്ദത്തമാം നിക്ഷേപം ഞാൻ ആകെയെൻ
സ്വന്തമാക്കുവാൻ
പൂർണ്ണപ്രകാശം രക്ഷകാ പൂർണ്ണവിശ്വാസത്തേയും താ
... ഉറപ്പി

ഭീരുത്വത്താൽ അനേകരും തീരെ പിന്മാറി ഖേദിക്കും
ധീരത നൽകുകേശുവേ ധീരനാം സാക്ഷിയാക്കുക ..ഉറപ്പി

വാങ്ങുകയല്ല ഉത്തമം താങ്ങുക ഏറെ ശുദ്ധമാം
എന്നും നിന്നോടുകൂടെ ഞാൻ എണ്ണുവാൻ ജ്ഞാനം നല്കണം
... ഉറപ്പി

തേടുവാൻ നഷ്ടമായതും നേടുവാൻ ഭ്രഷ്ടമായതും
കണ്ണുനീർ വാർക്കും സ്നേഹം താ വന്നു നിൻ അഗ്നി
കത്തിക്ക ... ഉറപ്പി

കഷ്ടതയിലും പാടുവാൻ നഷ്ടമതിൽ കൊണ്ടാടുവാൻ
ശക്തി അരുളുക നാഥനെ ഭക്തിയിൽ പൂർണ്ണനാക്കുക
....ഉറപ്പി

യേശുവിൻ കൂടെ താഴുവാൻ യേശുവിൻ കൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ ഇവയെ
കാംക്ഷിക്കുന്നു ഞാൻ ... ഉറപ്പി

## 151 സാമൂഹ്യ നീതി

(ദൈവത്തിൻ പൈതങ്ങളാം രണ്ടുപേർ ....... എന്ന രീതി)

1 സാമൂഹ്യനീതിക്കായ് ദാഹിക്കും ലോകത്തെ
ആമോദമോടെ നാം കണ്ടിടേണം
ക്ഷാമവും ക്ഷേമവും രണ്ടായി കാണാതെ
ക്ഷാമമകററുവാൻ ക്ഷേമം നൽക

2 പാപവും വൈരവും സ്വാർത്ഥവിചാരവും
ആപത്തിലേക്കുള്ള മാർഗ്ഗമത്രെ
ഹാബേലിനെ കൊന്ന കായീന്റെ സ്വാർത്ഥത
ബാബേലിൽ ഭിന്നത കാഴ്ചവച്ചു

3 സൂര്യനും ചന്ദ്രനും നക്ഷത്രജാലവും
ആര്യനും ഹീനനും ഒന്നുപോലെ
വായുവും വെള്ളവും ഭൂമി മുഴുവനും
ആയുസ്സുള്ളോർക്കും ഒന്നുപോലെ

4 സമ്പന്നർ, വമ്പന്മാരെന്നൊരു കൂട്ടവും
സമ്പത്തില്ലാത്ത കുചേലന്മാരും
ദൈവത്തിൻ സൃഷ്ടിയോ പാപത്തിൻ സൃഷ്ടിയോ?
ദൈവത്തിൻ പൈതലേ ചിന്തിക്കേണം

5 ആത്മാവിൻ ദാനങ്ങൾ പ്രാപിച്ച കാലത്തു
ആത്മസ്നേഹത്താലെ നീതിവന്നു
കൂട്ടമായ് സൃഷ്ടിപ്പാൻ ശ്രമിച്ചു ചെയ്യായ്കയാൽ
നേട്ടങ്ങൾ തീർന്നപ്പോൾ ക്ഷാമമായി

6 സ്വാതന്ത്ര്യമുള്ളപ്പോൾ നീതിവരുത്തായ്കിൽ
സ്വാതന്ത്ര്യം കൈവിട്ടു ഭീതിവരും
സ്നേഹമാണുത്തമ നീതിക്കു പ്രേരണ
സ്നേഹാധിഷ്ഠിത ത്രിത്വംപോലെ

G.M.O.

## 152 ക്രൂശിലെ പരമാനന്ദം

(മരുവിലെൻെറ മണവാളനാം ... എന്ന രീതി)

ഞാനെനിക്കായ് ജീവിക്കുമ്പോൾ,
ഞാനാണെൻെറ കേന്ദ്രം
ഞാൻ നിനക്കായ് ജീവിക്കുമ്പോൾ
മാനവരെത്തേടും

1 ക്രൂശാണെൻെറ പരമാനന്ദം, ദേഹമില്ലാ ക്രൂശ്
ക്രൂശു ഭുവിൽ, ദേഹം സ്വർഗ്ഗേ, ക്ലേശമെല്ലാം മാററാൻ

2 ഖേദമുള്ള ലോകത്തിലെൻ മോദമാകുന്നീശോ
സാദരമെൻ പാപം പോക്കി സോദരർക്കയെച്ചു

3 ലോകരക്ഷ നിൻെറ വാഞ്ഛ, ശോകമററലോകം
ലോക പാപ-ശാപമേററ്, ലോകർക്കന്നെതാപം

4 പോകും ഞാനെൻ ദൈവപീഠേ, ആനന്ദാധിക്യത്താൽ
പാകുവാനായ് യേശുവേപ്പോൽ, ലോകരക്ഷയ്ക്കായി

5 ക്രൂശിൽത്തന്നെ ഈസ്റ്ററുണ്ട്, ദേഹമില്ലാ ക്രൂശിൽ
യേശുവിന്നായ് പാടിച്ചാകും സത്യരക്തസാക്ഷി

G.M.O.

## 153 ഒരു സംവാദം

(ബുദ്ധിയുള്ള മകൻ സ്വാർത്ഥനായ പിതാവിനെ
വാദിച്ചു തോൽപ്പിക്കുന്നു)

[ഈ പാട്ടിലെ ആദ്യത്തെ രണ്ടു വരികൾ കടമെടുത്തതാണ്]

മകൻ: അന്നു നാം കണ്ട അപ്പാലമുണ്ടാക്കിയോ-
ക്കെന്നുമീമട്ടടി കിട്ടുന്നുണ്ടോ?

പിതാ: പാലമുണ്ടാക്കിയാലാരടിക്കും നിന്നെ
ചേറു പുരട്ടി നീ തല്ലുവാങ്ങി

മകൻ: ചേറും ചെളിയും പുരട്ടാതെ പാലമൊ-
ന്നാരും നിർമ്മിച്ചതായ് കേട്ടിട്ടില്ല

പിതാ: എന്റെ കുഞ്ഞുങ്ങൾ വളർന്നീടും കാലത്ത്
താൻേറടമായ് പാലം കെട്ടിച്ചീടും

മകൻ: കണ്ട്രാക്റ്ററായാലും വേലക്കാരില്ലാതെ
പണ്ടെങ്ങാനും പാലം തീർത്തിട്ടുണ്ടോ?

പിതാ: ഭാഗ്യക്കുറി കിട്ടും എത്രയോ ധീരന്മാർ
ഭാഗ്യാതിരേകത്താൽ സമ്പന്നരായ്

മകൻ: അപ്പാ, ഇപ്പാപിയാമെന്നെച്ചതിക്കല്ലെ
അദ്ധ്വാനിക്കാതങ്ങു മീൻ പിടിക്കാൻ

പിതാ: മാനസികാദ്ധ്വാനം പോരെ നിനക്കെന്നും
ആനന്ദമായങ്ങു ജീവിക്കുവാൻ

മകൻ: ആത്മികം, ഭൗതികം രണ്ടായ്ത്തിരിക്കാതെ
ഭൗതികം ആത്മികമാക്കപ്പെച്ചാ

പിതാ: ഡോക്ടറായിത്തീരുക ശാസ്ത്രജ്ഞരാകുക
മാമക മക്കളെ നിങ്ങളെല്ലാം

മകൻ: കീറാതെ ശവമൊന്നും, ഡോക്ടറായിത്തീരുമോ
ശാസ്ത്രജ്ഞന്മാരെത്ര കഷ്ടപ്പെട്ടു?

പിതാ: നിന്നോടു വാദിപ്പാൻ ഞാനപ്രാപ്തൻ തന്നെ
നിന്നിഷ്ടം പോലങ്ങു ജീവിക്കുക

മകൻ: എന്നിഷ്ടം ഒന്നില്ല, ദൈവേഷ്ടം മാത്രം താൻ
എന്നിലും നമ്മിലും സാധിക്കട്ടെ

---

(സണ്ടേസ്കൂൾ കുട്ടികളെ പേറുപുരട്ടിയ കുട്ടിയായും നല്ല വസ്ത്ര മണിഞ്ഞ പിതാവായും വേഷം കെട്ടിച്ച് ഈ സംവാദം നടത്താവുന്നതാണ്.)

S.M.O.

## 154

യെരുശലേമെൻ ഇമ്പവീടെ–എപ്പോഴം ഞാൻ വന്നുചേരും
ധരണിയിലെ പാടും കേടും–എപ്പോഴം ഇങ്ങൊഴിയും

ചരണങ്ങൾ

1 ഭക്തരിൻ ഭാഗ്യതലമേ പരിമളസ്ഥലം നീയെ
ദുഃഖം വിചാരം പ്രയത്നം–നിങ്കലങ്ങില്ലേ ....യെരു

2 രാവും അന്ധകാരം വെയിൽ ശീതവുമങ്ങില്ലേ
ദീപതുല്യം ശുദ്ധരങ്ങു ശോഭിച്ചീടുന്നേ ....യെരു

3 രത്നങ്ങളല്ലോ നിന്മതിൽ പൊന്നും മാണിക്യങ്ങൾ
പന്ത്രണ്ടു നിൻ വാതിൽകളും–മിന്നും മുത്തല്ലോ ...യെരു

4 യെരുശലേമെൻ ഇമ്പവീടെ എന്നു ഞാൻ വന്നുചേരും
പരമരാജാവിൻ മഹത്വം–അരികിൽ കണ്ടീടും ..യെരു

5 ശ്രേഷ്ഠ നടക്കാവുകളും തോട്ടങ്ങളുമെല്ലാം
കാട്ടുവാനിണയില്ലാത്ത–കൂട്ടമരങ്ങൾ ....യെരു

6 ജീവനദി ഇമ്പശബ്ദം–മേവി അതിലൂടെ
പോവതും ഈരാറുവൃക്ഷം–നിൽപതും മോടി ... യെരു

7 ദൂതരും അങ്ങാർത്തു സദാ-സ്വരമണ്ഡലം പാടി
നാഥനെ കൊണ്ടാടിടുന്നു-ഗീതം മോടി ....യെരു

8 യെരുശലേമിൻ അധിപനീശോ-തിരുമുൻ ഞാൻ
സ്തുതി പാടാൻ
വരുംവരെയും അരികിൽ ഭവൻ-
ഇരിക്കേണം നാഥാ ....യെരു

155

എന്നിടം വരുവിൻ നരരേ
ഖിന്നതകൾ തീർക്കാനായ്
തന്നിടം ക്രിസ്തു വിളിക്കുന്നു
എന്നിടം വരുവിൻ നരരേ
വരുവിൻ വരുവിൻ വരുവിൻ വരുവിൻ

1 വരുവാൻ ക്രിസ്തു വിളിക്കുന്നു
തരുവാനാത്മ സമാധാനം
ധനവാന്മാർ നേതാക്കൾ
മനഃശാന്തി തരികില്ല ....എന്നിടം

2 യേശുക്രിസ്തു വിളിക്കുന്നു
പാപം മുററും പോക്കാനായ്
പാവനനാം തൻ നിണമാം
പാപത്തിൻ പരിഹാരം ....എന്നിടം

3 ക്രിസ്തു നിന്നെ വിളിക്കുന്നു
പുത്തൻ ഹൃദയം നൽകാനായ്
നിൻ ഹൃദയം മാറിടുമോ
ദൈവത്തിൻ മന്ദിരമായ് ....എന്നിടം

4 യേശുക്രിസ്തു വിളിക്കുന്നു
ക്ലേശം ഭാരം തീർക്കാനായ്
അവനിയിൽ നിൻ വിന തീർക്കാ-
നവനല്ലാതില്ലാരും ....എന്നിടം

156

നിൻ ദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു
യേശുവെ എൻ ദൈവമേ
നീ എന്നും മതിയായവൻ

1 യേശു എനിക്കു ചെയ്ത
നന്മകൾ ഓർത്തിടുമ്പോൾ
നന്ദികൊണ്ടെൻ മനം പാടിടുമേ
സ്തോത്രഗാനത്തിൻ പല്ലവികൾ ... യേശു

2 ദൈവമേ നിന്റെ സ്നേഹം
എത്രനാൾ തള്ളിനീക്കി
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ് .. യേശു

3 എൻ ജീവൻ പോയെന്നാലും
എനിക്കതിൽ ഭാരമില്ല
എന്റെ ആത്മാവിനു നിത്യജീവൻ
എന്നേശു താൻ ഒരുക്കിയല്ലോ ....യേശു

4 നിത്യത ഓർത്തിടുമ്പോൾ എൻ
ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയ സന്തോഷ ജീവിതം
വിശ്വാസ കണ്ണാൽ ഞാൻ കണ്ടിടുന്നു ... യേശു

157

യേശു എൻ ഉള്ളത്തിൽ വന്ന നാളിൽ
എന്തുമാററം വന്നു എന്നിൽ
തന്നെ ഞാനുള്ളത്തിൽ കൈക്കൊണ്ടതാലെ
എന്തു മോദം വന്നു എന്നിൽ

1 വൻവിനകൾ തൻ നടുവിൽ സഹായമേകി
എന്റെ പാപമെല്ലാം തന്മേലേററി
ക്രൂശിൽ തൻചോര എൻ പേർക്കായൂററി (2)
എന്തുമാററം വന്നു എന്നിൽ ....യേശു

2 ഇജ്ജഗത്തിൻ മാലിന്യങ്ങൾ നീക്കി മുററും
സ്വന്തമാക്കി എൻെറ പാപബന്ധം നീക്കി
തൻ പിതാവൊത്തു താൻ ബന്ധമേകി (2)
എന്തുമാററം വന്നു എന്നിൽ ....യേശു

3 പൊൻനിണം തന്നെൻ വിലയായ് വീണ്ടുകൊൾവാൻ
എന്നുമെന്നും ഞാനവൻേറതൊന്നു മാത്രം
ദേഹമെൻ ദേഹിയെന്നാത്മാവും (2)
എന്തുമാററം വന്നു എന്നിൽ ... യേശു

4 എൻ വഴിയിൽ ദുർഘടങ്ങൾ എല്ലാം നീങ്ങി
എൻെറയാശ എൻെറ ലാക്കും ഒന്നുമാത്രം
ഇല്ലിനി മൃത്യുവിൻ ഭീതിയെന്നിൽ (2)
എന്തുമാററം വന്നു എന്നിൽ ....യേശു

5 രാത്രികാലം തീർന്നിടാറായ് പ്രഭാതമെത്തി
പ്രഭാതതാരം യേശു വാനിൽ വന്നീടാറായി
എന്നുമെൻ ഗാനമിതൊന്നുമാത്രം (2)
എന്തുമാററം വന്നു എന്നിൽ ....യേശു

## 158

മൽപ്രിയനെ എന്നേശു നായകനെ
എപ്പോൾ വരും (2)

എൻ കണ്ണീർ തുടച്ചീടുവാൻ
അങ്ങയെ ആശ്ലേഷിപ്പാൻ
എന്നേശുവേ വാനമേഘേ വേഗം
വന്നീടണെ

മദ്ധ്യാകാശേ സ്വർഗ്ഗീയ ദൂതരുമായ് വന്നീടുമ്പോൾ
എനിക്കായ് മുറിവേററതാം
ആ പൊൻമുഖം മുത്തുവാൻ
വെള്ളത്തിനായ് കേഴുന്ന വേഴമ്പൽപോൽ
വാഞ്ഛരിക്കുന്നേ ... മൽപ്രിയനെ

വെള്ളവസ്ത്രം ധരിച്ചുവന്ന വിശുദ്ധസംഘമതിൽ
ചേർന്ന് തിരുസവിധെ വന്നു
ഹല്ലേലുയ്യാ പാടുവാൻ
ബുദ്ധിയുള്ള നിർമ്മലകന്യയെപ്പോൽ
ഒരുങ്ങുന്നേ ...മൽപ്രിയനെ

സൂര്യചന്ദ്ര താരങ്ങളെ കടന്ന് സ്വർഗ്ഗനാട്ടിൽ
ആ പളുങ്കു നദിതീരെ
ജീവവൃക്ഷത്തിൻ തണലിൽ
എൻ സ്വർഗ്ഗവീട്ടിൽ എത്തുവാൻ കൊതിച്ചിടുന്നേ
എൻ മണാളാ ....മൽപ്രിയനെ

159

നല്ലവൻ യേശു നല്ലവൻ
നാളുംതോറും നടത്തുന്നവൻ
എന്റെ കഷ്ടതയിലും നല്ലവൻ (2)

1 അന്ധത എന്നെ മൂടുമ്പോൾ
നിൻ പ്രഭ എന്മേലുദിക്കും (2)
കൂരിരുൾ താഴ്‌വര എത്തുമ്പോൾ
കൂടെ വന്നിരിക്കും കൂട്ടിനായ് (2) ...നല്ലവൻ

2 രോഗശയ്യയിൽ ഞാൻ എത്തുമ്പോൾ
ഞാനവൻ നാമം വിളിക്കും (2)
എൻ കണ്ണിലെ കണ്ണുനീരെല്ലാം
പൊൻകരത്താൽ താൻ തുടയ്ക്കും (2) ....നല്ലവൻ

3 കഷ്ടകാലത്തു വിളിച്ചാൽ
നിശ്ചയം ചാരത്തണയും (2)
പാരിലെ ക്ലേശങ്ങൾ മറന്ന്
പാടിടും ഞാൻ ഹല്ലേലുയ്യാ (2) ...നല്ലവൻ

## 160 പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പുസ്തകങ്ങൾ

[വഞ്ചിപ്പാട്ടിൻെറ രീതി]

പഴയനിയമം:

1 ഉല്പത്തിപുസ്തകം പുറപ്പാട് ലേവ്യ സംഖ്യയും
ആവർത്തനം യോശുവയും-ന്യായാധിപരും

2 രൂത്തും ശമുവേലിൻ പുസ്ത-കങ്ങൾ രണ്ടു ഭാഗങ്ങളും
അപ്രകാരം രാജാക്കന്മാർ-ദിനവൃത്താന്തം

3 എസ്രാനഹെമ്യാവും എസ്ഥേർ-യോബും
സങ്കീർത്തനങ്ങളും
സദൃശം സഭാപ്രസംഗി-ഉത്തമഗീതം

4 യെശയ്യാ യിരെമ്മിയാവും-വിലാപങ്ങൾ
യെഹസ്കിയേൽ
ദാനിയേൽ ഹോശായ യോവേൽ-ആമോസോബേദ്യ

5 യോനായും മീഖയും നാഹും-ഹബക്കൂക്കുംസഫന്യാവും
ഹഗ്ഗായി സെഖരിയാവും-മലാഖി താനും

6 പഴയനിയമം തന്നിൽ ലിഖിതമാം പുസ്തകങ്ങൾ
മുപ്പത്തിയൊൻപതുമേവം-സമാപ്തിയായി

പുതിയനിയമം:

1 മത്തായി മർക്കോസ് ലൂക്കോസ്
യോഹന്നാനപ്പോസ്തലരിൻ
പ്രവൃത്തികൾ റോമരും കോരിന്ത്യരിൻ രണ്ടും

2 ഗലാത്യരെഫേസ്യർ ഫിലിപ്പിയർ കോലോസ്യരും
പിന്നെ
രണ്ടു തെസ്സലോനിക്യരും--തിമോഥെയോസും

3 തീത്തോസ് ഫിലേമോനെബ്രായ-യാക്കോബിൻ
ലേഖനമത്രേ
രണ്ടു പത്രോസ് യോഹന്നാനോ-മൂന്നതാണല്ലോ

4 യൂദായിൻ ലേഖനം യോഹന്നാനിൻ
വെളിപാടുമായാൽ
ഇരുപത്തിയേഴുമേവം സമാപ്തിയായി

G.M.O.

161

(സ്നേഹമേ ക്രൂശിൻ സ്നേഹമേ . . . . . എന്ന രീതി)

കാൽവറി ക്രൂശിലെ സ്നേഹമേ
എന്നെ വീണ്ടെടുത്ത മഹൽ സ്നേഹമേ
പൊന്നു മാർവ്വിലണച്ചിടും സ്നേഹമേ
എൻെറ കണ്ണുനീർ തുടച്ചിടും സ്നേഹമേ

1 പ്രേമപരിമളക്കുന്നിലെ
എൻെറ പ്രിയനുമായുള്ള വാസമേ
ഞാൻ ഓർത്തിടും തോറുമെൻ മാനസം
തുള്ളിടുന്നേ അതിമോദമായ് ....കാൽവറി

2 നാട്ടുകാർ വീട്ടുകാർ കൂട്ടമായ്
എന്നെ നിന്ദപരിഹാസം ചൊല്ലുമ്പോൾ
ഞാൻ ഓർത്തീടുമേ എൻെറ പ്രിയൻെറ
പുഞ്ചിരി തൂകുമാ പൊൻമുഖം ....കാൽവറി

3 ക്രിസ്തുവിൻ സ്നേഹത്തിൽ നിന്നു ഞാൻ
പിന്മാറി പോകാതിരിക്കുവാൻ
സ്നേഹത്തിൻ ചങ്ങലയാലെന്നെ
മാർവോടണച്ചേശു രക്ഷകൻ ... കാൽവറി

162

സീയോൻ യാത്രയതിൽ
മനമേ ഭയമൊന്നും വേണ്ടിനിയും

അബ്രഹാമിൻ ദൈവം
ഇസഹാക്കിൻ ദൈവം
യാക്കോബിൻ ദൈവം
കൂടെയുള്ളതാൽ (2)

1 ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായി തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായി വാണിടുന്നു ....അബ്രഹാമിൻ

2 ലോകത്തിൻ ആശ്രയമോ
ഇനി വേണ്ടാ നിശ്ചയമായ്
ദൈവത്തിൽ ആശ്രയമോ
അതു ഒന്നാണെനിക്കഭയം ....അബ്രഹാമിൻ

3 ഒന്നിനെക്കുറിച്ചിനിയും
എനിക്കാകുല ചിന്തയില്ല
ജീവമന്നാ തന്നവൻ എന്നും
ക്ഷേമമായി പാലിക്കുന്നു ....അബ്രഹാമിൻ

163

അക്കരെയ്ക്കു യാത്രചെയ്യും സീയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ടാ
കാററിനെയും കടലിനെയും നിയന്ത്രിപ്പാൻ
കഴിവുള്ളോൻ പടകിലുണ്ട് (2) ....അക്കര

1 വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടുവലിച്ചു നീ വലഞ്ഞീടുമ്പോൾ
ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത് ....അക്കര

2 എൻെറ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരെയാണേ എൻെറ ശാശ്വതനാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട് ....അക്കര

3 കുഞ്ഞാടതിൻ വിളക്കാണേ
ഇരുളൊരു ലേശവുമവിടെയില്ല
തരുമെനിക്കു കിരീടമൊന്ന്
ധരിപ്പിക്കുമെന്നെ ഉത്സവവസ്ത്രം ....അക്കര

164

വിശ്വപ്രകാശമാണു ഞാൻ
വിണ്ണിൻ പ്രതീകമാണു ഞാൻ
മണ്ണിന്റെ മക്കളെ പ്രാണൻ പകരുന്ന
വിണ്ണിൻ വെളിച്ചമാണു ഞാൻ (2)

1 തിന്മതൻ ക്രൂരിരുൾ തിങ്ങുന്ന ഭൂമിയിൽ
നന്മതൻ പൊൻകതിർ തേടുവോരേ (2)
ജീവന്റെ പൂവാടി നല്കിടാം നിങ്ങളെൻ
കാലടിപ്പാതകൾ പിന്തുടർന്നാൽ ....വിശ്വ

2 മൃത്യുവിൻ താഴ്‌വര ദൂരെയുണരുന്ന
മർത്ത്യരെ നിങ്ങളുണർന്നെണീപ്പിൻ (2)
സ്വർഗ്ഗരാജ്യത്തിന്റെ മക്കളെ സ്വാതന്ത്ര്യം
ഉൾക്കനിവോടേകും രക്ഷകൻ താൻ ....വിശ്വ

165

സമ്പന്നനാം ദൈവം തരുന്നൊരു
സമ്പാദ്യം മാത്രം സന്തുഷ്ടിയേകും (2)

1 അന്യായ ലാഭധനവും
ആഡംബരമോഹവും
ആകർഷിച്ചീടുകിൽ ഓർത്തിടുമേ ഞാൻ
ജീവന്റെ ആധാരം സമ്പാദ്യമോ? (2) ..സമ്പന്നനാം

2 ഈ ലോക ധനസുഖങ്ങൾ
മാടി വിളിച്ചീടുകിൽ
ജഡത്തിൻ രാഗങ്ങൾ ക്രൂശിച്ച നിത്യവും
ധനത്തിൻ മോഹത്തെ ജയിച്ചീടുമേ (2)
....സമ്പന്നനാം

3 എല്ലാവിധ ദോഷവും
ദ്രവ്യാഗ്രഹം മൂലമേ
ഭൗതികനേട്ടങ്ങൾ ദാനമെന്നോർത്തു നാം
സ്നേഹത്തിൻ ആത്മാവിൽ പങ്കുവയ്ക്കാം (2)
....സമ്പന്നനാം

166

അന്യോന്യം സ്നേഹിക്കുവീൻ, നിങ്ങൾ
അന്യോന്യം സ്നേഹിക്കുവീൻ
സ്നേഹിച്ച ജീവൻ തന്നവൻ ക്രിസ്തു
സ്നേഹമായ് ഓതുന്നിതാ (2) ..അന്യോന്യം

1 അന്യർതൻ ദുഃഖത്തിൽ പങ്കുചേർന്നിടണം
ആർദ്രത കാട്ടീടണം
ഉള്ളതിൻ പങ്കു നാം അഗതികൾക്കായ്
അറിഞ്ഞു നൽകണം മടിച്ചിടാതെ ....അന്യോന്യം

2 ദൈവത്തിൻ നൽസ്നേഹം ഉള്ളിലുള്ളോരുമേ
ആരോടും കോപിക്കില്ല
എല്ലാം സഹിക്കുവാൻ, ക്ഷമിച്ചിടുവാൻ
ശ്രീയേശു നമ്മളോടോതിയല്ലോ ....അന്യോന്യം

3 അയൽക്കാരെ നമ്മൾ സ്നേഹിക്കാതെങ്ങനെ
ദൈവത്തെ സ്നേഹിച്ചീടും
ക്രിസ്തുവിൻ താഴ്മ നാം ധരിച്ചീടണം
എളിയവരെ നാം മാനിക്കണം ....അന്യോന്യം

167

1 ജയം ജയം ഹല്ലേലുയ്യാ ജയം ജയം എപ്പോഴും
യേശുനാഥൻ നാമത്തിനു ജയം ജയം എപ്പോഴും

2 പാപത്തെയും രോഗത്തേയും ക്രൂശിന്മേൽ താൻ വഹിച്ചു
സാത്താനേയും സൈന്യത്തെയും കാൽവറിയിൽ
തോൽപ്പിച്ചു

3 ശത്രുഗണം ഒന്നാകവെ ചെങ്കടലിൽ മുങ്ങിപ്പോയി
വൈരിയുടെ എതിർപ്പുകൾ ഫലിക്കയില്ലിനിമേൽ

4 വാദ്യഘോഷങ്ങളോടു നാം ജയത്തിന്റെ പാട്ടുകൾ
ആഘോഷമായ് പാടീടുക ശുദ്ധിമാന്മാർ സഭയിൽ

4 രക്തംകൊണ്ടു മുദ്രയിടപ്പെട്ട ജനം ഒന്നിച്ചു
കാഹളങ്ങൾ ഊതിടുമ്പോൾ ഭൂതലം വിറയ്ക്കുമേ

6 തകർക്കുന്ന രാജരാജൻ സൈന്യത്തിൻെറ മുമ്പിലായ്
നായകനായുള്ളതിനാൽ ജയം ജയം നിശ്ചയം

7 ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ജയമേ
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ആമ്മേൻ

## 168

പല്ലവി

പൊന്നേശു തമ്പുരാൻ നല്ലോരു രക്ഷകൻ
എന്നെ സ്നേഹിച്ചു തൻ ജീവൻ വച്ചു

ചരണങ്ങൾ

1 സ്വർഗ്ഗസിംഹാസനം താതൻെറ മാർവ്വതും
ദൂതന്മാർ സേവയും വിട്ടെൻപേർക്കായ്
ദാസനെപ്പോലവൻ ജീവിച്ചു പാപിയെൻ
ശാപം ശിരസ്സതിലേററിടുവാൻ

2 തള്ളയെപ്പോൽ നമുക്കുള്ളോരു രക്ഷകൻ
കൊള്ളക്കാരൻപോലെ ക്രൂശിൽ തൂങ്ങി
ഉള്ളമുരുകുന്നെൻ ചങ്കു തകരുന്നെൻ
കണ്ണു നിറയുന്നെൻ രക്ഷകനെ

3 എന്തൊരു സ്നേഹമീ സാധുവെ ഓർത്തു നീ
സന്താപസാഗരം തന്നിൽ വീണു
എന്നെ വിളിച്ചു നീ എന്നെ എടുത്തു നി
ന്നോമനപ്പൈതലായ് തീർക്കേണമേ

4 പാപം പെരുകിയ സ്ഥാനത്തു കൃപയും
ഏററം പെരുകിയതാശ്ചര്യമെ
പാപിയിൽ പ്രധാനിയായിരുന്ന ഞാനും
സ്നേഹത്തിൽ പുത്രൻെറ രാജ്യത്തിലായ്

5 ഭൂലോകമായയിൽ മോഹം പതിച്ചെൻെറ
കാലം പാഴിൽ കളഞ്ഞീടാതെന്നിൽ
സ്വർലോക രാജ്യത്തിൽ തങ്കക്കിരീടത്തി–
ലുല്ലാസമേകണേ പൊന്നേശുവേ

6 പാപം ചെയ്യാതെന്നെ കാവൽ ചെയ്തീടുവാൻ
സർവ്വേശനെ കയ്യിലേല്പിക്കുന്നു
രാപ്പകൽ നീയെന്നെ വീഴ്ചയിൽ നിന്നെൻെറ
സ്വപ്നത്തിലും കൂടെ കാക്കണമെ

7 കർത്താവു വേഗത്തിൽ മേഘങ്ങളിൽ കോടി–
ദൂതന്മാരാർപ്പുമായ് വന്നീടുമ്പോൾ
എന്നിൽ കനിഞ്ഞെന്നെ മാർവ്വോടണച്ചെൻെറ
സങ്കടം തീർക്കണം രക്ഷകനെ

169

1 മൺമയമാം ഈ ഉലകിൽ കാണ്മതും മായ
വൻമഹിമ ധനം സുഖങ്ങൾ സകലതും മായ

2 മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ
ഇന്നു കണ്ടു നാളെ വാടും പൂക്കളെപ്പോലെ

3 ധാന്യംധനം ലാഭം കീർത്തി ഹാ! നഷ്ടമാകും
മാന്യമിത്രരാകെ നമ്മെ പിരിഞ്ഞിനി പോകും

4 എഴുപതോ ഏറെയായാലെൺപതു മാത്രം
നീളമായുസ്സതു നിനച്ചാൽ കഷ്ടത മാത്രം

5 ലോകമരുഭൂവിൽ മർത്ത്യരാശ്രയം തേടി
ശോകക്കൊടും വെയിലിലിലയ്യോ! വീഴുന്നു വാടി

6 ദൈവമക്കൾ നമുക്കു സ്വർഗ്ഗം ഹാ! സ്വന്തദേശം
കേവലമീപാരിടമോ വെറും പരദേശം

170 പല്ലവി

ആശ്വാസമെ എനിക്കേറെ തിങ്ങീടുന്നു
വിശ്വാസക്കണ്ണാൽ ഞാൻ നോക്കീടുമ്പോൾ

അനുപല്ലവി

സ്നേഹമേറീടുമെൻ രക്ഷകൻ സന്നിധൗ
ആനന്ദക്കൂട്ടരെ കാണുന്നല്ലോ

ചരണങ്ങൾ

1 ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ
ചുററും നിന്നു സ്തുതി ചെയ്തീടുന്നു
തങ്കത്തിരുമുഖം കാണാൻ കൊതിച്ചവർ
ഉല്ലാസമോടിതാ നോക്കീടുന്നു

2 തൻമക്കളിൻ കണ്ണുനീരെല്ലാം താതൻ താൻ
എന്നേക്കുമായി തുടച്ചിതല്ലൊ
പൊൻവീണകൾ ധരിച്ചാമോദപൂർണ്ണരായ്
കർത്താവിനെ സ്തുതി ചെയ്യുന്നവർ

3 കുഞ്ഞാടിൻെറ രക്തം തന്നിൽ തങ്ങൾ അങ്കി
തന്നായ് വെളുപ്പിച്ച കൂട്ടരിവർ
പൂർണ്ണവിശുദ്ധരായ് തീർന്നവരേശുവിൻ
തങ്കരുധിരത്തിൻ ശക്തിയാലെ

4 തങ്കക്കിരീടങ്ങൾ തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധരിച്ചോരിവർ
കയ്യിൽ കുരുത്തോലയേന്തീട്ടവർ സ്തുതി
പാടീട്ടാനന്ദമോടാർത്തീടുന്നു

5 ചേർന്നിടുമേ വേഗം ഞാനും ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ എനിക്കൊന്നും വേണ്ടാ
എൻെറ നാഥൻെറ സന്നിധൗ ചേർന്നാൽ മതി

6 കർത്താവെ! വിശ്വാസപ്പോരിൽ തോൽക്കാതെന്നെ
അവസാനത്തോളം നീ നിർത്തേണമെ
ആകാശമേഘത്തിൽ കാഹളനാദത്തിൽ
അടിയനും നിൻ മുന്നിൽ കാണേണമെ

171

1 ഉയർത്തീടും ഞാൻ എൻെറകൺകൾ തുണയരുളും
വൻഗിരിയിൽ
എൻ സഹായം വാനംഭൂമി–അഖിലം വാഴും
യഹോവയിൽ

2 യിസ്രയേലിൻ കാവൽക്കാരൻ–നിദ്രഭാരം തൂങ്ങുന്നില്ല
യഹോവയെൻ പാലകൻതാൻ ഇല്ലെനിക്കു
ഖേദമൊട്ടും

3 ശത്രുഭയം നീക്കിയെന്നെ മാത്രതോറും കാത്തിടുന്നു
നീതിയിൻ സൽപാതകളിൽ നിത്യവും നടത്തിടുന്നു

4 ശോഭയേറും സ്വർപ്പുരിയിൻ തീരമതിൽ
ചേർത്തീടുന്നു
ശോഭിതപുരത്തിൻ വാതിൽ എൻമുൻപിൽ ഞാൻ
കണ്ടിടുന്നു

5 വാനസേന ഗാനം പാടിവാണിടുന്നു സ്വർഗ്ഗസീയോൻ
ധ്യാനിച്ചിടും നേരമെൻെറ മാനസം മോദിച്ചിടുന്നു

## 172 ത്രീയേക ദൈവം ഏവർക്കും

(ശ്രീയേശു നാമം ....എന്ന രീതി)

1 ത്രിയേക ദൈവം, എല്ലാവർക്കും ദൈവം ഹിന്ദുവിനും
മുസൽമാനും
ശ്രീയാർന്ന ദൈവം, സ്നേഹാബ്ധി തന്നെ, നിത്യസത്യ
സ്നേഹരൂപി....ത്രിയേക

2 വേർപാടു മാററും, ഭിന്നതകൾ നീക്കും-ലോകമെല്ലാം
ഏകമാക്കും
ദുർമോഹം മാററി, സ്വാർത്ഥതകൾ നീക്കി,
ധർമ്മമെല്ലാമൊന്നായ്ത്തീരും....ത്രിയേക

3 എല്ലാ ജാതിയേയും ശിഷ്യരാക്കും ലോഗോസ്
യേശുവായി രൂപപ്പെട്ടു
ദുർലാഭമോഹം കൂടാത്ത ത്യാഗം, ലോകം കാണ്മാൻ
കേന്ദ്രമായി....ത്രിയേക

4 റൂഹായിൻ ശക്തി, ലോകമാകെയുണ്ട്, ശത്രുവിനെ
മിത്രമാക്കാൻ
ശ്ലീഹന്മാരായി ദൂതുഘോഷിക്കുന്നു,
സ്നേഹിതരായ്ത്തീർന്നിടേണം ...ത്രിയേക

5 മാററമില്ലാ ദൈവം, മാററമുള്ളലോകെ, സ്നേഹമാന്ന
നീതിയത്രെ
കാററുപോലെ വീശി സ്നേഹാഗ്നി കൂട്ടി-
ലോകമാകെ സ്വർഗ്ഗമാക്കാൻ... ത്രിയേക

G.M.O.

## 173

വരുവിൻ ഈ നല്ല സമയം വൃഥാവാക്കാതെ
നിന്നെ യേശു വിളിച്ചീടുന്നു

വാഴ്‌വിൻനാളെല്ലാം വീൺനാളായ്
ഭാരത്തോടെ നീ കഴിക്കുകയോ
വന്നുടൻ പാദം തേടിടുകിൽ
വിണ്ണതിൽ നിന്നെ ചേർത്തീടുമേ ...വരുവിൻ

കെട്ടിയ വീടും നിലംപൊരുളും
കണ്ടിടും ഉററോർ ഉടയവരും
കൂടുവിട്ടു നിൻജീവൻ പോയാൽ
കൂടെ വരാതെ വേർപെടുമേ ...വരുവിൻ

ഉലകം മായ അഴകും സമം
അതു നമ്പാതെ മയക്കും നിന്നെ
മരണം ഒരുനാൾ വന്നിടുമെ
മറക്കാതേ നിൻ രക്ഷകനെ ....വരുവിൻ

വാനത്തിൻ കീഴെ ഭൂമിമീതെ
വാനവനേശു നാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല
രക്ഷകനേശു തൻ വഴിയെ ....വരുവിൻ

തീരാത്ത പാപം വ്യാധിയേയും
മാറാത്ത എല്ലാ ബലഹീനവും
ഘോരകുരിശിൽ ചുമന്നു, നിന്നെ
സൗഖ്യമാക്കി തൻ അടിപ്പിണരാൽ ....വരുവിൻ

സത്യവചനം കേട്ട നീ വാ
നിത്യജീവൻ നിനക്കേകിടുമേ
നിൻപേരും ജീവപുസ്തകത്തിൽ
ഉണ്മയായ് ഇന്നു എഴുതിടുമേ ....വരുവിൻ

174

പരലോക വിഭോചര ആത്മഗുരോ
മഹനീയ ചടാശയ മാന്യ ഗുണിൻ
ധരണീവരദായക ദാനധനിൻ
വിജയീഭവ ശോഭിത വിശ്വപതേ

വിവിഭ്രുതഗുണാതിപ ധീരമതേ
ഭുവിശാശഭയങ്കര മുക്തികൃതേ
ഭുവിഗജ്ജന രക്ഷക ഭ്രുതയതേ
പരിപാലയമാം ഘനമോക്ഷപതേ

ഭയനീയ ജനാവന മോദസുതിൻ
ദുരിതാളില വിക്ര പവിത്രകൃതേ
അതിപാപ ജനോദ്ധരണൈകമതേ
ജനരക്ഷക നാമക പുണ്യകൃതേ

വിനായേശു നാഥം നനാതോ നനാഥാ ...
താതാ യേശു നാദം സ്മരാമി സ്മരാമി....
പ്രഭേ, യേശുനാഥ പ്രതീതാ പ്രതീതാ....
പ്രിയം യേശുനാഥ പ്രയക്ഷപ്രയക്ഷ

ആജ്ഞാനി നാമായ ദോഷാനശേഷാം വിചിതാം
പ്രഭോ ... (2)
ശമതത്തം ശമതത്തം പരമാർത്ഥ മഹാനിധേ.... (2)

175

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീയറിയുന്നു

1 ആദ്യന്തൂററാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിലെന്നപോൽ ആത്മാവേ
അധികബലം തരണേ

2 ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താൻെറ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടെ നിൻ സേവ ചെയ്യാൻ
അഭിഷേകം ചെയ്തിടണേ

3 കൃപകളും വരങ്ങളും ജ്വലിച്ചിടുവാൻ
ഞങ്ങൾ വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
വിൺമഴയെ വീണ്ടുമയയ്ക്കണമേ
നിൻ ജനമുണർന്നീടുവാൻ

176

പല്ലവി

കരുണരസരാശേ കർത്താവേ
കരളലിയേണം പ്രഭോ (2)

അനുപല്ലവി

യേശുമഹേശാ ശാശ്വതനാഥാ
ആശിഷമാരി നൽകണം ദേവാ ....കരുണ

1 തിരുമൊഴിയാലീ ജഗമഖിലംനീ
രചിച്ചദേവാ പരമേശാ
തിരുസവിധേ സ്തുതിഗാനം പാടും
അടിയങ്ങളെ നീ അനുഗ്രഹിക്ക ....കരുണ

2 തിരുവചനം ഇന്നാഴമായ് നൽകി
ഉള്ളങ്ങളെ നീ ഉണർത്തണമേ
ആയിരമായിരം പാപികൾ മനമിന്നു്
ഒരുക്കണമേ അങ്ങേ സ്വീകരിപ്പാൻ ....കരുണ

## 177 ക്രിസ്തീയ ദൗത്യം

ക്രിസ്തീയ ദൗത്യം ലോകത്തെയെല്ലാം
ത്രിത്വത്തിലേകമാക്കാൻ
ക്രിസ്ത്യാനിയെന്നോ ക്രിസ്ത്യേതരനെന്നോ
പേർമാററഭിത്തിയില്ല

ക്രിസ്തുവിൻ രാജ്യം ദൈവത്തിൻ രാജ്യം
നീതിവസിക്കും രാജ്യം
ക്രിസ്തുവിന്നിഷ്ടം എല്ലനേരത്തും
നാമെല്ലാം ചെയ്തിടേണം

1 സ്നേഹത്തിൽ സാഗരെ മോഹമാം ഭിത്തികൾ
യേശുതാൻ നീക്കിത്തന്നു
സ്നേഹത്തിൽ നിത്യനാം ത്രിത്വമാം ദൈവം
എവർക്കും ഏകൻ തന്നെ ... ക്രിസ്തുവിൻരാജ്യം

2 അദ്വൈതം ദൈവം ത്രിമൂർത്തിയെല്ലാം
ത്രിത്വത്തെ വാഞ്ഛിക്കുന്നു
വൈരുദ്ധ്യമെല്ലാം ഏകത്വമാക്കും
ത്രിത്വത്തിൻ പൂർണ്ണതയിൽ ... ക്രിസ്തുവിൻരാജ്യം

3 കാലസമ്പൂർണ്ണത വന്നു വന്നീടും
സ്നേഹത്തിൽ ഒന്നാകുമ്പോൾ
കാലാതീതൻ മർത്ത്യനായ് മരിച്ചെന്നു
സ്നേഹത്താൽ കാണിക്കുമ്പോൾ ...ക്രിസ്തുവിൻരാജ്യം

4 സ്നേഹത്തിൻ പാത ത്രിത്വത്തിൻ മാതൃക
പങ്കിടും ദിവ്യസ്നേഹം
റൂഹ്ക്കുദിശായ്ക്കായി ശോഭിക്കും സ്നേഹം
സന്തോഷം ശാന്തിതന്നെ ...ക്രിസ്തുവിൻ രാജ്യം

5 ദീർഘക്ഷമയും കാരുണ്യവായ്പും
റൂഹായിൻ മാർഗ്ഗം തന്നെ
പങ്കിടുമെല്ലാം വിശ്വസ്തമായി
ഇന്ദ്രിയനിഗ്രഹത്താൽ ....ക്രിസ്തുവിൻ രാജ്യം

6 രാജാധിരാജാവാം യേശുമഹേശാ
നിൻഹിതം കാണിക്കേണം
ഭൂജാതിയെല്ലാം ഏകമായീടുന്ന
മാർഗ്ഗം നീ കാട്ടിത്തന്നു ... ക്രിസ്തുവിൻ രാജ്യം

7 ജാതിവ്യത്യാസം വർണ്ണവ്യത്യാസം
സ്നേഹത്താൽ മാററിത്തന്നു
ഭ്രാതാക്കളെപ്പോലെ മാനവരാകുവാൻ
സ്വാതന്ത്രത മാററിടേണം ....ക്രിസ്തുവിൻ രാജ്യം

8 ക്രിസ്തുവിൻ പാത ലോകത്തിൻ പാത
വേഗത്തിലായിടേണം
ക്രിസ്തുവിൻ നാമം ലോകത്തിൻ ദീപം
ലോകത്തെ കാണിക്കേണം ... ക്രിസ്തുവിൻ രാജ്യം

GMO

## 178

പ്രാർത്ഥനകേൾക്കും പ്രാണപ്രിയനെ
യാതൊന്നുംവേണ്ട നീ മതി
പ്രാർത്ഥിപ്പാനേകയാഗ്രഹം
നിൻെറ രാജ്യം ഭൂവിലുമാകണം

യേശുവേ എൻെറ ഹൃദയം
നിൻെറ രാജധാനിയായ് തീരണേ
ആശിഷം നൽകി കേടുകൾ പോക്കി
രാജാവായങ്ങു വാഴണേ

ശൂലേമി തൻെറ പ്രാണപ്രിയൻെറ
സൗന്ദര്യം കണ്ട മാത്രയിൽ
സോളമൻ വേണ്ട കൊട്ടാരംവേണ്ട
ജീവദാതാവാം നീ മതി

മാമോദീസായാൽ നീയെന്നെ ചേർത്തു
ആമോദം നൽകീയെങ്കിലും
നാമമാത്രമായ് നിന്നെ സ്നേഹിച്ച
പാപിയാമെന്നെ തള്ളല്ലേ

ലോക സ്നേഹമോ പാപവാഞ്ചയോ
എൻ ഹൃദയത്തിലായെന്നാൽ
മൂകനായ് ദൂരെനിൽക്കാതെ
എന്നെത്തേടി നീവന്നു രക്ഷിക്ക

സാത്താൻ ദൂരവെ പോകുമ്പോഴും
അന്തർഭാഗത്തങ്ങു ഭരിക്കായ്കിൽ
അന്തർവ്യാപിയായ് നീയില്ലെങ്കിലോ
സാത്താനേഴുമായ് വന്നീടും

GMO

179

ത്രിത്വനാമം ഏക നാമം
ലോകമാകെ ഏകമാക്കാൻ
ആരീസത്യം ലോകരോടു ചൊല്ലിടും
തത്വശാസ്ത്രം മാത്രംപോരാ ലോകിന്

മോഹമാർഗ്ഗം ശാപമാർഗ്ഗം
ലോകഹിംസയ്ക്കേക മാർഗ്ഗം
ആരീദുഃഖസത്യം ഓർക്കുന്നു
സ്നേഹമല്ലോ ഏകത്വത്തിൻ സാരാംശം

പാപമാർഗ്ഗം സ്വാർത്ഥമാർഗ്ഗം
താഴുവാൻ തുണയ്ക്കും മാർഗ്ഗം
ലോകമാകെ മാഫിയായി മാറുന്നു
കോപം കൊണ്ടു ഹിംസകൾ നടത്തുന്നു

ത്രിത്വമാർഗ്ഗം സ്നേഹമാർഗ്ഗം
ഭിന്നതകൾ തീർക്കും മാർഗ്ഗം
ഒന്നും രണ്ടും മൂന്നുമൊന്നായ് തീരുന്നു
ത്രിത്വമോഡൽ ലോകമെന്നും കാണട്ടെ

സാഹോദര്യം വേണമെങ്കിൽ
ഏക താതൻ വേണമല്ലോ
വേറെ വേറെ ദൈവമില്ല നിശ്ചയം
ത്രിത്വദൈവം ഏക ദൈവം ഏവർക്കും

പങ്കിടാത്ത സ്നേഹമാർഗ്ഗം
ദൈവമാർഗ്ഗമല്ലതന്നെ
പങ്കിടുന്ന ദൈവമക്കൾ കർത്തൻെറ
പങ്കിടാത്ത മർത്ത്യമക്കൾ സാത്താൻെറ

ജാതിനോക്കിപ്പങ്കിടാതെ
നീതിനോക്കി പങ്കിടേണം
നോർത്തും സൗത്തും പങ്കിടേണ്ട കാലമായ്
ത്രിത്വ ദൈവം ഏവരോടും ചൊല്ലുന്നു

GMO

180

പാടിപുകഴ്ത്തിടാം ദേവദേവനെ
പുതിയതാം കൃപകളോടെ
ഇന്നലെയും ഇന്നും എന്നും മാറാ യേശുവെ
നാം പാടിപ്പുകഴ്ത്താം

യേശു എന്ന നാമമേ എന്നാത്മാവിൻ ഗീതമേ
എൻ പ്രിയ യേശുവേ ഞാൻ എന്നും
വാഴ്ത്തിപ്പുകഴ്ത്തിടുമേ (2)

2 ഘോര ഭയങ്കര കാററും അലയും
കൊടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്തു മാർവ്വോടണച്ച
സ്നേഹം നിത്യം പാടും ഞാൻ ....യേശു

3 പെററതള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്ന വാർത്തയാൽ
താഴ്ത്തി എന്നെ തൻ കരത്തിൽ വച്ചു
ജീവപാതേ എന്നും ഓടും ഞാൻ ....യേശു

4 ഭൂമിയെങ്ങും പോയി സാക്ഷി
ചൊല്ലുവിൻ എന്നുരച്ച കല്പനയാൽ
ദേഹം ദേഹിയെല്ലാം ഒന്നായ്
ചേർന്നു പ്രിയനായി വേലചെയ്യും ഞാൻ ....യേശു

5 യോർദ്ദാൻ സമ മനഃശോധനയിലും
താണുവീണുപോകാതെ
ആർപ്പിൻ ജയധ്വനിയോടും
കാത്തുപാലിക്കുന്ന സ്നേഹമാശ്ചര്യം ....യേശു

181

1 അനുഗ്രഹത്തിന്നധിപതിയെ!
അനന്തകൃപാ പെരുംനദിയേ!
അനുദിനം നിൻ പദംഗതിയേ!
അടിയാനു നിൻ കൃപമതിയെ!

2 വൻ വിനകൾ വന്നീടുകിൽ
വലയുകയില്ലെൻ ഹൃദയം
വല്ലഭൻ നീയെന്നഭയം
വന്നീടുമോ പിന്നെഭയം?

3 തന്നുയിരേ പാപികൾക്കായ്
തന്നവനാം നീയിനിയും
തള്ളീടുമോ ഏഴയെന്നെ?
തീരുമോ നിൻ സ്നേഹമെന്നിൽ?

4 തിരുക്കരങ്ങൾ തരുന്ന നല്ല
ശിക്ഷയിൽ ഞാൻ പതറുകില്ല
മക്കളെങ്കിൽ ശാസനകൾ
സ്നേഹത്തിൻ പ്രകാശനങ്ങൾ

5 പാരിടമാം പാഴ്മണലിൽ
പാർത്തിടും ഞാൻ നിൻ തണലിൽ
മരണദിനം വരുമളവിൽ
മറഞ്ഞിടും നിൻ മാറിടത്തിൽ

182

1 സ്തുതിപ്പിൻ സ്തുതിപ്പിൻ അനുദിനം സ്തുതിപ്പിൻ
യേശുദേവനെ സ്തുതിച്ചീടുവിൻ
സർവ്വവല്ലഭനാമവനുന്നതനാം
നമ്മെ വീണ്ടെടുത്തോനവനാം

ആ ......ആനന്ദമായ് സ്തുതി പാടിടുവീൻ
ജീവനാഥനെ പുകഴ്ത്തിടുവീൻ
സത്യദൈവമവൻ നിത്യജീവനവൻ
സ്വർഗ്ഗവാതിലും വഴിയുമവൻ

2 തിരുകരതലത്തിൽ നമ്മെ വെച്ചവല്ലോ
പരനാദിയിൽ മുന്നറിവിൽ
ഒരുനാളുമതാലവൻ തള്ളിടുമോ
നമ്മെ പേർചൊല്ലി വിളിച്ചവല്ലോ ....ആ

3 ഒരു ജനനി തൻ കുഞ്ഞിനെ മറന്നീടിലും
അവൻ മറക്കുകില്ലൊരിക്കലുമേ
സ്വന്തജീവനെയും തന്നു സ്നേഹിച്ചവൻ
നമ്മെ കാത്തിടുമന്ത്യം വരെ ....ആ

4 ക്ഷാമം പെരുകീടിലും ഭൂമികുലുങ്ങിടിലും
ജനം ആകുലരായീടിലും
ദൈവപൈതങ്ങൾ നാം തെല്ലും ഭയന്നിടുമോ
തുണ വല്ലഭനേശുവല്ലോ ... ആ

5 മേഘവാഹനത്തിൻ സ്വർഗ്ഗദൂതരുമായ്
മദ്ധ്യവാനിലവൻ വരും നാം
തിരുസന്നിധിയിൽ നമ്മെ ചേർത്തണയ്ക്കും
സർവ്വതുമ്പവും പരിഹരിക്കും ....ആ

## 183

1 യേശു എന്റെ അടിസ്ഥാനം ആശ്രയം അവനിലത്രേ
അവനെന്നെ നടത്തീടുന്നു അലയാതെ മരുഭൂമിയിൽ (2)

2 എന്റെ രക്ഷ ഇവിടെയല്ല ഈ ലോകം ശാശ്വതമല്ലാ
എനിയ്ക്കായിട്ടേശു നായകൻ ഒരുക്കുന്നുണ്ടൊരു ഭവനം
(2) ....യേശു

3 കാത്തിരിക്കും വിശുദ്ധരെല്ലാം കഴുകനെപോലെ
ഗമിക്കും
മദ്ധ്യാകാശ മണിയറയിൽ കാന്തനുമായ് വേളി
ചെയ്യുവാൻ (2) ... യേശു

4 എന്റെ പ്രിയൻ അതിസുന്ദരൻ പതിനായിരങ്ങളിൽ
ശ്രേഷ്ഠൻ
ലാസറിനെ ഉയർപ്പിച്ചവൻ പാപികളെ
വീണ്ടെടുത്തവൻ (2) ....യേശു

5 എൻെറ പ്രിയൻ വാനിൽ വരാറായ് കാഹളങ്ങൾ
മുഴങ്ങിടാറായ്
സോദരരേ ഉണർന്നിടുവിൻ ഉയർത്തിടാം
ജയക്കൊടികൾ (2) ....യേശു

## 184

1 കൃപയേറും കർത്താവിലെൻ വിശ്വാസം
അതിനാൽ ഹൃദിയെത്തു നല്ലാശ്വാസം
ദുരിതങ്ങൾ നിറയുമീ ഭൂവാസം
കൃപയാൽ മനോഹരമായ്

പല്ലവി

കൃപകൃപയൊന്നെന്നാശ്രയമായ്
കൃപകൃപയൊന്നെന്നാനന്ദമായ്
വൈരികൾ വന്നാലുമെതിരുയർന്നാലും
കൃപമതിയെന്നാളും

2 ബലഹീനതയിൽ നല്ല ബലമേകും
മരുഭൂമിയിലാനന്ദ തണലാകും
ഇരുൾ പാതയിലനുദിനമൊളി നൽകും
കൃപയൊന്നാശ്രയമായ് ...കൃപകൃപ

3 എൻെറ താഴ്ചയിലവനെന്നെ ഓർത്തല്ലോ
ഘോരവൈരിയിൻ ബലമവൻ തകർത്തല്ലോ
തൻെറ കൈകളിൽ അവനെന്നെ ചേർത്തല്ലോ
സ്തോത്രഗീതം പാടിടും ഞാൻ .. കൃപകൃപ

4 പ്രതികൂലങ്ങളനവധി വന്നാലും
അനുകൂലമെനിക്കവയെന്നാളും
തവജീവനെത്തന്നവനിനിമേലും
കൃപയാൽ നടത്തുമെന്നെ ....കൃപകൃപ

## 185

1 കരുണയിൻ സാഗരമെ-
ശോകകൊടും വെയിലേറിടുമ്പോൾ
മേഘത്തിൻ തണലരുളി
എന്നെ സാന്ത്വനമായ് നടത്തി

കൃപയരുൾക കൃപയരുൾക
അളവെന്യേ പകർന്നീടുക
ഈ ഭൂവിലെൻ യാത്രയതിൽ ദൈവ
കൃപയരുൾക (2)

2 രോഗങ്ങൾ പീഡകളും
നിന്ദപരിഹാസം ഏറിടുമ്പോൾ
അമിതബലം അരുളി
എന്നെ സാന്ത്വനമായ് നടത്താൻ (2) ....കൃപ

3 കൂരിരുൾ താഴ്വരയിൽ
എൻെറ പാദങ്ങൾ ഇടറാതെ
അഗ്നിത്തൂണിൻ പ്രഭയാൽ
യാനം ചെയ്യുവാനീമരുവിൽ (2) ... കൃപ

4 ഉററവർ ബന്ധുക്കളും
എല്ലാ സ്നേഹിതരും വെറുക്കുകിൽ
സ്നേഹത്തിൻ ആഴമതിൽ
ഞാനും നിമഗ്നനായ് തീർന്നിടുവാൻ (2) ....കൃപ

5 ലോകത്തെ മറന്നീടുവാൻ
എല്ലാം ചേതമെന്നെണ്ണീടുവാൻ
ലോകത്തെ ജയിച്ചവനെ
നിന്നിൽ അഭയം ഞാൻ തേടിടുന്നേ (2) ....കൃപ

## 186

1 സ്തുതിപ്പിൻ സ്തുതിപ്പിൻ എന്നും സ്തുതിച്ചീടുവിൻ
യേശു രാജാധിരാജാവിനെ
ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എൻെറ ഉള്ളത്തിൽ വന്നതിനാൽ

ആ........ആ ആനന്ദമേ പരമാനന്ദമേ
ഇതു സ്വർഗ്ഗീയ സന്തോഷമേ
ഈ പാർത്തലത്തിൽ സൃഷ്ടി കർത്തനവൻ
എന്റെ ഉള്ളത്തിൽ വന്നതിനാൽ

2 അവൻ വരും നാളിൽ എന്റെ കരംപിടിച്ചു
തന്റെ മാർവ്വോടണച്ചീടുമേ
ആ സമൂഹമതിൽ അനുകർത്തനുമായ്
ആർത്തുഘോഷിക്കും സന്തോഷത്താൽ

3 എൻ പാപങ്ങളെ മുററും കഴുകീടുവാൻ
തൻ ജീവനെ നൽകിയവൻ
വീണ്ടും വന്നീടുമേ മേഘവാഹനത്തിൽ
കോടാകോടി തൻ ദൂതരുമായ്

4 കൺകൾ കൊതിച്ചീടുന്നേ ഉള്ളം തുടിച്ചിടുന്നേ
നാഥാ നിന്നുടെ വരവിനായി
പാരിൽ കഷ്ടതകൾ ഏററം ദിനം തോറുമേ
കാന്താ വേഗം നീ വന്നീടണേ

## 187

പല്ലവി

ആണികളേററ പാണികളാലെ
അനുദിനമവനെന്നെ നടത്തീടുന്നു

ചരണങ്ങൾ

1 ജീവിതഭാര ചുമടുകളാകെ
അവൻ ചുമന്നെന്നെ പുലർത്തിടുന്നു
ആകയാലാകുലമിന്നെനിക്കില്ല
ആനന്ദമായൊരു ജീവിതമാം ....ആണി

2 അറിഞ്ഞവനെന്നെ കരുതീടുമെന്നും
അരുമയിൽ കാത്തിടും ചിറകടിയിൽ
പാരിലെൻ ജീവിതയാത്രയിലെന്നെ
പിരിയാതെ കൂടെവരുന്നവനാം ... ആണി

3 ഏതൊരുനാളും യേശുവെന്നിടയൻ
എനിക്കൊരു കുറവും വരികയില്ല
അനുഗ്രഹമാണെന്റെ ജീവിതമിന്ന്
അനുഭവിച്ചറിയുന്നു ഞാനവനെ ....ആണി

4 ഉലകിലെല്ലാരും പ്രതികൂലമായാലും
ഉലയുകയില്ല ഞാൻ പതറുകില്ല
ഉയിരുള്ള നാളെല്ലാം ഞാനവന്നായി
ഉണർന്നു വിശ്വാസത്തിൻ വേലചെയ്യും ....ആണി

188

1 കുരിശിൻ നിഴലതിലിരുന്നു മമ
നാഥനെ ധ്യാനിക്കവെ-ആമേൻ
ഹൃദയത്തിൻ വിനകൾ ആകവെ
ക്ഷണനേരത്തിൽ നീങ്ങിടുമെ

പാടും ഞാൻ നിത്യജീവനെ
തന്നെന്നെ രക്ഷിച്ച യേശുവിൻ സ്നേഹത്തെ
ഒരുനാളും മറന്നീടാതെ ഒരുനാളും മറന്നിടാതെ

2 കഠിന വിഷമങ്ങൾ വരികിൽ
കൊടും ക്ഷാമവും നേരിടുകിൽ
തിരുപ്പാദം തിരയും തൻ ദാസരെ
എന്നും ക്ഷേമമായ് പുലർത്തിടും താൻ ... പാടും

3 മരുവിൽ മറവിടമൊരുക്കും
ഇരുൾ പാതയിലൊളി വിതറും
മരണത്തിൻ നിഴലതിൽ ധൈര്യമായ്
നില്പാനെനിക്കവൻ കൃപയരുളും ... പാടും

4 മഹിയിൻ മഹിമകൾ വെറുത്തും
അനുവേലവും ക്രൂശെടുത്തും ആമേൻ
അനുഗമിച്ചീടും ഞാനിമ്പമായ്
മനുവേലനെ മമപ്രിയനെ ... പാടും

5 സദസ്സിൽ വരുമവൻ മഹസ്സിൽ
ജയകാഹള നാദമോടെ
തിരുജനം ഇരവിൽ ചേരവെ
നിത്യഭവത്തിൽ തന്നരികിൽ .. പാടും

189 സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തിടുന്നു

1 അന്ത്യത്തോളം ചിറകടിയിൽ-അവൻ കാത്തിടും
ധരയിൽ
ആപത്തിലും രോഗത്തിലും—അവനാണെനിക്കഭയം
....(2)
2 കണ്ണുനീരിൻ താഴ്‌വരയിൽ-കരയുന്ന വേളകളിൽ
കൈവിടില്ലെൻ കർത്തനെന്റെ-കണ്ണുനീരെല്ലാം തുടയ്ക്കും
(2)
3 കൊടുങ്കാറ്റും തിരമാലയും—പടകിൽ വന്നാഞ്ഞടിക്കും
നേരമെന്റെ ചാരെയുണ്ട്-നാഥനെന്നും വല്ലഭനായ്
(2)
4 വിണ്ണിലെന്റെ വീടൊരുക്കി-വേഗം വന്നിടും
പ്രിയനായ്
വേലചെയ്തെൻ നാളുകൾ തീർന്നു-വീട്ടിൽ ചെല്ലും
ഞാനൊടുവിൽ (2)

190

വാഴ്ത്തീടുക സ്തുതിച്ചാർത്തിടുക
അവന്റെ നാമം ഉയർത്തിടുക (2)

1 പച്ചപ്പുൽമേടുകളിൽ ദിനവും
പാലിപ്പതോർത്താൽ എങ്ങനെ നാം
പാലകനേശുവെ മറന്നിരിക്കും
തൻ ദയ ഒന്നായ് ഘോഷിച്ചിടാം ....വാഴ്ത്തിടുക
2 ഈശാന മൂലൻ അടിച്ചുയർന്നു
പടകു തകർന്നെന്നു തോന്നിയപ്പോൾ
നൊടിയിൽ ജയം തന്ന രക്ഷകന്റെ
പാലനം ഓർത്തു നാം സ്തുതിച്ചിടുക ....വാഴ്ത്തിടുക
3 കഷ്ടത്തിൻ കോട്ടയിൽ അകപ്പെട്ടപ്പോൾ
അപ്പുറം കടന്നിടാൻ പഴുതില്ലാതെ
അകത്തും പുറത്തും പീഡനം വന്നപ്പോൾ
രക്ഷിച്ച നാഥനെ സ്തുതിച്ചീടുക ....വാഴ്ത്തിടുക

4 ഇന്നെന്ന ഭാരത്താൽ ഞെരുങ്ങിയപ്പോഠം
ഒന്നും ഭയപ്പെടേണ്ടാന്നരുചെയ്തില്ലേ
കാക്കയാൽ ഭക്തനെ പോററിയ നാഥന്റെ
സ്നേഹത്തെ ഓർത്തു നാം സ്തുതിച്ചിടുക ... വാഴ്ത്തിടുക

## 191

കാൽവറിയിൽ കാണും സ്നേഹമത്ഭുതം
വർണ്ണ്യമല്ലഹോ അതെന്റെ നാവിനാൽ

1 പാപത്തിൽ നിന്നെന്നെ വീണ്ടെടുത്ത സ്നേഹമേ
പാവനനിണം ചൊരിഞ്ഞ ക്രൂശിൻ സ്നേഹമേ
എൻമനം കവർന്നു നീ അതുല്യ സ്നേഹമേ
മാററമില്ല ദൈവസ്നേഹം എത്ര അത്ഭുതം ....കാൽവറി

2 മൃത്യുവിന്റെ ബന്ധനം തകർത്ത സ്നേഹമേ
ശത്രുവിന്റെ ശക്തിയെ ജയിച്ച സ്നേഹമേ
മർത്ത്യരിൽ മരണ ഭീതിനീക്കും സ്നേഹമേ
മാററമില്ല ദൈവസ്നേഹമെത്ര അത്ഭുതം ....കാൽവറി

3 വാനമേഘേ സ്വർഗ്ഗപുരേ കരേറിപ്പോയവൻ
ഇന്നും എന്നും കൂടെയുള്ള നല്ല സ്നേഹിതൻ
എന്നെ വേഗമാനയിക്കും സ്വർഗ്ഗഗൃഹത്തിൽ
മാററമില്ല ദൈവസ്നേഹമെത്ര അത്ഭുതം ..കാൽവറി

## 192

കൊടുങ്കാററടിച്ച അലയുയരും
വൻ സാഗരത്തിൻ അലകളിന്മേൽ
വരും ജീവിതത്തിൻ പടകിലവൻ
തരും ശാന്തി തന്ന വചനങ്ങളാൽ

ആഹാ ഇമ്പം ഇമ്പം ഇമ്പം ഇനി എന്നു ഇമ്പമെ
എൻ ജീവിതത്തിൻ നൗകയിൽ താൻ വന്ന
നാഠംമുതൽ

1 പോകും നിങ്ങഠം മറുകരയിൽ
എന്നു മോദമായ് അരുളിയവൻ
മറന്നീടുമോ തൻ ശിഷ്യഗണത്തെ
സ്വന്ത ജനനി മറന്നീടിലും ... ആഹാ

2 വെറും വാക്കുകൊണ്ട് സകലത്തെയും
നറുശോഭയേകി മെനഞ്ഞവൻ താൻ
ചുടുചോര ചൊരിഞ്ഞല്ലോ രക്ഷിച്ചു
തിരു ദേഹമായി നമ്മെ സൃഷ്ടിച്ചു ....ആഹാ

3 വരും വേഗമെന്ന് അരുളിയവൻ
വരും മേഘമതിൽ അടുത്തൊരുനാൾ
തരും ശോഭയേറും കിരീടങ്ങളെ
തിരുസേവ നന്നായ് തികച്ചവർക്കായ് ....ആഹാ

193

സ്തുതിച്ചിടുന്നേ ഞങ്ങൾ സ്തുതിച്ചിടുന്നേ
സ്തോത്രം പാടി പുകഴ്ത്തിടുന്നേ
ഉയരങ്ങളിൽ ഉന്നതങ്ങളിൽ
അത്യുന്നതനെ നിനക്കു സ്തുതി

1 അത്ഭുതമായവൻ പേർ ചൊല്ലി വിളിച്ച
തൻ പ്രിയ ജനങ്ങളെ
സ്തുതിക്കാം സ്തുതിക്കാം സ്തോത്രം ചെയ്യാം
സ്തുതികൾ ജയത്തിൻ ധ്വനികളല്ലേ? ...സ്തുതി

2 ഈ ദിനം നമുക്കവൻ ദാനമായ് തന്നല്ലോ
നാമൊന്നായ് ഘോഷിച്ചിടാം
സൗഖ്യവും ബലവും ശാന്തിയും തന്ന്
നിത്യവും വഴി നടത്തുന്നതിനാൽ ... സ്തുതി

3 കഷ്ടതകൾ മറന്നുല്ലസിച്ചിടാം
കർത്താവിൻ കുഞ്ഞുങ്ങളെ
ദുഷ്ടന്റെ തന്ത്രം പോരാടി ജയിപ്പാൻ
കർത്താവിൻ അമിതബലം ധരിക്കാം ... സ്തുതി

4 വിവിധങ്ങളാം ദൈവകൃപയുടെ നൽ-
ഗൃഹ വിചാരകന്മാരെ
ശുശ്രൂഷിപ്പിൻ അന്യോന്യം നാം
കൃപാവരത്തിൻ ക്രിയകളിനാൽ ...സ്തുതി

5 നിശ്ചയമായ് നമ്മെ തേജസ്സിൽ ചേർപ്പാൻ
കർത്താവ് വേഗം വരും
നിത്യമനോഹര വാസത്തിനായ് നമു—
ക്കുണരാം ഉണർന്നു പ്രകാശിച്ചിടാം ... സ്തുതി

## 194

സ്വർഗ്ഗ നാട്ടിലെൻ പ്രിയൻ തീർത്തിടും
സ്വന്ത വീട്ടിൽ ചേർന്നിടുവാൻ
മമകാന്തനെ ഒന്നു കാണുവാൻ
മനം കാത്തു പാർത്തിടുന്നു

1 ഇന്നു മന്നിതിൽ സീയോൻ യാത്രയിൽ
എന്നും ഖിന്നത മാത്രം
എന്നുവന്നു നീയെന്നെ ചേർക്കുമോ
അന്നേ തീരു വേദനേകം ....സ്വർഗ്ഗ

2 മരുഭൂമിയിൽ തളരാതെ ഞാൻ
മരുവുന്നു നിൻ കൃപയാൽ
ഒരുനാളും നീ പിരിയാതെന്നെ
കരുതുന്നു കണ്മണി പോൽ ....സ്വർഗ്ഗ

3 നല്ല നാഥനെ! നിനക്കായി ഞാൻ
വേല ചെയ്യുമന്ത്യം വരെ
അല്ലൽ തീർന്നു നിൻ സവിധേ വരാ-
തില്ല പാരിൽ വിശ്രമവും ....സ്വർഗ്ഗ

4 കർത്തൃകാഹളം വാനിൽ കേൾക്കുവാൻ
കാലമായില്ലേ പ്രിയനേ
ആശയേറുന്നേ നിന്നെ കാണുവാൻ
ആമേൻ യേശുവേ വരണേ! ....സ്വർഗ്ഗ

## 195

1 ലോകമാം ഗംഭീര വാരിധിയിൽ
വിശ്വാസക്കപ്പലിലോടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടു കൂടെ വിശ്രമിപ്പാൻ

പല്ലവി

യാത്രചെയ്യും ഞാൻ ക്രൂശെനോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിനായ്
ജീവൻ വച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും

2 കാലം കഴിയുന്നു നാംകൾ പോയി
കർത്താവിൻ വരവു സമീപമായ്
മഹത്വനാമത്തെ കീർത്തിപ്പാനായ്
ശക്തീകരിക്കാ നിൻ ആത്മാവിനാൽ യാത്ര

3 പൂർവ്വ പിതാക്കളാം അപ്പോസ്തോലർ
ദൂരവെ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം
അന്യരെന്നെണ്ണിയീ ലോകമതിൽ ....യാത്ര

4 ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും ....യാത്ര

5 ജീവനെന്നേശുവിൽ അർപ്പിച്ചിട്ട്
അക്കരെനാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധപളുങ്കിൻ കടൽത്തീരത്തിൽ
യേശുവിൻ പൊൻമുഖം മുത്തീടും ഞാൻ ....യാത്ര

196

1 രക്ഷിതാ-വിനെ കാ-ൺക പാപി
നിൻെറ പേർക്കല്ലയോ-ക്രൂശിന്മേൽ തൂങ്ങുന്നു

2 കാൽവറി-മലമേൽ നോക്ക നീ
കാൽകരം ചേർന്നിതാ ആണിമേൽ തൂങ്ങുന്നു

3 ധ്യാന പീഠമതിൽ-കയറി
ഉള്ളിലെ കണ്ണുകൾ-കൊണ്ടു നീ കാണുക

4 പാപത്തിൽ-ജീവിക്ക-ന്നവനേ!
നിൻെറ പേർക്കല്ലയോ-തൂങ്ങുന്നീ-രക്ഷകൻ

5 തള്ളുക- നിൻെറ പാപമെല്ലാം
കള്ളമേതും നിനക്കുണ്ട-നിന്നുള്ളിൽ നീ

6 ഉള്ളം നീ-മുഴുവൻ തുറന്നു
തള്ളയാ-മേശുവിൻ-കയ്യിലേല്പിക്ക നീ

197

യേശു വിളിക്കുന്നു ഇന്നും
യേശു വിളിക്കുന്നു
അൻപെഴുമാ പൊൻകരങ്ങൾ
നീട്ടി വിളിക്കുന്നു

1 ഉള്ളം തകർന്നവരേ വാ
ഉണ്മയാമെന്നന്തികേ
ഉള്ളലിഞ്ഞാശ്വാസമേകാൻ
ഉള്ളവൻ ഞാനല്ലയോ ... യേശു

2 ആകുല മാനസരേ വാ
ആലംബഹീനരേ വാ
ആശ്രയം തന്നരുളാം ഞാൻ
ആമോദമേകിടാം ഞാൻ ....യേശു

3 കണ്ണീരണിഞ്ഞവരെ വാ
മണ്ണിൻെറ മക്കളെവാ
കന്മഷമാകവെ നീക്കി
കണ്ണുനീരൊപ്പിടാം ഞാൻ ....യേശു

198 ആകാശമേ കേൾക്ക
ഭൂമിയെ ചെവിതരിക
ഞാൻ മക്കളെ പോററി വളർത്തി
അവരെന്നോടു മത്സരിക്കുന്നു .. ആകാശമെ

1 കാള തൻെറ ഉടയവൻെറ
കഴുത തൻെറ യജമാനനൻെറ
പുൽതൊട്ടി അറിയുന്നല്ലോ
എൻ ജനം അറിയുന്നില്ലാ ...ആകാശമെ

2 അകൃത്യഭാരം ചുമക്കും ജനം
ദുഷ്പ്രവൃത്തിക്കാരുടെ മക്കൾ
വഷളരായി നടക്കും ജനം
ദൈവം അവരെ അറിയുന്നല്ലോ ....ആകാശമെ

3 ആകാശത്തിൽ പെരും ഞാറയും
കൊക്കും മീവൽ പക്ഷിയും
അവ തൻെറ കാലമറിയും
എൻ ജനം അറിയുന്നില്ലാ ....ആകാശമെ

199

നിൻമാറിൽ ചാരുവാൻ .. നിൻമാറിൽ ചാരുവാൻ
നിൻ മാറിൽ ചാരുവാൻ വന്നീടുന്നേ (2)
ഇമ്മാനുവേലാം നിൻ .. ഇമ്മാനുവേലാം നിൻ
മാറോടണയ്ക്കുണമേ (2)

1 ആലംബഹീനരായ്... ആശാവിഹീനരായ്
ആകുലചിത്തരായ് വന്നീടുന്നേ.... (2)
നിൻമുഖം കാണുവാൻ നിൻപാദേ ചേരുവാൻ
ഏഴകരം വന്നീടുന്നേ .. (2) ...നിൻമാറിൽ

2 ആശങ്ക നീക്കുവാൻ ആശ്വാസം നേടുവാൻ
ആശ്രയം തേടി വന്നീടുന്നേ... (2)
പൊൻകരം നീട്ടി നിൻ പൊൻമാറിൽ ചേർക്കണേ
കണ്ണീർ തുടയ്ക്കണമേ... (2) ... നിൻമാറിൽ

3 ആത്മാവിൻ മാരിയാൽ ആനന്ദിച്ചീടുവാൻ
ആശിഷം തേടി വന്നീടുന്നേ ... (2)
ഇമ്മാനുവേലാം നിൻ ഇമ്മാനുവേലാം നിൻ
മാറോടണയ്ക്കുണമേ.... (2) ....നിൻമാറിൽ

200 എഴുന്നേററു പ്രകാശിക്ക–നിൻെറ പ്രകാശം
വന്നിരിക്കുന്നു
യഹോവയുടെ തേജസ്സും നിൻെറ മേൽ–
ഉദിച്ചിരിക്കുന്നു ... എഴു

1 കൂരിരുരം തിങ്ങിയ വീഥിയിൽ–
വഴികാണാതുഴലുന്ന പഥികനു നീ
വഴികാട്ടും ദീപമായ് എരിഞ്ഞീടുക–
പ്രകാശ ഗോപുരമായ് നിന്നീടുക (2) ....എഴു

2 ഇരുളിൻെറ പാശങ്ങരം അറുത്തു നീ–
മോചനമതേകുമീ ബന്ധിതക്ക്
മാനവചേതനം പുൽകിയുണർത്തു–
മാനസമതീശനു മന്ദിരമാക്കാൻ (2) ....എഴു

3 തണ്ടിന്മേൽ ദീപങ്ങരം തെളിച്ച നമ്മരം
തമസ്സിൻെറ കോട്ടകരം തകർത്തീടുക
താതസുതാത്മനെ വണങ്ങീടുക–
തളരാതെ നീതിപ്രഭചൊരിയാൻ (2) ... എഴു

## 201 അന്തർനേത്രം തുറക്കണം

(യേശുവേ നിൻെറ രൂപമീ...... എന്ന രീതി)

അന്തർനേത്രം തുറക്കണമെന്നുമാത്രമാണെൻെറയാചന
അന്തർയാമിയാം ആത്മപൂർണ്ണരെ
യേശുവിൻചാരെ ചേർക്കണെ

1 ദാവീദാത്മജൻ സന്നിധേ ചേരാൻ ആരവാരം
തുണയ്ക്കില്ല
ഏവരും സ്വന്തകാര്യം നേടുവാൻ ഓടുന്നേശുവിൻ
പിന്നാലെ

2 യേശു മാത്രമാണെൻെറ ആശ്രയം ശിഷ്യർപോലും
വിലക്കുന്നു
യേശു നിൽക്കുന്നു ഓടി—ച്ചെല്ലുന്നു അന്തർനേത്രം
തുറന്നിടാൻ

3 ബർത്തിമായ് കേട്ട ഏവൻഗേലിയോൻ എത്രയോ
നല്ല മാധുര്യം
'ധീരനാകുക ഉത്ഥാനംചെയ്ക യേശുനിന്നെ വിളിക്കുന്നു'

4 ബ്ലാങ്കററും വിട്ട് ഓടിചെന്നപ്പോൾ യേശു എന്നെ
കടാക്ഷിച്ചു
വീട്ടിൽ പോകുവാൻ ഓതിയെങ്കിലും യേശുവിൻ
പിൻപേ പോയി ഞാൻ

5 തീമായി പുത്രൻ ആയിരുന്ന ഞാൻ യേശുവിൻ
പുത്രൻ ആയിതാ
ആമോദത്തോടെ ഓടിച്ചാടി ഞാൻ ഏവരും
കണ്ടാറ്റാദിച്ചു

6 അന്തർനേത്രം തുറന്ന യേശു താൻ അന്ത്യത്തോളം
നയിച്ചിടും
അന്ധനാം എൻെറ സ്നേഹിതാ നിൻെറ
ബ്ലാങ്കററിട്ടേശു മുമ്പിൽ വാ

7 അന്തർനേത്രം തുറന്നു കിട്ടിയാൽ കർത്തനെപ്പോലെ
വീക്ഷിക്കാം
താതനിഷ്ടം പ്രവർത്തിപ്പോരെല്ലാം
സോദർ സോദരി മാതാവാം

[മർക്കോസ് 3:35] G.M.O.

## 202

1 ഭയമില്ലവർക്കിനി എന്തിനു ഭയം
യൂദയിലെ സിംഹമല്ലെ മുമ്പിൽ പോകുന്നു
ആർക്കും വഴി മാറിടാത്തോൻ മുമ്പിൽ പോകുന്നു

2 ഭീതി വേണ്ട ഭ്രാന്തി വേണ്ട ദൈവപൈതലേ
നീതിമാനാം യേശു നിന്നെ വിളിച്ചീടുന്നു
അത്യാനന്ദം നിനക്കായി സൂക്ഷിക്കുന്നവൻ

3 മടങ്ങി വരും അവർ മടങ്ങി വരും
ബാബിലോണ്യ മേധാവിത്വം നിലംപതിക്കും
ഡ്രഗ്ഗാടിക്റ്റ്കാരുമെല്ലാം മടങ്ങി വരും

4 ദൈവരാജ്യം ഭക്ഷണമല്ല പാനീയമല്ല
നീതിയെത്ര ശാന്തിയത്രെ ആത്മസന്തോഷം
ദൈവമക്കൾക്കെപ്പോഴുമുള്ളത്യന്താനന്ദം

5 നിത്യാനന്ദമേ നിത്യാനന്ദമേ
നിത്യാനന്ദമായവരിൻ തലസ്സുമീതെ
നിത്യാനന്ദം നിത്യാനന്ദം നിത്യാനന്ദമേ

6 മൂന്നുവട്ടം പ്രാർത്ഥിച്ചിട്ടും രോഗം മാറാത്ത
പൗലോസിനെപ്പോലെ നീയുമാന്ദിച്ചീടു
യേശു നൽകും വൻ കൃപകൾ എത്ര മാധുര്യം

G.M.O.

## 203

### മനോഹരമായ തേയിലത്തോട്ടം പഠിപ്പിക്കുന്ന മാനവ സാഹോദര്യം

(കേക)

1 തേയിലത്തോട്ടത്തിലെ തേയിലച്ചെടി പോലെ
ചേലൊട്ടു വെട്ടുകെന്നെ ശാഖകൾ വളരുവാൻ

2 തേയില മരമാകാൻ സ്വാതന്ത്ര്യം വേണ്ടെനിക്ക്
തേയിലത്തോട്ടത്തിലെ ചെടിയായ് തീർന്നാൽ മതി

3 തേയിലച്ചെടിയെല്ലാം തേയില മരമാകാൻ
സാദ്ധ്യമോ സോദരരെ ചിന്തിക്കു സമഗ്രമായ്

4 ശാഖയായ് വളർന്നെന്നാൽ കൊളുന്ത് കൂടി വരും
ശേഖരിച്ചീടുമല്ലോ കൊളുന്ത് നുള്ളി നുള്ളി

5 തേയില മരമായാൽ കോടാലി വെട്ട നിന്നെ
തേയില ചെടിയായാൽ ദീർഘനാരം കൊളുന്തേകാം

6 ഷെയ്ഡുകൾ വേണമെന്ന സിദ്ധാന്തം മാറിപ്പോയി
ഷെയ്ഡുകൾ മുഖാന്തരം കീടങ്ങൾ വരുന്ന പോൽ

7 തേയിലത്തോട്ടങ്ങളിൽ ഏവരും സമന്മാർ തൻ
ആയത്തു സുഖമല്ലേ കാണികൾക്കെല്ലാവർക്കും

8 തേയിലത്തോട്ടക്കാരൻ കാര്യമായ് പോററുന്നെന്നെ
ആകയാൽ കൊളുന്തെല്ലാം പറിച്ചു കൂട്ടിടട്ടെ

9 പാകമായ് പൊടിച്ചെന്നെ പെട്ടിയിലാക്കീടട്ടെ
നേരിയ വിലയ്ക്കെന്നെ വാങ്ങുവാൻ സാധിക്കട്ടെ

10 ചായ നീ കുടിക്കുമ്പോൾ ഓർക്കുക എൻെറ ത്യാഗം
മായയാമീ ലോകെ ഞാൻ മേലോട്ടു വളർന്നില്ല

11 മാമരമായി നീയും മേലോട്ടു വളർന്നാലും
മാലോകർക്കായിട്ടാണ് ജീവിതമെന്നോർക്കുക

12 ആസാമിൻ സമഭൂമി ഉയർന്നതാകയാലും
മൂന്നാറിൻ മലമേലും തേയില വളർന്നിടാം

13 കായലു തീരത്തെന്നെ നട്ടാലും വളരില്ല
മാമല മഞ്ഞിൻ മീതെ തേയില വളരില്ല

14 താഴെ നീയായെന്നാലും മീതെ നീയായെന്നാലും
ചായയായ് വരും നിൻെറ മുമ്പിൽ ഞാൻ സ്വാദുമായ്

15 പാകമായ് തിളപ്പിച്ച വെള്ളത്തിൽ എന്നെ മുക്കി
സ്വാദെല്ലാം എടുത്തിട്ടു ദൂരെ നീ തള്ളുകെന്നെ

16 ഞാനെൻെറ ഭാവിക്കായ് ജീവിക്കാൻ നോക്കുന്നില്ല
ദാഹികൾക്കേവരുമെ പാനീയം ആക്കീടെന്നെ

17 തോട്ടത്തിൽ പുഴക്കൾ പോൽ പള്ള നിറസ്സുന്നോരെ
തോട്ടത്തിൽ തന്നെ നിങ്ങൾ ചത്തു നിലംപതിക്കും

18 ബ്രാണ്ടി നീ കുടിച്ചെന്നാൽ നേരത്തെ മരിച്ചിടും
ചായ നീ കുടിച്ചെന്നാൽ നേരിയ വീര്യം കിട്ടും

19 ഹോമിയോ ഡോക്ടർ പോലും ചൊല്ലുന്നു
നിന്നോടിപ്പോൾ
ചായ നീ കുടിച്ചാലും കാപ്പിപോൽ ദോഷമില്ല

20 തേയിലത്തോട്ടത്തിലെ ദൂത് നീ ശ്രവിക്കുക
സോദരർ സോദരിമാർ ഒന്നുപോൽ വളരണം

21 തീററി കിട്ടാത്തോരാകും സോദരി സോദരന്മാർ
കൊളുന്തു തരുന്നില്ല തീററി നാം കൊടുക്കായ്കിൽ

22 സാമൂഹ്യ നീതിയത്രെ തേയിലത്തോട്ടം കാൺക
സ്നേഹിക്ക നിന്നോടൊപ്പം ചുററിലും പാർക്കുന്നോരെ

23 ദാരിദ്ര്യരേഖയുടെ കീഴിൽ ഞാൻ വളരില്ല
പാരമ്യ വളർച്ചയോ മോഹമായ് ആർക്കുമില്ല

24 ഘോരമാം വനത്തിലെ വൃക്ഷമായ് വളർന്നാലും
ആരാർക്കും വേണ്ടിയത്രെ ജീവിതമെന്നോർക്കുക

25 സ്വാർത്ഥത മർത്ത്യന്മരാം മാനവർ കാണിക്കുന്നു
മൃഷ്ടലോകത്തിലെ ഹിംസിക്കും മൃഗം പോലെ

26 മാനവ സോദരരെ എന്നെപ്പോലായിടുക
തേയിലത്തോട്ടത്തിലെ തേയിലച്ചെടി പോലെ

27 സ്വർഗ്ഗത്തിൽ ദൈവം പോലെ വർഗ്ഗരാഹിത്യമെൻെറ
സർഗ്ഗാത്മക ശക്തിയത്രെ ഏവരും പിൻപററുക

28 കാററാടി മരമെൻെറ മാലാഖ കാവൽ തന്നെ
കാറേററു കഷ്ടപ്പെട്ടു എനിക്കായ് തണലേകും

29 കൊളുന്തു നുള്ളുന്നോരെ നിങ്ങൾക്കെൻ പ്രാണായാമം
നിങ്ങൾ തൻ രക്തം ഊററും തോട്ടപ്പുഴുക്കൾ വേണ്ടാ

30 ത്രിയേക ദൈവമത്രെ ഞങ്ങൾ തൻ സ്നേഹാദർശം
സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം സ്നേഹത്താലെ

G.M.O.

204

ഏവരും സ്നേഹിച്ച ഏകമാം നാമം യേശുവിൻ
നാമമത്രെ.
ആശിഷമേകാൻ ദാസനായ് വന്നു ക്രൂശിൽ
മരിച്ചുയർത്തു (ഏവരും....)

1 ക്രൂശിക്കാനേല്പിച്ച പീലാത്തോസ് ചൊല്ലി
കുററമൊന്നുമില്ലിവനിൽ
പട്ടാളനേതാവും സത്യമായ് ചൊല്ലി സാക്ഷാൽ
ഇവൻ~ ദൈവപുത്രൻ (ഏവരും....)

2 കാശു കൊതിച്ച യൂദാസ്സ്കറിയോത്താ കാശുമായ്
ഓടിവന്നു
കാശുമെറിഞ്ഞ് കുററമില്ലാത്തോൻ യേശുവെന്നേററു
പറഞ്ഞു (ഏവരും...)

3 വേശ്യസ്ത്രീയെ കല്ലെറിവാൻ
പാപമില്ലാത്തോരാരുമില്ല
യേശു താനോ ക്ഷമ നൽകി, യേശുവിനെ
സ്നേഹിച്ചവരം ശിഷ്യയായ് തീർന്നു (ഏവരും....)

4 ഈശാ നിബി, കന്യാസുതൻ ഇസ്ലാംമതം
സ്നേഹിക്കുന്നോൻ
യേശുവിനെ സ്നേഹിക്കാത്ത മതമിന്നു ഒന്നുമില്ല
(ഏവരും....)

5 പൗലോസ് ശ്ലീഹാ ചൊല്ലും പോലെ
സ്വർഗ്ഗം ഭൂമി ഒന്നായ്തീരും
കാലത്തിൻെറ പൂർണ്ണതയിൽ യേശു ലോകം
ഒന്നിക്കുമ്പോഴം (ഏവരും....)
CMO

205

ഏകത്വത്തിനു് സ്നേഹമില്ല
ദ്വിത്വസ്നേഹം പൂർണ്ണമല്ല
ത്രിത്വസ്നേഹം പൂർണ്ണമത്രേ
വാങ്ങാം, നൽകാം, പങ്കിട്ടിടാം

1 ദൈവ സ്നേഹം സ്വാർത്ഥമല്ല
ദൈവാത്മാവും സ്വാർത്ഥമല്ല
ദൈവസ്നേഹം ശുദ്ധമത്രെ
ഏവം നാമും സ്നേഹിക്കേണം

2 ക്രൂശിൽ കാണും ദൈവസ്നേഹം
വാശി, ക്രോധം നീക്കിടുന്നു
ക്രൂശിൽ കേററും ശത്രുക്കൾക്കായ്
ആശിഷേകും ദിവ്യസ്നേഹം

3 താത സ്നേഹം സ്വാർത്ഥമല്ല
മാതൃസ്നേഹം സ്വാർത്ഥമല്ല
പൈതങ്ങൾക്കായ് പങ്കുവയ്ക്കും
മാതൃസ്നേഹം ത്യാഗമത്രെ.

4 ത്രിത്വസ്നേഹമേക മത്രെ
സാരാംശമാം ദൈവസ്നേഹം
സൂര്യൻ നൽകും വെയിലുപോലെ
ആര്യസ്നേഹമേവർക്കുമാം

G.M.O.

## 206

[അക്കരെയ്ക്കു യാത്രചെയ്യും... എന്ന രീതി]

പോർക്കളത്തിൽ പോരാടുന്ന ദൈവപൈതലേ
മാഫിയമാർ നിന്നെ നിത്യം ക്രൂശിച്ചെന്നാലും
കാൽവറിയിൽ പ്രാർത്ഥിച്ചോനാം
യേശുവിനെ മാത്രം നോക്കി യുദ്ധംചെയ്യുക

1 ഗോലിയാത്തിൻ പോർവിളികേട്ടോടി ഒളിച്ച
ശൗലിനെപ്പോൽ യിസ്രായേല്യർ പേടിച്ചോടുമ്പോൾ
ധീരനായ ദാവീദായി
ശൗലിൻ പട്ട ഊരിവെച്ചും യുദ്ധം ജയിക്ക

2 മാഫിയായും, ഗോലിയാത്തും സ്വാർത്ഥത തന്നെ
ആഡംബരം ലോക സൗഖ്യം ഏകയാഗ്രഹം
ദാവീദാകും ദൈവപൈതൽ
യേശുവിൻെറ വാളും പേറി യുദ്ധം ജയിക്കും

3 കല്ലും മുള്ളും കാലുകളെ നോവിച്ചെന്നാലും
തെല്ലും ക്ലേശം കൂടാതെ മുന്നോട്ടേറുക
ഭാരതത്തിൻ ഗ്രാമങ്ങളിൽ
യേശുവിനെ കാണാത്തോരെ സ്നേഹിച്ചീടുക.

4 ത്യാഗമാർഗ്ഗം സ്വീകരിച്ച ദൈവപൈതലേ
മാർഗ്ഗം മാറി യാത്രചെയ്യാനാഗ്രഹിക്കല്ലെ
ക്രൂശും പേറി പിമ്പേ പോകാൻ
യേശുനാഥൻ നിന്നെ ഇന്നും വിളിച്ചീടുന്നു

5 അക്കരയിൽ ദൈവം നിന്നെ കൈവിടുകയില്ല
ഇക്കരയിൽ ക്രൂശിൻ പാത നീ ത്യജിക്കാഞ്ഞാൽ
മൂന്നാംനാളിൽ ഉത്ഥിതനായ
മന്നൻമാരിൽ മന്നൻ നിന്നെയാശ്ലേഷിച്ചിടും

GMO

## 207 നിൻെറ രാജ്യം വന്നിടേണം

നിൻെറ രാജ്യം വന്നിടേണെ എൻെറ രാജ്യം വന്നിടല്ലെ
നിൻെറ രാജ്യം വന്നിടുമ്പോൾ എൻെറ രാജ്യം വേറെയില്ല
നിൻെറ രാജ്യം സ്വർഗ്ഗരാജ്യം സ്നേഹം പങ്കിടുന്ന രാജ്യം
എൻെറ രാജ്യം ലോകരാജ്യം സ്വാർത്ഥത മരിക്കും രാജ്യം
നിൻെറ രാജ്യം വന്നിടുമ്പോൾ അത്യാവശ്യം എല്ലാവർക്കും
എൻെറ രാജ്യം അനാവശ്യം അത്യാവശ്യമായിടുന്നു
പാപക്ഷമ എല്ലാവർക്കും നൽകിടുവാൻ പ്രാർത്ഥിക്കുന്നു
പാപക്ഷമ എനിക്കായി മാത്രം ഒന്നും യാചിക്കില്ല
സാത്താൻ നൽകും പരീക്ഷയാൽ ഞാൻ എനിക്കായ് പ്രാർത്ഥിക്കുന്നു
സന്താപങ്ങൾ കൂടിടുന്നു ആഗ്രഹങ്ങൾ കൂടുന്തോറും
നിൻെറ രാജ്യം പ്രജകൾക്ക് നിൻെറ മഹത്വം ഏകമോഹം
സ്വന്തപേരോ പെരുമയോ ജീവിതത്തിന്നാശയല്ല

സ്വർഗ്ഗതാതൻ മക്കൾക്കെല്ലാം രക്ഷയേകാൻ വന്ന നാഥൻ
സ്വർഗ്ഗാത്മക ജീവിതത്തിനു മോഡലായി കരുതിടേണം
രോഗം ദുഃഖം ക്ലേശമല്ല ദൈവരാജ്യ പൈതങ്ങൾക്ക്
രോഗം ദുഃഖം മാററിടുവാൻ ദൈവം നൽകും ആവേശം താൻ

G.M.O.

## 208 ആനന്ദിച്ചീടുക

ദൈവത്തിൻ പൈതലേ ആനന്ദിച്ചീടുക
ഏവരും കേഴുന്ന പീഡകൾ വന്നാലും

1 പൈതങ്ങൾ എല്ലാവരും ചത്തെന്നു കേൾക്കുമ്പോൾ
ഇയ്യോബിൻ ദൈവത്തിൽ ആശ്വാസം കാണുക

2 യിശ്മയേൽ ദാഹിച്ചു കേഴുന്ന നേരത്ത്
ഹാഗാരിൽ ദൈവം നൽ പാനീയം നൽകിടും

3 കെരീത്തു തോട്ടിലെ വെള്ളം വററീടുമ്പോൾ
ഏലിയാ തൻ ദൈവം സാരേഫ്ത കാട്ടീടും

4 പ്രാർത്ഥനയ്ക്കുത്തരം നൽകാത്ത ദൈവം താൻ
നൽകുന്നവൻ കൃപ മേൽത്തരം ഉത്തരം

5 രോഗങ്ങൾ ദുഃഖങ്ങൾ ഏറി വന്നീടുമ്പോൾ
വേഗം അണയുക ക്രൂശിൻെറ പാതയിൽ

6 മോശ തൻ രോദനം പൈതലിൻ രോദനം
ആശിഷ കാരണമാക്കിയതാരാണ്?

7 ദൈവത്തിൻ പൈതലേ നീ എത്ര ഭാഗ്യവാൻ
ദൈവത്തിൻ സാന്നിദ്ധ്യം കൂരിരുൾ മാററുന്നു

G.M.O.

## 209

മാറിടാത്ത യേശുനാഥൻ
മാററും നിൻെറ വേദന (2)
പാപത്താലും രോഗത്താലും
കലങ്ങിടേണ്ട കടന്നുവാ.... (2)

കടന്നു വാ ...കടന്നുവാ...
യേശു നിന്നെ വിളിക്കുന്നു (2)

ലോകബന്ധം കൈവെടിയും
ദ്രോഹിച്ചു നിന്നെ പുറന്തള്ളും (2)
പാവനൻ തൻ സ്നേഹത്തോടെ
അരികിലുണ്ട് കടന്നു വാ
കടന്നുവാ.... (2)
ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ കടന്നു വാ.... (2)
തളർന്ന നിന്റെ അന്തരാത്മ
ക്ലേശം നീക്കും കടന്നുവാ ...
കടന്നുവാ.... (2)

210

എന്നേശുവേ നീയാശ്രയം
എന്നാളും മന്നിലീ സാധുവിന്
എല്ലാവരും പാരിൻ കൈവിട്ടാലും
എന്നെക്കരുതുന്ന കർത്താവു നീ

1 ആകുല നേരത്തെൻ ചാരത്തണഞ്ഞ്
ഏകുന്ന സാന്ത്വനം നീയെനിക്ക്
ആകയാലില്ല തെല്ലും ഭയം
പകലും രാവും നീയഭയം ....എന്നേശു

2 ചിന്തി നീ ചെന്നിണം ക്രൂശിലതാലെൻ
ബന്ധനം നീക്കി നിൻ സ്വന്തമാക്കി
എന്തൊരു ഭാഗ്യം നിത്യബന്ധം
സന്തതം പാടും സന്തോഷമായ് ....എന്നേശു

3 തുമ്പങ്ങളേറുമെൻ മാനസം തന്നിൽ
ഇമ്പം പകരുന്ന നിൻ മൊഴികൾ
എൻ മനം നിന്നിൽ ആനന്ദിക്കും
നിൻ മാറിൽ ചാരിയാശ്വസിക്കും ... എന്നേശു

4 എന്നു നീ വന്നീടുമെന്നാത്മ നാഥാ
വന്നല്ലാതെന്നാധി തീരുകില്ല
ഒന്നേയെന്നാശ നിന്നെക്കാൺമാൻ
ആമേൻ! കർത്താവേ വന്നീടണേ ....എന്നേശു

211

സുവിശേഷം ദൈവശക്തി
സുവിശേഷം ദൈവശക്തി
അതു രക്ഷയിലേക്കു നയിക്കും
ദൈവശക്തി (2)

യഹൂദജനതക്കും യവനനും ഒരുപോലെ (2)
രക്ഷാനിർണ്ണയമായി ഭവിച്ചൊരു
സത്യ സുവിശേഷം (2) ....സുവിശേഷം

സകല ജനങ്ങൾക്കും അമൃതമാം വാർത്തയിതാ
മർത്ത്യന് പൂർണ്ണവിമോചനമേകാൻ
രക്ഷകൻ ആഗതനായ്— (2 ... സുവിശേഷം

ദൈവീക രാജ്യം ഇതാ ആഗതമായല്ലോ
അതു നിങ്ങളിലല്ലോ അനുതാപത്താൽ
സ്വന്തമാക്കീടുവീൻ (2) ....സുവിശേഷം

212

സ്തോത്രയാഗമർപ്പിക്കുന്നു ഞാൻ.... ..
സ്തോത്രഗാനം പാടിടുന്നു ഞാൻ.......
നിസ്തുലനാം യേശുവിന്
നിർമ്മലനാം കർത്താവിന്
നന്ദിയോടെ കീർത്തിച്ചീടുന്നു (2)

നിത്യജീവൻ പകർന്നെന്നിൽ
നിത്യസ്നേഹം തന്നുവല്ലോ (2)
സ്തോത്രയാഗമർപ്പിക്കുന്നു ഞാൻ
സ്തോത്രഗാനം പാടിടുന്നു ഞാൻ
നിസ്തുലനാം യേശുവിന്
നിർമ്മലനാം കർത്താവിന്
നന്ദിയോടെ കീർത്തിച്ചീടുന്നു (2)

ഭീകരമാം ഭൗമസാഗരം തൻ........
ഭീതിയേറും ഘോര അലകൾ (2)
ആർത്തിരമ്പും നേരമതിൽ
ഭീതിയില്ലാതെല്ലും എൻെറ
നാഥനുണ്ട് നൗക തന്നിൽ
ആനന്ദമായ് യാത്ര തുടരാം (2) ..സ്തോത്ര

ഭംഗമില്ലാതെയോടിടുന്നു ഞാൻ—എന്റെ
ഭാസുരമാം ഭാഗ്യനാടിനായ് (2)
ഭംഗിയേറും ഭവനമതിൽ
അംഗമതായ് ചേർത്തിടുമ്പോൾ
ഇന്നിഹത്തിൽ മർത്ത്യരെല്ലാം
വിങ്ങിടുമേ നിത്യ ഭാരത്താൽ (2) ...സ്തോത്ര

ഏഴു നക്ഷത്രം വലങ്കയ്യിൽ—പിടിച്ചും
ഏഴു പൊൻനിലവിളക്കുകൾ
നടുവിൽ നടക്കും രാജരാജൻ
വരുന്നു വേഗം വാനമേഘേ
പറന്നു പോകാൻ ഒരുങ്ങി നിന്നിടാം
മാറിടാത്തവൻ സത്യവാൻ (2) ... സ്തോത്ര

213 പരമപിതാവിനു സ്തുതി പാടാം
അവനല്ലോ ജീവനെ നൽകിടുന്നു
പാപങ്ങളാകവെ ക്ഷമിച്ചിടുന്നു
രോഗങ്ങളഖിലവും നീക്കിടുന്നു (പരമ)

1 ഇടയനെപ്പോൽ നമ്മെ തേടിവന്നു
പാപക്കുഴിയിൽ നിന്നേററിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ
സ്വന്തരക്തം നമുക്കേകിടുവാൻ (പരമ)

2 അമ്മയെപ്പോൽ നമ്മെ ഓമനിച്ചു
അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനീയ മേകിയവൻ
നിത്യമാം ജീവനും നൽകിടുന്നു (പരമ)

3 കുഞ്ഞുങ്ങളെ കൂടെ കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വിരിച്ചു നമ്മെ
നിലംപരിചായ് നാം നശിച്ചിടാതെ (പരമ)

4 സ്തോത്രം ചെയ്യാം ഹൃദയാംഗമായ്
കുമ്പിടാം അവൻമുമ്പിലാദരവായ്
ഹല്ലേലുയ്യാ പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷയിൻ പാറ (പരമ)

## 214

പ്രകാശിതരായ് ഞങ്ങൾ നിൻമുഖദർശനത്തിൽ
നാഥാനിന്നരികിൽ ഞങ്ങൾ ലജ്ജിതരാകയില്ല (2)

നിൻമുഖ കാന്തികണ്ടു് ജീവിതപാതകളെ
ശോഭിതമാക്കിടുവാൻ നീ കനിവേകിയാലും

ഇടറാതെ നിൻഹിതങ്ങൾ അറിഞ്ഞു നടന്നീടുവാൻ
ഇടയനായ് നീ നയിക്ക നിരന്തരമീ വഴിയിൽ
(പ്രകാശി

അരികത്തു് വന്നിടുവോർക്കേയും നീ തന്നീടുന്നു
അഴലേറും വേളകളിൽ ആശ്വാസം പകർന്നീടുന്നു
അടിതെററി വീഴുന്നേരം താങ്ങി നടത്തിടുന്നു
അടിയാർക്കു് നിൻ സവിധേ അനുഗ്രഹദായകമേ
(പ്രകാശി)

തമസ്സിൻെറ താഴ്‌വരയിൽ ഭയന്നിടാനേതുമില്ല
തവകൃപയെന്നുമെന്നും ചാരത്തു് കാവലുണ്ടു്
തരിക നിൻ നൽവരങ്ങൾ തിരുകൃപയാസ്വദിച്ച്
ചിരകാലം നിന്നരികിൽ അണഞ്ഞു വസിച്ചിടുവാൻ
(പ്രകാശി)

## 215

ദൈവമേ നിനക്കുസ്തോത്രം പാടിടും
ഒരായിരം സ്തുതികൾ ഞാൻ കരേററിടും (2)
സന്താപകാലത്തും സന്തോഷകാലത്തും
എപ്പോഴുമെൻെറ നാവു നിന്നെ വാഴ്ത്തുമേ

1 നിന്നെയറിഞ്ഞിടാതെ പോയപാതയിൽ
നീയെന്നെത്തേടിവന്ന സ്നേഹമോർക്കുമ്പോൾ (2)
എൻ നാവതെങ്ങനെ മിണ്ടാതിരുന്നീടും
സ്തോത്രയാഗമെന്നുമർപ്പിച്ചീടും ഞാൻ ... ദൈവമേ

2 പാപച്ചേളിയിൽ നിന്നും വീണ്ടെടുത്തെന്നെ
പാറയാം ക്രിസ്തുനിൽ സ്ഥിരപ്പെടുത്തി നീ (2)
എൻനാവിൽതന്നു നീ നവ്യസങ്കീർത്തനം
സ്തോത്രയാഗമെന്നുമർപ്പിച്ചിടും ഞാൻ ... ദൈവമേ

3 എന്നെയനുദിനം വഴിനടത്തണം
വീഴാതെയെന്നു നിന്നടുക്കലെത്തിടാൻ
ആലംബമായിടും ആത്മാവേതന്നതാൽ
സ്തോത്രയാഗമെന്നുമർപ്പിച്ചിടും ഞാൻ ....ദൈവമേ

4 എൻ കണ്ണുനീരെല്ലാം തുടച്ചിടുന്നു നീ
കൺമണിപോലെ നിത്യം കാത്തിടുന്നെന്നെ (2)
വൻകൃപയോർക്കുമ്പോഴും എന്നുള്ളം തുള്ളുന്നേ
സ്തോത്രയാഗമെന്നുമർപ്പിച്ചിടും ഞാൻ ....ദൈവമേ

216

എൻ പ്രിയനെപ്പോൽ സുന്ദരനായ്
ആരെയും ഞാനുലകിൽ
കാണുന്നില്ല മേലാലും ഞാൻ കാണുകയില്ല

സുന്ദരനാം മനോഹരാ നിന്നെപ്പിരിഞ്ഞീലോകയാത്ര
പ്രാകൃതരാം ജാരന്മാരെ വരിക്കുമോ വത്സലാ
മണ്ണേപ്രതി മാണിക്കം വെടിയുകില്ല ഞാൻ

1 സർവ്വാംഗ സുന്ദരൻ തന്നെ എന്നെ വീണ്ടെടുത്തവൻ
സർവ്വസുഖസൗകര്യങ്ങളർപ്പിക്കുന്നേ ഞാൻ...സുന്ദരനാം

2 യറുശലേം പുത്രിമാരെൻ ചുറ്റും നിന്നു രാപ്പകൽ
പ്രിയനോടുള്ളനുരാഗം കവർന്നിടുകിൽ ... സുന്ദര

3 ലോക സുഖ സൗകര്യങ്ങളാകുന്ന പ്രതാപങ്ങളും
മോടിയോടുകൂടി എന്നെ മാടിവിളിച്ചാൽ ....സുന്ദര

4 വെള്ളത്തിൻ കുമിളപോലെ മിന്നിവിളങ്ങീടുന്ന
ജഡിക സുഖങ്ങളെന്നെ എതിരേൽക്കുകിൽ ... സുന്ദര

5 പ്രേമമെന്നിൽ വർദ്ധിക്കുന്നേ പ്രിയനോടു ചേരുവാൻ
നാളുകളും ഞാനെണ്ണിയെണ്ണി ജീവിച്ചിടുന്നേ
....സുന്ദര

217 ഭൂവാസികളേ, യഹോവയ്ക്കാർപ്പിടുവിൻ (2)
സന്തോഷത്തോടെ സ്തുതി പാടുവിൻ
സംഗീതത്തോടെ വന്നു കൂടുവിൻ (2)

അവൻ നല്ലവനല്ലോ ദയ എന്നുമുള്ളത്
അവൻ വല്ലഭനല്ലോ ദയ എന്നുമുള്ളത് (2)
....ഭൂവാസികളെ

1 യഹോവ തന്നെ ദൈവമെന്നറിവിൻ
അവൻ നമ്മെ മെനഞ്ഞുവല്ലോ (2)
അവൻ നമുക്കുള്ളവൻ നാം അവനുള്ളവർ
നാം അവനെ വാഴ്ത്തീടുവിൻ (2) ... ഭൂവാസികളെ

2 യഹോവ തന്നെ വിശ്വസ്തനെന്നറിവിൻ
അവൻ നമ്മെ വീണ്ടെടുത്തല്ലോ (2)
അവൻ നല്ലയിടയൻ തന്റെ ആടുകൾ നാം
അവനെ സ്തുതിച്ചീടുവിൻ (2) ....ഭൂവാസികളെ

## 218

എന്നേശു വന്നിടും എന്നാശയൊന്നിതേ
അരുമയോടെൻ കരംപിടിച്ച ശാന്തിയേകിടാൻ
എൻദുഃഖം തീർത്തിടാൻ കണ്ണീർ തുടച്ചിടാൻ
എന്നേശു വീണ്ടും വന്നിടും ....എന്നേശു

1 ഈ ലോകവാരിധിയിൽ ഓളങ്ങളേറിടുമ്പോൾ
താഴാതെ താങ്ങിടുന്നവൻ (2)
കാർമേഘതുല്യമാം കളങ്കങ്ങൾ നീക്കിയെന്നെ
തേജസ്സിൽ സ്വീകരിക്കുവാൻ (2) ....എന്നേശു

2 സാറാഫിൻ ഗീതികളാൽ കാഹളനാദമോടെ
മേഘത്രുഡനായ് വരുന്നവൻ (2)
രാജാധി രാജനേശു പൂർണ്ണമഹിമകളിൽ
എന്നേയും ചേർത്തിടുവാനായ് (2) ...എന്നേശു

3 വിണ്ണിലെൻ വീടൊരുക്കി വേഗംവരാമെന്ന്
വാഗ്ദത്തം തന്ന നാഥനായ് (2)
നാൾതോറും കാത്തുപാർത്ത് തൻ സേവ ചെയ്തു മോദാൽ
കാന്തനെ സ്വീകരിക്കും ഞാൻ (2) ....എന്നേശു

## 219

ആരാധ്യനേ സമാരാധ്യനേ
ആരിലും ഉന്നതനായവനേ
ആരാധിക്കും ഞാൻ നിന്നെയെന്നും
ആയുസ്സിൻ നാൾകളെല്ലാം ...ആരാധ്യനേ

1 എന്റെ രോഗക്കിടക്കയതിൽ
എന്റെ സൗഖ്യപ്രദായകനേ
എന്റെ പാപസംഹാരകനേ
എന്റെ സർവ്വവും നീ മാത്രമേ ( എന്റെ)
....ആരാധ്യനേ

2 എന്റെ ജീവിത കാലമെല്ലാം
എന്നെ താങ്ങി നടത്തുന്നോനേ
എന്റെ ജീവന്റെ നായകനേ
എന്റെ പാലകനേശു നാഥാ (...എന്റെ)
.. ആരാധ്യനേ

## 220

വചനം വചനം വചനം
യേശുവാം വചനം
ജീവനേകും വചനം
മോചനമേകും വചനം ....വചനം

1 വരുവിൻ സോദരരേ
വചനം ശ്രവിച്ചീടാൻ (2)
വചനം പകർന്നിടാം
ജീവിത നാളുകളിൽ (2) ....വചനം

2 വരുവിൻ സോദരരേ
വൈരം മറന്നിടാം (2)
സ്നേഹം പകർന്നിടാം
ജീവിത നാളുകളിൽ (2) ....വചനം

## 221

പരിശുദ്ധൻ മഹോന്നത ദേവൻ
പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കുന്ന
സ്വർലോക നാഥനാം മശിഹാ
ഹാ-ഹാ-ഹാ-ഹാലേലുയ്യാ ആമേൻ (5)

1 അവൻ അത്ഭുതമന്ത്രിയാം ദൈവം
നിത്യതാതനും വീരനാം ദൈവം
ഉന്നത ദേവൻ നീതിയിൻ സൂര്യൻ
രാജാധി രാജനാം മശിഹാ
ഹാ-ഹാ-ഹാ-ഹാലേലൂയ്യാ ആമേൻ (5)
...പരിശുദ്ധൻ

2 കോടാകോടിതൻ ദൂത സൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാ വിരവിൽ
തൻപ്രിയ സുതരെ തന്നോടു ചേർപ്പാൻ
വേഗം വരുന്നേശു മശിഹാ
ഹാ-ഹാ-ഹാ-ഹാലേലൂയ്യാ ആമേൻ (5)
....പരിശുദ്ധൻ

## 222

1 സ്നേഹസന്ദേശം ത്രിത്വ സത്തയാകുന്നു (3)
ദാഹിപ്പോരിൽ ക്ലേശം തീർക്കും ജീവപാനീയം } 2
... സ്നേഹസന്ദേശം

2 സ്നേഹസന്ദേശം ദൈവപുത്രനാകുന്നു (3)
സ്നേഹമാണ് ദൈവമെന്ന് കാട്ടിത്തന്നവൻ } 2

3 സ്നേഹസന്ദേശം ത്യാഗമാർഗ്ഗമാകുന്നു (3)
കാൽവരിയിൽ കാട്ടിത്തന്ന ക്രൂശിൻെറമാർഗ്ഗം } 2

4 സ്നേഹസന്ദേശം നല്ല വാർത്തയാകുന്നു (3)
പാപികൾക്ക് പ്രായശ്ചിത്തം ക്രൂശിലുണ്ടെന്ന് } 2

5 സ്നേഹസന്ദേശേ ശത്രു മിത്രമാകുന്നു (3)
ഏക നാഥൻ മക്കളെന്ന വിശ്വവീക്ഷണം } 2
....സ്നേഹസന്ദേശം

## 223

1 ആശിഷ മാരിയുണ്ടാകും
ആനന്ദവാഗ്ദത്തമേ
മേൽനിന്നും രക്ഷകൻ നൽകും
ആശ്വാസ കാലങ്ങളെ

പല്ലവി
ആശിഷമാരി
ആശിഷം പെയ്യണമേ
കൃപകൾ വീഴുന്നു ചാറി
വന്മഴ താ! ദൈവമേ!

2 ആശിഷമാരി ഉണ്ടാകും
വീണ്ടും നൽ ഉണർവുണ്ടാം
കുന്നു പള്ളങ്ങളിൻ മേലും
വന്മഴയിൻ സ്വരം കേൾ ... ആശി

3 ആശിഷമാരി ഉണ്ടാകും
ഹാ! കർത്താ! ഞങ്ങൾക്കും താ
ഇപ്പോൾ നിൻ വാഗ്ദത്തമോർത്തു
നൽ വരം തന്നീടുക ... ആശി

4 ആശിഷ മാരിയുണ്ടാകും
എത്ര നന്നിന്നു പെയ്കിൽ
പുത്രന്റെ പേരിൽ തന്നാലും
ദൈവമേ ഇന്നേരത്തിൽ ...ആശി

## 224

എൻയേശു അല്ലാതില്ലെനിക്കൊരാശ്രയം ഭൂവിൽ
നിൻ മാർവ്വിലല്ലാതില്ലെനിക്ക വിശ്രമം വേറെ
ഈ പാരിലും പരത്തിലും നിസ്തുല പ്രിയൻ നീ

എൻ രക്ഷകാ എൻ ദൈവമേ
നീയല്ലാതില്ലാരും
എന്നേശു മാത്രം മതിയെ-
നിക്കേതു നേരത്തും

1 എൻ ക്ഷീണിത രോഗത്തിലും
നീ മാത്രമെൻ വൈദ്യൻ
മററാരെയും ഞാൻ കാണുന്നില്ലെൻ
രോഗശാന്തിക്കായ്
ഈ പാരിടം എൻ ആശ്രയം
എൻ യേശു കർത്താവേ ... എൻ രക്ഷകാ

2 വൻ ഭാരങ്ങളാം പ്രയാസങ്ങളാം
നേരിടും നേരത്തും
എൻ ചാരെമേ ഞാൻ കാണുന്നുണ്ടെൻ
സ്നേഹവാഹിയായ്
ഈ ലോക സഖികളെല്ലാരും മാറിപ്പോയാലും
.. എൻ രക്ഷകാ

225 യേശുവിൻെറ നാമമെത്ര ദിവ്യമധുരം
പാപികൾക്കു മോചനത്തിൻ ഉന്നതനാമം
മോദമായ് പാടാം ഒന്നായ് ഇമ്പമായ് പാടാം
പാരിൽ തമ്മെത്തേടി വന്ന യേശുവിൻ നാമം

1 രോഗികൾക്കു സൗഖ്യമേകും യേശുവിൻ നാമം
ബന്ധിതർക്കു മോചനം നൽകിയ നാമം
ക്ലേശിതർക്കെന്നും ശാന്തി ഏകീടും നാമം
ആശ്രിതർക്കാശ്വാസം എന്നും തന്നിടും നാമം

2 സത്യപാത കാട്ടിത്തന്ന യേശുനാഥൻ
നീതിമാർഗ്ഗമോതിതന്ന യേശുനാഥൻ
കരംപിടിച്ചിന്നും കർത്തൻ നടത്തിടുന്നെന്നെ
കുഴിയിൽ വീഴാതെന്നും കാത്തിടുന്നു

3 പാപികൾക്കായ് ജീവൻ തന്ന യേശുനാഥൻ
പാപികളെ രക്ഷിച്ചിടും യേശുനാഥൻ
ആശ്രയിച്ചീടും എന്നും ആശ്വസിച്ചിടും
സ്തുതിച്ചിടും നന്ദിയോടെ തിരുനാമം

226 ആശ്വാസത്തിന്നുറവിടമാം ക്രിസ്തു
നിന്നെ വിളിച്ചിടുന്നു (2)

1 അദ്ധ്വാനഭാരത്താൽ വലയുന്നോരെ
ആശ്വാസമില്ലാതലയുന്നോരെ
ആണിപ്പാടുള്ള വൻകരങ്ങൾ നീട്ടി
നിന്നെ വിളിച്ചീടുന്നു (2) .. ആശ്വാ

2 പാപാന്ധകാരത്തിൽ കഴിയുന്നോരെ
രോഗങ്ങളാൽ മനം തകർന്നവരെ
നിന്നെ രക്ഷിപ്പാൻ അവൻ കരങ്ങൾ
എന്നെന്നും മതിയായവ (2) ... ആശാ

3 വാതിക്കൽ വന്നിങ്ങു മുട്ടീടുന്ന
ആശ്വാസമരുളാൻ വന്നീടുന്ന
അരുമപിതാവിൻെറ ഇമ്പസ്വരം
നീയിന്നു ശ്രവിച്ചീടുമോ (2) ... ആശാ

## 227

അദ്ധ്വാനിക്കുന്നവരേ
ഭാരം ചുമക്കുന്നോരേ
ആശ്വാസദായകൻ യേശുവിൻ ശബ്ദം
നിന്നെ വിളിച്ചീടുന്നു

1 സ്നേഹം പകർന്നിടുവാൻ
നൽ സ്നേഹിതനായിടുവാൻ
നിൻ ജീവിതഭാരം തൻ തോളിലേററുവാൻ
യേശു ഭൂവിൽ വന്നു
ജീവൻ തന്നു പ്രാണൻ വെടിഞ്ഞു
ജീവിക്കുമോ നീ യേശുവിനായ്

2 ഭീതിയകററീടുവാൻ
മൃത്യുമേൽ ജയമേകിടാൻ
ശത്രുവിന്മേൽ ജയഘോഷം മുഴക്കുവാൻ (2)
യേശു ഭൂവിൽ വന്നു
ജീവൻ തന്നു പ്രാണൻ വെടിഞ്ഞു
ജീവിക്കുമോ നീ യേശുവിനായ്

3 ശാപം നീക്കിടുവാൻ
ശാന്തി ഏകീടുവാൻ (2)
നിന്നെ തൻ തിരുരാജ്യത്തിൽ ചേർത്തിടാൻ
യേശു ഭൂവിൽ വന്നു
ജീവൻ തന്നു പ്രാണൻ വെടിഞ്ഞു
ജീവിക്കുമോ നീ യേശുവിനായ്

228 സ്തോത്രം ദേവാ, സ്തോത്രം നാഥാ
സ്തോത്രമിന്നുമെന്നുമേ-സ്തോത്രം ദേവാ

1 കരുതീടുന്ന കരുണാമയൻ
കരകാണാക്കടലിതിൽ കണ്മണിപോൽ (2)
ഒരുനാളിലും പിരിയാതവൻ
അരികേയുണ്ടാശ്വാസ ദായകനായ് (2) . സ്തോത്രം

2 നശ്വരമാകുമീ ലോകമതിൽ
ആശവെച്ചീയേഴ ഓടരുതേ (2)
ഈശാ, നിൻ പൊൻമുഖം മാത്രമെന്നിൽ
ആശാകിരണം ചൊരിഞ്ഞീടണേ (2) ....സ്തോത്രം

3 പരിഹാസങ്ങൾ പീഡനങ്ങൾ
നിൻമക്കൾക്കേറെയുണ്ടീയുലകിൽ (2)
കെല്പേകുകേശുവേ, നിൻ നിന്ദയെൻ
വൻധനമായെണ്ണി സ്വീകരിപ്പാൻ (2) ...സ്തോത്രം

229
സ്നേഹം... ദിവ്യസ്നേഹം
കാൽവറി ക്രൂശിലെ സ്നേഹം
എൻപ്രിയ നാഥൻ മാനവർക്കായ്
സ്വന്തരക്തം ചിന്തി മരിച്ചുയിർത്തു

1 സ്നേഹത്തിൽ അന്യോന്യം വസിച്ചിടുവാൻ
നിർമ്മല മാനസം നൽകേണമേ
അകതാരിൽ ആത്മീയ വചനവുമായി
നാഥാ—സവിധേ—അണയുന്ന ദാസരിൻ കൃപയേകിടു

2 വിശ്വാസ ജീവിത പാതയിലെന്നും
വിശുദ്ധമാം ജീവിതം നൽകേണമേ
അനുതാപ ഹൃദയത്തിൽ ആശ്വാസമരുള
നാഥാ—സവിധേ-അണയുന്ന ദാസരിൽ കൃപയേകിടു

3 പ്രത്യാശഗീതങ്ങൾ പാടി നാം എന്നും
സീയോൻ യാത്രയിൽ പങ്കുചേരാം
മാലാഖമാരവർ സ്തുതിപാടും നേരം
നാഥാ—സവിധേ—അണയുന്ന ദാസരിൻകൃപയേകിടു

230

നന്മയല്ലാതൊന്നും ചെയ്യിടാത്തവൻ
തിന്മയാകെ മായിക്കുന്നവൻ
പാപമെല്ലാം മറക്കുന്നവൻ
ജീവനെന്നിൽ പകരുന്നവൻ
യേശു—യേശു—
അവനാരിലും വലിയവൻ
യേശു—യേശു—
അവനാരിലും മതിയായവൻ

1 ദൈവത്തെ സ്നേഹിക്കുമ്പോൾ സർവ്വം
നന്മയ്ക്കായ് ഭവിച്ചിടുന്നു
തിരുസ്വരമനുസരിച്ചാൽ നമു-
ക്കൊരുക്കീടുമവനഖിലം
കൃപയരുളീടുമേ
ബലമണിയിക്കുമേ—മാറാ
മധുരമായ് മാററീടുമേ ....നന്മ

2 ഇരുൾ നമ്മെ മൂടീടുമ്പോൾ—ലോക
വെളിച്ചമായവനണയും
രോഗികളായിടുമ്പോൾ സൗഖ്യ
ദായകനവൻ കരുതും
അവന്നാലയത്തിൽ
സ്വർഗ്ഗനന്മകളാൽ—നമ്മെ
നിറച്ചിടുമനുദിനവും ....നന്മ

3 കണ്ണുനീർ താഴ്വരകൾ—ജീവ
ജലനദിയാക്കുമവൻ
ലോകത്തിൻ ചങ്ങലകൾ—മണി
വീണയായ് തീർക്കുമവൻ
സീയോൻ യാത്രയതിൽ
മോക്ഷമാർഗ്ഗമതിൽ—സ്നേഹ-
ക്കൊടിക്കീഴിൽ നയിക്കുമവൻ ....നന്മ

## 231 എന്റെ പ്രാണപ്രിയൻ

(ഉത്തമഗീതത്തിൽ നിന്നും)

1 എന്റെ പ്രാണപ്രിയനേശുവേ നിന്റെ കൈ
എന്റെ മേൽ വയ്ക്കണേ
നിന്റെ പിന്നാലെ ഞാൻ ഓടിടും-നിന്റെ മെയ്
എത്രയോ സുന്ദരം; (2:6, 1:3)

2 ആരുമില്ലേഴയാം പൈതലായ്-നാരകമൂട്ടിൽ
ഞാൻ കേഴുകെ
കാരുണ്യമൂർത്തിയാമീശോനീ-കോരിയെടുത്തെന്നെ
വീണ്ടല്ലോ (8:5)

3 നീയാണെന്നാശ്രയഭാജനം മായയാം ലോകമെൻ
വീടല്ല
നീയില്ലാക്കൊട്ടാരം വിട്ടുഞാൻ-പായുന്നെന്നേശുവിൻ
പിന്നാലെ

4 കൊട്ടാരത്തോഴിമാർ കൂട്ടമായ് ഒപ്പമായെന്നെ
വിളിക്കുന്നു (7:1)
കട്ടായം പോകില്ല ഞാനിനി-ആടുകൾ മദ്ധ്യേ ഞാൻ
പോയിടും

5 പൊള്ളയാണീ ലോകസൗന്ദര്യം-കള്ളമാണീ
ലോകം പോൽവത്
കള്ളന്മാരെന്നെ പിടിക്കല്ലേ-ഉള്ളനൊന്തേഴ ഞാൻ
കേഴുന്നു (3:10)

6 എന്റെ പ്രാണപ്രിയനേശുവേ - സുന്ദരന്മാരിലും സുന്ദരാ
കൊട്ടാരം വിട്ടുഞാൻ വന്നീടാം-കാട്ടുക നിൻമുഖ
സൗന്ദര്യം (3:1-4)

7 ശാരോനിൽ പുഷ്പംപോൽ സൗരഭ്യം-പ്രാവിന്റെ
കണ്ണുപോൽ കണ്ണുനീർ
താമരമുള്ളുകൾ മദ്ധ്യേ ഞാൻ സർവ്വാംഗ
സുന്ദരിയാക്കെന്നെ (1:15, 2:1, 4:7)

8 മുന്തിരിത്തോട്ടം ഞാൻ കാത്തല്ലോ, സ്വന്തമാം
നേട്ടമോ കാത്തില്ല
എന്താണീ കാക്കാത്ത മുന്തിരി-ദാരിദ്ര്യരേഖയിൻ
കീഴല്ലോർ

G.M.O.

## 232 ആശ്വാസദായകൻ

1 രോഗികൾക്കും ആതുരർക്കും ആശ്രയഹീനർക്കുമെല്ലാം
പാട്ടുപാടാൻ ധൈര്യമേകും യേശുവേ
സ്വർഗ്ഗസൗഖ്യം ഭൂമിയിൽ തന്നിടണേ

2 ലാസറിൻെറ കല്ലറയ്ക്കൽ കണ്ണുനീർ തൂകിയ നാഥാ
ആശ്രിതർക്കഭയസ്ഥാനമായോനെ
കണ്ണുനീർ തുടയ്ക്കും ദൂതനാകണെ

3 മിസ്രയീമിൽ യിസ്രയേല്യർ പാടുപെട്ടുകേണനേരം
മോശ നിൻെറ ദണ്ഡുമായി പോയല്ലോ
ആശയററ നേരമെന്നെ മോചിക്ക

4 മാറയിലെ കൈപ്പുമാററി മാധുര്യത്തിൻ പാനമേകി
റഫിദിമിൽ പാറ പൊടിച്ചേശുവേ
പാപിയാകും എൻെറ ഖേദം മാററണേ

5 സ്നേഹമററ ലോകമെന്നെ ദ്രോഹിച്ചാലും സാരമില്ല
സ്നേഹമൂർത്തിയായ നീയെൻ കൂടെ വാ
മോഹമററ ജീവിതത്തിൻ പാതയിൽ

6 ലോകസ്നേഹം കൂടിടുമ്പോൾ ആകുലങ്ങളേറിടാതെ
ലോകനാഥനായ നിന്നെ സ്നേഹിക്കും
ശോകം മാററി ആശ നൽകും ഈശോയേ

## 233

ആഴങ്ങൾ തേടുന്ന ദൈവം
ആത്മാവെ നേടുന്ന ദൈവം
ആഴത്തിൽ അനന്തമാം ദൂരത്തിൽ നിന്നെൻെറ
അന്തരംഗം കാണും ദൈവം ....ആഴങ്ങൾ

1 കരതെററി കടലാകെ ഇളകുമ്പോൾ അഴലുമ്പോൾ
മറപററി അണയുമെൻ ചാരെ
തകരുന്ന തോണിയും ആഴിയിൽ താഴാതെ
കരപററാൻ കരം നൽകും ദൈവം (2) ... ആഴങ്ങൾ

2 ഉയരത്തിൽ ഉലഞ്ഞിടും തരുക്കളിൽ ഒളിക്കുമ്പോൾ
ഉയർന്നെന്നെ ക്ഷണിച്ചിടും സ്നേഹം
കനിഞ്ഞെൻെറ വിരുന്നിന് മടിയാതെൻ ഭവനത്തിൽ
കടന്നെന്നെ പുണർന്നിടും ദൈവം (2) ... ആഴങ്ങൾ

3 മനംനൊന്തു കണ്ണുനീർ തരംഗമായ് ഉതിരുമ്പോൾ
ഘനമുള്ളെൻ പാപങ്ങൾ മാറ്റും
മനംമാററും ശുദ്ധമായ് ഹിമംപോലെ വെണ്മയായ്
കനിവുള്ളെൻ നിത്യനാം ദൈവം (2) ....ആഴങ്ങൾ

4 പതിർമാററി വിളവേൽക്കാൻ യജമാനനെത്തുമ്പോൾ
കതിർക്കുട്ടി വിധിയോതും നേരം
അവനവൻ വിതറുന്ന വിത്തിൻ പ്രതിഫലം
അവനായ് അളന്നീടും ദൈവം (2) ....ആഴങ്ങൾ

## 2234

1 ഒന്നുമില്ലായ്മയിൽ നിന്നെന്നെ
നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായ് സ്നേഹിച്ചെന്നെ നിൻെറ
പുത്രനെ തന്നു രക്ഷിച്ചു നീ

നിൻ മഹാ കൃപയ്ക്കായ്
നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും (2)

2 മോചനം വീണ്ടും ജനനവും
നീചപാപിയെന്നിൽ വസിപ്പാൻ
നിന്നാത്മാവിൻെറ ദാനവും നീ
തന്നു സ്വർഗ്ഗാനുഗ്രഹങ്ങളും (2) ....നിൻ മഹാ

3 അന്നാവസ്ത്രാദി നന്മകളെ
എണ്ണമില്ലാതെന്മേൽ ചൊരിഞ്ഞു
തിന്മകൾ സർവ്വത്തിൽ നിന്നെന്നെ
കണ്മണിപോലെ കാക്കുന്നു നീ (2) ....നിൻ മഹാ

4 നാശമില്ലാത്തവകാശവും
യേശുവിൻ ഭാഗ്യസന്നിധിയും
നീതിയിൻ വാടാ മുടിയതും
നിന്മക്കാകെ സ്വർഗ്ഗേ ലഭിക്കും (2) ....നിൻ മഹാ

## 235

പ്രാർത്ഥന കേൾക്കും രക്ഷകാ
യാചന നൽകണമേ

അനുപല്ലവി

ആവശ്യത്താലിന്നു യാചിക്കുന്നേ
നിൻഹിതം പോൽ അരുളണമേ
അനുസരിച്ചിടുവാൻ

ചരണങ്ങൾ

1 പുത്രത്വത്തിൻ ആത്മാവിനാൽ
അബ്ബാ പിതാവേയെന്നു ചൊല്ലി
സ്തോത്രത്തോടു കൂടെ ഞങ്ങൾ
അറിയിക്കുന്നാവശ്യങ്ങൾ
വററാത്തതാം ഉറവയതിൽ
നിന്നും നിറവേററണമേ ... പ്രാർത്ഥന

2 ആഗ്രഹങ്ങൾ പോലെയല്ലേ
ആവശ്യങ്ങൾക്കായ് കരുതുന്നതാൽ
അനുഗ്രഹങ്ങൾ തന്നീടുകിൽ
അർപ്പിക്കും പാദത്തിങ്കൽ
മാറാത്തതാം വാഗ്ദാനങ്ങൾ
ഓർത്തു വന്നീടുന്നേ ... പ്രാർത്ഥന

3 സ്വാർത്ഥമാക്കാൻ വേണ്ടയൊന്നും
പങ്കിടും സ്നേഹം നൽകണമേ
മദ്ധ്യസ്ഥരായ് ഞങ്ങളിതാ
നിൻ മുൻപിൽ വന്നീടുന്നേ
യാചനകൾ പുത്രൻമൂലം
ഇന്നും നൽകണമേ ... പ്രാർത്ഥന

## മാർ അപ്രേമിൻെറ ബോവൂസാ

ഞങ്ങരംക്കുള്ള കർത്താവേ! ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവ്വോടെ നിൻ തിരുമുമ്പിൽ നില്പാനെനിക്കു നീ
നൽകണമേ
വീണ്ടും ഞാനുറങ്ങുന്നാകിൽ എനിക്കുള്ള എൻെറയുറക്കം
കർത്താവേ! നിൻ തിരുമുമ്പിൽ ദോഷം കൂടാതാകണമേ
എന്നുണർച്ചയിൽ ഞാൻ ചതിപെട്ടകിൽ നിൻ നന്മയിൽ
ഞാൻ പൊറുക്കപ്പെട്ടം
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ പൊറുപ്പാൻ കരുണ നീ
ചെയ്യണമേ
തവക്ഷീണത്താൽ സ്ലീപ്പായാൽ നല്ലയുറക്കമെനിക്കു
നീ താ
ആകാ സ്വപ്നാശുദ്ധിയിൽ നിന്നെന്നെ നീ രക്ഷിച്ചു
കൊള്ളണമേ
നിരപ്പു നിറഞ്ഞ ഉറക്കത്തിൽ രാവൊക്കെ എന്നെ നീ
ഭരിക്കാ
തണുവതും വേണ്ടാ നിനവും എന്നിൽ മുഷ്കരമാക്കല്ലേ
നിൻെറയടിയാൻ ഞാനതിനാലെൻെറ സന്ധികരം
കാപ്പാനായ്
വെളിവിനുടെ മാലാഖായെ എനിക്കു നീ തരണം
കർത്താവേ!
ദ്വേഷതപെട്ടയപേക്ഷയിൽ നിന്നെന്നെ നീ രക്ഷിച്ചു
കൊള്ളണമേ
ഉയിർപെട്ട നിൻ ദേഹത്തെ ഞാനനുഭവിച്ചെന്നതിനാലെ,
ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോരം നിൻെറ
ചോരയെനിക്കു കാവൽ
നിൻ മനച്ചിലിനുടെ സ്വാതകർമ്മം നിൻ കൃപയോടെ
നൽകണമേ.
നിൻ കൈ മനഞ്ഞ ശരീരത്തിൽ നിൻെറ
വലത്തേതാകണമേ
നിൻെറ കരുണകരം കോട്ടയതായെനിക്കു നീ
ചുററിച്ചുകൊള്ളണമേ

ശരീരമടങ്ങിയുറങ്ങുമ്പോഠം കാവലതായത്തു നിൻശക്തി
സൗരഭ്യമായ ധൂപംപോലെൻെറയുറക്കം തിരുമുമ്പിൽ

നിന്നെപ്പെററന്നമ്മയുടെ നിന്നോടുള്ളയപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ തിന്മപെട്ടവനണയരുതേ.

എനിക്കവേണ്ടീട്ടുണ്ടായെന്നാ നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്‌വാൻ സാത്താനെ നീ
മുടക്കണമേ
കത്താവെ! നിൻ പറഞ്ഞൊപ്പ് എൻെറ പക്കൽ
തികയ്ക്കണമേ
നിനക്കുള്ള സ്ലീബായാലെ എൻെറ ആയുസ്സ് കാക്കണമേ

ഞാനുണരപ്പെട്ടെന്നപ്പോഠം നിന്നെ ഞാൻ കൊണ്ടാടുവാൻ
എൻെറ തളർച്ചയുടെ പക്കൽ നിൻെറയുപവി നീകാട്ടണമേ

നിൻ തിരുമനസ്സിനെ ഞാനറിഞ്ഞു ഞാനതിനെ
ചെയ്‌വാനായി
നിൻ തിരുമനോഗുണനതിനാലെ എനിക്ക നീ
മനോഗുണം ചെയ്യണമേ
നിരപ്പു നിറഞ്ഞോരന്തിയും പുണ്യതത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകനാം മശിഹാ കത്താവെ! അടിയാർക്ക
നീ തരിക
വെളിവിൽ താൻ പ്രകാശിച്ചു വെളിവിൽ തന്നെ പാക്കുന്ന
വെളിവിനുടെ സുതരായവരും നിന്നെത്തന്നെ വന്ദിക്കുന്നു

നിനക്ക സ്തുതി നിന്നനുഗ്രഹങ്ങഠം ഞങ്ങളുടെ
മേലുമതാകണമേ
ഇഹലോകത്തിലുമതുപോലെ പരലോകത്തിലുമാകണമേ

എൻെറ കർത്താവേ! നിനക്ക സ്തുതി നിനക്ക സ്തുതി സ്തുതി
നിനക്ക സ്തുതി
ആയിരങ്ങളുടെ ആയിരവും അളവു കൂടാതെ നിനക്ക സ്തുതി

നമസ്കാരം കേഠക്കുന്നവനേ! യാചനകഠം നൽകുന്നവനേ!
ഞങ്ങളുടെ നമസ്കാരം കേട്ട് യാചനകഠം നൽകീടണമേ

★

# ലുത്തിനിയാ

(ഒന്നു്)

നായകൻ: സ്വർഗ്ഗസ്ഥ പിതാവായ ദൈവമേ,

പ്രതിവാക്യം — ഞങ്ങളോടു കരുണയുണ്ടാകണമേ

ലോകരക്ഷിതാവായ ദൈവപുത്രാ

ഞങ്ങളോടു കരുണയുണ്ടാകണമേ

പരിശുദ്ധ റൂഹായായ ദൈവമേ

ഞങ്ങളോടു കരുണയുണ്ടാകണമേ

ഏക ദൈവമായ വിശുദ്ധ ത്രിത്വമേ

ഞങ്ങളോടു കരുണയുണ്ടാകണമേ

(രണ്ടു്)

നായകൻ: — കരുണയുള്ള കർത്താവിനെ നമുക്കു സ്തുതിക്കാം

പ്രതിവാക്യം — കരുണയുള്ള കർത്താവേ, നിനക്കു സ്തുതി

കൃപയാൽ ഞങ്ങളെ സൃഷ്ടിച്ചതിനായി

കരുണയുള്ള കർത്താവേ, നിനക്കു സ്തുതി

കൃപയാൽ ഞങ്ങളെ രക്ഷിച്ചതിനായി...

സഭാജീവിതമാർഗ്ഗം ഞങ്ങൾക്കു കാണിച്ചുതന്നതിനായി ..

നിന്നെ അറിവാൻ ഞങ്ങൾക്കു് ഇടയാക്കിയതിനായി....

നിന്നെ സ്നേഹിക്കുവാൻ ഞങ്ങളെ ആകർഷിച്ചതിനായി....

നിന്നെ സേവിപ്പാൻ ഞങ്ങളെ വിളിച്ചിരിക്കുന്നതിനായി..

നീ ഞങ്ങൾക്കു ചെയ്തിട്ടുള്ള സകല നന്മകൾക്കുമായി....

നിത്യജീവൻ ഞങ്ങൾക്കു വാഗ്ദാനം ചെയ്തതിനുമായി ..

## നമുക്കു പ്രാർത്ഥിക്കാം

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ. വിശുദ്ധ സഭയെ നീ അനുഗ്രഹിക്കുകയും നിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്നതിനു അനേകരെ നീ എഴുന്നേല്പിക്കുകയും ചെയ്യണമെ. കർത്താവേ..

കൊയ്ത്തു വളരെയുണ്ട്, വേലക്കാരോ ചുരുക്കം എന്നരുളിയ കർത്താവേ, കൊയ്ത്തിനു പരിശീലിക്കപ്പെടുവാൻ അനേകരെ പുരോഹിത ശുശ്രൂഷയിലേക്കും സന്യാസ ജീവിതത്തിലേക്കും സുവിശേഷ പ്രവർത്തനങ്ങളിലേക്കും ആകർഷിക്കണമേ. കർത്താവേ

ആശ്രമങ്ങൾക്കും, ദയറാകൾക്കും, മഠങ്ങൾക്കും, മത്ത മറിയം മന്ദിരങ്ങൾക്കും, സുവിശേഷാലയങ്ങൾക്കും നിന്റെ നിറപ്പും സമാധാനവും അവയുടെ അംഗങ്ങൾക്കു നല്ല കാവലും നൽകണമെ. കർത്താവേ....

എല്ലാ ദയറാക്കാരെയും ആശ്രമസ്ഥരെയും ക്ഷയിച്ചു പോകാത്ത തീക്ഷ്ണതയും പൂർണ്ണമായ സ്നേഹവും കൊണ്ടു ജ്വലിപ്പിക്കുകയും അവരുടെ പ്രതിജ്ഞകൾ പാലിക്കുവാൻ അവരെ ബലപ്പെടുത്തുകയും വിശുദ്ധ ജീവിതത്തിലേക്കു അനേകരെ ആകർഷിക്കുകയും ചെയ്യണമെ കർത്താവേ....

വിശുദ്ധ സഭയെ സത്യവിശ്വാസമാകുന്ന പാറമേൽ ഉറപ്പിച്ചു നിറുത്തുകയും അതിനെ ഭരിക്കുന്ന ഇടയന്മാരെ നിന്റെ ശക്തിയാൽ കാത്തുകൊള്ളുകയും ചെയ്യണമെ കർത്താവേ....

ഞങ്ങളുടെ പട്ടക്കാർക്കും മേല്പട്ടക്കാർക്കും തിരുവചന പ്രകാരം നിന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുന്നതിനു വേണ്ട കൃപയും ശാന്തതയോടുകൂട്ടിയ ഉത്തമ ദീർഘായുസ്സും നൽകണമെ. കർത്താവേ ...

സത്യവിശ്വാസികളുടെ കുടുംബങ്ങളെ ഒക്കെയും നീ അനുഗ്രഹിക്കുകയും കുഞ്ഞുങ്ങളെ നിൻെറ ഊടുവഴികളിൽ കൂടി നടത്തുന്നതിനുള്ള അവരുടെ പരിശ്രമങ്ങളെ വാഴ്ത്തുകയും സകല പൈതങ്ങളും നിന്നോടുള്ള സ്നേഹത്തിലും ഭക്തിയിലും വളർന്നുവരുവാൻ സംഗതിയാക്കുകയും ചെയ്യണമേ. കർത്താവേ....

ദൈവതിരുനാമമഹത്വത്തിനും ആത്മാക്കളുടെ പ്രയോജനത്തിനുമായി നടത്തപ്പെടുന്ന സകല പ്രവർത്തനങ്ങളെയും അനുഗ്രഹിക്കണമേ. കർത്താവേ....

കർത്താവേ, ലോകമെങ്ങും വിശിഷ്യ ഈ സ്ഥലത്തുമുള്ള രോഗികളെ കരുണയോടെ ദർശിച്ച് അവരുടെ വിഷമതകൾക്ക് ആശ്വാസം നൽകുകയും, സഹനശക്തിയും ദൈവാശ്രയവും അവർക്കു പ്രദാനം ചെയ്യുകയും നിന്നിലുള്ള പ്രത്യാശയാൽ അവരെ ധൈര്യപ്പെടുത്തുകയും ചെയ്യണമേ. കർത്താവേ....

ദാരിദ്ര്യദുഃഖം അനുഭവിക്കുന്നവർക്കും ക്ഷാമപീഡിതർക്കും ഉപജീവനത്തിനായി ശക്തിക്കപ്പുറം വേല ചെയ്യേണ്ടിവരുന്നവർക്കും നീ ആശ്വാസമായിരിക്കുകയും അവരെ സഹായിക്കുന്നവരെ അനുഗ്രഹിക്കുകയും ചെയ്യണമേ. കർത്താവേ

പഞ്ഞത്തേയും വസന്തയേയും പകരുന്ന വ്യാധികളേയും ഞങ്ങളിൽ നിന്നും ഞങ്ങളുടെ ദേശത്തു നിന്നും എല്ലാ രാജ്യങ്ങളിൽ നിന്നും നീ അകററി നിർത്തേണമേ. കർത്താവേ....

രോഗികളുടെയും ദരിദ്രരുടെയും ആശ്വാസാർത്ഥം നടത്തപ്പെടുന്ന ആശുപത്രികൾ, അനാഥശാലകൾ, അഗതിമന്ദിരങ്ങൾ മുതലായവയെ നീ അനുഗ്രഹിക്കേണമേ. കർത്താവേ....

രോഗികളെ ചികിൽസിക്കുകയും പരിചരിക്കുകയും ചെയ്യുന്നവർക്ക് വിവേകവും ക്ഷമയും നൽകുകയും നിന്റെ ചെറിയവർക്കു ചെയ്യുന്നതൊക്കെയും നിനക്കു ചെയ്യുന്നതാകുന്നു എന്ന ശ്രേഷ്ഠമായ ബോധം അവരിൽ ജ്വലിപ്പിക്കുകയും ചെയ്യണമേ. കർത്താവേ...

വിധവമാരെ കാത്തുകൊള്ളുകയും അനാഥകുഞ്ഞുങ്ങളെ പുലർത്തുകയും, അഗതികളെ കടാക്ഷിക്കുകയും, വൃദ്ധരെ താങ്ങുകയും യുവാക്കളെ വഴിനടത്തുകയും പൈതങ്ങളെ വളർത്തുകയും ഗർഭിണികളെ കാത്തുകൊള്ളുകയും ചെയ്യണമേ, കർത്താവേ ...

മഹാപാപികളായ ഞങ്ങളോട് കരുണയുണ്ടാവുകയും സമാധാനത്തിന്റെ മനുഷ്യർക്കുള്ള നല്ല അവസാനത്തിന് ഞങ്ങളെ യോഗ്യരാക്കുകയും നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ ഞങ്ങളെ കാത്തുകൊള്ളുകയും ചെയ്യണമേ.
കർത്താവേ ...

ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കൂട്ടായ്മയാലും മദ്ധ്യസ്ഥതയാലും ഞങ്ങളെ അനുഗ്രഹിക്കണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

കൃപ നിറഞ്ഞ മറിയമേ ...

# സന്ധ്യപ്രാർത്ഥന

കൗമാ

140, 141, 118, 116 സങ്കീർത്തനങ്ങൾ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ എന്നോടു ത്തരമരുളിച്ചെയ്യണമേ. എന്റെ വചനങ്ങളെ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളുകയും ചെയ്യണമേ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ഒരു ദുഷ്കാര്യത്തിനും ചായാതെയും ഞാൻ അന്യായ പ്രവൃത്തികളെ ചെയ്യാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കും എന്റെ അധരങ്ങൾക്കും കാവൽക്കാരെ നിയമിക്കണമേ.

ദുഷ്ടമനുഷ്യരോടു ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു. അവരുടെ വിധികർത്താക്കൾ പാറയുടെ മുനയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വാതുക്കലിരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികളെ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ, ഞാൻ കടന്നുപോകുന്നതുവരെ കാത്തുകൊള്ളണമേ. അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ച് വീഴട്ടെ.

എൻെറ ആത്മാവ് ക്ഷീണിതപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചു. ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു. അവൻെറ മുമ്പാകെ ഞാൻ എൻെറ സങ്കടം ബോധിപ്പിച്ചു. അവൻെറ മുമ്പാകെ എൻെറ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. നീ എൻെറ ഊടുവഴികളെ അറിയുന്നുവല്ലോ.

എൻെറ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികളെ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി. എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതെയായി. എൻെറ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിൻെറ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എൻെറ ആശ്രയവും എൻെറ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏററവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എൻെറ അപേക്ഷയെ ശ്രദ്ധിച്ചു കേൾക്കണമേ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതു കൊണ്ട് അവരിൽ നിന്ന് എന്നെ വിടുവിക്കണമേ. ഞാൻ നിൻെറ നാമത്തെ സ്തോത്രം ചെയ്യുവാനായിട്ട് എൻെറ ആത്മാവിനെ കാരാഗൃഹത്തിൽ നിന്നു പുറപ്പെടുവിക്കണമേ. നീ എന്നോട് ഉത്തരമരുളിച്ചെയ്യുമ്പോൾ നിൻെറ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിൻെറ വചനം എൻെറ കാലുകൾക്ക് വിളക്കും എൻെറ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. നിൻെറ നീതിയുള്ള വിധികളെ ആചരിക്കുമെന്നു ഞാൻ പ്രതിജ്ഞ ചെയ്തു. ഞാൻ ഏററവും ക്ഷീണിച്ചു, കർത്താവേ! നിൻെറ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എൻെറ വായിൽ നിന്നു വരുന്ന വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിൻെറ ന്യായങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമേ.

എൻെറ ദേഹി എല്ലായ്പ്പോഴും നിൻെറ കൈകളിൽ ഇരിക്കുന്നു. നിൻെറ വേദപ്രമാണത്തെ ഞാൻ മറന്നില്ല.

പാപികരം എന്നെ കുടുക്കുവാൻ കെണികളെ വെച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽനിന്നും മാറിപ്പോയില്ല. ഞാൻ നിൻെറ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എൻെറ ഹൃദയത്തിന് ആനന്ദമാകുന്നു. നിൻെറ കല്പനകളെ എന്നേയ്ക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് എൻെറ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവൻെറ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേയ്ക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എക്ബൊ

കർത്താവേ! കരുണയോടെ ചെവിചായിച്ച് ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോടുത്തരമരുളിച്ചെയ്യണമേ. ഞങ്ങളുടെ ശുശ്രൂഷകളും പ്രാർത്ഥനകളും ദയവോടെ കൈക്കൊള്ളുവാൻ നിനക്കിഷ്ടമുണ്ടാവുകയും ചെയ്യണമേ. സ്തൗമെൻകാലോസ് കുറിയേലായിസോൻ.

## കോലോകൾ

കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന നിൻെറ സന്നിധിയിൽ സുഗന്ധവർഗ്ഗം പോലെ ആസ്വാദ്യമായി ഭവിക്കണമേ. സുഗന്ധധൂപം പോലെ അതു നിൻെറ സന്നിധിയിലേക്കുയരുമാറാകണമേ. സുഗന്ധവർഗ്ഗങ്ങളുടെ പുക നിനക്കിഷ്ടമായിരിക്കുന്നതുപോലെ ഞങ്ങളുടെ നമസ്കാരങ്ങളിലും പ്രാർത്ഥനകളിലും അപേക്ഷകളിലും സ്തോത്രങ്ങളിലും നീ ഇഷ്ടപ്പെട്ട് ഞങ്ങളിലുള്ള അയോഗ്യതകളെ ഓർക്കാതെ അവയെ കൈക്കൊള്ളുകയും ഞങ്ങരം യാചിക്കുന്നവയെ നൽകുകയും ചെയ്യണമേ.

## ദൈവമാതാവിനോട്

കന്യകയായ മാതാവേ! എല്ലാ ഭാഗങ്ങളിൽ നിന്നും ഞങ്ങരംക്കു വന്നുകൂടുന്ന ഉപദ്രവങ്ങളേയും ഈ ലോകസമുദ്ര

ത്തിൻെറ ഓളങ്ങളേയും ചുഴലികളേയും നീ തടയണമേ. മാതാവേ! ദൈവസന്നിധിയിൽ നിനക്കുള്ള ധൈര്യപൂർവ്വമായ പ്രവേശനം മൂലം ദൈവം ഞങ്ങൾക്കു കരുണയും പാപമോചനവും രോഗികൾക്ക് സൗഖ്യവും ഞെരുക്കത്തിലിരിക്കുന്നവർക്ക് ആശ്വാസവും ലഭിക്കുന്നതിനും അകലെ പോയിരിക്കുന്നവർ തടസ്സം കൂടാതെ തിരിച്ചു വരുന്നതിനും ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

## പരിശുദ്ധൻമാരോട്

സഹോദരന്മാരേ! ജലപ്രളയകാലത്തിൽ നീതിമാനായ നോഹ് തന്നോടുകൂടെ പെട്ടകത്തിനകത്തു പ്രവേശിച്ച ജീവജന്തുക്കളെ അതിൻെറ ഉള്ളിൽ മറച്ചുകൊണ്ടപ്രകാരം ലോകത്തെ ചുററിയിരിക്കുന്ന തിരമാലകളിൽ നിന്നും ചുഴലികളിൽ നിന്നും ഞങ്ങളെ മറച്ചു കൊള്ളണമേ.

## ഏകപരിശുദ്ധനോട്

മാർ തോമ്മാശ്ലീഹാ നിൻെറ ശോഭ മേലുള്ളവരെ വിസ്മയിപ്പിച്ചു. നിൻെറ ശ്രേഷ്ഠമായ നാമം താഴെയുള്ളവരുടെ ഇടയിൽ പുകഴ്ത്തപ്പെടുന്നു. നിൻെറ യജമാനനായ മശിഹാ നിൻെറ നല്ലനടപടികളെക്കണ്ട് നിൻെറ ഓർമ്മയെ ബഹുമാനിച്ച് ശ്രേഷ്ഠപ്പെടുത്തിയിരിക്കുന്നു. നിൻെറ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമേ.

## അനുതാപത്തിൻെറ

പരമാർത്ഥികളെ സ്നേഹിക്കുന്ന നിർമ്മലനായിരിക്കുന്ന ദൈവമായ കർത്താവേ! ഞങ്ങൾക്ക് എല്ലായ്പ്പോഴും നിർമ്മലഹൃദയത്തെ തരണമേ. നിനക്കിഷ്ടമില്ലാത്ത വ്യർത്ഥവിചാരങ്ങളേയും ദുർവിചാരങ്ങളേയും ഞങ്ങളിൽ നിന്ന് നീക്കിക്കളയണമേ. കർത്താവേ! കള്ളനു തുറന്നു കൊടുത്ത പ്രകാരം നിൻെറ കരുണയുടെ വാതിൽ ഞങ്ങൾക്കു നീ തുറന്നു തരേണമേ. ചുങ്കക്കാരൻെറയും പാപിയായ സ്ത്രീയുടേയും അനുതാപത്തെ കൈക്കൊണ്ടതുപോലെ ഞങ്ങളുടെ അനുതാപത്തെയും കൈക്കൊള്ളണമേ.

മാനസാന്തരപ്പെട്ട് അനുതപിച്ച് തന്റെ അടുക്കലേയ്ക്കു വരുന്നവരിൽ പ്രീതിപ്പെടുന്ന കരുണാപൂർണ്ണനായ കർത്താവേ! നിന്നെ ഉപേക്ഷിച്ചു പറഞ്ഞതിന്റെ ശേഷവും ശെമഓനെ നീ പുണ്യപ്പെടുത്തിയ പ്രകാരം ഞങ്ങളുടെ കടങ്ങളേയും പാപങ്ങളേയും പരിഹരിക്കേണമേ.

കർത്താവേ! നിന്റെ അന്ത്യ ന്യായവിസ്താരത്തിൽ മുഖപക്ഷമില്ലാത്തതിനെ ഓർത്തു കുററക്കാരായ ഞങ്ങൾ ഏററം ദുഃഖിക്കുന്നു. ഭയങ്കരമേറിയ കണക്കുപുസ്തകങ്ങൾ വിടർത്തി ഞങ്ങളുടെ കുററങ്ങൾ വായിക്കുന്ന സമയത്ത് നിന്റെ കൃപ പ്രബലപ്പെട്ട് നിന്റെ നീതിയാൽ ഞങ്ങളെ സഹായിക്കേണമേ. കുററക്കാരായ ഞങ്ങൾക്കു മോചനം ലഭിക്കുകയും ചെയ്യുമാറാകണമേ. കർത്താവേ! ഞങ്ങൾ പാപം ചെയ്തുപോയി എന്നു ഞങ്ങൾ സമ്മതിക്കുന്നു. ദയവോടെ ഞങ്ങളോടു കരുണ ചെയ്യണമേ.

## മരിച്ചവർക്കുവേണ്ടി

കർത്താവേ! പുണ്യപ്പെടുത്തുന്നതായ നിന്റെ വിശുദ്ധ ശരീരത്തേയും രക്തത്തേയും അനുഭവിച്ചിട്ടുള്ള വിശ്വാസികളായ വാങ്ങിപ്പോയവരെക്കുറിച്ച് നല്ല സ്മരണയുണ്ടാകുമാറാകണമേ. മശിഹാ കർത്താവേ നിന്റെ മാലാഖമാരോടു കൂടെ മഹത്വത്തിൽ നീ വരുമ്പോൾ ഞങ്ങളുടെ വാങ്ങിപോയവർ മുഖപ്രസാദത്തോടു കൂടെ നിന്റെ വലഭാഗത്തുനിന്നുകൊണ്ട് നിന്റെ ദൈവത്വത്തെ സ്തുതിക്കുമാറാകണമേ. മൊറിയോ........

ഞങ്ങളുടെ കർത്താവായ യേശുമശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ നീ അടയ്ക്കരുതേ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏററുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമേ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേയ്ക്കു നിന്നെ ഇറക്കിക്കൊണ്ടുവന്നു, ഞങ്ങളോടു കരുണയുണ്ടാകണമേ.

(കൗമാ)

# സൂത്താറാ നമസ്ക്കാരം

(കൗമാ)

## കോലോകൾ

കർത്താവേ! നിൻെറ സർവ്വ കല്പനകളുടെയും വഴി ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങരം അവയെ ആചരിച്ച് നിൻെറ കൃപയാൽ ജീവിക്കുമാറാകണമേ. നിൻെറ നൽവരത്തിൻെറ ഭണ്ഡാരം കവർച്ച ചെയ്യപ്പെടാതിരിപ്പാൻ ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകരംക്കു നീ കാവൽക്കാരെ നിയമിക്കണമേ.

വിശുദ്ധന്മാരാൽ കൊണ്ടാടപ്പെടുന്ന വിശുദ്ധതയുള്ള പരിശുദ്ധനായ ദൈവമേ! കർത്താവു പരിശുദ്ധനെന്നും കത്താവിൻെറ നാമം വാഴ്ത്തപ്പെട്ടതെന്നും സ്രോപ്പേന്മാർ സ്തുതിക്കുന്നതു പോലെ ഞങ്ങരം നിന്നെ സ്തുതിപ്പാനായിട്ട് ഞങ്ങളെല്ലാവരുടെയും വിചാരങ്ങളെ നീ ശുദ്ധീകരിച്ച് വെടിപ്പാക്കണമേ. മൊറിയോ.......

## ബോവൂസൊ

ഞങ്ങളുടെ കർത്താവേ! ഞങ്ങളോട്ട കരുണയുണ്ടായി ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ.

നിൻെറ ശ്രീഭണ്ഡാരത്തിൽ നിന്നു കരുണയും കൃപയും മോചനവും ഞങ്ങരംക്ക് അയച്ചു തരണമേ.

ഞങ്ങളുടെ പ്രവൃത്തികരം നിന്നെ കോപിപ്പിക്കുവാൻ തക്കവയാകുന്നുവെങ്കിലും നീ കോപത്തിനു ആഗ്രഹമില്ലാത്തവനാകുന്നു. നീ കരുണാ പൂർണ്ണനായിരിക്കുന്നതു കൊണ്ട് നിൻെറ ശാന്തത കലങ്ങാത്തതുമാകുന്നു.

നിൻെറ കരുണാ സമുദ്രത്തിൻെറ വലിപ്പത്തിൽ ഞങ്ങളുടെ പാപം അസംഖ്യമെങ്കിലും അത് ചെളിയുടെ ഒരു തുള്ളിപോലെ മാത്രം ഇരിക്കുന്നു. മഹാസമുദ്രത്തെ ഒരു തുള്ളി ചെളിക്കു കലക്കുവാൻ കഴിയുന്നതല്ലല്ലോ.

പ്രാർത്ഥനകളെ കേൾക്കുന്നവനും യാചനകളെ നൽകുന്നവനും ആയുള്ളവനേ! ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളുടെ മേൽ പ്രീതി തോന്നി നിൻെറ കരുണയാൽ ഞങ്ങളുടെ യാചനകളെ നൽകേണമേ.

കുറിയേ .. കുറിയേ....കുറിയേ....

## 91, 120 സങ്കീർത്തനങ്ങൾ

ബാറെക്ക്മോർ, അത്യുന്നതൻെറ സംരക്ഷണയിൽ വസിക്കുന്നവനും ദൈവത്തിൻെറ തണലിൽ കഴിയുന്നവനുമായ മനുഷ്യാ

ബാറെക്ക്മോർ, കർത്താവിനോട് എൻെറ ശരണവും എൻെറ സങ്കേതസ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറയും.

എന്തെന്നാൽ അവൻ വിരുദ്ധത്തിൻെറ കെണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തൻെറ ത്തുവലുകൊണ്ട് നിന്നെ രക്ഷിക്കും. അവൻെറ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവൻെറ സത്യം നിൻെറ ചുററിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും ഉച്ചയിൽ ഊതുന്ന കാററിൽ നിന്നും ഭയപ്പെടുകയില്ല

നിൻെറ ഒരു ഭാഗത്തുനിന്ന് ആയിരങ്ങളും നിൻെറ വലതുഭാഗത്തു നിന്ന് പതിനായിരങ്ങളും വീഴും.

അവർ നിങ്കലേക്ക് അടുക്കുകയില്ല. എന്നലോ നീ നിൻെറ കണ്ണുകറം കൊണ്ടുതന്നെ കാണും. ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എൻെറ ശരണമായ കർത്താവു നീയാകുന്നു.

ദോഷം നിന്നോട് അടുക്കയില്ല. ശിക്ഷ നിൻെറ കൂടാരത്തിന് സമീപിക്കുകയുമില്ല.

എന്തെന്നാൽ നിൻെറ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ തൻെറ മാലാഖമാരോട് നിന്നെ കുറിച്ച് കല്പിക്കും.

നിൻെറ കാലിൽ നിനക്കു ഇടച്ച്യുണ്ടാകാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസൊ സർപ്പത്തെയും ഹർമോനൊ സപ്പത്തേയും നീ ചവിട്ടും. സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതു കൊണ്ട് ഞാൻ അവനെ രക്ഷിച്ച ബലപ്പെടുത്തും. അവൻ എൻെറ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരിക്കും. അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും എൻെറ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എൻെറ കണ്ണുകളെ ഉയത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്നു വരും.

എൻെറ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൻെറ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിൻെറ കാൽ ഇളകുവാൻ സമ്മതിക്കുകയില്ല. നിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിൻെറ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിൻെറ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവ് വലത്തുകൈകൊണ്ട് നിനക്ക് നിഴലിടും.

പകൽ സൂര്യനോ രാത്രിയിൽ ചന്ദ്രനോ നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇന്നുമുതൽ എന്നേക്കും കാത്തുകൊള്ളും.
ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു ബാറെക്മോർ.

## പ്രാർത്ഥന

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, മെന ഓലം വഒാമൊല്ഓലം ഒൽമ്മീനാമ്മീൻ.

മഹോന്നതനായ കർത്താവേ! നിന്റെ കരുണയാകുന്ന ചിറകുകളുടെ നിഴലിൽ ഞങ്ങളെ മറച്ച് ഞങ്ങളോടു കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമേ.

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മശിഹാ! നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പുണ്യപ്പെടുത്തി ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമേ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നൽകണമേ.

നിന്നെ പ്രസവിച്ച മറിയാമിൻെറയും നിൻെറ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങറാക്കു പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമേ.

കൗമാ

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു. (കുമ്പിടുക)

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു. (കുമ്പിടുക)

കർത്താവിൻെറ ബഹുമാനം തൻെറ സ്ഥാനത്തു നിന്ന് എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാകുന്നു. (കുമ്പിടുക)

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.

നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു.

നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും നിൻെറ തിരുനാമം വഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി.

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി.

ഞങ്ങളുടെ ശരണമേ! എന്നേയ്ക്കും നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.... ഇത്യാദി.

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻെറയും ഭൂമിയുടെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻെറയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിൽ (ഞങ്ങറാ വിശ്വസിക്കുന്നു)

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യ ദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, സാരാംശ ത്തിൽ പിതാവിനോടു സമത്വമുള്ളവനും സകലവും താൻ മുഖാന്തിരമായി നിർമ്മിച്ചവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി തിരുമനസ്സായപ്രകാരം സ്വർഗ്ഗ ത്തിൽ നിന്നിറങ്ങി + വി: റൂഹായിൽ നിന്നും ദൈവമാതാ വായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായി ത്തീർന്നു മനുഷ്യനായി, പൊന്തിയോസ് പീലാത്തോ സിന്റെ ദിവസങ്ങളിൽ നമുക്കുവേണ്ടി കുരിശിൽ തറയ്ക്ക പ്പെട്ടു + കഷ്ടം അനുഭവിച്ചു, മരിച്ചു, അടക്കപ്പെട്ടു, മൂന്നാം ദിവസം ഉയിർത്തെഴുന്നേററു സ്വർഗ്ഗത്തിലേക്കു കരേറി + തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവ നുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും, തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ ഏക കർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു),

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാ വിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും, നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം, സംസാരിച്ചവനുമായ, ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈ ഹീകവുമായ ഏക വിശുദ്ധ സഭയിലും

(ഞങ്ങൾ വിശ്വസിക്കുന്നു)

പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമാകുന്നു എന്ന് ഞങ്ങൾ ഏററു പറഞ്ഞ്, മരിച്ചുപോയവരുടെ ഉയ ർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവ നുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ സ്തൗമെൻകാലോസ് —

കുറിയേലായിസ്സോൻ

## മദ്ധ്യസ്ഥപ്രാർത്ഥന

കാരുണ്യവാനായ കർത്താവേ! ഈ കഴിഞ്ഞ പകലിൻെറ നാഴികകളെ നിവർത്തിപ്പാനും സന്ധ്യാസമയത്തെ നമസ്കാരങ്ങളും അപേക്ഷകളും നിൻെറ സന്നിധിയിൽ കഴിപ്പാനുമായിട്ട് ഞങ്ങളെ യോഗ്യരാക്കിത്തീർത്ത നിൻെറ മഹാ വലിയ കരുണക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഇന്നേദിവസം ഞങ്ങളിൽ നിന്നു വന്നുപോയിട്ടുള്ള കുററങ്ങളും ദോഷങ്ങളും ഞങ്ങളോട് ക്ഷമിച്ച് രാത്രിസംബന്ധമായും അന്ധകാര സംബന്ധമായുമുള്ള പാപ വികാരങ്ങളുടെ സകല ഇമ്പങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമെ. ഈ സന്ധ്യ സമാധാനമുള്ളതും കലക്കമില്ലാത്തതും വരുന്ന രാവ് മായാമോഹം കൂടാത്തതും ഉപദ്രവമില്ലാത്തതുമാക്കി തീർക്കുമാറാകണമെ.

ദൈവമായ കർത്താവേ! സകലവിധമായ പ്രയാസങ്ങളിലും, രോഗങ്ങളിലും, പാപഭാരത്തിലും വലയുന്നവരായ എല്ലാവർക്കും നീ ആശ്വാസം നൽകി രക്ഷിച്ചുകൊള്ളണമെ. ഉപജീവനത്തിനു ശക്തിക്കപ്പുറം വേല ചെയ്യേണ്ടിവരുന്നവരും അർദ്ധ പട്ടിണിയിൽ കഴിയുന്നവരുമായവരെ അവർക്കാവശ്യമായ സഹായങ്ങൾ നൽകി അനുഗ്രഹിക്കേണമെ. യേശുവേ! വിശുദ്ധ സഭയേയും അതിലെ എല്ലാ സുവിശേഷപ്രവർത്തനങ്ങളേയും അനുഗ്രഹിച്ച് ശക്തീകരിക്കണമെ. ഞങ്ങളെ നേർവഴിയിൽ നടത്തുന്ന പിതാക്കന്മാരെയും ഉപദേഷ്ടാക്കന്മാരേയും ദൈവീക ജ്ഞാനത്തിൽ നടത്തി ദീർഘായുസ്സ നൽകി അനുഗ്രഹിക്കണമെ.

ഞങ്ങളുടെ ദേശത്തേയും സഹോദര വർഗ്ഗങ്ങളേയും ഞങ്ങളെ ഭരിക്കുന്ന ഭരണകൂടത്തേയും അതിലെ നേതാക്കന്മാരേയും അനുഗ്രഹിക്കുമാറാകണമെ. ഞങ്ങൾ ഈ രാത്രിയിലെ വിശ്രമത്താൽ കൂടുതൽ ശക്തിപ്രാപിച്ച് അതിരാവിലെ ഉണർന്നു് നിന്നെ സ്തുതിക്കുകയും ആ ജീവനാന്തം നിൻെറ തിരുവിഷ്ടം മാത്രം നിവർത്തിപ്പാനും ഇടയാക്കണമെ. ഞങ്ങൾ നിന്നെയും നിൻെറ പിതാവിനെയും പരിശുദ്ധ റൂഹായേയും അടക്കംകൂടാതെ സ്തുതിക്കുവാനായിട്ടുതന്നെ. ആമ്മീൻ.

# പ്രഭാതപ്രാർത്ഥന

(ദൈവമേ നീ പരിശുദ്ധനാകുന്നു....കൗമാ)

### 51-ാം സങ്കീർത്തനം

ദൈവമേ! നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങളെ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽനിന്നു എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്നു് എന്നെവെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൻ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ടു് എന്റെ മേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും അതിനാൽ എന്നെ വെണ്മയാക്കണമേ. ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെൺമയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ടു് എന്നെ തൃപ്തിയാക്കണമേ. ക്ഷീണിച്ച എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽനിന്നു് നിന്റെ മുഖം തിരിച്ചു് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ, സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ

ഉള്ളിൽ പുതുക്കണമെ. നിൻെറ മുമ്പിൽ നിന്നു് എന്നെ തള്ളികളെയരുതേ. നിൻെറ വിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കുകയും അരുതേ.

എന്നാലോ നിൻെറ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ. മഹത്വമുള്ള നിൻെറ ആത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോഠം ഞാൻ അതിക്രമക്കാരെ നിൻെറ വഴി പഠിപ്പിക്കും. പാപികഠം നിങ്കലേക്കു തിരിയുകയും ചെയ്യും.

എൻെറ രക്ഷയുടെ ദൈവമായ ദൈവമേ! രക്തപാതകത്തിൽ നിന്നു് എന്നെ രക്ഷിക്കണമേ! എൻെറ നാവു നിൻെറ നീതിയെ സ്തുതിക്കും. കർത്താവേ! എൻെറ അധരങ്ങഠം എനിക്കു തുറക്കണമേ. എൻെറ വായ് നിൻെറ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികഠം താഴ്മയുള്ള ആത്മാവാകുന്നു ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിൻെറ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമേ. ഊർശലേമിൻെറ മതിലുകളെ പണിയണമേ. അപ്പോഠം നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോഠം നിൻെറ ബലിപീഠത്തിന്മേൽ കാളകഠം ബലിയായി കരേറും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്ക്മോർ

കരുണയുള്ള ദൈവമേ! നിൻെറ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. മൊറിയോ ..

### 63_ാം സങ്കീർത്തനം

എൻെറ ദൈവമേ! നീ എൻെറ ദൈവമാകുന്നു ഞാൻ നിനക്കുവേണ്ടി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എൻെറ ആത്മാവു നിനക്കായി ദാഹിച്ചിരിക്കുന്നു എൻെറ ജഡവും നിനക്കായി കാത്തിരിക്കുന്നു.

ഇപ്രകാരം നിൻെറ ബലത്തെയും നിൻെറ ബഹുമാനത്തെയും കാൺമാൻ സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിൻെറ കരുണ ജീവനേക്കാറം നല്ലതാകുന്നു. എൻെറ അധരങ്ങറം നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോറം ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിൻെറ നാമത്തിൽ ഞാൻ എൻെറ കൈകളെ ഉയർത്തുകയും ചെയ്യും.

എൻെറ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടി പ്രാപിക്കും. എൻെറ വായ് സ്തുതിയുള്ള അധരങ്ങറംകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എൻെറ കിടക്കയിൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായിയായിത്തീർന്നു. നിൻെറ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എൻെറ ആത്മാവ് നിന്നെ പിൻതുടർന്നു. നിൻെറ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എൻെറ ആത്മാവിനെ നശിപ്പിക്കാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിനു വിധേയമാക്കപ്പെടുകയും കുറുനരികറംക്കു ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവു ദൈവത്തിൽ സന്തോഷിക്കും.

അവൻെറ നാമത്തിൽ ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

### എനിയോനൊ

സ്വർഗ്ഗസ്ഥനായ രാജാവേ! പ്രഭാതസമയത്ത് ഞാൻ നിന്റെ അടുക്കൽവന്ന് നിന്റെ സിംഹാസനത്തിൻ മുമ്പാകെ വന്ദിച്ചു. നിനക്കു വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളും എന്നോടു ക്ഷമിക്കണമേ.

ഉത്തമനും ദയാലുവുമായുള്ളോവേ! ഞാൻ നിന്നോടപേക്ഷിക്കുകയും നിന്റെ കരുണയ്ക്കായി ആഗ്രഹിക്കുകയും ചെയ്യുന്നു. നിനക്കു വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളെയും എന്നോടു ക്ഷമിക്കണമേ.

പ്രകാശത്തിൽ വസിക്കുന്നവനും പ്രകാശമായിരിക്കുന്നവനുമേ! അന്ധകാരത്താൽ ആക്രമിക്കപ്പെടാത്ത പ്രകാശത്തിന് എന്നെ യോഗ്യനാക്കണമേ.

സ്വർഗ്ഗത്തിലും ഭൂമിയിലും മഹത്വമുള്ളവനും സ്വർഗ്ഗവാസികളും ഭൂവാസികളും മഹത്വപ്പെടുത്തുന്നവനുമായ കർത്താവേ! നിനക്കു സ്തുതി. ആമ്മീൻ

### 113-ാം സങ്കീർത്തനം

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി.

കർത്താവിന്റെ ഭൃത്യന്മാരെ! സ്തുതി പാടുവിൻ നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദി മുതൽ എന്നേയ്ക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അസ്തമനംവരേയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവു സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോട് സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു.

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടു കൂടെ ഇരുത്തേണ്ടതിന് കുപ്പയിൽനിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്ക്മോർ

## എക്ബൊ

ദൈവമേ! ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ ചെയ്ത പാപങ്ങളുടെ തിരമാലകളും ചുഴലികളും ഞങ്ങളെ ചുററിയിരിക്കുന്നു. ഞങ്ങൾ പാപസമുദ്രത്തിൽ മുങ്ങിപ്പോവാതിരിപ്പാനായിട്ട് നീ ഞങ്ങൾക്ക് സമാധാനത്തിന്റെ തുറമുഖമായിരിക്കണമേ. ഞങ്ങൾ അനുതാപത്തിനായി കാത്തിരിക്കുന്നു. പത്രോസിന് എന്നപോലെ ഞങ്ങൾക്ക് നിന്റെ കൈ നീട്ടിത്തന്ന് ഞങ്ങളോട് കരുണ ചെയ്യണമേ. സ്തൗമെൻകാലോസ് കുറിയേലായിസോൻ

## കോലോകൾ

സുഗന്ധവാസനയായിട്ട് പിതാവായ ദൈവത്തിനു തന്നെത്തന്നെ കാഴ്ചയണച്ചവനായ മശിഹാ തമ്പുരാനേ! നീ മൂലം ഞങ്ങൾ ദൈവസന്നിധിയിൽ സുഗന്ധവാസനയായിത്തീരുമാറാകണമേ. ഞങ്ങളുടെ നമസ്കാരങ്ങളും ശുശ്രൂഷകളും നീ നിരസിക്കത്തക്കവണ്ണം ദുർഗന്ധങ്ങളാൽ നിറഞ്ഞിരിക്കുന്നുവെങ്കിലും അശുദ്ധനായ ആ കുഷ്ഠരോഗിയെ തൊട്ടുവെടിപ്പാക്കിയ നിന്റെ തൃക്കൈകൊണ്ട് ഞങ്ങളെയും ഞങ്ങളുടെ നമസ്കാരങ്ങളെയും ശുശ്രൂഷകളെയും തൊട്ടുവെടിപ്പാക്കി വാസന വീശുന്ന സുഗന്ധവർഗ്ഗങ്ങളാക്കിത്തീർക്കണമേ.

## ദൈവമാതാവിനോട്

ദൈവമായ കർത്താവേ! നിന്റെ സാന്നിദ്ധ്യത്താൽ സീനായി പർവ്വതത്തെ ഇളക്കിയവനും ഉയരത്തേയും ആഴ

ത്തേയും വഹിച്ചിരിക്കുന്നവനും നീ ആയിരിക്കെ കന്യക മറിയം നിന്നെ വഹിക്കുന്നവനും അവറം പുരുഷസംബന്ധം കൂടാതെ നിന്നെ ഗർഭം ധരിച്ച് അവർണ്ണനീയമായ വിധത്തിൽ പ്രസവിക്കുന്നതിനും തിരുവിഷ്ടമുണ്ടായതുപോലെ നിൻെറ മാതാവിൻെറ ഓർമ്മയെ നീ മഹത്വപ്പെടുത്തുകയും അവളുടെ പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ.

## പരിശുദ്ധന്മാരോട്

സഹദേന്മാരേ! ദൈവം തൻെറ കരുണയാൽ ഞങ്ങളെല്ലാവരോടും കൃപചെയ്‌വാനും അവസാനനാളിലെ ശിക്ഷാവിധിയിൽ നിന്ന് ഞങ്ങളെ രക്ഷിപ്പാനും ജയത്തിൻെറ കിരീടങ്ങറം നിങ്ങറം പ്രാപിക്കുന്ന സമയത്ത് നിങ്ങളെ കാണ്മാൻ ഞങ്ങറംക്ക് ഇടവരുവാനും ആയിട്ട് ഞങ്ങറംക്കു വേണ്ടി അപേക്ഷിക്കണമേ.

## ഏകപരിശുദ്ധനോട്

(മാർ തോമ്മശ്ലീഹാ), ഞെരുക്കത്തിലിരിക്കുന്ന എല്ലാവരും നിൻെറ സഹായത്തെ അന്വേഷിക്കുന്നു. നിൻെറ പ്രാർത്ഥന ഞങ്ങറംക്കു കോട്ടയും അഭയസ്ഥാനവും ആയിരിക്കണമേ. നിൻെറ പ്രാർത്ഥനയാൽ ഞങ്ങളുടെ യാചനകറം സഫലമാവുകയും ഞങ്ങളുടെ രോഗികറം സുഖമാകുകയും പിശാചുക്കളാൽ പരീക്ഷിക്കപ്പെടുന്നവർ അതിൽ നിന്നു വിമുക്തരാവുകയും ചെയ്യണമേ.

## അനുതാപത്തിൻെറ

തന്നെ വിളിക്കുന്ന പാപികറംക്ക് തൻെറ കരുണയെ വിരോധിക്കാത്തവനായ ദൈവമേ! നിൻെറ കരുണയാൽ ശിക്ഷകളെയും ക്രോധത്തിൻെറ വടികളെയും ഞങ്ങളിൽ നിന്ന് വിലക്കി നീക്കിക്കളയണമേ. നിൻെറ കൃപകറംക്കു വേണ്ടി നിന്നെ സ്തോത്രം ചെയ്‌വാനായിട്ട് സന്തോഷമുള്ള മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും

ഞങ്ങൾക്ക തരണമേ. നിൻെറ സ്ലീബായുടെ മഹത്വമേറിയ അടയാളത്താൽ ദുഷ്ടനെ ഞങ്ങളിൽ നിന്ന് വിരോധിക്കണമേ.

കർത്താവേ! നിന്നെ സ്തുതിക്കുന്നതിൽ നിന്ന് മൗനമായിരിപ്പാനും നിന്നെ പുകഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും ഞങ്ങൾക്കിടയാകരുതേ. കർത്താവേ! നീതിയിൻപ്രകാരം ഞങ്ങളെ നീ വിധിക്കരുതേ. ഞങ്ങൾ കുററക്കാരാകുന്നു എന്ന് ഞങ്ങൾക്ക തന്നെ ബോദ്ധ്യമാകുന്നു. ഞങ്ങളുടെ കുററങ്ങൾക്ക നീ ഞങ്ങളോടു പകരം ചോദിക്കുന്നെങ്കിൽ നിത്യജീവൻെറ ശരണമില്ലാതെയും നിന്നോടപേക്ഷിപ്പാൻ നിവൃത്തിയില്ലാതെയും ഞങ്ങൾ അഗ്നിനരകത്തിന് അവകാശികളായിത്തീരുമല്ലോ. ആകയാൽ നിൻെറ കരുണമൂലം ഞങ്ങളുടെ പാപങ്ങൾ പരിഹരിക്കണമേ.

കർത്താവേ! നീ ഞങ്ങളെ ന്യായം വിധിക്കുമ്പോൾ ഞങ്ങളുടെ മലിനതകൾ ഞങ്ങളെ മൂടിക്കളയരുതേ. നീതിമാന്മാർ മഹത്വം ധരിക്കുമ്പോൾ ന്യായാസനത്തിനു മുൻപിൽ ഞങ്ങൾ നഗ്നരായിത്തീരരുതേ. ഞങ്ങൾ തെററി പാപത്തിൽ വീണുപോയിരിക്കുന്നു. എഴുന്നേല്പാനായി നിൻെറ വലതുകൈ ഞങ്ങൾക്ക നീട്ടിതരണമേ. അനുതപിക്കുന്നവർക്ക് വാതിൽ തുറന്നിട്ടിരിക്കുന്നവനും പാപികളോടു കരുണയുള്ളവനുമായ കർത്താവേ! സ്ലീപ്പായിൽ വച്ചു കള്ളനോട് ചെയ്തപ്രകാരം ഞങ്ങളോടു കരുണ ചെയ്യണമേ.

## മരിച്ചവർക്കുവേണ്ടി

നിദ്ര പ്രാപിച്ചവരായ ഞങ്ങളുടെ മാതാപിതാക്കന്മാർക്കും സഹോദരീസഹോദരങ്ങൾക്കും ആശ്വാസവും നല്ല ഓർമ്മയും നൽകണമേ. കർത്താവേ! നിൻെറ ആരാധകരെ വിശുദ്ധന്മാരുടെ സംഘങ്ങളിലും നിരകളിലും ചേർക്കണമേ. നീ നിൻെറ സിംഹാസനത്തിൽ ഇരിക്കുകയും നല്ലവരെ ദുഷ്ടന്മാരിൽ നിന്ന് വേർതിരിക്കുകയും ചെയ്യുന്ന

സമയത്ത് ന്യായസനത്തിൽ നിന്നം അവർക്ക് നിൻെറ കരുണ ലഭിക്കമാറാകണമേ. നിൻെറ മഹത്വം വെളിപ്പെടുന്ന നാളിൽ അവർ നിൻെറ വലത്തുഭാഗത്ത് നിൽക്കകയും ചെയ്യുമാറാകണമേ. മൊറിയോ........

## പ്രഭാത സ്തോത്രം

കർത്താവേ! നിനക്ക സ്തോത്രം ചെയ്യുന്നതും ഉന്നതപ്പെട്ട നിൻെറ നാമത്തിന്ന പാടുന്നതും പ്രഭാതകാലത്തു നിൻെറ കൃപയും രാത്രികാലങ്ങളിൽ നിൻെറ വിശ്വാസത്തേയും അറിയിക്കുന്നതു് എത്ര നല്ലതാകുന്നു. കർത്താവേ! പ്രഭാതസമയത്ത് എൻെറ ശബ്ദം നീ കേൾക്കണമേ. പ്രഭാതസമയത്ത് ഞാൻ ഒരുങ്ങി നിനക്ക കാണപ്പെടുമാറാകണമേ.

കർത്താവേ! നിൻെറ ജനങ്ങളോടു കരുണ ചെയ്യണമേ. കരുണയുള്ളവനെ! ഞങ്ങളെല്ലാവരുടെയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമേ. പരിശുദ്ധനായ പിതാവേ നിൻെറ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിൻെറ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളെ സൗഖ്യമാക്കണമേ. ആമ്മീൻ.

ദൈവമേ! നീ പരിശുദ്ധനാകുന്നു .......ഇത്യാദി കൗമാ

വിശ്വാസപ്രമാണം

## മദ്ധ്യസ്ഥ പ്രാർത്ഥന

നീതിസൂര്യനായ യേശുമശിഹാ! ഈ പ്രഭാതത്തിൽ ഞങ്ങളിലുള്ള സകല അന്ധകാരവും ദൂരീകരിക്കുവാൻ നിൻെറ സ്വർഗ്ഗീയ പ്രകാശം ഞങ്ങളിൽ ഉദിപ്പിക്കണമെ. നിൻെറ കൃപയാൽ ഞങ്ങളുടെ പ്രാർത്ഥനയെ വെടിപ്പാക്കുകയും നിൻെറ ദയവാൽ ഞങ്ങളോടുത്തരമരുളുകയും ചെയ്യണമേ. പ്രകാശത്തിൻെറ സ്രഷ്ടാവും നിർമ്മിതാവും ആയവനെ ഞങ്ങൾ സകല ജോലികൾക്കും മുമ്പായി നിൻെറ

സന്നിധിയിൽ വന്ന് കരുണയും ഭയവും യാചിക്കുന്നു, കൃപയോടെ കേൾക്കണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ ജീവൻ നൽകുന്നതായ നിന്റെ കല്പനകളുടെ ഊടുവഴിയിൽ കൂടി നടപ്പാൻ തക്കവണ്ണം എന്നേക്കും ഞങ്ങളുടെ നടപ്പുകളെ ശരിപ്പെടുത്തണമെ. കർത്താവേ! നീതിമാന്മാരെ നിന്റെ പ്രകാശത്തിൽ ആനന്ദിപ്പിക്കുന്നതായ ആ പ്രഭാതത്തിൽ ഞങ്ങളുടെ ഹൃദയങ്ങളെയും നീ ആനന്ദിപ്പിക്കണമെ

യേശുവേ! പാപം കൂടാതെ ഞങ്ങളെ കാത്തുകൊള്ളുകയും വിശുദ്ധിയിൽ ഞങ്ങളെ വളർത്തുകയും ചെയ്യണമെ. ഞങ്ങളുടെ സമസൃഷ്ടികളുടെയും സഹോദര വർഗ്ഗങ്ങളുടെയും ദുഃഖങ്ങൾ അല്പമെങ്കിലും ലഘൂകരിക്കുവാൻ ഞങ്ങളെ നിന്റെ പരിശുദ്ധാത്മാവിനാൽ പ്രാപ്തരാക്കേണമെ. ഞങ്ങളെ നിന്റെ രക്ഷാസുവിശേഷത്തിന്റെ വിശ്വാസപ്രവാകചരാക്കിത്തീർക്കുകയും ചെയ്യുമാറാകണമെ. ആയതു ഞങ്ങൾ നിന്നെയും നിന്റെ പിതാവിനേയും പരിശുദ്ധ റൂഹായേയും അടക്കം കൂടാതെ സ്തുതിക്കുവാനായിട്ടു തന്നെ. ആമ്മീൻ.

## ഭവനസന്ദർശനം

1 അൻപുടയോനെ നിൻവാതിൽ- മുട്ടുന്നു ദാസർനാഥം
ആവശ്യത്താൽ യാചിക്കും അടിയാരെ തള്ളീടല്ലെ

2 മാതാവും ശുദ്ധന്മാരും-അപ്പികൾ മദ്ധ്യസ്ഥതയാൽ
വാഴ്‌വമ്പോടീ വീടിന്നും-വീട്ടാർക്കും നാഥാ നൽക

എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എങ്കിലും ലോകം തരുന്നതുപോലെയല്ല എന്നരുളിച്ചെയ്തവനായ ദൈവമായ കർത്താവേ! നിന്റെ നിരപ്പും സമാധാനവും ഈ ഭവനത്തിന്മേലും ഇതിൽ വസിക്കുന്നവരുടെ മേലും വാഴുമാറാകണമെ. ഇതിൽ പാർക്കുന്നവരെ നീ പാലിക്കുകയും വിട്ടുപിരിയാത്തതായ നിന്റെ സ്വർഗ്ഗീയ വാഴ്‌വാൽ ഇവരെ അനുഗ്രഹിക്കുകയും ചെയ്യണമേ. ഈ ഭവനം ഐശ്വര്യപ്പെട്ട് ഇതിൽ വസിക്കുന്നവർ ജയത്താൽ രക്ഷപെടണമെ. ഇതിലുള്ള സകലത്തേയും നീ വാഴ്ത്തണമെ

ഇതിലെ വരവുകളും ചെലവുകളും നിൻെറ തിരുനാമ മഹത്വത്തിനും നീതിയുടെ സംരക്ഷണത്തിനുമായിത്തീര ണമെ. നിന്നിൽ നിന്നുള്ള സമൃദ്ധകാംകൊണ്ടും വാഴ്വു കാംകൊണ്ടും ഇതിനെ വർദ്ധിപ്പിക്കണമെ. ഈ കുടുംബ ത്തിലെ അംഗങ്ങാം അന്യോന്യം സ്നേഹിക്കുന്നതിനും, സഹായിക്കുന്നതിനും, പരസ്പരം ഭാരങ്ങളെ ചുമക്കുന്നതിനും നീ സംഗതിയാക്കണമെ. ക്ഷേമവും സന്തുഷ്ടിയും ഇതിൽ വിളങ്ങണമേ. നിൻെറ ശാശ്വത ഭുജങ്ങാം ഇതിനു കീഴെ ബലമുള്ള അടിസ്ഥാനമായിരിക്കണമെ. ഇതിൽ വസിക്കു ന്നവർ മുഖപ്രസാദത്തോടു കൂടി തങ്ങളുടെ നാളുകളിലെല്ലാം രഹസ്യവും പരസ്യവുമായ എല്ലാ കാര്യങ്ങളിലും നിന്നെ പ്രസാദിപ്പിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളാവെ! ഈ ഭവനനിവാസികളുടെ പരേത രായ വിശ്വാസികാംക്ക് ആശ്വാസവും ഉത്തമ സ്മരണയും നൽകി നിൻെറ വിശുദ്ധന്മാരോടു കൂടിയുള്ള സൗഭാഗ്യ ത്തിന് യോഗ്യരാക്കണമെ. ആയത് ദൈവമാതാവായ വി. കന്യക മറിയാമിൻെറയും നമ്മുടെ കാവൽപിതാവായ മാർത്തോമ്മ ശ്ലീഹായുടെയും ശേഷം എല്ലാ ശുദ്ധിന്മാരുടെ യും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ,

ആമ്മീൻ

## രോഗികൾക്കു വേണ്ടിയുളള പ്രാർത്ഥന

രോഗാർത്തന്മാർക്കേകുക സൗഖ്യം-ക്ഷീണന്മാക്കു്യെ്
ക്ഷേമം നൽകി ബലമററവരെത്താങ്ങീടണമെ!
ക്ഷുത്തുള്ളോരിൽ തൃപ്തി വരുത്തുക തിരുസമ്പത്താൽ
ദീനന്മാർക്കും ഗതിയററോർക്കും ശ്രീയരുളണമെ.

തന്നോട് അപേക്ഷിക്കുന്നവരെ വൃഥാ സൗഖ്യപ്പെടു ത്തുന്ന മഹാ വൈദ്യനായുള്ളോവേ! നിന്നിൽ സങ്കേതപ്പെ ട്ടുന്ന ഈ രോഗിയെ സൗഖ്യമാക്കണമെ. ബലഹീനാത്മാ ക്കളെ ദർശിക്കുന്നവനും രഹസ്യങ്ങളെ പരിശോധിക്കുന്ന വനും വിലപിച്ചിരിക്കുന്നവർക്ക് ആശ്വാസവും ദുഃഖിച്ചി രിക്കുന്നവർക്ക് മനോധൈര്യം കൊടുക്കുന്നവനും ബലഹീ നരെ താങ്ങുകയും രോഗികാംക്ക് സ്വാസ്ഥ്യത നൽകുകയും

ചെയ്യുന്നവനുമായ ഞങ്ങളുടെ കർത്താവേ! നിൻെറ (ദാസനു) നേരിട്ടിരിക്കുന്ന രോഗം ഹേതുവായി നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു വിശ്വാസത്തോടും ആശ്രയത്തോടും ഞങ്ങൾ (ഇവനെ) തിരുമുമ്പാകെ സമർപ്പിക്കുന്നു. രോഗശാന്തിയും ആശ്വാസവും നിങ്കൽനിന്ന് മാത്രം വരുന്നു എന്ന് ഞങ്ങൾ അറിയുന്നു. ബലഹീനതയിൽ നിൻെറ (ദാസന്) ബലം നൽകണമേ. (ഇവൻെറ) അവയവങ്ങളെ ബലപ്പെടുത്തി രോഗത്തെ അകററണമെ. അകൃത്യം മായിച്ച് രോഗക്കിടക്കയിൽ നിന്ന് എഴുന്നേൽപ്പിക്കണമെ. കഠിനമായ സകല ഉപദ്രവങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും (ഇവനെ) വീണ്ടുകൊള്ളണമെ.

തൻെറ വചനത്താൽ തൻെറ ശക്തിയെ അറിയിക്കുകയും തൻെറ അവതാരത്താൽ തൻെറ വ്യാപാരങ്ങളെ കാണിക്കുകയും സഹായങ്ങളും മരുന്നുകളും ചുമന്നുകൊണ്ട് ഞങ്ങളുടെ രോഗങ്ങളുടെ അടുക്കലേക്ക് എഴുന്നള്ളുകയും ചെയ്ത ഉത്തമ വൈദ്യനായ സർവ്വശക്തിയുള്ള കർത്താവേ! നിൻെറ കൃപയുടെ അനുഗ്രഹങ്ങളിൽ സങ്കേതപ്പെടുന്ന നിൻെറ (ദാസനെ) നീ സൗഖ്യമാക്കേണമെ. നിൻെറ കരുണ (ഇവൻെറ) മേൽ ചൊരിയണമെ. നിന്നിൽ നിന്നുള്ള സഹായം പ്രദാനം ചെയ്യണമേ. നിന്നോടുള്ള പ്രത്യാശയിൽ ബന്ധിക്കേണമെ. ഞങ്ങളുടെ മശിഹാ തമ്പുരാനെ ഈ (ദാസനെ) നീ ഓർത്തുകൊള്ളണമെ. എല്ലാ നാശങ്ങളിൽ നിന്നും രക്ഷിച്ച് നിന്നിൽ നിന്നുള്ള ആശ്വാസവും സമാധാനവും സ്വാസ്ഥതയും സന്തോഷവും നീ നൽകുകയും ചെയ്യണമെ. നിൻെറ കൃപകൾക്കും സഹായങ്ങൾക്കുമായി (ഇവൻ) നിന്നെ സ്തോത്രം ചെയ്യുവാനിടയാകുകയും (ഇവൻെറ) സുഖപ്രാപ്തിയാൽ ഞങ്ങളെ സന്തോഷിപ്പിക്കുകയും (ഇവനെ) ശുശ്രൂഷിക്കുന്നവർക്ക് മാനസികവും ശാരീരികവുമായ ശക്തി നൽകി എല്ലാ ആവശ്യങ്ങളെയും നിറവേററിക്കൊടുക്കുകയും ചെയ്യുമാറാകണമെ.

കർത്താവേ! ഞെരുക്കത്തിലിരിക്കുന്നവരെ കൃപയോടെ ദർശിക്കുകയും രോഗികളെ കരുണയോടെ സുഖപ്പെടുത്തുകയും ദുഃഖിതരെ ദയാപൂർവ്വം ആശ്വസിപ്പിക്കുകയും

ചെയ്യണമെ. ദാഹിച്ചും വലഞ്ഞും നിൻെറ കരുണയ്ക്കും ദയവിനും വേണ്ടി യാചിച്ചു കൊണ്ടിരിക്കുന്ന സകല ആത്മാക്കൾക്കും നിന്നെ സ്തോത്രം ചെയ്യുവാൻ ശരീരാത്മ സ്വസ്ഥത നൽകുകയും ചെയ്യണമേ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിൻെറയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ,

ആമ്മീൻ.

## വിവാഹനിശ്ചയം

വി. സഭയെ തനിക്കു മണവാട്ടിയായി തെരഞ്ഞെടുത്ത സത്യമണവാളനായ മശിഹാ തമ്പുരാനെ! നിൻെറ കൃപയാൽ നിൻെറ ആരാധകരുടെ വിവാഹ നിശ്ചയത്തെ വാഴ്ത്തണമെ. ഞങ്ങളുടെ മദ്ധ്യസ്ഥത മുഖാന്തിരമായി ഇതിൽ ഏർപ്പെട്ടിരിക്കുന്ന ദമ്പതികൾ നിന്നിൽ നിന്നു നീക്കികളയാത്ത വാഴ്വും തോററുപോകാത്ത സഹായവും വിശുദ്ധി നിറഞ്ഞ ഐക്യജീവിതവും ദൈവഭക്തിയിൽ പൂർത്തീകരിക്കപ്പെട്ടിരിക്കുന്ന പരിപൂർണ്ണതയും യാചിക്കുന്നു. മനുഷ്യരോടുള്ള നിൻെറ സ്നേഹത്താൽ ഞങ്ങളുടെ മണവാളനെയും മണവാട്ടിയെയും നീ വാഴ്ത്തി അനുഗ്രഹിക്കണമെ. മകുടം ചാർത്തപ്പെടാൻ തക്കവണ്ണം സന്തോഷങ്ങളുടെ കാലത്തെയും സമാധാന ജീവിതത്തെയും അവർക്ക് നീ കൊടുക്കണമെ. ഇവരുടെ ഭവനം സമാധാനത്തിൻെറയും സ്നേഹത്തിൻെറയും ഭവനമായിരിക്കണമെ. ഈ വിവാഹം മംഗളമായി നടത്തത്തക്കവണ്ണം മേലിൽ നിന്നുള്ള എല്ലാ അനുഗ്രഹങ്ങളും ചൊരിഞ്ഞ് സഹായിക്കുമാറാകണമെ. കർത്താവേ! അദൃശ്യമായ നിൻെറ വലത്തുകൈ ഇവിടെ കൂടപ്പെട്ടിരിക്കുന്ന ഞങ്ങൾ എല്ലാവരുടെ മേലും ആവസിപ്പിച്ച് നിൻെറ സ്ലീബായാൽ ഞങ്ങൾ എല്ലാവരെയും കാത്ത് ദോഷങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും വീണ്ടുകൊള്ളുകയും ചെയ്യണമേ. ഞങ്ങൾ എല്ലാവരും നിനക്കും നിൻെറ ഏക പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറുന്നു. ആയത് ഇപ്പോഴും എപ്പോഴും എന്നേക്കും തന്നെ,

ആമ്മീൻ.

## വിവാഹത്തിന് ഒരുങ്ങി പുറപ്പെടുമ്പോൾ

വിശുദ്ധ സഭയിൽ വിവാഹക്കൂദാശ അനുവദിച്ച സത്യ മണവാളനായ ഞങ്ങളുടെ മശിഹാ തമ്പുരാനെ, പരിശുദ്ധ മായ വിവാഹത്തിന് ഒരുങ്ങിപ്പുറപ്പെടുന്ന ഈ (മണവാട്ടി യെ) നീ അനുഗ്രഹിക്കണമെ. കാനായിലെ കല്യാണ ത്തിൽ സംബന്ധിച്ച് അതിനെ അനുഗ്രഹിക്കുകയും പച്ച വെള്ളത്തിൽ നിന്നും മേൽത്തരമായ വീഞ്ഞ് അവർക്ക് ഉണ്ടാക്കിക്കൊടുത്ത് സഹായിക്കുകയും ചെയ്ത കർത്താവേ! നിൻെറ കൃപയാൽ ഇവരുടെ വിവാഹത്തിന് നീ മദ്ധ്യ സ്ഥനായിരുന്ന് ഇതിനെ നടത്തണമെ. ഞങ്ങളുടെ സന്തോഷ കാരണമായ കർത്താവേ! വിവാഹത്തിൻെറ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നിൻെറ (ദാസിയെ) ഇതാ തിരുസന്നിധിയിൽ കൊണ്ടുവന്നിരി ക്കുന്നു. ഞങ്ങളുടെ ഈ (മണവാട്ടിക്ക്) വിട്ടുപിരിയാത്ത വാഴ്‌വും തോററുപോകാത്ത സഹായവും വിശുദ്ധി നിറഞ്ഞ ജീവിതവും ദൈവഭക്തിയുടെ പൂർണ്ണതയും നൽ കണമേ. നിൻെറ അദൃശ്യമായ തൃക്കൈ (ഇവളുടെ) മേൽ ആവസിപ്പിക്കുകയും നിൻെറ സ്ലീബായാൽ സംരക്ഷിച്ച് ഉപദ്രവങ്ങളിൽ നിന്നും ദോഷങ്ങളിൽ നിന്നും കാത്തു കൊള്ളുകയും ചെയ്യുമാറാകണമെ. ഈ ഭൂമിയിൽ (ഇവർക്കു) കൊടുക്കുന്ന അനുഗ്രഹങ്ങൾ അനുഭവിച്ച് നന്ദിയോടു കൂടി തിരുനാമത്തെ മഹത്വപ്പെടുത്തി നിത്യവിരുന്നിനു തയ്യാ റായി ജീവിപ്പാൻ സഹായിക്കണമെ. ആയത് ദൈവ മാതാവായ വി. കന്യകമറിയാമ്മിൻെറയും സകല പരിശു ദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

## വിവാഹം കഴിഞ്ഞു പോകുമ്പോൾ

ദൈവമായ കർത്താവേ! ഇന്നേ ദിവസം വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ ദമ്പതി കൾക്ക് സകലവിധമായ അനുഗ്രഹങ്ങളും നീ പ്രദാനം ചെയ്യുന്നമെ. ഈ നിൻെറ ദാസിയുടെ യാത്രയിൽ നീ കൂട്ടായിരുന്നു വഴി നടത്തുമാറാകണമെ. ഇവർ തങ്ങളുടെ

ചുമതലകറം ശരിയായി ഗ്രഹിച്ച് പരസ്പരം സഹായികളായി വിശ്വസ്തതയോടു കൂടി നിന്നിൽ സന്തോഷിച്ച് ആയുഷ്ക്കാലം മുഴുവനും ജീവിപ്പാൻ കൃപചെയ്യണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ ദൃഷ്ടാന്ത ജീവിതത്താലും പുണ്യമേറിയ നടപടികളാലും സന്താനവല്ലികളാലും ഇവരുടെ കുടുംബജീവിതത്തെ നീ അലങ്കരിക്കണമെ. ശാന്തവും സന്തോഷവും സമാധാനവുമായ വാർദ്ധക്യത്തേയും നൽകണമെ. നിൻെറ തിരുമുമ്പാകെ നിൽക്കുന്ന ഞങ്ങളെ പാപങ്ങളിൽ നിന്നും, ദോഷങ്ങളിൽ നിന്നും, പിശാചുക്കളുടെ കെണികളിൽ നിന്നും, സ്വാതന്ത്ര്യപ്പെടുത്തി നിന്നാൽ അനുഗ്രഹിക്കപ്പെട്ടമാറാകണമെ ഞങ്ങറം എല്ലാവരും നിൻെറ സന്നിധിയിൽ അടക്കം കൂടാതെ സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമെ. ആയതു് ദൈവമാതാവായ വി. കന്യകമറിയാമിൻെറയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

## വഴിയാത്രയ്ക്ക്

'ഭയപ്പെടേണ്ട! ഞാൻ നിങ്ങളോടു കൂടിയുണ്ട്. ഭ്രമിക്കേണ്ട, ഞാൻ നിൻെറ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. എൻെറ വലംകൈകൊണ്ട് ഞാൻ നിന്നെ താങ്ങിക്കൊള്ളും'.

ഞാനോ ലോകവസാനത്തോളം നിങ്ങളോട് കൂടെ ഉണ്ട് എന്ന് കല്പിച്ച് അരുളിയവനായ ഞങ്ങളുടെ ദൈവമായ കർത്താവേ! ഇപ്പോറം യാത്രയ്ക്കു പുറപ്പെടുന്ന ഈ നിൻെറ (ദാസനെ) അനുഗ്രഹിക്കണമെ. ക്ഷേമകരമായ യാത്രയും പ്രയോജനമുള്ള താമസവും സന്തോഷകരവുമായ തിരിച്ചുവരവും നിൻെറ (ദാസന്) നൽകണമെ ശുഭകരമായി പ്രവർത്തിപ്പാൻ ഞങ്ങളെ അഭ്യസിപ്പിക്കുന്നതിനും ഞങ്ങറം പോകേണ്ട വഴിയിൽ ഞങ്ങളെ നടത്തുന്നവനുമായ ദൈവമേ! നിൻെറ നല്ല നടപടിയിൽ ഈ നിൻെറ (ദാസനെ) നടത്തുകയും അഭ്യസിപ്പിക്കുകയും ചെയ്യണമെ. തൻെറ പ്രവൃത്തി നല്ല ധൈര്യത്തോടും ഭംഗിയോടും നിവ്വ

ഹിക്കുന്നതിന് ശരീരസുഖവും മനഃപ്രാപ്തിയും ഉയരത്തിൽ നിന്നുള്ള എല്ലാ ജ്ഞാനവും നിൻെറ (ദാസന്) നൽകി സഹായിക്കേണമെ. തൻെറ എല്ലാ വഴികളേയും ദൈവത്തെ ഭരമേല്പിക്കുന്നതിനും ദൈവത്തിൽ എപ്പോഴും ആശ്രയിച്ച് ജീവിക്കുന്നതിനും വേണ്ട ബുദ്ധി നൽകണമേ. കരുണയുള്ള കർത്താവേ! ഞങ്ങരം ഒരോരുത്തരുടെയും കൂടെയിരുന്ന് സകല ദുഃഖങ്ങളിൽ നിന്നും പ്രയാസങ്ങളിൽ നിന്നും കാത്തുകൊള്ളുകയും ഞങ്ങളെ നേർവഴിയിൽ നടത്തി നിന്നെ മഹത്വപ്പെടുത്തുവാൻ ഇടയാക്കുകയും ചെയ്യുമാറാകണമെ. ഞങ്ങരം നിനക്കും നിൻെറ പിതാവിനും, പരിശുദ്ധറൂഹാക്കും സ്തുതിയും സ്തോത്രവും കരേററുവാൻ തന്നെ, ആമ്മീൻ.

## മരിച്ചവർക്കുവേണ്ടി

(ആശ്വാസം സ്മൃതിയുടെ മൃതതാത... ...)

[കൗമാ]

ദൈവമേ! മരിച്ചവർക്കു നല്ല ആശാബന്ധം നീ ഉണ്ടാക്കണമെ. നീ മഹത്വത്തോടെ ഉദിക്കുമ്പോരം അവർ നിൻെറകൂടെ മണവറയിലേക്കു പ്രവേശിക്കുമാറാകണമേ. കരുണയുള്ളവനെ നിൻെറ ദാസരെ കരുണകൂടാതെ നീ ശിക്ഷയ്ക്കു് വിധിക്കരുതേ. നിൻെറ മുമ്പാകെ കുററമില്ലാത്തവർ ഇല്ലല്ലോ. മരിച്ചുപോയവർ അനുഭവിച്ചിട്ടുള്ള നിൻെറ ശരീരത്തേയും രക്തത്തേയും ഓർത്ത് അവസാന നാളിൽ അവർക്കു പാപമോചനം നൽകണമേ.

ജഡത്തിൽ മരണം അനുഭവിക്കുകയും പാതാളത്തിലേക്ക് ഇറങ്ങിച്ചെന്ന് അവിടെയുള്ള ആത്മാക്കളോട് ഏവൻഗേലിയോനെ പ്രസംഗിക്കുകയും ചെയ്തവനായ മശിഹാ തമ്പുരാനെ വഴിയാത്രക്കാരെപ്പോലെയും പരദേശികളെപ്പോലെയും ഈ ഭൂമിയിൽ പരദേശവാസം ചെയ്ത ഞങ്ങളിൽ നിന്നും വേർപെട്ടു പോയിരിക്കുന്ന ഈ നിൻെറ (ദാസൻ) സ്വർഗ്ഗത്തിൽ നിൻെറ പരിശുദ്ധന്മാരോടു കൂടെ ആനന്ദിക്കുമാറാകണമേ. നിൻെറ കല്പനയാൽ മരണം

പ്രാപിച്ച് ഈ ലോകായുസ്സിൽ നിന്നു വേർപെട്ടതായ നിന്റെ (ദാസൻ) അവിടെ ദുരിതം അനുഭവിക്കാതെയും അഗ്നിനരകം കാണാതെയും പരമാനന്ദത്തിൽ വസിച്ച് നിനക്കു സ്തുതി പാടുകയും ചെയ്യുമാറാകണമേ. നിന്റെ ദാസനിൽ) നിന്ന് കഠിനമായ ദുഷ്കർമ്മങ്ങളെയെല്ലാം നീ നീക്കിക്കളയണമേ. നീ (ഇവന്) ആശാബന്ധവും ആശ്വാസവും ആയിരിക്കുമാറാകണമേ. കരുണയും കൃപയും ആകുന്ന പനിനീർ ഈ (ദാസന്റെ) ആത്മാവിന്മേൽ നീ തളിക്കണമേ. നീ മഹത്വത്തോടെ എഴുന്നെള്ളുന്ന സമയത്ത് നിന്റെ വലത്തു ഭാഗത്ത് (ഇവൻ) നിൽക്കുമാറാകണമെ.

ഞങ്ങളുടെ ദൈവമായ കർത്താവേ! ഈ (ദാസന്റെ) വേർപാടിൽ ദുഃഖത്തിലും മനോവ്യസനയിലുമിരിക്കുന്ന ഈ ഭവനനിവാസികൾക്കും മററ് വേണ്ടപ്പെട്ട എല്ലാവർക്കും നീ ആശ്വാസം നൽകി സമാധാനം കൊടുക്കണമേ. ഇവരുടെ എല്ലാ കാര്യങ്ങളിലും നീ നായകനായിരുന്ന് നടത്തി സഹായിക്കണമേ. ഞങ്ങൾ എല്ലാവരും നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറുന്നു. ആയത് ഇപ്പോഴും എപ്പോഴും എന്നും എന്നേക്കും തന്നെ, ആമ്മീൻ.

## യോഗാരംഭ പ്രാർത്ഥന

'അരുളപ്പാടുകളും ദൈവത്തിൽ ബലവും നിങ്ങളറിഞ്ഞിടാതയ്യോ തെററിപ്പോകുന്നെ-ന്നരുളിയ കർത്താവാമീശോ,തിരുമൊഴിയാം നിൻ നാദം കേട്ടനുയാനം ചെയ്തടിയങ്ങൾ നേടണമേ ശാശ്വതമാം ജീവൻ'.

ദൈവമായ കർത്താവേ! തിരുവചനംമൂലം സത്യ അറിവു ലഭിക്കാനും തിരുവിഷ്ടത്തിനു യോഗ്യമായ പ്രകാരം ഭയഭക്തിയുള്ളവരായിരിപ്പാനും ഞങ്ങളെ സഹായിക്കണമെ. വി. ശ്ലീഹന്മാർക്ക് പരിശുദ്ധ റൂഹായെ അയച്ച് അവരെ ജ്ഞാനമുള്ളവരാക്കി തീർത്തപ്രകാരം നിന്റെ പരിശുദ്ധ റൂഹായെ ഞങ്ങളുടേമേൽ അയച്ച് ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ.

നിൻെറ രക്ഷണ്യ സുവിശേഷം സകലജാതികളോടും പ്രാഗത്ഭ്യത്തോടുകൂടി പ്രസ്താവിപ്പാൻ ഞങ്ങൾക്ക പരിശു ദ്ധാത്മശക്തി നല്ലണമെ. നിൻെറ തിരുവചന പ്രകാരം ജീവിപ്പാൻ ഞങ്ങളെ നിയന്ത്രിക്കേണമെ. സത്യമായ അനു താപവും വിശുദ്ധ ജീവിതത്തിനുള്ള വാഞ്ചയും ഞങ്ങൾക്ക വദ്ധിപ്പിച്ചു തരണമേ. നിൻെറ വചനം ഞങ്ങളുടെ കാലു കൾക്ക പ്രകാശവും ഊടുവഴികൾക്ക് വിളക്കും ആയിരുന്നു് സകല അപകടങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കമാറാക ണമെ. നിൻെറ കൃപയിൻകീഴ് ജീവിക്കുന്ന ഞങ്ങളെയും ഞങ്ങളുടെ ഉപദേഷ്ടാക്കന്മാരെയും, സുവിശേഷകന്മാരെയും പട്ടക്കാരെയും, മേല്പട്ടക്കരെയും നീ അനുഗ്രഹിക്കണമെ. നിൻെറ രണ്ടാമത്തെ വരവിൽ മുഖപ്രസാദത്തോടു കൂടി നിൻെറ തിരുമുമ്പിൽ നില്ക്കുവാൻ ഞങ്ങൾക്കും ഞങ്ങളുടെ വാങ്ങിപ്പോയവർക്കും നീ സംഗതിയാക്കണമേ. ആയതു് ഞങ്ങൾ നിൻെറ പിതാവിനെയും പരിശുദ്ധ റൂഹായേയും അടക്കം കൂടാതെ സ്തുതിക്കുവാനായിട്ടു തന്നെ, ആമ്മീൻ.

## യോഗാന്ത്യ പ്രാർത്ഥന

കത്താവേ! നിൻെറ ജീവവചനങ്ങൾക്കവേണ്ടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവ ഞങ്ങളുടെ കാലുകൾക്ക് പ്രകാ ശവും ഊടുവഴികൾക്കും ജീവിതത്തിനും വഴികാട്ടിയും ആയി രിക്കണമെ. ഞങ്ങൾ കേട്ടിട്ടുള്ള നിൻെറ തിരുവചന പ്ര കാരം ജീവിക്കുവാൻ ഞങ്ങൾ എല്ലാവരേയും നിൻെറ പരി ശുദ്ധ റൂഹയാൽ ശക്തീകരിക്കേണമേ. ക്രിസ്തീയ ജീവിത വളർച്ചയ്ക്കുവേണ്ടി തിരുവചനം പഠിക്കുന്നതിനും ഭയഭക്തി യോടുകൂടി വി. ആരാധനകളിൽ സംബന്ധിക്കുവാനും ഞങ്ങൾക്ക സംഗതിയാക്കണമേ. ഞങ്ങളുടെ ഹൃദയങ്ങൾ നിങ്കലേക്ക ഉയർത്തുന്നു. ഞങ്ങൾ നടക്കേണ്ട വഴി ഞങ്ങൾക്ക കാണിച്ചു തരണമെ. ഞങ്ങൾ നിൻെറ നല്ലവരും വിശ്വസ്ത രുമായ ദാസന്മാരായിത്തീരുവാൻ സഹായിക്കണമെ. ഞങ്ങൾക്ക ലഭിക്കുന്ന സകല നന്മകളും മററുള്ളവൎക്കും പക ൎന്നു കൊടുപ്പാൻ ഞങ്ങൾക്ക ഭാഗ്യം തരണമെ. ക്രിസ്ത്യാനി കൾക്ക ചേർന്ന നല്ല അവസാനം ഞങ്ങൾക്ക തരണമെ. ആയത് സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളു ടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

# A·D·2000 വരെ അനുദിനം പ്രാർത്ഥിക്കുക!

സ്നേഹസാഗരമായ പിതാവാം ദൈവമേ! ലോകത്തോടു കരുണ തോന്നണമെ. മനുഷ്യാവതാരത്താലും മരണത്താലും ഉയിർപ്പിനാലും ലോകത്തെ രക്ഷിച്ച പുത്രനാം ദൈവമേ! ലോകത്തെ രക്ഷിക്കണമെ. സകലത്തെയും ജീവിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മവാം ദൈവമേ! ഞങ്ങളെ ശക്തീകരിക്കണമെ. നിത്യസ്നേഹം പങ്കിട്ട് നീതിയും സമാധാനവും പരത്തുന്ന ത്രിയേക ദൈവമേ! ഞങ്ങളെ ഉപയോഗിക്കണമെ.

അതിപുരാതനമായ മലങ്കര സഭയ്ക്ക് എ. ഡി. 2000 ത്തിന് മുമ്പ് ഒരു അഖിലഭാരത വീക്ഷണം നൽകി ഭാരതീയരായ ഞങ്ങളുടെ സഹോദരീ സഹോദരങ്ങൾക്ക് അങ്ങയുടെ സ്നേഹ മഹത്വം കാണിപ്പാൻ കൃപയരുളണമെ. പട്ടിണി മരണവും ചികിത്സാരാഹിത്യത്താലുള്ള മരണവും ലോകത്തിൽ നിന്ന് പ്രത്യേകിച്ച് ഭാരതമണ്ണിൽ നിന്ന് മാറുവാൻ അങ്ങയുടെ സഭയ്ക്ക് ദർശനം നൽകണമെ. സാക്ഷരത കുറവായ സംസ്ഥാനങ്ങളിലേക്ക് വിദ്യാവെളിച്ചം ജ്വലിപ്പിക്കാൻ ആവേശം നൽകണമേ. എല്ലാററിലും മേലായി പാപികളായ ഞങ്ങളെ പരിശുദ്ധരാക്കണമെ. സ്വാർത്ഥതയുള്ള ഞങ്ങളെ ക്രൂശിൻെറ സ്നേഹം കൊണ്ട് നിറയ്ക്കുകയും സാമൂഹ്യ നീതിയുടെ പ്രവാചകരാക്കുകയും ചെയ്യണമെ.

'എൻെറ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും' എന്ന ആദർശത്തോടെ ദാവീദിനെപ്പോലെ. എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ കൃപ തരേണമെ. നിൻെറ ഏകജാതൻെറ സുവിശേഷം അനുസരിച്ചു ജീവിക്കുവാനും പ്രചരിപ്പിക്കാനും ചേരിപ്രദേശങ്ങളിലും ഗ്രാമങ്ങളിലും പോയി കഷ്ടപ്പെടുവാനും വേണ്ടിവന്നാൽ സാക്ഷിമരണം പ്രാപിപ്പാനും ഭാഗ്യം തരേണമെ. വേദപുസ്തകപഠനവും കൗദാശികമായ ജീവിതവും മുഖാന്തരം ഞങ്ങൾ ദൈവീകരാകുവാനും അവിടുത്തെ മഹത്വമുള്ള വേലയ്ക്ക്

ലഭിപ്പാനും സഹായിക്കണമെ. നിന്റെ മുന്തിരിത്തോപ്പി ലെ വേലയ്ക്കായി കൂടുതൽ ആളുകളെ എഴുന്നേൽപ്പിക്കണമെ. സുവിശേഷ വേലയ്ക്ക് ആരും ആവശ്യപ്പെടാതെ ദശാംശ മെങ്കിലും അയച്ചു കൊടുക്കുന്ന സഭാംഗങ്ങളുടെ എണ്ണം വദ്ധിപ്പിക്കണമെ. ഞങ്ങളെ സമ്പൂർണ്ണമായി അവിടുത്തെ വകയാക്കണമെ. ആയത് ഞങ്ങൾ നിന്നേയും നിന്റെ ഏകജാതനെയും പരിശുദ്ധാത്മാവിനെയും മഹത്വപ്പെടു വാനായിട്ടുതന്നെ, ആമ്മീൻ.

## ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന

കർത്താവേ! നിന്റെ കൃപയാൽ ഭക്ഷിപ്പാനും പാനം ചെയ്യുവാനും നീ ഞങ്ങൾക്കു തന്നിട്ടുള്ള ആഹാരത്തേയും കരുണയേയും ഓർത്ത് നിന്നെ സ്തുതിക്കുകയും വന്ദിക്കുകയും ചെയ്യുവാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ, ആമ്മീൻ.

## ഭക്ഷണം കഴിഞ്ഞുള്ള പ്രാർത്ഥന

1. ദൈവമേ! നിന്റെ കൃപയും വാഴ്വും നിമിത്തം നിനക്കു സ്തുതി. ഞങ്ങളെ തീററി തൃപ്തിപ്പെടുത്തി യതിനാൽ നിനക്കു സ്തുതി. നിനക്കുള്ളതിൽ നിന്നും ഭക്ഷിച്ചും പാനം ചെയ്തും ജീവിക്കുകയാൽ നിന്റെ കരുണ നിമിത്തം നിനക്കു സ്തുതി. നിന്നെ സ്തുതിപ്പാനും നിന്റെ ഇഷ്ടം ചെയ്വാനും ഞങ്ങളെ യോഗ്യരാക്കണമെ,

ആമ്മീൻ.

2. ദൈവമായ കർത്താവേ! ഞങ്ങൾക്കു തന്ന ആഹാ രത്തിനായി നിനക്കു സ്തുതി. ആഹാരമില്ലാതെ വിഷമി ക്കുന്നവരെ സഹായിപ്പാൻ ഞങ്ങളെ പ്രാപ്തരാക്കണമെ,

ആമ്മീൻ.

8525

# തെരഞ്ഞെടുത്ത വേദഭാഗങ്ങൾ

## ജന്മദിനം

സങ്കീർത്തനം 23, 33, 63, 64, 98, 103, 145, 149
യോശുവ 1:3-9, 24:14-28, 1 ശമുവേൽ 2:1-10

## വിവാഹം

സങ്കീർത്തനം 45, 127, 128 മത്തായി 19:3-11
എഫേസ്യർ 5:22-32, 1 പത്രോസ് 3:1-7
സദൃശ്യവാക്യം 18:22, 19:14 യോഹന്നാൻ 2:1-11

## യാത്ര

സങ്കീത്തനം 121, 122, 139, 145, യെശയ്യവ് 41:8-14

## അനുഗ്രഹങ്ങൾ

മത്തായി 25:1-14 സങ്കീർത്തനം 20, 145, 148

## ഭവനസന്ദർശനം

ലൂക്കോസ് 10:3-12, 12:3-34 എഫേസ്യർ 5:9-18
എബ്രായർ 13:1-9 സങ്കീർത്തനം 16, 18, 28

## പ്രയാസ ഘട്ടങ്ങൾ

യോഹന്നാൻ 14:1-31 വിലാപങ്ങൾ 1:1-13
സങ്കീർത്തനം 57:1-11 2 കോരിന്ത്യർ 12:8-10
എബ്രായർ 12:6, 7

PC Library & Research Centre

## രോഗികൾക്കുവേണ്ടി

മത്തായി 8:1-13 മർക്കോസ് 5:1-20, 10:46-52
ലൂക്കോസ് 5:17-25 യോഹന്നാൻ 4:46-64
സങ്കീർത്തനം 37:6-31

## ദുഃഖത്തിൽ (മരണം മുതലായവ)

യോഹന്നാൻ 11:17-26, 14:1-6 1 കൊരിന്ത്യർ 15
സങ്കീർത്തനം 39, 42, 86, 90, 102, 130, 139
2 കൊരിന്ത്യർ 4:7-18, 5:1-21 1 തെസ്സലൊനിക്യർ
4:13-18 റോമർ 6:1-11 8:26-39 ഫിലിപ്പിയർ 3
2 തിമോത്തിയോസ് 2:1-13 1 പത്രോസ് 1;3-19
2 പത്രോസ് 3:1-14 എബ്രായർ 12:1-13 ഇയ്യോബ് 14
വെളിപാട് 7:9-17, 21:1-8, 22:1-15
യോഹന്നാൻ 5:19-29

★

Rs. 25

# സെൻററ് പോൾസ്

# ബുക്ക് ഡിപ്പോ

## മാവേലിക്കര-3, കേരളം

വേദപുസ്തകം (മലയാളം, ഇംഗ്ലീഷ്), പുതിയ നിയമം, സങ്കീർത്തനം, പാട്ടുപുസ്തകങ്ങൾ, സുവിശേഷ ഗാനങ്ങൾ (പ്രാർത്ഥനകൾ ചേർന്നത്), നമസ്കാരക്രമം, വിശുദ്ധ കുർബ്ബാനക്രമം, C. S. S., T. L. C., പ്രസിദ്ധീകരണങ്ങൾ, സണ്ടേസ്ക്കൂൾ, O. V. B. S. പുസ്തകങ്ങൾ, അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പുസ്തകങ്ങൾ, പള്ളി ഉപകരണങ്ങൾ, അംശവസ്ത്രങ്ങൾ, മുത്തുക്കുടകൾ, കുന്തിരിക്കം, മെഴുകുതിരി, വീഞ്ഞ്, പള്ളി രജിസ്ററുകൾ (ഇടവക, മാമോദിസാ, വിവാഹം, ശവസംസ്കാരം) മുതലായവ ഇവിടെ നിന്നും ലഭിക്കുന്നു.

സെൻററ് പോൾസ് മിഷൻ പ്രസ്, മാവേലിക്കര-3

# സുവിശേഷ ഗാനങ്ങൾ

(പ്രാർത്ഥനകൾ ചേർന്നതു്)

(16-ാം പതിപ്പ്)

242

പ്രസാധകർ:

സെൻറ് പോൾസ് ബുക്ക് ഡിപ്പോ

മാവേലിക്കര-3, കേരളം

Indic Digital Archive Foundation
gpura.org